K04
El 13



# സ്നേഹയജ്ഞം

K04
E 42

Book-a-Month Club

# സ്നേഹയജ്ഞം

(രണ്ടാം ഭാഗം)

El. 13

BOOK - A - MONTH CLUB, ERNAKULAM
Nov. 1960.

Malayalam]

# SNEHAYEJNAM

A free translation of Jesus Son of David

BY

MOTHER MARY ELANOR S. H. C. J.

Translation

S. ABRAHAM

First Impression · December 1960

ALL RIGHTS RESERVED

COPY RIGHT 1955· THE BRUCE PUBLISHING CO.
MILWAUKEE, U. S. A.

Price Rs. 2-00 Free to Members

BOOK - A - MONTH CLUB, ERNAKULAM

# സ്നേഹയജ്ഞം

(രണ്ടാം ഭാഗം)

DHARMARAM COLLEGE LIBRARY, BANGALORE.
~~1270~~
11271

K04
EL 42

മദർ മേരി ഇലനർ

വിവർത്തകൻ:

എസ്സ്. അബ്രാഹം

വില 2-00 Free to Membrs.

പ്രതിമാസ ഗ്രന്ഥക്ലബ്ബ്, എറണാകുളം

Malayalam]

# SNEHAYEJNAM

A free translation of Jesus Son of David

BY

MOTHER MARY ELANOR S. H. C. J.

Translation

S. ABRAHAM

First Impression • December 1960

ALL RIGHTS RESERVED

COPY RIGHT 1955· THE BRUCE PUBLISHING CO.
MILWAUKEE, U. S. A.

Price Rs. 2-00 Free to Members

BOOK - A - MONTH CLUB, ERNAKULAM

# സ്നേഹയജ്ഞം

(രണ്ടാം ഭാഗം)

DHARMARAM COLLEGE LIBRARY, BANGALORE.
~~1270~~
11271
K04
EL 42

മദർ മേരി ഇലനർ

വിവർത്തകൻ:

എസ്സ്. അബ്രാഹം

വില 2-00 Free to Membrs.

പ്രതിമാസ ഗ്രന്ഥക്ലബ്ബ്, എറണാകുളം

# ഉള്ളടക്കം


| | | |
|---|---|---|
| 18 | യറിഹോവിലെ രണ്ടു സംഭവങ്ങൾ | 1 |
| 19 | തൈലലേപനം | 22 |
| 20 | രാജോചിതസ്വീകരണം | 35 |
| 21 | മുപ്പതുവെള്ളിക്കാശ് | 46 |
| 22 | ജീവൻെറ അപ്പം | 60 |
| 23 | ഗത്സമന തോട്ടത്തിൽ | 77 |
| 24 | പത്രോസിൻെറ നിഷേധം | 87 |
| 25 | വധശിക്ഷ | 100 |
| 26 | ക്രൂശിലെ മരണം | 111 |
| 28 | ശവകുടീരത്തിൽ | 126 |
| 28 | പുനരുദ്ധാരണം | 136 |
| 29 | മാളികമുറിയിൽ | 148 |
| 30 | അപ്പസ്തോലർ പദവി | 163 |
| | സുവിശേഷരചന | 185 |

## അദ്ധ്യായം 18

# യറിഹോവിൽ രണ്ടു സംഭവങ്ങൾ

യഹൂദിയായിൽ വസന്തകാലം. വഴികൾ നിറയെ തീർത്ഥാടകരുടെ ബഹളം. പെസഹാപ്പെരുന്നാളിനു അവർ യറുശലേമിലേക്കു പോകുകയാണ്. യോർദ്ദാൻെറ പടിഞ്ഞാറെ തീരത്തുനിന്ന്—ഗലീലായുടെ തെക്കൻപ്രദേശത്തുനിന്ന്—കടലിനപ്പുറമുള്ള സ്ഥലങ്ങളിൽ നിന്ന്—അങ്ങനെ ഏതേതു ദിക്കുകളിൽനിന്നാണെന്നോ അവർ എത്തിച്ചേർന്നതു്?

മണലാരണ്യത്തിൻെറ വക്കിൽ ശാന്തമായ എഫ്രയിം നഗരത്തിൽ ഒരു സങ്കേതസ്ഥാനത്തു് യേശു ശാന്തനായി കഴിച്ചുകൂട്ടുകയാണ്. മഞ്ഞുകാലം മാറി. വസന്തത്തിൻെറ ഉദയം അവിടന്നു കാണുന്നുണ്ടു്. ആ താഴ്‌വരകൾ പച്ചപ്പട്ടു വിരിച്ചതുപോലെ മനോഹരമായിത്തീരുന്നു. പകലങ്ങനെ വദ്ധിക്കുന്നുണ്ടു്. ഒരു പുതുചന്ദ്രൻ ആകാശവിരിപ്പിനെ പൂർവ്വവൽ പ്രകാശമാനമാക്കിത്തീക്കുന്നു. എഫ്രയിം വിട്ടു തെക്കോട്ടു യറുശലേമിലേക്കു പോകാൻ അവിടത്തേക്കു സമയമായി—അവിടെയെത്തി മരണമടയാനുള്ള മുഹൂർത്തം ആസന്നമാകുന്നു.

പെസഹാ കാലത്തു് യേശു മരണമടയുക തികച്ചും അത്ഥവത്താണ്—ഉചിതമാണ്. കൂടാരപ്പെരുനാറംപോലെ തന്നെ യഹൂദജനതയുടെ ഈജിപ്തിൽ നിന്നുള്ള വിടുതലിനെയാണ് പെസഹാപ്പെരുനാറം സൂചിപ്പിക്കുന്നതു്. വിദേശവാസത്തിൻെറ അന്ത്യഘട്ടത്തിൽ ഓരോ കുഞ്ഞാടിനെക്കൊണ്ടും അതിൻെറ രക്തം വാതിൽപ്പടിയിൽ തളിക്കണമെന്ന് ഓരോ യഹൂദകുടുംബത്തിനും ദൈവദൂതനിൽ നിന്നു മുന്നറിവു ലഭിച്ചതു് അക്കാലത്താണ്. അതിനു മതിയായ കാരണവുമുണ്ടായിരുന്നു. ഈജിപ്തുകാരുടെ പാപത്തിനു പരിഹാരമായി അവരുടെ കുടുംബങ്ങളിലെ ആദ്യജാതരെ വധിക്കാൻ ദൈവത്തിൻെറ ഒരു ദൂതൻ ഇറങ്ങിപ്പുറപ്പെട്ടിരുന്നു. കുഞ്ഞാടിൻെറ രക്തം തളിക്കപ്പെട്ട വീടുകറം ഈ ഹിംസയിൽ നിന്നു സ്വാതന്ത്ര്യങ്ങളാക്കപ്പെട്ടു. ശതാബ്ദങ്ങറംക്കു മുൻപു നടന്ന ആ സംഭവത്തെത്തുടന്നു. ഇന്നോളം പെസഹാപ്പെരുനാളിൽ ഓരോ യഹൂദകുടുംബത്തിലും ഓരോ കുഞ്ഞാടു കൊല്ലപ്പെടും. ഉപകാരസ്മരണാത്ഥം പുളിപ്പില്ലാത്ത അപ്പത്തോടുകൂടി ആ മാംസം അവർ ഭക്ഷിക്കും. ഇപ്പോഴാകട്ടെ ഒരു പുതിയ കുഞ്ഞാടാണ് കൊല്ലപ്പെടുവാൻ പോകുന്നതു്. "ദൈവത്തിൻെറ കുഞ്ഞാടു്" എന്നു യോഹന്നാൻ സ്നാപകൻ സംബോധനചെയ്ത യേശു. "ലോകപാപങ്ങളെ തുടച്ചുമാററുന്ന ദൈവത്തിൻെറ കുഞ്ഞാടു്" എന്നാണ് സ്നപകൻ യേശുവിനെപ്പററി പറഞ്ഞതു്.

ഒരു രാത്രിയിൽ ദീഘനേരം യേശു എഫ്രയിമെന്ന ചെറുനഗരത്തിൽ പ്രാത്ഥനാനിരതനായിരുന്നു. അടുത്ത പ്രഭാതത്തിൽ അദ്ദേഹം ശിഷ്യരെ വിളിച്ചുണത്തി. പരുപരുത്ത ആ വഴിയിൽക്കൂടി അവരെല്ലാം യാത്ര ആരംഭിക്കുകയും ചെയ്തു. നടക്കവേ കുറെസമയം യേശു മൗനമവലംബിച്ചു. വഴിയുടെ ഇരുപാശ്വങ്ങളിലും കൂടിയിരുന്ന ജനങ്ങളുടെ മുഖങ്ങറം ഓരോന്നും അദ്ദേഹം നോക്കുന്നുണ്ടു്. ആജാനുബാഹുവും സ്നേഹനിധിയുമായ പത്രോസ് ഗുരുവിനു അല്പം പിന്നിലായി നടക്കുന്നു. മുൻപതി

വുപോലെതന്നെ തലകുനിച്ചാണ് ആ ശിഷ്യൻ നടക്കുക. പത്രോസിൻെറ സഹോദരനായ അന്ത്രയോസു സഹജമായുള്ള ശാന്തതയോടെ അക്കൂട്ടത്തിലുണ്ടു്. അവരുടെ പിൻപിലാണ് യാക്കോബും യോഹന്നാനും. ആത്മാർത്ഥതയും, ഉത്സാഹശീലവും കൊണ്ടു് അവരിരുവരും ഗുരുവിൻെറ സവിശേഷശ്രദ്ധയെ ആകഷിച്ചതാണ്. അതുകൊണ്ടാണ് ഇടിമുഴക്കത്തിൻെറ സന്താനങ്ങൾ എന്നവക്ക് യേശു പേരുകൊടുത്തതു്. പിന്നാലെ നടന്നതു് നഥാനിയേലും, കരുതലോടെമാത്രം പ്രവത്തിക്കുകയും സംസാരിക്കുകയും ചെയ്യുന്ന തോമസും, ചുങ്കക്കാരൻ മത്തായിയുമായിരുന്നു. എല്ലാററിലും പിന്നിലാണ് യൂദാ നടന്നതു്. കണ്ണുകൾ ഉയത്താതെ തറയിൽത്തന്നെ നോക്കിയാണ് അയാളുടെ നടപ്പു്. എന്തു കാരണത്താലോ അയാളുടെ മനസ്സു് ഭാരപ്പെട്ടിരിക്കുന്നെന്നു് ആ മുഖത്തെ ഇരുൾ കണ്ടാൽ ആക്കും തോന്നിപ്പോകും. കഴിഞ്ഞ ഏതാനും മാസങ്ങളായി യൂദായിൽ ഒരു വ്യത്യാസം കണ്ടുതുടങ്ങിയിട്ടു്. അയാളുടെ ദൃഷ്ടികൾ ഉറയ്ക്കുന്നില്ല—എപ്പോഴും കാണാം അയാളുടെ മുഖത്തു ഒരു കാർമേഘം. ആ മുഖം കാണുമ്പോഴൊക്കെ യേശു ദുഃഖിതനാകും.

ആ വസന്തകാലത്തെ ശീതളസുന്ദരമായ പ്രഭാതത്തിൽ പൂഴിനിറഞ്ഞ വഴിയിൽക്കൂടി ഗുരുവിനെ അനുഗമിക്കയാണ് ആ ശിഷ്യർ. അവരുടെ മനസ്സിൽ സന്ദേഹങ്ങൾക്കു സ്ഥാനമില്ല. പല ആവൃത്തി ഗുരു ശ്രമിക്കുന്നുണ്ടു് അവക്കു മുന്നറിയിപ്പു നൽകാൻ—"നോക്കുക നാം യറുശലേമിലേക്കാണ് പോകുന്നതു്. മനുഷ്യപുത്രനെ സംബന്ധിച്ചു് പ്രവാചകർ എഴുതിയിട്ടുള്ളതെല്ലാം നിവൃത്തിയാകാൻ ഭാവിക്കുന്നു. പുറജാതികളുടെ കയ്യിൽ അവിടുന്നു് ഏല്പിക്കപ്പെടും. അവരവിടത്തെ പരിഹസിക്കും—അദ്ദേഹത്തിൻെറ മുഖത്തവർ തുപ്പും—ചമ്മട്ടികൊണ്ടവിടത്തെ പ്രഹരിക്കും. അതിനുശേഷം അവർ യേശുവിനെ വധിക്കും. മൂന്നാം ദിവസം അവിടന്നു് ഉയത്തെഴുന്നേല്ക്കും." അവരുടെ മുഖത്തു നോക്കിയപ്പോഴെ അവിടത്തേക്കു മനസ്സിലായി താൻ

പറയുന്നതിന്റെ അർത്ഥം അവർ ഗ്രഹിക്കുന്നില്ലെന്നു്. അല്പം കഴിഞ്ഞപ്പോഠം ശിഷ്യർ അന്യോന്യം ഒരു വാദപ്രതിവാദത്തിലേപ്പെട്ടു—ഗുരുവിന്റെ രാജ്യത്തിൽ ആരായിരിക്കാം പ്രമുഖനെന്നു്! ഗുരു അവരോടു് ക്ഷമയോടെ വർത്തിക്കുവാനാജ്ഞാപിച്ചു. ഭാവിയിൽ അവർ എന്തെല്ലാം ക്ലേശങ്ങളാണു് അനുഭവിക്കേണ്ടിയിരിക്കുന്നതു്!

യഹൂദിയായിലെ നഗരങ്ങളും ഗ്രാമങ്ങളും കടന്നുപോകയാണവർ. .അവിടത്തെ ആളുകഠം മുൻവാതില്ക്കൽ ഓടിയെത്തി. എന്നിട്ടവർ വിളിച്ചുപറയുകയാണു്—"അതാ പോകുന്നു ഗുരു—നാലുദിവസം മരിച്ചുകിടന്ന മനുഷ്യനു ജീവൻ നൽകിയ യേശു." മററുചിലർ വിളിച്ചു പറഞ്ഞു—"അതു് നസ്രായനായ യേശുവാണു്. അദ്ദേഹം പെസഹാപ്പെരുനാളിനു പോകുന്നു." അതോടെ പുരുഷന്മാർ വീടുകഠംക്കുള്ളിൽ പ്രവേശിച്ചു. കിട്ടാവുന്ന ചില്ലറഭക്ഷണസാധനങ്ങഠം അവർ ഓരോ കുട്ടയ്ക്കുള്ളിലാക്കി ധ്രുതഗതിയിൽ അവർ വീടുകഠംവിട്ടിറങ്ങി. അതോടൊപ്പം അവർ വിളിച്ചുപറയുന്നുണ്ടു്—"ഞങ്ങഠം യേശുവിനോടൊപ്പം പുറപ്പെടുകയാണു്. പെരുനാളിനു അദ്ദേഹം യറുശലേമിലേക്കു പോകുന്നു." അങ്ങനെ യേശുവും ശിഷ്യരും തെക്കോട്ടു നീങ്ങുംതോറും ജനക്കൂട്ടവും വദ്ധിച്ചുവന്നു. പുരുഷന്മാർ അദ്ദേഹത്തെ അനുഗമിക്കുന്നുണ്ടു്—നിരവധി സ്ത്രീകളുമുണ്ടു് അവരുടെ പിൻപിൽ. മണ്ണുപുരണ്ട കൈകളും ജടപിടിച്ച തലമുടിയുമുള്ള കുഞ്ഞുങ്ങഠം അവരെ ഇരുകൂട്ടരേയും പിൻതള്ളാൻ ഉദ്യമിച്ചുകൊണ്ടു് ഓടിയെത്തുന്നു. നായ്ക്കളാണെങ്കിൽ കുരച്ചുംകൊണ്ടു് ആ ആഠംക്കൂട്ടത്തിനു ചുററും വട്ടംവയ്ക്കുന്നുമുണ്ടു. യറിഹോയുടെ പുറംഅതിർത്തിയിലെത്തിയപ്പോഠം ഒരു വമ്പിച്ച ജനസമൂഹമുണ്ടു് അദ്ദേഹത്തിനുചുററും.

പുരുഷാരത്തെ കണ്ടുകൊണ്ടു് യറിഹോയിലെ ജനങ്ങഠം ഉച്ചത്തിൽ പറയുകയാണു്:— "അതാ, യേശുവാണു് ആ വരുന്നതു്. ലാസറിനെ മരിച്ചവരിൽനിന്നുയപ്പിച്ച യേശു."

യറിഹോ ബഥനിക്ക സമീപസ്ഥിതമാണ്. ലാസർ അവക്ക പരിചിതനുമായിരുന്നു.

യേശു യറിഹോവിൽ പ്രവേശിച്ച് ജനങ്ങളെ ഉൽബോധിപ്പിച്ചുതുടങ്ങി. ജനങ്ങരം ശ്രദ്ധാപൂർവ്വം അവിടത്തെ വാക്കുകരം കേട്ടു.

അന്ധനായ ബാത്തിമൊ വഴിയ്ക്കരികിൽ ഇരിക്കയാണ്— ആ പിച്ചപ്പാത്രം ഉയർത്തിപ്പിടിച്ചുകൊണ്ടു്. യറിഹോവിലെ ജനങ്ങരംക്ക ഓർമ്മയുള്ളപ്പോരം മുതൽ ആ സാധു ആ സ്ഥാനത്തു തന്നെയാണ് ഇരുന്നു പോന്നതു്. യാചിക്കാൻ പററിയ ഒരു സ്ഥാനമായിരുന്നു അതു്. ചുങ്കംകൊടുക്കാൻ പോകുന്ന യാത്രക്കാർ അവരുടെ പണസഞ്ചി ആ സ്ഥലത്തുവെച്ചാണു തുറക്കുക. പിന്നെ പ്രയാസമില്ല അയാളുടെ പിച്ചപ്പാത്രത്തിൽ ഒരു നാണയമിടാൻ.

"ഒരു കാശു തരണേ—ഒരു കാശു്—കണ്ണുകാണാൻ പാടില്ലാത്ത ഈ സാധുവിനു് ദൈവസ്നേഹത്തെക്കുറിച്ച് ഒരു കാശു്. ഒരു കാശുതരണേ—ഒരു കാശു്."

ആ പാത്രത്തിലൊരു നാണയം വീഴുന്നതിൻെറ ശബ്ദം.

"ഇസ്രായേലിൻെറ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ— നിങ്ങരം നന്നായിവരട്ടെ."

"ഒരു കാശു തരണേ—ഈ കുരുടനു ഒരു കാശു തരണേ."

അന്നവനു നല്ലൊരു ദിവസമാണ്. യാത്രക്കാർ ധാരാളം ആ ദിവസം ആ വഴിയേ കടന്നുപോകുന്നുണ്ടു്. പെരുനാളിനു മുൻപു ജനങ്ങരം ഔദാര്യബുദ്ധികളുമാണ്. എന്നാൽ ദാരിദ്ര്യത്തിൻെറ ദിവസങ്ങരം ഇനിയും വരാനിരിക്കുന്നതേയുള്ളു. അതുകൊണ്ടു് അതിനുവേണ്ട കരുതലുണ്ടായിരിക്കണം ആ അന്ധനു്.

"ഈ വൃദ്ധനു് കണ്ണു കാണാൻ പാടില്ല—ഒരു കാശു തരണേ."

ഒട്ടകങ്ങളുടെ കഴുത്തിലുള്ള മണികളുടെ ശബ്ദം ആ സാധു

വിന്നു കേൾക്കാം. വടക്കൻ പ്രദേശങ്ങളിൽനിന്നുള്ള കച്ചവടക്കാരുടെ വരവല്ലേ ആ നാദം സൂചിപ്പിക്കുന്നതു്? പക്ഷെ അവക്കുണ്ടാ യറിഹോവിലേക്കുള്ള അവരുടെ യാത്രാമദ്ധ്യേ ഒരു അന്ധൻെറ രോദനം കേൾക്കാൻ സമയവും സൗകര്യവുമുള്ളൂ? അപ്പോൾ അയാൾക്കു കേൾക്കാം ഒരു കുതിരയുടെ കുളമ്പടി ശബ്ദം. കൈസറിൻെറ ഒരു സൈനികോദ്യോഗസ്ഥൻ വീഥിയിൽക്കൂടി ഓടിച്ചുപോകയാവാം. അടുത്ത നിമിഷം അയാൾ കേൾക്കുന്നു—എന്താണ് ആ കേൾക്കുന്ന ശബ്ദം? നിരവധിയാളുകളുടെ കാൽപ്പെരുമാററ ശബ്ദം അനേകായിരം ആളുകൾ സംസാരിക്കുന്ന ശബ്ദം. എന്നാൽ ആ ആരവത്തിനെല്ലാമുപരിയായി സൂര്യപ്രകാശത്താൽ സുഖസംദായകമായിത്തീന്ന അന്തരീക്ഷത്തിൽ സുവ്യക്തമായി, ഇമ്പകരമായി ഒരു ശബ്ദം മുഴങ്ങുന്നു.

"എൻെറ ഉടയോരെ—അതെന്താണ് ആ കേൾക്കുന്നതു്?" ആ അന്ധൻ ചോദിക്കുകയാണ്. "ആരാണ് ഈ വഴി വരുന്നതു്?"

ആരോ അയാൾക്കു മറുപടി നൽകി:— "യേശു ഈ വഴി വരികയാണ്. ഗലീലിയാക്കാരനായ യേശു. അദ്ദേഹമാണ് മരിച്ചവരിൽനിന്നു ലാസറിനെ ഉയപ്പിച്ചതു്."

"എന്തൊരത്ഭുതമായിരുന്നതു്! അദ്ദേഹം മററെന്തെങ്കിലും അത്ഭുതം പ്രവത്തിച്ചോ?"

"അദ്ദേഹം ഒരു തളർവാതക്കാരനെ സൗഖ്യമാക്കി. പത്തു കുഷ്ഠരോഗികളേയും അദ്ദേഹം ഭേദപ്പെടുത്തി. എത്രയെത്ര അത്ഭുതങ്ങൾ. അവയെല്ലാം എണ്ണിപ്പറയാൻ എന്നെക്കൊണ്ടാവില്ല."

"അദ്ദേഹം അന്ധന്മാരെ ആരേയെങ്കിലും ഭേദമാക്കിയോ?'

"അതും അദ്ദേഹം ചെയ്തിട്ടുണ്ടു്. സംശയം വേണ്ട."

യറിഹോയുടെ കവാടത്തിൽ ആ അന്ധൻ മൗനമായിരുന്നു. ആ പിച്ചപ്പാത്രം കാശിനുവേണ്ടി നീട്ടിപ്പിടിക്കാൻ അവൻ

മറന്നു. മരിച്ചവനെ ഉയപ്പിച്ച യേശുവാണ് ആ വരുന്നതു്. അന്ധക്കു കാഴ്ച നൽകാനും അദ്ദേഹത്തിനു സാധിച്ചിട്ടുണ്ടു്. പെട്ടെന്നൊരു പ്രത്യാശ അവന്റെ മനസ്സിൽ നാമ്പെടുത്തു. കണ്ണുകൾക്കു കാഴ്ചയുണ്ടെങ്കിൽ നന്നായിരിക്കും. പുഷ്പങ്ങൾ കാണാം. വയലിൽ ഗോതമ്പു വിളഞ്ഞുകിടക്കുന്നതു കാണാം—മററു മനുഷ്യരുടെ മുഖങ്ങൾ കാണാം. തിളങ്ങുന്ന നക്ഷത്രലക്ഷങ്ങളുടെ പ്രശാന്തമായ പ്രകാശവും കണ്ടു് ആനന്ദിക്കാം.

ആരവം അടുത്തടുത്തുവരുന്നു. ആൾക്കൂട്ടത്തിന്റെ മുന്നണി അവനെ കടന്നുപോയി. സുവ്യക്തവും കരുണാസമ്പൂർണ്ണവുമായ ഒരു ശബ്ദം അവന്റെ കാതുകളിൽ മുഴങ്ങി—അഭിവന്ദ്യനായ ഗുരുവിന്റെ സംഗീതതുല്യമായ ആ ശബ്ദവിശേഷം.

അറിയാതെ തന്നെ ബാത്തിമെ എഴുന്നേററുനിന്നു. അയാളുടെ നെററിത്തടവും കണ്ണുപ്രദേശവും അങ്ങനെ വിയത്തൊഴുകുകയാണ്—വികാരത്തിന്റെ വേലിയേററംകൊണ്ടു്. അയാളുടെ കൈ വെള്ളകളാണെങ്കിൽ തണുത്തിരുന്നു.

ആവോളം ശബ്ദമുയർത്തി അയാൾ വിളിച്ചുപറഞ്ഞു:—"യേശുവേ, ദാവീദിന്റെ പുത്രാ, എന്നോടു ദയ തോന്നണേ." ആൾക്കൂട്ടത്തിനിടയിൽ ആ രോദനം അമന്നുപോയി. കൈവെള്ളകൾ കുമ്പിളുപോലെയാക്കി അധരങ്ങൾക്കു മുൻപിൽവച്ചുകൊണ്ടു അയാൾ വീണ്ടും അഭ്യർത്ഥന അത്യുച്ചത്തിലാവർത്തിച്ചു:—"യേശുവേ, ദാവീദുപുത്രാ, എന്നോടു കരുണയുണ്ടാകണേ."

"ഈ കണ്ണുപൊട്ടനു് ഒന്നലറാതെയിരുന്നുകൂടേ?" നീരസത്തോടെ ആരൊക്കെയോ ആ സാധുവിനെ ശാസിക്കുന്നുണ്ടു്. നോക്കണെ, അവൻ ഗുരുവിനെക്കൊണ്ടു് ഒന്നും പറയിക്കയില്ലല്ലോ."

അന്ധമായ ആ കണ്ണുകളിൽനിന്നു കണ്ണീർ ധാരധാരയായി ഒഴുകി. വിലയേറിയ ഒരു സന്ദർഭം അവൻ പാഴാക്കുകയോ? ഒരിക്കലുമില്ല. ആവിധം ഒരു അസുലഭ സന്ദർഭം ഇനി ഒരി

ക്കല്യം ലഭ്യമല്ല. അവൻ വീണ്ടും വിളിച്ചുപറഞ്ഞു:— "യേശുവേ, ദാവീദുപുത്രാ, എന്നോടു കരുണയുണ്ടാകണേ."

പെട്ടെന്നു് അവിടെയൊരു മൗനം വ്യാപിച്ചു. ജനങ്ങളുടെ കാൽപ്പെരുമാററ ശബ്ദം നിലച്ചു. അതാ കരുണാസമ്പൂർണ്ണമായ ഒരു ശബ്ദം അന്തരീക്ഷത്തിൽ മാറെറാലിക്കൊള്ളുന്നു:— "അയാളെ എൻെറ അരികിൽ കൊണ്ടുവരിക."

അസഹ്യതയോടെ ആ അന്ധനെ ഒരു നിമിഷം മുൻപു ശാസിച്ച ജനശബ്ദം ഇപ്പോഠം മയ്യാദയുള്ളതായിത്തീന്നിരിക്കുന്നു. ശക്തങ്ങളായ കരങ്ങഠം അയാളെ തറയിൽനിന്നുപൊക്കി എങ്ങോട്ടേക്കോ കൊണ്ടുപോകയാണു്. ആർദ്രമായ ആ ശബ്ദം അയാഠം വീണ്ടും കേട്ടു:—

"നിനക്കുവേണ്ടി ഞാൻ എന്താണു ചെയ്യേണ്ടതു്!"

ആ ശബ്ദം കേട്ടപ്പോഠം ആ സാധു പെട്ടെന്നങ്ങു വിറച്ചുതുടങ്ങി. "കത്താവേ, എനിക്കു കാഴ്ച ലഭിക്കുമെങ്കിൽ"—അയാഠം കണ്ണീരോടെ വിളിച്ചു പറഞ്ഞു. ഹൃദയത്തിൻെറ തുടിപ്പു അവനെ ശ്വാസംമുട്ടിക്കയാണു്. ഭയങ്കരവും വേദനാജനകവുമായ ഒരു വിനാഴിക. ആർദ്രമായ ആ ശബ്ദമിതാ വീണ്ടും മുഴങ്ങുന്നു:—"പോകുക. നിങ്ങളുടെ വിശ്വാസം നിങ്ങളെ രക്ഷിച്ചിരിക്കുന്നു."

പെട്ടെന്നാണു് അതു സംഭവിച്ചതു്. സൂയ്യപ്രകാശംകൊണ്ടു ആ മനുഷ്യൻെറ കണ്ണുകഠം അഞ്ചുന്നു. അയാഠം കണ്ണുകഠം തുറന്നു. അടുത്ത നിമിഷം അയാഠം അവ അടച്ചു. എന്തൊരു പ്രകാശം. അയാളുടെ കണ്ണുകഠം വേദനപ്പെടുന്നു. സാവധാനം കണ്ണുകഠം അയാഠം വീണ്ടും തുറന്നു. അയാഠംക്കു ചുററുപാടുമുള്ള കായ്യങ്ങഠം കാണാം. എന്നാൽ ലോകത്തിലുള്ളതിൽ കാരുണ്യമേറിയ കോമളമായ ഒരു മുഖത്തു അയാളുടെ കണ്ണുകഠം പതിഞ്ഞു. ആ ശബ്ദത്തേക്കാഠം എത്ര കരുണാസമ്പൂർണ്ണമായിരിക്കുന്നു സൗമ്യമായ ആ മുഖം.

"ദൈവത്തിനു മഹത്വം" ആ സാധു വിളിച്ചുപറഞ്ഞു.

"ഇസ്രയേലിൻെറ ദൈവത്തിനു മഹത്വം" അയാളുടെ മുഖത്തു കണ്ണീർപ്രവാഹം രണ്ടു നീർച്ചാലുകഠം സൃഷ്ടിച്ചു. "ദാവീദിൻെറ പുത്രനായ യേശുവിനു മഹത്വം." എന്തൊക്കെയാണു താൻ വിളിച്ചുപറയുന്നതെന്നു് അയാഠക്കുതന്നെ നിശ്ചയമില്ല. അപ്പോഴേക്കും ആഠക്കൂട്ടം അയാളെ വളഞ്ഞുകഴിഞ്ഞിരുന്നു. അവർ അട്ടഹസിച്ചു—ജയാരവങ്ങഠം മുഴക്കി—"നോക്കൂ, യേശു സുഖപ്പെടുത്തിയ മനുഷ്യനെ. കാഴ്ചലഭിച്ച ബാർത്തിമോയെ ഇപ്പോഠം ഒന്നു നോക്കിൻ."

അവർ അവനെ യറിഹോവിലേക്കു കൂട്ടിക്കൊണ്ടുപോയി.

ജനങ്ങഠം ഏറക്കുറെ ശാന്തരായപ്പോഠം അവൻ യേശുവിനെ സമീപിച്ചു വിനീതനായി, ആത്മാർത്ഥതയോടെ പറയുകയാണു്—"ഗുരോ—ഗുരോ—എൻെറ ജീവകാലമൊക്കെയും അങ്ങയെ ഞാൻ അനുഗമിക്കാം." യേശു അയാളെനോക്കി മന്ദഹസിച്ചു. ദൈവദാനങ്ങളിൽ കൃതജ്ഞത പ്രകാശിപ്പിക്കുന്ന ഒരാളെ കാണുക അവിടത്തേക്കു തികച്ചും ചാരിതാർത്ഥ്യജനകമായിരുന്നു.

*   *   *   *   *

വലിയ പെരുനാഠകഠക്കു മുൻപുള്ള ദിവസങ്ങളിലെല്ലാം തന്നെ യറിഹോവിലെ പ്രധാന ചുങ്കക്കാരനായ സഖേവൂസിനു് പറഞ്ഞറിയിക്കാൻപാടില്ലാത്തവണ്ണം ജോലിത്തിരക്കാണു്. അത്രത്തോളം കരവും ചുങ്കവും പിരിയുന്ന അവസരങ്ങഠം ഒരു വഷ്ത്തിലും മററില്ലതന്നെ. മററു ചുങ്കക്കാരെ അപേക്ഷിച്ചു സത്യസന്ധനാണു് സഖേവൂസ്. വിധിച്ചിട്ടുള്ളതിൽ കൂടുതൽ തുക ചിലപ്പോഴൊക്കെ അയാഠം ഈടാക്കിയിട്ടുണ്ടാവാം. എന്നാൽ ജാഗ്രതയായി പ്രവർത്തനം നിവ്വഹിക്കണമെന്നു നിർബ്ബന്ധമുള്ള ഒരു ചുങ്കക്കാരൻ ചിലപ്പോഴൊക്കെ അല്പം കൂടുതൽ വസൂലാക്കിയെന്നു വരരുതോ? ശമ്പളക്കാർ ജോലി ശരിക്കു ചെയ്യുന്നുണ്ടോയെന്നു പരിശോധിക്കാൻ ഓരോ സ്ഥാനങ്ങളിൽ ഓടി

യെത്തുന്ന സഖേവൂസിൻെറ ചിന്തകൾ ഏകദേശം ആ രൂപത്തിലായിരുന്നു. "എന്നെപ്പോലെതന്നെ മററു ചുങ്കക്കാരും വിവേകശാലികളും സത്യസന്ധന്മാരുമായിരുന്നെങ്കിൽ ഞങ്ങളുടെ തൊഴിലുകാക്ക് ഒരു ചീത്തപ്പേരു കിട്ടാൻ സംഗതിയാകയില്ലായിരുന്നു." നടക്കവേ അയാൾ സ്വയം പറയുകയാണ്. കൈവെള്ളകൾ അയാൾ കൂട്ടിയുരുമ്മി. ആ മുഖത്തൊരു മന്ദഹാസമുദിച്ചു. സ്വയം കൃതാർത്ഥനായി അയാൾ.

പോകുന്ന വഴിയിൽ ആളുകൾ അയാളെക്കണ്ടു് പരിചിതഭാവത്തിൽ തലകുലുക്കി. ആരെയും മന്ദഹാസംകൊണ്ടു സല്ക്കരിക്കുന്ന ചുറുചുറുപ്പുള്ള ആ ചെറുമനുഷ്യനെ അറിയാത്തവർ ആരുംതന്നെ ആ ദിക്കിലില്ല. അഞ്ചടിപോലും ഉയരമില്ല. അയാൾക്കു്. എന്നാൽ യറിഹോവിലെ ചുങ്കക്കാരൻ സഖേവൂസ് ഒരു കുശാഗ്രബുദ്ധിതന്നെയായിരുന്നു. പെതുവെയുള്ള അഭിപ്രായം അതാണ്. നഗരത്തിൻെറ കിഴക്കെ കവാടത്തിലേക്കു ധൃതിയിൽ അയാൾ നടക്കുന്നു. അയാളുടെ ഒരു ശമ്പളക്കാരൻ അവിടെയുമുണ്ടു്. ആ മനുഷ്യനെ പ്രത്യേകമൊന്നു സൂക്ഷിക്കേതു് ഒരാവശ്യമായിത്തീർന്നിരിക്കയാണ്. ആ ശമ്പളക്കാരൻ മനുഷ്യരെ ഞെക്കിപ്പിഴിഞ്ഞു പണം വസൂലാക്കുന്നെന്നു് പരാതി ലഭിക്കാൻ തുടങ്ങിയിട്ടു് നാളുകൾ കുറെ ആയി.

അന്നു യാത്രക്കാരുടെ തിക്കും തിരക്കും മുൻവഷ്ങ്ങളിലെ പെസഹാ സന്ദർഭങ്ങളേക്കാൾ വളരെ വളരെ കൂടുതലാണ്. കാൽനടയായി കൂട്ടംചേന്നു പോകുന്നവരുടെ സംഖ്യ എണ്ണി തിട്ടപ്പെടുത്തുക സാദ്ധ്യമല്ല. അവരിൽ ഭൂരിപക്ഷവും സാധുക്കളാണെന്നു് ഒററനോട്ടത്തിനു പറയാൻ ആക്കും സാധിക്കും. ചുങ്കക്കാക്കു് അവരിൽനിന്നു പറയത്തക്കവിധമൊന്നും ആദായം കിട്ടാനുണ്ടാവില്ല. എന്നാലും അവരുടെ ഭാവത്തിലും നടപ്പിലും ഏതോ ഒരു പ്രത്യേകത കാണാനുണ്ടു്. അതു് സഖേവൂസിൻെറ ശ്രദ്ധയെ ആകഷിക്കതന്നെ ചെയ്തു. അവർ കടന്നുപോകുന്നതു അയാൾ സൂക്ഷിച്ചു.

ആ വഴി കടന്നുപോയ ഒരു കച്ചവടക്കാരനോടു സഖേവുസ് ചോദിച്ചു: "ഈ ആാംക്കൂട്ടം എവിടെനിന്നു വരുന്നു?"

"എന്തു്! നിങ്ങാം അറിഞ്ഞില്ലേ? യേശു-ഗലീലിയാക്കാരൻ യേശുവാണ് ആ വരുന്നതു്. അദ്ദേഹത്തിൻെറ അനുയായികളാണ് പിൻപിൽ."

"ങേ—ഗലീലിയാക്കാരനായ യേശുവോ? ലാസറിനെ മരണത്തിൽനിന്നുയപ്പിച്ച യേശുവോ?"

"അതേ—ആ ആാംതന്നെ."

"അദ്ദേഹം ഒരു ചുങ്കക്കാരനെ ശിഷ്യനായി സ്വീകരിച്ചെന്നു ഞാൻ ഈയിടെ കേട്ടല്ലോ."

"അതു സത്യമാണ്. അതു മാത്രമോ—? ചുങ്കക്കാരുടെയും പാപികളുടെയും കൂടെ അദ്ദേഹം ഭക്ഷണംകഴിക്കാറുണ്ടത്രേ"

ആ വാക്കുകളിൽ ഒരു പരിഹാസച്ഛായ അടങ്ങുന്നുണ്ടായിരുന്നു. പക്ഷെ സഖേവുസ് അത്ര കാര്യമായി പരിഗണിച്ചില്ല. അത്രകണ്ടു വദ്ധിച്ചിരുന്നു അയാളുടെ ജിജ്ഞാസ. ഈ യേശുവിനെ അയാാംക്കൊന്നു കാണണം.

പക്ഷേ ജനക്കൂട്ടം അടുത്തടുത്തു വരികയാണ്. സഖേവുസിനാണെങ്കിൽ മററുള്ളവരേപ്പോലെ യേശുവിനെ കാണാൻ ഉയരവുമില്ല. കഷ്ടിച്ചു് അഞ്ചടി മാത്രമെ ഉയരം അയാാംക്കുള്ളു. ആ ആാംക്കൂട്ടത്തിൽ യേശുവിനെ ഒന്നു കാണാൻ ഉയരം കുറഞ്ഞ ഒരാാംക്കു് എങ്ങനെയാണ് സാധിക്കുക? അതാ അവരെന്താണ് ആ വിളിച്ചുപറയുന്നതു്? "ഗുരു അന്ധനായ ബാർത്തിമോയ്ക്കു കാഴ്ചനല്കി."

അതു കേട്ടപ്പോാം സഖേവുസിനു് യേശുവിനെ കാണണമെന്നു നിർബ്ബന്ധമായി. പെരുവിരൽ കുത്തിനിന്നാലും തറയിൽനിന്നു അയാാംക്കു അദ്ദേഹത്തെ കാണാൻ സാദ്ധ്യമല്ല. ഒരു കല്ലോ അല്പമെങ്കിലുമുയന്ന സ്ഥാനമോ അവിടെയെങ്ങാനുമുണ്ടോയെന്നു അയാാം ചുററുമൊന്നു നോക്കി. പക്ഷെ, അങ്ങ

നെയാതൊന്നുമവിടെ കാണാനില്ല. എന്നാൽ വഴിയുടെ ഇരു പാൎശ്വങ്ങളിലും ചില ചാലമരങ്ങൾ നിൽക്കുന്നുണ്ടു്—അധികം ഉയരത്തിലല്ലാതെ, ശാഖകളുമായി. അരെങ്കിലും നോക്കുന്നുണ്ടോയെന്നു അയാൾ ചുററുമൊന്നു കണ്ണോടിച്ചു. അടുത്ത നിമിഷത്തിൽ അയാൾ ഒരു വൃക്ഷത്തിൽ കയറി ഇരിപ്പുറപ്പിച്ചുകഴിഞ്ഞു. ഇരിക്കുമ്പോൾത്തന്നെ അയാളണയ്ക്കുന്നുണ്ടു്. എത്ര നാളുകളായി ചുങ്കക്കാരൻ സഖേവുസ് ഒരു മരത്തിൽ കയറിയിട്ടു്!

ഒരു ശിഖരത്തിൽ അയാളങ്ങനെ ഇരിക്കുകയാണു്. അയാൾ താഴോട്ടു നോക്കി. ആ ആൾക്കൂട്ടത്തിനുപരിയായാണു് അയാളുടെ ഇരിപ്പിടം. യേശു ആ വഴിയേ വരുന്നതു് ശരിയിയിത്തന്നെ അയാൾക്കു കാണാം. "അദ്ദേഹത്തെ കണ്ടാൽ എത്ര ദയാലുവാണു്. ഭാവമാകട്ടെ, അഹങ്കാരമാകട്ടെ തീച്ചയായും അദ്ദേഹത്തെ സ്പർശിച്ചിട്ടില്ല. അദ്ദേഹം ചുങ്കക്കാരോടൊത്തു ഭക്ഷണം കഴിച്ചെന്നു കേട്ടതു പരമാൎത്ഥമായിരിക്കണം." സഖേവുസ് ചിന്തിക്കയാണു്.

പെട്ടെന്നാണതു സംഭവിച്ചതു്. സഖേവുസ് ശിഖരത്തിലിരുന്നു ഇലകളുടെ ഇടയിൽക്കൂടി യേശുവിനെ സൂക്ഷിച്ചുനോക്കുകയാണു്. ഗുരു തല ഉയൎത്തി അയാളെ സൂക്ഷിച്ചൊന്നു നോക്കി. ആർദ്രത വഴിഞ്ഞൊഴുകുന്ന ആ മുഖത്തൊരു മന്ദഹാസമുദിച്ചു. എന്നിട്ടു അവിടന്നു് അയാളോടു പറയുകയാണു്:

"സഖേവുസ്, വേഗം ഇറങ്ങിവരിക. ഞാൻ ഇന്നു നിങ്ങളുടെ വീട്ടിലാണു് താമസിക്കുന്നതു്."

ആ വാക്കുകൾ കേട്ടപ്പോൾ സഖേവുസ് മരത്തിൽനിന്നു താഴെ വീണില്ലെന്നേയുള്ളു. ആശ്ചര്യം അല്പമൊന്നു നീങ്ങിയപ്പോൾ അയാൾ വൃക്ഷത്തിൽനിന്നു ഒരുവിധം താഴെയിറങ്ങി. ചുക്കിച്ചുളിഞ്ഞിരുന്ന വസ്ത്രങ്ങൾ അയാളൊന്നു ശരിപ്പെടുത്തി. എന്നിട്ടു യേശുവിൻെറ സന്നിധിയിലേക്കു് അയാൾ വേഗം നടന്നു. ജനക്കൂട്ടം അയാൾക്കു വഴി മാറിക്കൊടുത്തു. അങ്ങിനെയാണു് സ്വവസതിയിൽ യേശുവിനെ സൽക്കരിക്കാനുള്ള സന്ദർഭം

ചുങ്കക്കാരനായ സഖേവൂസിനു ലഭിക്കാൻ സംഗതിയായതു്.

അയാളുടെ യറിഹോവിലെ കൊട്ടാരതുല്യമായ വസതിയിൽ അതിഥിയും ആതിഥേയനും ഇരുന്നു ഭക്ഷണം കഴിക്കുകയാണു്. യേശുവിൻെറ ആവശ്യാനുസരിണം ഭക്ഷ്യവിഭവങ്ങൾ പരിചാരകരല്ല സഖേവൂസാണു് എടുത്തുകൊടുക്കുന്നതു്. അയാൾക്കൊരു തോന്നൽ—അതെല്ലാം ഒരു സ്വപ്നമല്ലേയെന്നു്. ചുങ്കക്കാരൻ സഖേവൂസിനു് എന്താണു് സംഭവിക്കുന്നതു്? വിചിത്രതരമായ ഒരു അനുഭവവിശേഷമാണു് അയാൾക്കപ്പോളുണ്ടാകുക. യേശുവിൻെറ കണ്ണുകൾ അയാളുടെ ഉള്ളിലേക്കു് തുളച്ചുകയറുന്നോ? അയാളുടെ ആത്മാവിൻെറ അഗാധതയിൽ ആ കണ്ണുകൾ സൂക്ഷിക്കുന്നു. ആ നോട്ടം അയാളെ അസ്വസ്ഥനാക്കി. അനീതിയായി അയാൾ പണക്കാര്യത്തിൽ പെരുമാറിയിട്ടില്ലേ?—സഖേവൂസ് സ്വയം ചോദിച്ചുതുടങ്ങി. തുളച്ചുകയറുന്ന ആ കണ്ണുകൾ അയാളുടെ പാപങ്ങൾ ഓരോന്നും ദർശിക്കുന്നില്ലേ?

പിന്നെ ഒരു നിമിഷംപോലും സംശയിച്ചു കഴിച്ചുകൂട്ടാൻ സഖേവൂസിനു സാധിച്ചില്ല. അയാൾ യേശുവിനെ അറിയിക്കയാണു്: "കർത്താവേ, എൻെറ സമ്പാദ്യത്തിൽ പകുതി ഞാൻ സാധുക്കൾക്കു നൽകാൻ തീർച്ചപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ആരോടെങ്കിലും ഞാൻ അന്യായം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതിൽ നാലിരട്ടി മടക്കിക്കൊടുക്കാനും ഞാൻ സന്നദ്ധനാണു്."

യേശുവിൻെറ മുഖം സന്തോഷംകൊണ്ടു വികസിച്ചു. "ഇന്നീ വീടിനു രക്ഷയുണ്ടായിരിക്കുന്നു. നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു വീണ്ടെടുക്കാനാണു് മനുഷ്യപുത്രൻ ആഗതനായിരിക്കുന്നതു്." ഇതു പറയുമ്പോൾ യേശുവിൻെറ മുഖം പ്രകാശിതമായിരുന്നു.

## അദ്ധ്യായം 19

# തൈലലേപനം

കുഷ്ഠരോഗി ശിമയോൻ സംതൃപ്തിയോടെ ആ മുറിയുടെ ചുററുമൊന്നു കണ്ണോടിച്ചു. യേശുവിനുള്ള അത്താഴത്തിനു് സജ്ജീകരണങ്ങൾ കണ്ടു് അയാൾ ചാരിതാത്ഥ്യമടഞ്ഞു. ലാസറിൻെറ സഹോദരി അവിടെയുണ്ടു്. അവളാണു് ആ അത്താഴത്തിനുള്ള വട്ടംകൂട്ടുകളുടെ മേൽനോട്ടം വഹിക്കുന്നതു്. അങ്ങിനെയുള്ള ജോലികൾക്കെല്ലാം അതിസമത്ഥയാണവൾ. ലാസറം അവിടെ വന്നെത്തിയിട്ടുണ്ടു്. വരുന്നവക്കെല്ലാം അയാളെ കാണണം. മരിച്ചശേഷം വീണ്ടും ജീവൻ പ്രാപിച്ച ഒരു മനുഷ്യനല്ലേ അയാൾ? അയാൾ പോകുന്നയിടങ്ങളിലെല്ലാം ആളുകൾ അന്യോന്യം മന്ത്രിക്കാറുണ്ടു്:– "ലാസറിനെ കണ്ടാൽ പഴയപടി തന്നെയിരിക്കുന്നു—ഇല്ലേ? എന്നാലും ഇപ്പോൾ അയാൾക്കു മുൻപില്ലാത്ത ഒരു ശാന്തത കാണാനുണ്ടു്." ലാസറിനെ കാണാൻ എത്തിക്കൂടുന്നുണ്ടു് നിരവധി ജനങ്ങൾ ബഥനിയിലേക്കു്. അങ്ങനെയുള്ളൊരു ആൾത്തിരക്കു് ആ കുടുംബാംഗങ്ങൾക്കു് ഏതാണ്ടൊരു ശല്യമായിത്തീന്നിരിക്കയാണു്. സുഹൃത്തുക്കൾ ആ വീട്ടിൽ ചെന്നെത്തും—അതോടൊപ്പം അപരി

ചിതരും. അയാളെ ഒരു നോക്കു കാണാൻ ആ വളപ്പിനു ചുററും എപ്പോഴും ധാരാളമാളുകളാണു വന്നുകൂട്ടുക. “ഈയാളാണോ നാലുദിവസം മരിച്ചിട്ടു പിന്നെ ജീവിച്ച മനുഷ്യൻ?”—അവർ സംശയമുന്നയിക്കയായി. പക്ഷെ ഇന്നു രാത്രിയിൽ സാഹചര്യങ്ങൾ വ്യത്യസ്തമാണ്. ഇന്ന് അതിഥികളെല്ലാം ഗുരുവിൻെറ സുഹൃത്തുക്കൾ തന്നെ—ശിഷ്യർ പന്ത്രണ്ടുപേരും മറേറതാനും ചില വ്യക്തികളും.

ഗുരുവും ശിഷ്യരും പെസഹാപ്പെരുനാളിനു വന്നെത്തിയതാണ്. ബഥനിയിലാണ് അവർ താമസം. ഇപ്പോഴും ശിമയോനെ നാട്ടുകാർ വിളിക്കുന്നതു് “കുഷ്ഠരോഗി ശിമയോനെ”ന്നാണ്. ഗുരുവിനെയും ശിഷ്യരെയും അത്താഴത്തിനു ക്ഷണിച്ചതിൽ ആ മനുഷ്യൻ അഭിമാനംകൊണ്ടു. അത്ഭുതത്തോടെ ചിലപ്പോഴെല്ലാം അയാൾ സ്വന്തം കൈകളൊന്നു പരിശോധിക്കും. മുൻപ് അറയ്ക്കത്തക്ക വ്രണങ്ങളുണ്ടായിരുന്ന ആ കൈകളിൽ തികച്ചും അരോഗാവസ്ഥയിലുള്ള ത്വക്കാണു കാണുന്നതു്. ദേവാലയത്തിലെ പുരോഹിതൻ അനുശാസിച്ചതാണ്, അയാൾ നഗരം വിട്ടിറങ്ങി മററു കുഷ്ഠരോഗികളോടൊപ്പം അവരുടെ സങ്കേതത്തിൽ താമസിക്കണമെന്ന്. ഇന്നും ആ അനുശാസനം അയാളെ ഭയവിഹ്വലനാക്കുന്നുണ്ടു്. കുഷ്ഠരോഗികളുടെ പരിതാപകരമായ അവസ്ഥ അയാൾ കണ്ടിട്ടുള്ളതല്ലേ? അവർ ധരിച്ചിരിക്കുന്ന കീറപ്പഴന്തുണികളിൽക്കൂടെ കാണാം വികൃതവും വിരൂപവുമായ അവരുടെ കൈകളും കാലുകളും. ദൈവം ശിമയോനോടു കരുണ കാണിച്ചു; അതിൽ ആ മനുഷ്യനു അഗാധമായ കൃതജ്ഞതയാണുള്ളതു്. സ്നേഹാദരങ്ങളോടെ അയാൾ യേശുവിൻെറ മുഖത്തുനോക്കി. മററു അതിഥികളുടെ മുഖത്തും അയാളുടെ ദൃഷ്ടികൾ പതിഞ്ഞു.

യേശുവിനെതിരായി ഗൂഢാലോചനകൾ നടക്കുന്നെന്നു കിംവദന്തികൾ ഉയന്നിട്ടുണ്ടു്. പെസഹാപ്പെരുനാളിനു് അദ്ദേഹം യറുശലേമിലെത്തിയതുതന്നെ ഒരു സാഹസമായി

കരുതിയവരുടെ സംഖ്യയും വിരളമായിരുന്നില്ല. ഏതായാലും അദ്ദേഹത്തിൻെറ യറുശലേം സന്ദർശനം ഒരു ധൈര്യപ്രകടനം തന്നെയായിരുന്നു. ശത്രുക്കളുടെ ഗൂഢാലോചനകളെ പരാജയപ്പെടുത്താനായിരിക്കാം യറുശലേമിൽ താമസിക്കുന്നതിനു പകരം യേശുബഥനിയിലെത്തിയതു്. ലാസറിനേയും, മേരിയേയും, മാർത്തയേയും അദ്ദേഹം സ്നേഹിക്കുന്നതുകൊണ്ടായിക്കൂടെന്നുമില്ല താമസം അവിടെയാകാമെന്നു തീരുമാനിച്ചതു്. ആർക്കാണു് അദ്ദേഹത്തെ ഉപദ്രവിക്കാൻ തോന്നുക? തൻെറ ഇടതുവശത്തിരിക്കുന്ന ലാസറിനെ ശിമയോൻ നോക്കി. പൂർണ്ണാരോഗ്യവാനായിരിക്കുന്നു ലാസർ. പലസ്തീനിൽ എത്രയെത്ര ആളുകളെയാണു് യേശു ആരോഗ്യവാന്മാരാക്കിത്തീർത്തിട്ടുള്ളതു്. അതിനുശേഷം ശിമയോൻെറ കണ്ണുകൾ മേരിയുടെ മുഖത്താണു പതിയുന്നതു്. അവളിൽനിന്നല്ലേ യേശു ഏഴു ദുരാത്മാക്കളെ പുറത്താക്കിയതു്? ഇവയിലെല്ലാററിലും അത്ഭുതകരമായ സംഗതിയായിരുന്നില്ലേ അതു്? മേരി വാതിലിനു സമീപമിരിക്കയാണു്. ഇമവെട്ടാതെ അവൾ ഗുരുവിനെ നോക്കുന്നു. അദ്ദേഹത്തിൻെറ ഓരോ വാക്കുകളും അവൾ പരമാവധി ശ്രദ്ധിക്കുന്നുണ്ടു്. മററാരേയും കാൾ അവൾക്കാണു് ഗുരുവിൻെറ വചനങ്ങൾ ഗ്രഹിക്കുവാൻ സാധിക്കുന്നതു്—ശിമയോൻ ചിന്തിച്ചു. അവളുടെ കഴിഞ്ഞകാലത്തെ കഥയോ? മനുഷ്യൻെറ ശാരീരികമായ രോഗങ്ങൾ ഭേദപ്പെടുത്തുന്നതിൽ എത്ര കൂടുതൽ മഹനീയമായ സിദ്ധിയാണു് അവരുടെ ആത്മാക്കളുടെ രോഗങ്ങൾ സൗഖ്യമാക്കുക? അദ്ദേഹം ക്രിസ്തുവല്ലെന്നു് ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ ആർക്കാണു് വിധിയെഴുതുവാൻ സാധിക്കുന്നതു്?

* * * * *

കുഷ്ഠരോഗി ശിമയോൻെറ വസതിയിൽ ഒരു വാതിലിനു സമീപമിരിക്കയാണു് മഗ്ദലേനമേരി. ഏതാണ്ടൊരു അസ്വസ്ഥതയും വികാരവൈവശ്യവും അവളെ ബാധിച്ചിട്ടുണ്ടു്.

ലാസറിനെ മരണത്തിൽനിന്നുയൎത്തിയശേഷം ഇന്നാദ്യമായാണു് അവഠം യേശുവിനെ കാണുക. അന്നവഠംക്കു യാതൊന്നും പറയുവാൻ സാധിച്ചില്ല—അത്ര വികാരവിവശയായിരുന്നു ആ ദിവസമവഠം. അവഠം അദ്ദേഹത്തെ ആ അവസരത്തിൽ സംശയിക്കപോലും ചെയ്തതാണു്. അതവഠംക്കിപ്പോഠം ചിന്തിക്കാൻ പോലുംവയ്യ. ആ സന്ദൎഭത്തിൽ അവഠം അദ്ദേഹത്തോടുപറഞ്ഞ വാക്കുകഠം എങ്ങനെയാണു വിസ്മരിക്കുക? "ഗുരോ, അങ്ങു് ഇവിടെയുണ്ടായിരുന്നെങ്കിൽ എൻെറ സഹോദരൻ മരിക്കയില്ലായിരുന്നു." ആ വാക്കുകളിൽ ഒരു ശാസനയുടെ—പരിഭവത്തിൻെറ ഭാവം ഉഠംക്കൊണ്ടിരുന്നു. അങ്ങനെയുള്ള വാക്കുകളല്ലേ അവഠം ഗുരുവിനോടു പറഞ്ഞതു്. കൎത്താവും ഗുരുവും, ജീവനുള്ള ദൈവത്തിൻെറ പുത്രനുമായ ആ ദിവ്യനോടാണു് ആവിധം അവഠം സംസാരിച്ചതു്. പക്ഷെ അദ്ദേഹം ക്ഷമയോടെ, ധാരണയോടെ അവളുടെ അപ്പോഴത്തെ മനോഭാവം മനസ്സിലാക്കി. അവളുടെ വിശ്വാസരാഹിത്യത്തെ അദ്ദേഹം ഭൎത്സിച്ചില്ല. അവളുടെ സങ്കടത്തിൽ അദ്ദേഹത്തിനു സഹതാപമേ ഉണ്ടായിരുന്നുള്ളു. അവളുടെ അപരാധത്തിനു എങ്ങനെയാണു പരിഹാരം ആരായുക—അവഠം ചിന്തിച്ചു.

ഗുരുവുമായി പരിചയപ്പെട്ടുകഴിഞ്ഞ കാലത്തേക്കു അവളുടെ ചിന്തകഠം പാഞ്ഞു. അദ്ദേഹത്തിൻെറ കരസ്പൎശനം ലഭിച്ച നിമിഷത്തിൽ അതേവരെ അവളെ നരകവേദന അനുഭവിപ്പിച്ച ദുരാത്മാക്കഠം അവളെ വിട്ടുപിരിഞ്ഞില്ലേ? അതോടെ അവഠംക്കുമനശ്ശാന്തി ലഭ്യമായില്ലേ? പരീശനായ ശിമയോൻെറ ഗൃഹത്തിൽവച്ചു് സുഗന്ധദ്രവ്യംകൊണ്ടു് ആ പാദങ്ങളെ അഭിഷേകംചെയ്ത സംഭവം അവഠം ഈ അവസരത്തിലോൎത്തു. അതോടെ അവളുടെ പാപഭാരം നീക്കപ്പെട്ട അനുഭവം ഇന്നും അവഠം മറന്നിട്ടില്ല. ശിമയോൻ എന്നു പേരുള്ള ഒരു മനുഷ്യൻെറ ഗൃഹത്തിൽവച്ചു ആ സംഭവം നടന്നതു് വിചിത്രമായിരിക്കുന്നു. ഇന്നും അവഠം ഒരു ശിമയോൻെറ ഗൃഹ

ത്തിലാണ്. പക്ഷെ എത്ര വ്യത്യസ്തനായ ഒരു ശിമയോനാണിതു്? യേശുവിനേയും പന്ത്രണ്ടു ശിഷ്യന്മാരെയും ശുശ്രൂഷിച്ചുകൊണ്ടു് ഗലീലയിൽ അവളും മററു ചില സ്ത്രീകളും ചെലവഴിച്ചദിവസങ്ങൾ അപ്പോൾ അവളുടെ ഓർമ്മയിലെത്തി ആ ദിനങ്ങൾ ഇങ്ങിനിവരാതവണ്ണം മറഞ്ഞുകഴിഞ്ഞോ? അതോ, പരീശരുടെ വിപത്തൊഴിഞ്ഞു് യേശു പരസ്യമായി ജനങ്ങളെ ഉൽബോധിപ്പിക്കുന്ന അവസരം ഇനി സമാഗതമാകുമോ?

കണ്ണുകളടച്ചാലും അവൾക്കാ കോമളവിഗ്രഹത്തെ കാണാം. എങ്ങനെയെന്നോ? അദ്ദേഹം ദേവാലയത്തിൽ നില്ക്കുന്നതു്—ചന്തസ്ഥലത്തു നിൽക്കുന്നതു് പച്ചപ്പുല്ലുകൾകൊണ്ടു് ആകർഷകമായിരുന്ന കുന്നിൻ പുറങ്ങളിൽ നിൽക്കുന്നതു്. അപ്പോഴും അവൾക്കു കേൾക്കാം അത്ഭുതകരമായ വാക്കുകൾ അദ്ദേഹം ഉച്ചരിക്കുന്നതു്.

"നിങ്ങളുടെ ജീവനെപ്പററിയോ, എന്താണു നിങ്ങൾ ഭക്ഷിക്കുന്നതു്, നിങ്ങളുടെ ശരീരങ്ങളുടെ ആവശ്യം, അതുമല്ല നിങ്ങളുടെ വസ്ത്രകാര്യങ്ങൾ, ഇവയേപ്പററിയോ നിങ്ങൾക്കു ഉൽക്കണ്ഠ വേണ്ട. ഇവയെല്ലാം നിങ്ങൾക്കു ആവശ്യമാണെന്നു് നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിനു അറിവുണ്ടു്."

"ഞാൻ. നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആളുകൾക്കു വേണ്ടി ജീവനെ പരിത്യജിക്കാൻ സന്നദ്ധനാണ്."

"ഒരു മനുഷ്യനും രണ്ടു യജമാനന്മാരെ സേവിപ്പാൻ സാദ്ധ്യമല്ല."

മേരി ആ വാക്കുകൾ ഓർത്തപ്പോൾ ചിന്തിക്കുകയാണ്—അവൾ രണ്ടു യജമാനന്മാരെ സേവിക്കാൻ ശ്രമിച്ചോയെന്നു്, യേശുവിൻെറ പാർശ്വത്തിൽനിന്നുകൊണ്ടു് മനസ്സിൽ അവൾ ആലോചിക്കയാണ്—അദ്ദേഹത്തെയോ, അദ്ദേഹത്തിൻെറ മാതാവിനെയോ—ആരെയാണ് ഭക്തിപൂർവ്വം പൂജിക്കാൻ അന്നേയോളം അവൾ ശ്രദ്ധിച്ചതു്? യേശുവുമായി സമ്പർക്കം പാലിച്ചശേഷം അവൾക്കൊരു മഹാപരിവർത്തനം സംഭവിച്ചെന്നു

പറയാത്ത ആളുകഠം ആ ദിക്കിലില്ല. എന്നാൽ ആ പരിവർത്തനത്തിൽ യേശുവിൻെറ മാതാവിനും ഗണ്യമായൊരു പങ്കുണ്ടു്. വന്ദ്യയായ ആ മാതാവുമായുള്ള സഹവാസവും ഇടപഴകലും കൊണ്ടു ഈ മേരിയുടെ സ്വഭാവത്തിനു സമൂലമായ ഒരു പരിവർത്തനമാണു സംഭവിച്ചതു്. "മേരി"—ഇരുവരുടേയും പേരു മേരിയെന്നു തന്നെ. ആ പേരു ഐക്യരൂപത്തിൽ എത്തിച്ചേരാൻ ഇടയായതു അത്ഭുതമല്ലേ?

കുഷ്ഠരോഗി ശിമയോൻെറ വസതിയുടെ വാതിൽക്കൽ അവളങ്ങനെ ഇരിക്കയാണു്. അപ്പോഴാണു് ഹിതകരവും, സങ്കടദ്യോതകവും, ആനന്ദസംദായകവുമായ സ്മരണകഠം അവളുടെ മനസ്സിൽ ഉണൎന്നുയരുക. അവയുടെ സമ്മർദ്ദം അവഠംക്കു സഹിക്കവയ്യ. എങ്ങനെയെങ്കിലും യേശുവിനെ അവഠംക്കറിയിക്കണം—അവളുടെ പശ്ചാത്താപം—അവളുടെ പരിവർത്തനം—അവളുടെ കൃതജ്ഞത. അതും പോരാ—അവഠം ആയുഷ്യന്തം അദ്ദേഹത്തെ അനുഗമിക്കുമെന്ന ദൃഢനിശ്ചയവും. അദ്ദേഹത്തിൽനിന്നു അവഠംക്കു ലഭിക്കാത്തതെന്താണുള്ളതു്? ഹൃദയത്തിൽനിന്നു പ്രവഹിക്കുന്ന വാക്കുകഠംകൊണ്ടു് ആ വസ്തുത അവഠംക്കു ഗുരുവിനെ അറിയിക്കണം. നിറഞ്ഞൊഴുകുന്ന അവളുടെ ഹൃദയവികാരങ്ങഠം അവഠംക്കദ്ദേഹത്തെ ധരിപ്പിക്കണം. അവഠംക്കു് അദ്ദേഹത്തിൽനിന്നു ലഭിക്കാത്തതെന്താണുള്ളതു്?

സാവധാനം അവളെണീററു. പകുതിമാത്രം തുറന്നിരിക്കുന്ന വാതിലിൽക്കൂടെ അവഠം മെല്ലെ പുറത്തിറങ്ങി. വെളിയിൽ ഒരു നിമിഷനേരം നിശ്ചലയായി അവഠംനിന്നു. വിളക്കുകഠംകൊണ്ടു പകൽപോലെ പ്രകാശിതമായിരുന്ന മുറിക്കുള്ളിലേക്കു അവഠം ഒരു പ്രാവശ്യവുംകൂടി നോക്കി. അതിനുള്ളിലുള്ള ആളുകളിൽ ആരും തന്നെ അനങ്ങുന്നില്ല. അവഠം പുറത്തേക്കിറങ്ങുന്നതു കണ്ടവരും ആരുമില്ല. യേശു ആത്മാർത്ഥമായിഅവരോടുസംസാരിക്കയാണു്. അദ്ദേഹത്തിൻെറ വാക്കുകഠം

പൂർണ്ണശ്രദ്ധയോടെ അവർ കേൾക്കുന്നുണ്ടു്. അദ്ദേഹം പറയുകയാണു്:— "എൻെറ രാജ്യം ഈ ലോകത്തിലുള്ളതല്ല." ആ സിദ്ധാന്തം അദ്ദേഹം അവരോടു എത്ര എത്ര പ്രാവശ്യം ആവത്തിച്ചാവത്തിച്ചു പറഞ്ഞിട്ടുള്ളതാണു്? എന്നാൽ സ്വശിഷ്യക്ക പോലും അതിൽ അടങ്ങുന്ന അത്ഥവ്യാപ്തി മനസ്സിലാക്കാൻ സാധിച്ചിട്ടില്ല; അവരും ഭൗതികമായ ശ്രേയസ്സിലാണു് പ്രതീക്ഷകൾ നിക്ഷേപിച്ചതു്.

തണുപ്പുകാററുള്ള രാത്രി. ആ തണുപ്പുകാററു് മേരിയുടെ മുഖത്തെ തലോടുന്നുണ്ടു്. അവൾ വീഥിയിൽക്കൂടി നടന്നുതുടങ്ങി. മുൻകവാടത്തിന്നു വെളിയിൽ അങ്ങിങ്ങായി ചിലർ തങ്ങിനിൽപ്പുണ്ടു്. അവരുടെ നോട്ടം ആ വീട്ടിന്നുള്ളിലേക്കാണു്. അവർ പറയുകയാണു്:—"ഞങ്ങൾക്കു യേശുവിനെ കാണണം. അദ്ദേഹം അകത്തുണ്ടോ? അദ്ദേഹത്തെക്കൂടാതെ അദ്ദേഹം മരിച്ചവരിൽനിന്നുയത്തിയ ലാസറിനെയും ഞങ്ങൾക്കൊന്നു കണ്ടാൽകൊള്ളാമെന്നുണ്ടു്."

അവരുടെ സംസാരം കേട്ടില്ലെന്ന ഭാവത്തിൽ മഗ്ദലനമറിയ മുന്നോട്ടു നടക്കയാണു്. അങ്ങനെയുള്ളവരോടു ഒന്നും പറയാതിരിക്കയാണു ഭേദം. പരീശന്മാരുടെ ഒററുകാർ ചുററപാടുമുണ്ടു്. അവർ ബഥനിയിലും പ്രവേശിച്ചില്ലെന്നുവന്നു കൂടായ്കയില്ല. ധ്രുതഗതിയിൽ മേരി സ്വവസതിയെ ലക്ഷ്യമാക്കി നടന്നു. അവൾ അല്പാല്പം വിറയ്ക്കുന്നുണ്ടു്.

കുഷ്ഠരോഗി ശിമയോൻെറ വീടുവിട്ടിറങ്ങിയപ്പോൾ എന്താണു ചെയ്യേണ്ടതെന്നു മേരിക്കു ഒരു രൂപവുമുണ്ടായിരുന്നില്ല. എന്നാൽ സ്വഗൃഹത്തിൻെറ മുൻവാതില്ക്കലെത്തിയപ്പോൾ അവൾ തീച്ചപ്പെടുത്തി എന്താണു ചെയ്യേണ്ടതെന്നു്. അവളുടെ ഹൃദയവികാരങ്ങൾ ഗുരുവിനെ അറിയിക്കാൻ ഒരു മാഗ്ഗമുണ്ടു്— അവ അദ്ദേഹത്തെ മനസ്സിലാക്കാൻ വാക്കുകളുടെ ആവശ്യമേയില്ല. അതാണു് അവളുടെ ആവശ്യവും. അദ്ദേഹത്തോടു സംസാരിയ്ക്കത്തക്കവിധം സ്വയം വിശ്വാസം അവൾക്കില്ല— ധൈയ്യവുമവൾക്കില്ല.

ഒരു നേരിയ പ്രകാശം വീട്ടിനുള്ളിലുണ്ടു്. അതിൻെറ സഹായംകൊണ്ടു് അവഠം വീട്ടിനുള്ളിൽ പ്രവേശിച്ചു. അവഠംക്കൊരു സ്വന്തം മുറി അവിടെയുണ്ടു്. ആ മുറിയുടെ ഭിത്തിയിൽ ഒരലമാരി ഉറപ്പിച്ചിരുന്നു. ആ അലമാരിയിൽ തനി വെള്ളനിറത്തിലുള്ള ഒരു ചെങ്കൽ ഭരണി അവഠം സൂക്ഷിച്ചിട്ടുണ്ടു്. ഏതാണ്ടു് അന്ധകാരം വ്യാപിച്ചിരുന്ന ആ മുറിയിലെ അലമാരി അവഠം തപ്പിത്തടഞ്ഞു കണ്ടുപിടിച്ചു. ആ ഭരണി അവളുടെ കൈകഠം സ്പശിച്ചു. എത്ര വഷങ്ങളായെന്നോ ആ ഭരണി അവഠം അവിടെ നിക്ഷേപിച്ചിട്ടു്. യറുശലേമിൽ നിന്നു ആ ഭരണി അവഠം വാങ്ങിയ ദിവസം ഇപ്പോഴും അവളുടെ ഓമ്മയിലുണ്ടു്—വഷങ്ങഠം പലതു കഴിഞ്ഞിട്ടും പൌരസ്ത്യദേശത്തുനിന്നുകൊണ്ടുവരപ്പെട്ട മററു സാധനങ്ങളോടൊപ്പം അതും ഒരു കടയിൽ പ്രദശിപ്പിക്കപ്പെട്ടിരുന്നു. അക്കൂട്ടത്തിൽ മനോഹരമായ കൊത്തുപണികളുള്ള ചന്ദനപേടകങ്ങളും, രത്നഖചിതമായ ആഭരണങ്ങളും, പട്ടുതുണികളും അവഠം കണ്ടതാണു്. പക്ഷെ, അവഠം വാങ്ങിയതു് ആ ഭരണിയായിരുന്നു. അതുമായി അവഠം വീട്ടിലെത്തി. മാത്താ അതു കണ്ടു കണ്ണുകഠം മിഴിച്ചു. "മേരി, ഇങ്ങനെ നീ ധൂത്തു തുടങ്ങിയാലോ?" ശാസനാരൂപത്തിൽ ആ സഹോദരി അവഠംക്കു താക്കീതു നൽകി. സാധാരണ ഒരു തൊഴിൽക്കാരനു് ഒരു വഷം കിട്ടുന്ന ശമ്പളമായിരുന്നു അതിൻെറ വില: അന്നവഠം അങ്ങനെയൊരു മേരിയായിരുന്നു—വിചാരശൂന്യ. അന്നവഠം യേശുവിനെ ഒട്ടറിയുകയുമില്ല.

ആ ഭരണി കയ്യിലെടുത്തു് അവഠം വീട്ടിൽനിന്നും പുറത്തിറങ്ങി. ആ പാത്രത്തിൻെറ മൃദുലത അവിചാരിതമായൊരു ആഹ്ലാദമാണു് അവഠംക്കു പ്രദാനംചെയ്തതു്. വീട്ടിൽനിന്നിറങ്ങിയ അവഠം വീഥിയിൽക്കൂടി കുഷ്ഠരോഗി ശിമയോൻെറ വസതിയെ ലക്ഷ്യമാക്കി അതിവേഗം നടന്നു. ആ വീടിനു മുൻപിൽ അപ്പോളവിടെ കൂടിയിട്ടുണ്ടു് മുൻപിലത്തേതി

നേക്കാറം വളരെ കൂടുതൽ ജനങ്ങറം. അവർ കൂട്ടംകൂട്ടമായി വിളിച്ചുചോദിക്കുകയാണ്—"ഗുരു വീട്ടിനുള്ളിലുണ്ടോ? യേശു അവിടെയുണ്ടോ? ലാസറുണ്ടോ അവിടെ? ഞങ്ങറംക്കു യേശുവിനേയും ലാസറിനേയും കണ്ടേ മതിയാവു" ആ ആറംത്തിരക്കിനിടയിൽക്കൂടി ആരുടെയും ശ്രദ്ധയിൽപ്പെടാതെ ഒരുവിധത്തിൽ മേരി ഗൃഹത്തിനുള്ളിൽ പ്രവേശിച്ചു. മുൻവാതിൽ അവറം അടയ്ക്കുയും ചെയ്തു. ആളുകറം ഒരു വീടിനുള്ളിൽ അങ്ങനെ എത്തിനോക്കുക അത്ര പന്തിയല്ല. കൂടാതെ പരീശരുടെ ഒററുകാർ ആ ഭാഗത്തൊക്കെ പരുങ്ങി നില്ക്കുന്നുമുണ്ടാവാം.

ഗുരു ഉൽബോധനങ്ങറം നിറുത്തിക്കഴിഞ്ഞിരുന്നു. മുറിക്കുള്ളിലുള്ള ആളുകറം യാത്രയാകാൻ ഭാവിക്കുയാണ്. പത്രോസും യോഹന്നാനും എന്തൊക്കെയൊ സംസാരിച്ചുകൊണ്ടു മുറിയുടെ ഒരു ഭാഗത്തു നില്ക്കുന്നു. ശിമയോൻെറ സംഭാഷണം ശ്രദ്ധിച്ചുകൊണ്ടിരിക്കയാണ് യേശു. യൂദാ ചുററുപാടും ഒരു പരിശോധന നടത്തുകയാണ്. "മററുള്ളവരിൽ നിന്നു വ്യത്യസ്തനാണ്, ഈ യൂദാ." എങ്ങനെയെന്നറിഞ്ഞുകൂടാ, ആ ചിന്തയാണ് അപ്പോറം മേരിയുടെ മനസ്സിലുദിച്ചതു്. മററു ശിഷ്യർ സത്യസന്ധന്മാരും ആത്മാർത്ഥതയുള്ളവരുമായി അവറംക്കു തോന്നി.

മേരി യേശുവിൻെറ പിന്നിലെത്തി. മേശയുടെ വക്കിൽ ഭരണിയുടെ മുകറംഭാഗം അവറം അടച്ചു. ഭരണിയുടെ അടപ്പ് ദൂരെ തെറിച്ചുവീണു. അടുത്ത നിമിഷം മാധുര്യമേറിയ സുഗന്ധം ആ മുറി ഒട്ടാകെ വ്യാപിച്ചു. അതുപോലെ ഹൃദ്യമായ സുഗന്ധം അവിടെയുള്ളവർ ഇന്നേയോളംആസ്വദിച്ചിട്ടില്ല. എത്ര പണം കൊടുത്താലും ആവിധമൊരു സുഗന്ധദ്രവ്യം യരുശലേം നഗരത്തിൽ വാങ്ങാനും സാദ്ധ്യമല്ല. ആ മുറിക്കുള്ളിലുള്ളവരുടെ ദൃഷ്ടികറം ഒന്നടങ്കം ആ സ്ത്രീയുടെ മുഖത്തു പതിഞ്ഞു. എന്നാൽ യേശുവൊഴികെ മററാരും അവളുടെ ചിന്തയിലില്ല. അവറം കുനിഞ്ഞു ആ സുഗന്ധതൈലം അദ്ദേഹത്തിൻെറ ശിരസ്സിൽ പകന്നു. അതദ്ദേഹത്തിൻെറ പാദങ്ങളിൽ

വീണു. അവസാനത്തെ തുള്ളിവരെ അതൊഴിച്ച ശേഷമേ അവ ളാ സംരംഭത്തിൽനിന്നു പിൻവാങ്ങിയുള്ളൂ. അത്താഴവേളയിൽ പ്രധാന അതിഥിയുടെ തലയിൽ അല്പം സുഗന്ധദ്രവ്യം പക രുക അക്കാലത്തെ ഒരു പതിവായിരുന്നു. പക്ഷെ മേരിയാക ട്ടെ ഒരു റാത്തൽ സുഗന്ധദ്രവ്യംകൊണ്ടാണ് യേശുവിൻെറ ശി രസ്സും പാദങ്ങളും അഭിഷേകം ചെയ്തതു്. മുറിക്കുള്ളിലെ ആളു കഠം ശ്വാസമടക്കി നിശ്ചലരായി ഇരിക്കുന്നു. വിലയേറിയ ആ തൈലം ഒരു റാത്തൽ മുഴുവൻ! അങ്ങനെയുള്ള ധൂർത്തുപ്രദർശി പ്പിച്ചതിനു് ഗുരു മേരിയെ ശാസിക്കാതിരിക്കയില്ല. മററു അ തിഥികഠം അത്ഭുതസ്തബ്ധരായി അന്യോന്യം എന്തൊക്കെയോ മന്ത്രിച്ചു തുടങ്ങി. പക്ഷെ അതിനിടയിൽ മുട്ടിന്മേൽ നിന്ന മേ രിയുണ്ടോ അതു ശ്രദ്ധിക്കുന്നു? തലമുടികെട്ടഴിച്ചു് അവഠം ഗുരു വിൻെറ പാദങ്ങഠം തുവർത്തുകയാണ്. അവളുടെ ആ മനോഭാ വം മററാരും മനസ്സിലാക്കിയില്ലായിരിക്കാം—പക്ഷെ യേശു വിനു അതു മനസ്സിലാകുകതന്നെ ചെയ്യും. നൈയിമിലുള്ള പരീ ശൻ ശിമയോൻെറ വസതിയിൽവച്ചു് സ്വന്തം പാപങ്ങളെപ്പ ററി പശ്ചാത്താപപ്പെട്ട ഒരു സ്ത്രീ തൻെറ മുൻപിൽ സാഷ്ടാംഗ പ്രണാമം ചെയ്തു സ്വപാദങ്ങഠം സുഗന്ധദ്രവ്യംകൊണ്ടു കഴുകിയ സംഭവം യേശു തീർച്ചയായും ഓക്കുന്നുണ്ടായിരിക്കണം. ആ ദി വസം അവളുടെ പാപങ്ങഠംക്കു അദ്ദേഹം പൊറുതി നൽകി. അവളുടെ ആത്മാവിനെ പവിത്രമാക്കി അദ്ദേഹം മടക്കിക്കൊ ടുത്തു. ലാസറിൻെറ ശവകുടീരത്തിനു മുൻപിൽവച്ചു് അവളു ച്ചരിച്ച വാക്കുകഠംക്കും അദ്ദേഹം മാപ്പുനൽകും. ആജീവനാന്തം അവഠം കൃതജ്ഞയാണെന്നു് അദ്ദേഹത്തിനു അറിയരുതോ?

എന്നാൽ യേശു മൗനമവലംബിച്ചു. മേരിയുടെ ആ പ്ര വൃത്തിയുടെ ഉദ്ദേശം അദ്ദേഹം മനസ്സിലാക്കുന്നില്ലെന്നു വരുമോ? യേശുവിനു പകരം സംസാരിച്ചതു യൂദായാണ്. കക്ശമായ ശബ്ദത്തിൽ അയാഠം അവളെ ശാസിക്കുന്നുണ്ടു്—"എന്തുദ്ദേശ ത്തോടുകൂടിയാണ് ഈ ദുർവ്യയം?" ക്രുദ്ധനായി അയാഠം

ചോദിക്കയാണ്. "ഇതു കുറഞ്ഞതു മുന്നൂറു വെള്ളിക്കാശിന്ന് വിററു ആ തുക ദരിദ്രക്കു കൊടുക്കാമായിരുന്നില്ലേ?"

ചുടുകണ്ണീരു മേരിയുടെ കണ്ണുകളിൽനിന്നു പ്രവഹിച്ചു. യൂദായും മററുള്ളവരും പറഞ്ഞതു്—അവളെ ശാസിച്ചതു് ന്യായമായിരിക്കണം. അവർ പറയുന്നതു ശരി—അവാം ചെയ്തതു തെററ്. ബുദ്ധി ഉപയോഗിക്കാതെ ഹൃദയത്തിൻെറ പ്രേരണയ്ക്കു് അവാം വശംവദയായി. എന്നാലും—എന്നാലും— അവളെ വിമശിച്ചവരുടെകൂട്ടത്തിൽ ഗുരു ഉാംപ്പെടുന്നില്ല. അദ്ദേഹം അവളെയൊട്ടു ശാസിക്കുന്നുമില്ല.

അതാ അദ്ദേഹം സംസാരിക്കാൻ ഭാവിക്കുന്നു. മേരിയുടെ വിമശ്കർ മൌനമവലംബിച്ചു. അദ്ദേഹം എന്താണു പറയുന്നതെന്നു് അവർക്കു കോംക്കണം. അദ്ദേഹത്തിനു മേരിയുടെ പ്രവൃത്തിയിൽ പരിഭവമില്ല. പരിഭവമില്ലെന്നല്ല അവളുടെ പ്രവൃത്തിയെ അദ്ദേഹം ന്യായീകരിക്കയാണു ചെയ്യുന്നതു്. "അവളെ ശാസിക്കരുതു്." അദ്ദേഹം അവരോടു പറഞ്ഞു. "അവളെ അസഹ്യപ്പെടുത്താതിരിക്കു. എന്നെ സംബന്ധിച്ചിടത്തോളം ഒരു സൽപ്രവൃത്തിയാണവാം ചെയ്തതു്. എൻെറ ശവസംസ്കാരത്തിനുള്ള പ്രാരംഭചടങ്ങായി അവാം സുഗന്ധദ്രവ്യംകൊണ്ടു എന്നെ അഭിഷേകം ചെയ്തു. ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു—ലോകത്തിൽ എവിടെയെല്ലാം സുവിശേഷം അറിയിക്കപ്പെടുമോ, അവിടെയെല്ലാം ഇവാം ഈ ചെയ്തതു അവളുടെ ഓമ്മക്കായി പ്രസ്താവിക്കപ്പെടും."

മേരി അപ്പോഴും ഗുരുവിൻെറ കാല്ക്കൽ മുട്ടിന്മേൽ നിൽക്കയാണ്—നിശ്ശബ്ദയായി, നിശ്ചലയായി. സ്വന്തം കാതുകളെ വിശ്വസിക്കാൻ അവാംക്കു സാധിക്കുന്നില്ല. "സുവിശേഷം പ്രസംഗിക്കപ്പെടുന്ന സ്ഥലങ്ങളിലെല്ലാം ഇതു പ്രസ്താവിക്കപ്പെടും." എന്നാൽ ഒരു വാചകം—സങ്കടകരവും നിഗൂഢാത്ഥമുാംക്കൊള്ളുന്നതുമായ ഒരു വാചകം—അവളെ ആകുലചിത്തയാക്കി. "എൻെറ ശവസംസ്കാരത്തിനുള്ള പ്രാരംഭചടങ്ങായി

സുഗന്ധദ്രവ്യംകൊണ്ടു അവളെന്നെ അഭിഷേകംചെയ്തു." അവളുടെ മനസ്സ് തീവ്രമായ വേദനയാണ് അനുഭവിക്കുന്നതു്. "കർത്താവേ, അരുതേ— അതുമാത്രം അരുതേ!" അവളുടെ ആത്മാവു രോദനശബ്ദം മുഴക്കി. മുറിയുടെ ഓരോ കോണിലും ആ സുഗന്ധം ഇതിനിടയിൽ വ്യാപിച്ചു കഴിഞ്ഞു. ആ സുഗന്ധത്തിനിപ്പോറം മാധുര്യമില്ല. ഏതാണ്ടൊരു അരോചകത്വമാണ് ഉണ്ടായിരുന്നതു്. "അരുതേ, കർത്താവേ—അതുമാത്രം അരുതേ!"

കുഷ്ഠരോഗി ശിമയോൻെറ അത്താഴസദ്യ അങ്ങനെ അപ്രതീക്ഷിതമായ ആ സംഭവംമൂലം പെട്ടന്നങ്ങു അവസാനിക്കാനാണു സംഗതിയായതു്. പക്ഷെ, വീടിനു വെളിയിലുള്ള വീഥിയിൽ ആരവം അങ്ങനെ വദ്ധിച്ചുവരുന്നു. ഏതാനും നിമിഷങ്ങറംക്കുള്ളിൽ അവിടെ ആറംത്തിരക്കു അനിയന്ത്രിതമായി വർദ്ധിച്ചുകഴിഞ്ഞു. ശിമയോനു കേറംക്കാം ജനക്കൂട്ടം അട്ടഹസിക്കുന്നതു്—"ഗുരു വീടിനുള്ളിലുണ്ടോ? അത്ഭുതങ്ങറം പ്രവത്തിക്കുന്ന ഗുരു അവിടെയുണ്ടോ?" അതിനിടയിൽ മറെറാരു അട്ടഹാസവും കേറംക്കാം—"നാലു ദിവസം മരിച്ചശേഷം വീണ്ടും ജീവിച്ച ആറം വീടിനുള്ളിലുണ്ടോ?"

ശിമയോൻ വാതില്ക്കലെത്തി സാവധാനം, കരുതലോടെ അതു തുറന്നു. "ഞങ്ങറംക്കു യേശുവിനേയും ലാസറേയും കാണണം" ജനക്കൂട്ടം നിവേദനം സമർപ്പിച്ചു. ആതിഥേയൻെറ പിൻപിൽ യേശു നിൽക്കയാണു്. അവരുടെ മുഖത്തേയ്ക്കു അദ്ദേഹം നോക്കി. തന്നിലുള്ള ഭക്തിയും സ്നേഹവും സ്ഫുരിക്കുന്ന മുഖങ്ങറം ആർദ്രതയോടെ, സസ്നേഹം, എന്നാൽ സങ്കടത്തോടെയാണ് അദ്ദേഹം അവരെ നോക്കുന്നതു്. ജിജ്ഞാസുക്കളായുണ്ടു് അവരിൽ ഒരുകൂട്ടർ. അദ്ദേഹം എന്തെങ്കിലും അത്ഭുതം പ്രവത്തിക്കുന്നതു അവക്കു കാണണം. മറെറാരുകൂട്ടരേയും അവിടെ കാണാനുണ്ടു്—ക്രൂരമായ മുഖത്തോടുകൂടിയവർ—അദ്ദേഹത്തെ വധിക്കാൻ ഗൂഢാലോചന നടത്തുന്ന പരീശർ. അദ്ദേ

ഹത്തിൻെറ ദൃഷ്ടികഠം ശിഷ്യരുടെ മുഖത്താണ്  അടുത്തതായി പതിയുക. അവരെ ഓരോരുത്തരേയും അദ്ദേഹം സ്നേഹപൂർവ്വം നോക്കി. അവക്കുവേണ്ടി മരിക്കാൻ അദ്ദേഹം യറുശലേമിലേക്കു പോകയാണ്. പക്ഷെ അവരുണ്ടോ അതിൻെറ സൂചന മനസ്സിലാക്കുന്നു!

## അദ്ധ്യായം 20

# രാജോചിതസ്വീകരണം

യേശുവിൻെറ മാതാവു് മേരി, കയറിയിരിക്കുന്ന കഴുതയുടെ കടിഞ്ഞാൺ അവാം അയച്ചുവിട്ടു. അതു ആ മൃഗത്തിൻെറ കഴുത്തിലങ്ങനെ തൂങ്ങിക്കിടക്കയാണു്. സ്വാമിനിയോടു് അഗാധമായ ഭക്തിയുണ്ടു് ആ കഴുതയ്ക്കു്. അപകടസമ്പൂർണ്ണമായ വഴി മേരി തരണംചെയ്തു കഴിഞ്ഞിരുന്നു. ഇനി അല്പം വിശ്രമിക്കുന്നതിൽ പാകപ്പിഴയൊന്നുമില്ല. മേരിയുടെ യാത്ര മിക്കവാറും തന്നെ പൂർണ്ണമായിരിക്കയാണു്.

വർഷംപ്രതി ആ സാധ്വി പച്ചക്കുന്നുകളും കടന്നു തെക്കോട്ടു യാത്രചെയ്തു പെസഹാപ്പെരുന്നാളിനു യരുശലേമിലെത്തുക വിഘ്നം സംഭവിക്കാത്ത ഒരു പതിവുതന്നെയായിരുന്നു. പെരുനാളിനു മേരി ജോസഫിൻെറകൂടെ വന്നിട്ടുമുണ്ടു്—യേശുവിൻെറ കൂടെയും യരുശലേമിൽ വന്നെത്തിയിട്ടുണ്ടു്. നസ്രേത്തിലെയോ, കപ്പർന്നഹോമിലെയോ അയൽക്കാരോടൊത്തു യാത്രചെയ്തു അവാം പെരുനാളിൽ സംബന്ധിക്കുക അസാധാരണവുമല്ല. ഇപ്പോഴാണെങ്കിൽ യേശുവിനെ സ്നേഹിച്ച സ്ത്രീജനങ്ങളോ

ടൊപ്പമാണ് അവരം ആ നഗരത്തിലേക്ക യാത്രയായതു്. അക്കൂട്ടത്തിലുണ്ടു് ക്ലിയോപ്പാ മേരിയും, യോഹാനായും മററു പല സ്ത്രീകളും. അവക്കെമ്പടിസേവിക്കുന്നതു് യേശുവിനോടു സ്നേഹവും ആദരവുമുള്ള പുരുഷന്മാരായിരുന്നു. അദ്ദേഹത്തിൻെറ അനുയായികളായ എഴുപത്തിരണ്ടുപേരിൽ ചുരുക്കം ചിലരൊഴികെ യേശുവിൻെറ കൂടെയാണ്. ശേഷമുള്ളവർ ഇപ്പോരം മേരിയുടെ കൂടെയുമുണ്ടു്. മററാളുകരംക്കു് ഈ പെരുനാരം അതിനുമുൻപുള്ള പെസഹാപെരുനാളിൽനിന്നു വ്യത്യസ്തമല്ല—അതിലൊരു അസാധാരണത്വവും അവരൊട്ടു കാണുന്നുമില്ല. പക്ഷേ മേരിയുടെ അവസ്ഥയോ? സങ്കടവും വേദനയുമാണ് ആ അവസരത്തിൽ മേരിക്കു അനുഭവവേദ്യമായതു്. അതിനു കാരണവുമുണ്ടു്. മരിക്കാനായാണ് യേശു യറുശലേമിലേക്കു പോകുന്നതെന്നു് മേരിക്കറിയാം.

കുരിശിനെപ്പററി എന്തെങ്കിലും മനസ്സിലാക്കുന്നതിനു മുൻപുതന്നെ അതിൻെറ കരിനിഴൽ മേരിയുടെ മനസ്സിൽ പതിഞ്ഞു. എന്തൊരു വൈചിത്ര്യമായിരുന്നതു്. കാഴ്ചകുറഞ്ഞ വൃദ്ധനായ നജ്ജളൽകൂടി ദേവായലത്തിൽവെച്ചു ശിമയോൻ അവളെ നോക്കിയപ്പോരം തുടങ്ങി അവളുടെ മനസ്സിൽ ആ നിഴൽ വീശിത്തുടങ്ങിയതാണ്. വന്ദ്യനായ ആ വയോവൃദ്ധൻെറ വാക്കുകരം മേരി ഇന്നേയോളം മറന്നിട്ടില്ല.

"അനേക ഹൃദയങ്ങളുടെ വിചാരങ്ങരം
വെളിപ്പെട്ടുത്തേണ്ടതിനു്
ഇവൻ പലരുടേയും വീഴ്ച്ചയ്ക്കും എഴുനേല്പിനും
കാരണമായി വയ്ക്കപ്പെട്ടിരിക്കുന്നു.
നിൻെറ ആത്മാവിൽക്കൂടി ഒരു വാരം കടക്കും."

ആ സന്ദർഭത്തിൽ ശിമയോൻെറ വാക്കുകളുടെ സൂചന മേരിക്കു മനസ്സിലായില്ല. എന്നാലും ദൈവത്തോടു പ്രാത്ഥനാപൂർവ്വം ആ അനുഭവത്തിനു അവരം സമ്മതം രേഖപ്പെടുത്തുകതന്നെ ചെയ്തു. ഈജിപ്തിലേക്കുള്ള പ്രയാണാവസരത്തിൽ ആ വാക്കുക

ളുടെ സൂചന അല്പമൊക്കെ അവറം ഗ്രഹിച്ചുതുടങ്ങി. യേശുവി ൻെറ പന്ത്രണ്ടാമത്തെ വയസ്സിൽ അവളും ജോസഫും മകനെ അന്വേഷിച്ചു യരുശലേമിൽ മടങ്ങിയെത്തിയപ്പോറം ആ വാക്കുകളുടെ നിഗൂഢാത്ഥം അവറം അല്പംകൂടെ കൂടുതൽ മനസ്സിലാക്കി. ആ ബാലശബ്ദം ഇന്നും അവളുടെ കാതുകളിൽ മുഴങ്ങുന്നില്ലേ—"എൻെറ പിതാവിൻെറ പ്രവത്തനങ്ങറം ഞാൻ നിവ്വഹിക്കേണ്ടതുണ്ടെന്നു നിങ്ങറം അറിയുന്നില്ലേ?" ഓരോ വഷവും ആ മാതാവു് ചോദിച്ചിട്ടുള്ളതാണ്. "എൻെറ മകൻ എന്നായിരിക്കുമോ ഞങ്ങളെ വിട്ടുപിരിഞ്ഞു പോകുന്നതു്—അദ്ദേഹത്തിൻെറ പ്രവത്തനങ്ങറം എന്നായിരിക്കുമോ ആരംഭിക്കുക" യോദ്ദാനിൽ യോഹന്നാനിൽ നിന്നു സ്നാനം സ്വീകരിക്കാൻ അദ്ദേഹം നടന്നുപോയ ദിവസം ആ മാതാവിനു ഇന്നലത്തെപ്പോലെതന്നെ ഓമ്മയുണ്ടു്. ആ ദിവസം അവറം ദൈവത്തോടു പ്രാർത്ഥനാപൂവ്വം പറഞ്ഞതാണ്. "ഉവ്വ്, കത്താവേ, അങ്ങനെ അങ്ങയുടെ ഹിതം നടക്കട്ടെ"യെന്നു്. അപ്പോഴും അവറംക്കറിയാം പഴയതുപോലെ യേശു ഇനി അവളുടെ സ്വന്തമായിരിക്കയില്ലെന്നു്. അദ്ദേഹത്തിൻെറ അവതാരോദ്ദേശംതന്നെ അതായിരുന്നു—മനുഷ്യജാതിക്കുവേണ്ടി സ്വയം ആഹുതിചെയ്യാൻ അതുവേണല്ലോ. നസ്രേത്തിലെ ജനങ്ങറം അദ്ദേഹത്തെ മലമുകളിൽനിന്നു താഴോട്ടു് എറിയാൻ സന്നദ്ധരായതു് സ്വന്തം കണ്ണുകറംകൊണ്ടു അവറം കണ്ടതല്ലേ? അങ്ങനെ വഷങ്ങറം മുന്നോട്ടുപോകുംതോറും പരീശരുടെ വിദ്വേഷം വദ്ധിച്ചുവരുന്നതും അവറം ഗ്രഹിക്കുന്നുണ്ടായിരുന്നില്ലേ? ഈ അന്ത്യയാത്രക്കായി അവറം സ്വയം സന്നദ്ധയാകുകയായിരുന്നു. എന്നാൽ അതിനുള്ള സമയം വന്നെത്തിയപ്പോറം ആ സന്നദ്ധതയൊക്കെ അവളെ വിട്ടകന്നു. യേശു അവസാനമായി മാതാവിനെ കാണാനെത്തിയപ്പോറം അദ്ദേഹം പറയുകയുണ്ടായി—"എൻെറ വിനാഴിക ആസന്നമായിരിക്കുന്നു" എന്നു. അതു കേട്ടപ്പോറം ആ മാതൃഹൃദയം തീവ്രവേദനയാണനുഭവിച്ചതു്. ആ വാക്കുകളുടെ

അത്ഥം അവളെപ്പോലെ മററാക്കാണ് ഗ്രഹിക്കാൻ സാദ്ധ്യമാകുന്നതു്?

അമ്മയും മകനും നസ്രേത്തിൽനിന്നു താമസം മാററിയ ശേഷം യേശുവിനെ ചുരുക്കം സന്ദർഭങ്ങളിലേ മേരി കണ്ടിട്ടുള്ളു. ശിഷ്യക്ക് അദ്ദേഹത്തെ കാണാൻ സാധിക്കുന്നതിൽ കുറവായി മാത്രമേ—അതല്ല ചൂസായിലെ യോഹാനാസ്സും, മഗ്ദലനമിയസ്സും അദ്ദേഹത്തെ കാണാൻസാധിക്കുന്നതിൽ വളരെ കുറവായേ സ്വപുത്രനെ കാണാൻ ആ മാതാവിനു് സാധിച്ചിട്ടുള്ളു. പക്ഷെ അങ്ങനെയേ സംഭവിക്കാൻ നിവൃത്തിയുള്ളു. അദ്ദേഹത്തെ അനുഗമിച്ച പുരുഷാരത്തോടു് യേശു ഒരു സന്ദർഭത്തിൽ പറയുകയുണ്ടായി. "എന്നെക്കാരം കൂടുതൽ മാതാപിതാക്കളെ സ്നേഹിക്കുന്നവൻ എനിക്കു അനുയോജ്യനല്ല. പുത്രനേയും പുത്രിയേയും എന്നെക്കാരം കൂടുതൽ സ്നേഹിക്കുന്നവനും എന്നെ പിൻതുടരാൻ അഹ്നല്ല." അദ്ദേഹവും മാതാവും മാതൃകകാട്ടിക്കൊടുക്കുന്നില്ലെങ്കിൽ ഈ വാക്കുകരം ഉച്ചരിക്കാൻ യേശുവിനു് എങ്ങനെയാണ് സാധിക്കുക? പക്ഷെ ഒരു കാര്യമുണ്ടു്. അവർ ചുരുക്കം അവസരങ്ങളിലേ ഒരുമിച്ചുകൂടു. എന്നാൽ പ്രവത്തനങ്ങളിൽ അവർ അന്യോന്യം ഭാഗഭാക്കുകളായിരുന്നു. അന്യോന്യം സഹകരിക്കാതെ അവരിരുവരും യാതൊന്നും പ്രവത്തിക്കുക പതിവല്ല.

ചിലപ്പോരം വാരങ്ങരംതന്നെ കടന്നുപോകും, കപ്പർന്ന ഹോമിലെ ആ ചെറുഗൃഹത്തിൽ അദ്ദേഹം ചെന്നെത്തുമ്പോരം. അങ്ങനെയുള്ള അവസരങ്ങളിൽ ശാന്തനായി, സൗമ്യനായി അദ്ദേഹം വീട്ടിനുള്ളിൽ പ്രവേശിക്കും. അല്പം കഴിഞ്ഞു് അദ്ദേഹം അമ്മയോടു പറയും: "അമ്മേ, ഞാൻ നയിമിൽ പോയിരുന്നു. അവിടെ വിധവയുടെ പുത്രനെ ഞാൻ ജീവിപ്പിച്ചെന്നു് അമ്മ കേട്ടതു് പരമാത്ഥമാണ്." അതല്ലാ എങ്കിൽ മററൊരു സംഭവമായിരിക്കും അദ്ദേഹം വിവരിക്കുക: "അമ്മേ, ഭാവിയിലുണ്ടാകാനിരിക്കുന്ന സംഭവങ്ങളെ അഭിമുഖീകരിക്കാൻ ശിഷ്യർ

പന്ത്രണ്ടുപേരേയും ഞാൻ സന്നദ്ധരാക്കുകയാണ്. മനുഷ്യപുത്രൻ വധിക്കപ്പെട്ടുമെന്നും, മൂന്നാംദിവസം അദ്ദേഹം ഉയിർത്തെഴുന്നേല്ക്കുമെന്നും ഇന്നു ഞാനവരോട് പറയുകയുണ്ടായി. പക്ഷെ, അതവർക്കു ഗ്രഹിക്കാൻ സാധിക്കുന്നില്ല. അമ്മ വേണം അവരെ സഹായിക്കാൻ.'' അതുമല്ലെങ്കിൽ അമ്മയുടെ പാർശ്വത്തിലിരുന്നുകൊണ്ട് അദ്ദേഹം പറയും: ''അമ്മേ, എൻെറ രാജ്യം ഭൗതികമല്ലെന്നു മനസ്സിലാക്കാൻ അവർക്കു സാധിക്കുന്നില്ലല്ലൊ. എൻെറ രാജ്യത്തിൽ ആരായിരിക്കും പ്രമുഖനെന്ന വാദപ്രതിവാദത്തിലേർപ്പെട്ടിരിക്കുകയാണ് അവർ.'' ആ രാത്രിയിൽ യേശു പതിവിലധികം പരിക്ഷീണിതനായി കാണപ്പെട്ടു. കിഴക്കുദിക്കിൽ വെള്ളക്കാൽ വീശുന്നതുവരെ മേരി പ്രാർത്ഥനയിൽ ലയിച്ചു. ഇപ്പോഴാണെങ്കിൽ അവളുടെ പുത്രൻ മരണത്തിലേക്ക് യാത്രയാവുകയാണ്. അദ്ദേഹത്തേയും സാധുക്കളായ അദ്ദേഹത്തിൻെറ അനുയായികളേയും സഹായിക്കാൻ മേരി യറുശലേമിലേക്ക് പോവുകയും ചെയ്യുന്നു. അവർക്കു ഭയമുണ്ടാകും—അമ്പരപ്പുണ്ടാകും—അവാം ചിന്തിക്കുകയാണ്. ബഥനിക്കു സമീപം ഇതിനിടയിൽ അവളെത്തിക്കഴിഞ്ഞിരുന്നു.

ശ്മശാനം കടന്നുപോകുമ്പോാം ചൂസായിലെ യോഹാനാ പറയുകയാണ്: “ഇവിടെവച്ചായിരിക്കാം യേശു ലാസറിനെ മരണത്തിൽനിന്നുയർത്തിയതു്.”

“ആയിരിക്കാം” മൃദുലമായ ശബ്ദത്തിൽ അദ്ദേഹത്തിൻെറ മാതാവ് പ്രത്യുത്തരം നൽകി. പക്ഷെ സംഭവിക്കാനിരിക്കുന്ന മററൊരു മരണത്തെപ്പററിയായിരുന്നു മേരിയുടെ ചിന്ത. അടുത്തു നടക്കാനിരിക്കുന്നതെന്തെന്നു ആരും മനസ്സിലാക്കുന്നില്ലേ? ഒരു മനുഷ്യൻപോലും മനസ്സിലാക്കുന്നില്ലേ? “അങ്ങയുടെ രാജ്യം വരണേ. അങ്ങയുടെ അഭിലാഷം നടപ്പിലാകണമേ!” യേശുവിൻെറ വാക്കുകളിൽത്തന്നെ ആ പ്രാർത്ഥന അവാം ഉരുവിട്ടു. സുദീർഘമായ ഒരു യാത്ര—ഏകാന്തതയിലുള്ള ഒരു സഞ്ചാരം. കുരിശിങ്കലേക്കുള്ള ഈ യാത്ര.

* * * *

ഒലിവുമലയുടെ കിഴക്കേ ചെരിവിൽക്കൂടി ഒരു ജനസഞ്ചയം മന്ദം മന്ദം മുന്നോട്ടു നീങ്ങുകയാണ്. ഇളംകുരുത്തോലകളും, ഒലിവുശിഖരങ്ങളും ജയാരവശബ്ദങ്ങളോടെ ഇളക്കിക്കൊണ്ടാണ് അവർ ഓരോ അടിയും മുന്നോട്ടു വയ്ക്കുന്നത്. ഒരു കഴുതപ്പുറത്തു കയറിയിരിക്കുന്ന മനുഷ്യൻെറ മുൻപിൽ അവർ വസ്ത്രങ്ങൾ വിരിച്ചു. എന്നിട്ടവർ അട്ടഹസിക്കുകയാണ്:

"ദാവീദിൻെറ പുത്രനു ഊശാനാ
കർത്താവിൻെറ നാമത്തിൽ ആഗതരായവൻ
അനുഗൃഹീതൻ
ഇസ്രായേലിൻെറ രാജാവു് അനുഗ്രഹിക്കപ്പെട്ടവനാകട്ടെ'

ശതാബ്ദങ്ങൾക്കു മുൻപു തുടങ്ങി ദാവീദിൻെറ മറെറാരു പുത്രൻ രാജാവായി അഭിഷിക്തനാകാൻ യറുശലേമിലേക്കു് ആനയിക്കപ്പെട്ടു. ആ മനുഷ്യൻ ഒരു കോവർകഴുതപ്പുറത്താണ് യാത്ര നിർവ്വഹിച്ചതു്.........

റോഡരികിൽ അച്ഛൻെറ കൈയിൽ പിടിച്ചുകൊണ്ടുനിന്ന ഒരു ചെറുബാലൻ ചോദിക്കുകയാണ്: "അദ്ദേഹത്തെ അവർ രാജാവാക്കുമോ അച്ഛാ? ഇസ്രായേലിൻെറ രാജാവായി അദ്ദേഹത്തെ അവർ അഭിഷേകം ചെയ്യുമോ?''

"അവരെന്താണ് ചെയ്യാൻ ഭാവിക്കുന്നതെന്നു് ആർക്കാണ് പറയാൻ സാധിക്കുന്നതു്, മകനെ.'' ആ പിതാവു് സമാധാനം നൽകി. "ഇങ്ങനെയൊരു പുരുഷാരത്തിനു ചെയ്യാൻ സാധിക്കാത്തതൊന്നുമില്ല.''

ഒരു കൂട്ടം ആളുകൾ സംഭാഷണം ചെയ്തുകൊണ്ടു് മാർക്കററിനു സമീപം നിൽക്കുകയാണ്. അവർ ആ പുരുഷാരത്തോടൊപ്പം ചേരുകയോ, യേശുവിനെ അനുഗമിക്കുകയോ ചെയ്തില്ല.

''നിങ്ങളെന്താണീ പറയുന്നതു്, സ്നേഹിതാ? അദ്ദേഹം കയറിയിരിക്കുന്നതു് നിങ്ങളുടെ കഴുതപ്പുറത്താണോ?''

"അതേ, അതെൻെറ കഴുതക്കുട്ടിയാണു്. തള്ളക്കഴുത അതിൻെറ പിറകേ പോകുന്നുണ്ടു്."

"അതെങ്ങനെ സംഭവിച്ചു? ഗുരുവിനെ നിങ്ങൾക്കു പരിചയമാണോ?"

അതു സംഭവിച്ച കാര്യം പറയുകയാണെങ്കിൽ ആരും വിശ്വസിക്കുകയില്ല! രണ്ടാളുകൾ എൻെറ വീടിൻെറ മുൻമുററത്തെത്തി കഴുതക്കുട്ടിയെ അഴിച്ചു തുടങ്ങി. ഞാൻ ഉടൻ മുററത്തിറങ്ങി വിളിച്ചു പറഞ്ഞു: "കഴുതക്കുട്ടിയെ അഴിക്കാൻ നിങ്ങളോടു ആരു പറഞ്ഞു? എന്തൊരക്രമമാണു് നിങ്ങളീചെയ്യുന്നതു്?"

"ഗുരുവിനു ഇവയെക്കൊണ്ടു് ആവശ്യമുണ്ടു്." ഒരു കൂസലും കൂടാതെ അവരെന്നോടു പറയുകയാണു്. എന്നിട്ടവർ തള്ളക്കഴുതയെ അഴിച്ചു. "അദ്ദേഹം ഇവ രണ്ടിനേയും മടക്കി ഏല്പിച്ചുകൊള്ളും." അപ്പോഴാണു എനിക്കു മനസ്സിലാകുക, ആ രണ്ടുപേരും അദ്ദേഹത്തിൻെറ ശിഷ്യരാണെന്നു്. എൻെറ കഴുതക്കുട്ടിയുടെ പുറത്തു് അദ്ദേഹമിരിക്കുക—ആളുകളങ്ങനെ ജയാരവങ്ങളോടെ അദ്ദേഹത്തെ അനുഗമിക്കുക—വസ്ത്രങ്ങൾകൂടി അദ്ദേഹത്തിൻെറ മുൻപിൽ വിരിക്കുക—അതെല്ലാം കണ്ടപ്പോൾ എനിക്കു ആനന്ദമാണുണ്ടായതു്.

കുന്നിൻ മുകളിലേക്കു ആ മനുഷ്യമഹാസമുദ്രം അങ്ങനെ സാവധാനം നീങ്ങുകയാണു്. ആ പാതയിൽ പൂഴി അങ്ങനെ പരന്നുയരുന്നു. "ദാവീദിൻെറ പുത്രനു ഊശാനാ." അപ്പോഴും ആ ജനസഞ്ചയം ഉച്ചത്തിൽ, ഏകകണ്ഠമായി വിളിച്ചുപറയുണ്ടു്. രാജാവു് ആ വഴി കടന്നുപോയി എന്ന സൂചനയെന്നോണം വൃക്ഷശിഖരങ്ങൾ അവർ നടന്നുപോകുന്ന മാർഗ്ഗത്തിൽ കിടക്കുന്നു. ഒരു കഴുതപ്പുറത്തുകയറി ജൈത്രയാത്ര നിർവ്വഹിക്കുന്നു രാജാവു്. ഒരു പുരാതനപ്രവചനമുണ്ടു് ആ യാത്രയ്ക്കു ഉപോൽബലകമായി.

"സീയോൻ പുത്രി ആനന്ദിക്കുക
നിൻെറ രാജാവു് ഇതാ നിൻെറ അടുക്കലേക്കു വരുന്നു
അദ്ദേഹം വിനീതനാണു്—ഒരു കഴുതയുടെ
പുറത്താണു് അദ്ദേഹം വരുന്നതു്
ഒരു കഴുതക്കുട്ടിയുടെ പുറത്തു്."

മറെറാരു പ്രവചനംകൂടി അന്നേദിവസം നിവൃത്തിയായി.

കുന്നിൻമുകളിലെത്തിയപ്പോഠം പുരുഷാരം നിന്നു. "എന്തു പററി?" ചിലർ ചോദിക്കുകയാണു്:

"എന്തിനു നാമിവിടെ നിൽക്കണം?"

പെരുവിരലുകളിൽ കുത്തിനിന്നുകൊണ്ടവർ മുന്നോട്ടു നോക്കി. യേശു കഴുതയെ നിറുത്തി നഗരത്തെ നോക്കുകയാണു്. ദേവാലയത്തിൻെറ ഗോപുരങ്ങളിൽ സൂര്യപ്രകാശം അങ്ങനെ തിളങ്ങുന്നു. ഹെരോദാവിൻെറ കൊട്ടാരത്തിലേയും റോമൻ പടയാളികളുടെ പാളയങ്ങളിലേയും ആ തൂണുകഠം ആ പ്രകാശത്തിൽ കണ്ണഞ്ചിക്കുന്നു. താഴെയോട്ടു നോക്കുകയാണെങ്കിൽ കാണാം ജനനിബിഡമായ വളഞ്ഞ വീഥികഠം. നഗരത്തിൻെറ ഭിത്തികഠക്കപ്പുറം ശുഭ്രവർണ്ണത്തിലുള്ള ഗൃഹങ്ങഠം നിരനിരയായി കാണാനുമുണ്ടു്. അവയ്ക്കുമപ്പുറമാണു്—പുൽത്തകിടികളിൽ തീർത്ഥാടകരുടെ കൂടാരങ്ങഠം ഉയർത്തപ്പെട്ടിരുന്നതു്.

മനോഹരമായ ഒരു നഗരമായിരുന്നതു്. ജനനിബിഡവും, പ്രവർത്തനനിരതവും, അഭിമാനത്തിനൊരു നികേതനവും. എന്നാൽ അവയോടൊപ്പംതന്നെ ക്രൂരവുമായ ഒരു നഗരം. ഒരു വാരത്തിൽ ആ നഗരം ഒരു നേതാവിനു സ്വാഗതമരുളും—അടുത്ത വാരത്തിൽ ആ നേതാവു് വധിയ്ക്കപ്പെടുകയും ചെയ്യും. യേശുവിൻെറ ദൃഷ്ടിയിൽ രോഗബാധിതമായ ഒരു നഗരമായിരുന്നു അതു്. ആ രോഗത്തിൽനിന്നു അതിനെ മുക്തമാക്കണമെന്നു അദ്ദേഹം ആത്മാർത്ഥമായി അഭിലഷിച്ചു. അദ്ദേഹം സ്വയം ചിന്തിക്കയാണു്—ആ നഗരത്തോടു ചോദിക്കുംവിധം: "നിൻെറ സമാധാനത്തിനു സഹായകമായ സംഗതികഠം നീ അറിഞ്ഞി

രുന്നെങ്കിൽ" കുന്നിൻ മുകളിൽ അദ്ദേഹം കഴുതപ്പുറത്തിരിക്കയാണ്. "നിനക്കു ചുററും ശത്രുക്കരം കിടങ്ങുകരം കുഴിക്കയും, ഒരു കല്ലിന്മേൽ ഒരു കല്ലു അവശേഷിക്കാതെ നശിപ്പിക്കുകയും ചെയ്യുന്ന ദിനങ്ങരം വന്നെത്തും" സൗമ്യമായി, സാവധാനമാണ് ആ വാക്കുകരം അദ്ദേഹം ഉച്ചരിച്ചതു്. ചിലരതു കേട്ടു—അവർ അത്ഭുതപ്പെട്ടു. ആ പ്രവത്തനം യഥാത്ഥമായി ഭവിക്കുന്നതു കാണാൻ അവരിൽ ചിലർ ജീവനോടെയുണ്ടായെന്നുവരാം. നാല്പതു വഷ്ങ്ങരംക്കുശേഷം ശത്രുക്കരം ആ നഗരം കീഴടക്കി അതു ശിഥിലമാക്കും. ദേവാലയത്തിൻെറ ഒരു കല്ലുപോലും ശേഷിക്കയില്ല. ആ വാക്കുകരം പറയുമ്പോരം യേശുവിൻെറ കണ്ണുകരം നനഞ്ഞിരുന്നു. പക്ഷേ, ആരംക്കൂട്ടം അക്ഷമരായി. അവർ വീണ്ടും ജയാരവങ്ങരം മുഴക്കിത്തുടങ്ങി:– "ദാവീദിൻെറ പുത്രനു ഊശാനാ."

കുന്നിൻെറ മുകളിൽ പുരുഷാരം അങ്ങനെ നില്ക്കയാണ്. അപ്പോഴതാ അവക്കു അഭിമുഖമായി മറെറാരു ജനസഞ്ചയം വരുന്നു. അതടുത്തു വന്നപ്പോരം അക്കൂട്ടത്തിൽനിന്നും ഏകകണ്ഠമായി ജയാരവങ്ങരം മുഴങ്ങി:—

"ദാവീദിൻെറ പുത്രനു ഊശാനാ.
കത്താവിൻെറ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ.
ഇസ്രായേലിൻെറ രാജാവു് മഹത്വപ്പെടട്ടെ."

ആ ജനസഞ്ചയങ്ങരം രണ്ടും ഒന്നുചേൻ്നു. യേശുവിനു അകമ്പടി സേവിച്ചുകൊണ്ടു് കുന്നിൻെറ പടിഞ്ഞാറെ ചരിവിൽക്കൂടി നഗരത്തിൻെറ പ്രധാന കവാടത്തിലേക്കു അവർ പോയതാണ്. അതൊരു ജൈത്രയാത്രതന്നെയായിരുന്നു.

"ഊശാനാ—ദാവീദിൻെറ പുത്രനു ഊശാനാ."

ദേവാലയത്തിൻെറ പൂമുഖത്തിങ്കൽ അവരെത്തിച്ചേൻ്നു. അതിനനുബന്ധമായുള്ള വിദ്യാലയത്തിലെ കുട്ടികരം ആരവം കേട്ടു ജനാലകളിൽക്കൂടി പുറത്തേക്കു നോക്കി. അഭൂതപൂവ്വമായ

ആ കാഴ്ച കണ്ടപ്പോഠം ആഠംക്കൂട്ടത്തോടൊപ്പം അവരുടെ ചെറുകണ്ണങ്ങളിൽനിന്നും പുറപ്പെട്ടു ജയദ്ധ്വനി.

"ഇസ്രായേലിൻെറ രാജാവിനു ഊശ്ശാനാ."

"ഇവിടെ, കുട്ടികളേ, നിങ്ങളെന്താണീ ചെയ്യുന്നതു്?" കോപത്തോടെ അദ്ധ്യാപകർ ആ ബാലന്മാരെ ശാസിച്ചു. "പള്ളിക്കൂടത്തിലാണോ ഈ കൂക്കുവിളികളൊക്കെ? സ്ഥലത്തിരുന്നു പാഠങ്ങഠം പഠിക്കുന്നുണ്ടോ?"

"അതു ഗലീലിയനായ ഗുരുവാണു്." കുഞ്ഞുങ്ങഠം വിളിച്ചുപറഞ്ഞു. "ഞങ്ങഠം അദ്ദേഹത്തെയൊന്നു കാണാൻ പൊയ്ക്കോള്ളട്ടോ?"

അപ്പോഠം കായ്യമതാണു്—ഈ ബഹളത്തിനും ഒച്ചപ്പാടിനുമൊക്കെ. ആ ഗലീലിയാക്കാരൻ വീണ്ടും അവിടെ വന്നെത്തി. ശല്യക്കാരൻ. അയാഠം പെസഹാപ്പെരുന്നാളിനു വന്നതാണു്. മൂന്നവസരങ്ങളിലേക്കാഠം പല മടങ്ങു കൂടുതൽ അനുയായികളും അയാഠംക്കിപ്പോഴുണ്ടു്. എന്നാൽ ഈ പ്രാവശ്യം അയാളെ വെറുതെ വിടുക അവക്കു സാദ്ധ്യമല്ല. ആ പിഞ്ചുപൈതങ്ങളുടെ പിൻപിൽ നിന്നുകൊണ്ടു് മൂകഭാഷയിൽ അവർ ആശയങ്ങഠം പകന്നു.

"വന്നു പാഠങ്ങഠം പഠിക്കുന്നുണ്ടോ കുട്ടികളേ?" അരിശത്തോടെ അദ്ധ്യാപകർ ആജ്ഞാപിച്ചു. ആ കുഞ്ഞുങ്ങഠം ആജ്ഞാനുസരണം പ്രവത്തിക്കയും ചെയ്തു.

യേശു കഴുതപ്പുറത്തുനിന്നിറങ്ങി ദേവാലയത്തിൽ പ്രവേശിച്ചു. ദേശാലയത്തിനുള്ളിൽ അദ്ദേഹമെത്തിയപ്പോഠം ജനക്കൂട്ടം ജയാരവങ്ങഠം നിറുത്തി. അവർ അങ്ങിങ്ങായി പിരിഞ്ഞുപോകയും ചെയ്തു. മററു ജോലികഠം ചെയ്തുതീക്കാനില്ലേ അവക്കു്?

ദേവാലയത്തിനുള്ളിലെ ഒരു തൂണിൻെറ മറവിൽ നിൽക്കയാണു യേശു. സ്ത്രീകളും പുരുഷന്മാരും ധൃതിയിൽ ഓരോ ഭാഗത്തേക്കു നടക്കുന്നതു് അദ്ദേഹം കാണുന്നുണ്ടു്. രാജോചിത

മായ ഒരു സ്വീകരണമാണ് യറുശലേം നഗരം അദ്ദേഹത്തിനു നൽകിയതു്. പക്ഷെ ആ നഗരത്തിൽ അദ്ദേഹം സുരക്ഷിതനല്ല. ജയാരവങ്ങഠം അവിടെ മുഴങ്ങി ആനന്ദഭരിതരായ ജനക്കൂട്ടം കുരുത്തോലകഠം വീശി സന്തോഷം പ്രകടിപ്പിച്ചു. അതെല്ലാം ശരിതന്നെ. എന്നാലും വിദ്വേഷത്താൽ പ്രേരിതരായ ഒരു ജനസംഖ്യയവുമുണ്ടവിടെ—അദ്ദേഹത്തെ വധിക്കാൻ ഗൂഢാലോചനകളിലേർപ്പെട്ടുകഴിയുന്നവർ. ശക്തരാണവർ—സ്വാധീനവും മററു സാഹചര്യങ്ങളും അവർക്കുണ്ടു്. അദ്ദേഹത്തിൻെറ ഉദ്ദേശം സാധിതപ്രായമായി. ഒരു പുരാതന പ്രവചനത്തിനു അനുയോജ്യമായിത്തന്നെ തൻെറ രാജത്വം അദ്ദേഹം പ്രകടിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി ആ രാത്രിയിൽ അദ്ദേഹം ബഥനിയിലേക്കു മടങ്ങണം. ആരും കാണാതെ വേണം, ഇടവഴികളിലും, മനുഷ്യസഞ്ചാരം ഏററവും കുറവുള്ള വീഥികളിലുംകൂടി അദ്ദേഹം അങ്ങോട്ടു പോകേണ്ടതു്. സ്വജനങ്ങഠംക്കായി സ്വജീവൻ അർപ്പിക്കാനുള്ള വിനാഴിക ഇനിയും ആഗതമായിട്ടില്ല. ഒരു കാര്യംകൂടി അദ്ദേഹത്തിനു ചെയ്തുതീർക്കേണ്ടതായിട്ടുണ്ടു്. ജീവനുള്ള അപ്പം ശിഷ്യർക്കു നൽകാമെന്നു് അദ്ദേഹം വാക്കു നൽകിയിട്ടുള്ളതാണു്. അതു നൽകിക്കഴിയുമ്പോഠം മരണത്തിനു അദ്ദേഹം സന്നദ്ധനായിത്തീരുകതന്നെ ചെയ്യും.

ദേവാലയത്തിൻെറ വിസ്തൃതമായ അങ്കണത്തിൽക്കൂടി ജനങ്ങഠം തിരക്കിട്ടു അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ഒരു നിമിഷനേരം അവരെനോക്കി നിശ്ചലനായി യേശുനിന്നു. സങ്കടത്തോടെ എന്നാൽ സ്നേഹപൂർവ്വമാണ് അവരെ അദ്ദേഹം നോക്കുന്നതു്. അവരദ്ദേഹത്തിൻെറ ജനങ്ങളാണു്. പക്ഷെ, അവരദ്ദേഹത്തെ പരിത്യജിക്കാൻ ഭാവിക്കുന്നു. എന്നാലും അവക്കു വേണ്ടിയാണു് മരിക്കാൻ അദ്ദേഹം സന്നദ്ധനാകുന്നതു്. ആ അങ്കണത്തിൽനിന്നു ആരും കാണാതെ കടന്നുപോകാൻ ഒരു സന്ദർഭം അദ്ദേഹം കാത്തിരിക്കയാണു്. അദ്ദേഹം നിൽക്കുന്ന ഭാഗത്തേക്കു ആരും നോക്കുന്നില്ല. സാവധാനം അദ്ദേഹം തൂണി

ന്റെ മറവിൽനിന്നു നീങ്ങി. അതിവേഗം ആ അങ്കണം അദ്ദേഹം കടന്നു. മുൻവാതിൽവഴി അദ്ദേഹമിറങ്ങി. അടുത്തനിമിഷം ആൾക്കൂട്ടത്തിലലിഞ്ഞുചേർന്നു അദ്ദേഹം.

* * * * *

സുദീർഘമായ ആ യാത്രതീരാൻ ഇനി അല്പം ദൂരമേയുള്ളു. പക്ഷേ ആ യാത്ര യേശുവിന്റെ മാതാവായ മേരിയെ പരിക്ഷീണിതയാക്കിയിരുന്നില്ല. വഴിയിൽ കണ്ട ചില സംഗതികൾ അവളെ അത്ഭുതപ്പെടുത്തി. വാടിത്തുടങ്ങിയ ഒലീവു ശിഖരങ്ങൾ ആ വഴിയിൽ അങ്ങനെ വിതറിക്കിടക്കുന്നു. അക്കൂട്ടത്തിൽ കുരുത്തോലകളും ധാരാളം കാണാനുണ്ട്.

"ഇതെന്താണ് ഈ ഇലകളും കുരുത്തോലകളും ഇങ്ങനെ വഴിയിലിട്ടിരിക്കുന്നത്?" മേരിയുടെ കൂട്ടുകാരികൾ അന്യോന്യം ആരാഞ്ഞു.

അവരിൽ ഒരുവൾ എതിരേ വന്ന ഒരാളോട് അന്വേഷണം നടത്തി'– "സ്നേഹിതാ, എന്താണീ ഇലകളെല്ലാം ഇങ്ങനെ വഴിയിൽ കിടക്കുന്നത്!"

"അല്ല, ഇതു തരക്കേടില്ലല്ലോ." ആ മനുഷ്യൻ മറുപടി നൽകുകയാണ്. "ഗുരു നഗരത്തിലേക്കു പോകാൻ ഈ വഴി കടന്നുപോയി—ഗലീലിയാക്കാരൻ യേശുവില്ലേ—അദ്ദേഹം. അദ്ദേഹത്തെ കണ്ടു ആൾക്കൂട്ടം അവരുടെ മേലങ്കികൾപോലും വഴിയിൽ വിരിച്ചു. ആ ആഹ്ലാദപ്രകടനത്തിനിടയിൽ അവർ വീശിക്കൊണ്ടുവന്ന മരക്കൊമ്പുകളാണിവ."

"അദ്ദേഹം നടന്നാണോ ഇവിടെയെത്തിയത്?"

"അല്ല, അദ്ദേഹം ഒരു കഴുതക്കുട്ടിയുടെ പുറത്താണ് കയറി ഇവിടെയെത്തിയത്."

മേരിയുടെ ഹൃദയം ത്രസിച്ചു. ആ നിമിഷത്തിൽ ഓർത്തു അവളൊരു പ്രവചനശകലം:

"അദ്ദേഹം വിനീതനാണ്, ഒരു കഴുതയുടെ മേൽ
ഒരു കഴുതക്കുട്ടിയുടെ പുറത്തു അദ്ദേഹം വന്നെത്തും."

## അദ്ധ്യായം 21
# മുപ്പതു വെള്ളിക്കാശു്

സ്വവസതിയിൽ വന്നെത്തുന്ന പ്രമുഖവ്യക്തികളെ കണ്ടു് മഹാപുരോഹിതൻ കയ്യാഫാ കൈവെള്ളകൾ കൂട്ടിയുരുമ്മി. അക്കൂട്ടത്തിൽ പുരോഹിതരുണ്ടു്, ശാസ്ത്രികളുണ്ടു്, പരീശരുണ്ടു്, മൂപ്പന്മാരുമുണ്ടു്. രണ്ടും മൂന്നും പേരടങ്ങുന്ന സംഘങ്ങളായാണു് അവർ വന്നെത്തുന്നതു്.

“വരൂ—വരൂ—മാന്യസ്നേഹിതരേ. ഇരിക്കാമല്ലോ.” കയ്യാഫാ അവരെ സ്വാഗതംചെയ്തു.

പൊതുജനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കാതെ പട്ടാപ്പകൽ ആഗതരെ വസതിക്കുള്ളിൽ വരുത്തിയതു അയാളെ സംബന്ധിച്ചിടത്തോളം അഭിമാനം കൊള്ളാവുന്ന ഒരു നേട്ടംതന്നെയായിരുന്നു. നഗരകേന്ദ്രത്തിൽനിന്നു അകലെയായിരുന്നു കയ്യാഫായുടെ വസതി. അവിടെ വിവിധവഴികളിൽക്കൂടി ചെന്നെത്തുകയും ചെയ്യാം. സന്ദർശകർ ധാരാളം അവിടെ വന്നെത്തുന്നതും മടങ്ങിപ്പോകുന്നതും ഒരു സാധാരണ സംഭവം മാത്രമായിരുന്നു. ആ വളപ്പിൽതന്നെയാണു് അയാളുടെ ഭാര്യാപിതാവിൻെറ കൊട്ടാരവും.

ആ ഭാര്യാപിതാവ്, അന്നാസ് മുഖ്യസ്ഥാനത്ത് അവിടെയിരിക്കുന്നുണ്ട്. മരുമകൻ അമ്മാവിയപ്പനെ ഒന്നു നോക്കി. അന്നാസ് മുൻപു മഹാപുരോഹിതനായിരുന്ന ആളാണ്. എന്നാൽ ഏതാനും വർഷങ്ങൾക്കുമുൻപ് അയാൾ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. കുത്തിത്തുളച്ചു കയറുന്ന കണ്ണുകളായിരുന്നു അന്നാസിൻേറതു്. ആ കണ്ണുകളിലെ നോട്ടം കാണുമ്പോൾ കയ്യാഫാ അസ്വസ്ഥനാകും. എന്നാൽ ഈ അവസരത്തിൽ ആ വൃദ്ധൻെറ ആനുകൂല്യം ലഭിച്ചതിൽ കയ്യാഫാ സംതൃപ്തനാണ്. കരുതലോടെ കൈകാര്യം ചെയ്യേണ്ട ഒരു പ്രശ്നമാണ് അയാൾ ഈ അവസരത്തിൽ അഭിമുഖീകരിക്കുന്നതു്. ഗോപ്യമായി മാത്രമേ അതു നിർവ്വഹിക്കാൻ സാധിക്കു. ആ ഗലീലിയനു നിരവധി അനുയായികളുണ്ട്. അതുകൊണ്ട് ആ മനുഷ്യനെ പരസ്യമായി പിടികൂടുക ബുദ്ധിയല്ല. ഇക്കഴിഞ്ഞവാരത്തിലാണ് അദ്ദേഹത്തെ ഒരു രാജാവിനെപ്പോലെ ജനങ്ങൾ അകമ്പടി സേവിച്ചു ദേവാലയത്തിൽ കൊണ്ടെത്തിച്ചതു്. അധികൃതർ ബുദ്ധിയോടെ, കരുതലോടെ പെരുമാറുന്നില്ലെങ്കിൽ, അവിടെ ഒരു മഹാവിപ്ലവംതന്നെയായിരിക്കും സംഭവിക്കുക. അങ്ങനെയുള്ള സംഭവങ്ങൾ യഹൂദന്മാരുടെ ചരിത്രത്തിൽ നടന്നിട്ടുള്ളതാണ്. നിയമത്തിൻെറ പരിധിക്കുള്ളിൽ ഞെരിഞ്ഞമർന്നിരുന്ന ജനങ്ങൾ തുച്ഛകാരണങ്ങൾകൊണ്ടുപോലും ഇളകിവശാകും. എന്നാൽ ജനക്കൂട്ടത്തെ ഏതു വശത്തേക്കു വേണമെങ്കിലും നിഷ്പ്രയാസം തിരിക്കാം. ഉരുപ്പുചീട്ടു ബുദ്ധിപൂർവ്വം പ്രയോഗിക്കാമെങ്കിൽ അവരെ സ്വപാർശ്വത്തിലേക്കു തിരിച്ച് ഉദ്ദേശസിദ്ധി കൈവരുത്താൻ കയ്യാഫായിക്കു സാധിക്കും. ഹേരോദാവ് അയാളുടെ പക്ഷത്തുണ്ടായിരിക്കും. റോമാഗവർണ്ണറായ പന്തിയോസു പീലാത്തോസും അയാളുടെ പാർശ്വത്തിൽ വരാതിരിക്കയില്ല. പീലാത്തോസിൻെറ ആനുകൂല്യമില്ലെങ്കിൽ കയ്യാഫായുടെ ഉദ്ദേശമൊന്നും നടക്കാൻ പോകുന്നില്ല. നിലവിലുള്ള നിയമമനുസരിച്ച് റോമാ അധികൃതരുടെ അനുമതി

കൂടാതെ വധശിക്ഷ സാധ്യവാകയില്ല. ഭയന്ന ഒരു മനുഷ്യനാണ് പീലാത്തോസ്. ഈ വാരം അവസാനിക്കുന്നതിന്നു മുൻപ് യേശുവിനെ കുരിശിൽ കയററണം. അതോടെ ആ മനുഷ്യനെക്കൊണ്ടുള്ള ശല്യം അവസാനിക്കയും ചെയ്യും. നേതാവിനെ അങ്ങിനെയങ്ങകററിയാൽ അദ്ദേഹത്തിൻെറ സംരംഭങ്ങറം താനേ നശിച്ചുകൊള്ളും. പൊതുജനമദ്ധ്യത്തിലുണ്ടാകുന്ന വിപ്ലവങ്ങളുടെ ഗതി അതാണ്.

തീച്ച്യയാണ്, ഇക്കാര്യം സന്നിദ്രീസംഘത്തിൻെറ ശ്രദ്ധയിൽപ്പെടേണ്ടതാവശ്യമായിത്തീരും. കോടതിനടപടികറം യഥാവിധി നടക്കുകതന്നെ വേണം. എന്നാൽ അതിനിടയിൽ സൂസൂക്ഷ്മമായ ഒരു പരിപാടിയനുസരിച്ചു പ്രവത്തിക്കേണ്ടതു് അത്യാവശ്യമാണ്. ഈ പ്രാവശ്യം രക്ഷപ്പെടാനുള്ള പഴുതു യേശുവിന്നു നൽകരുതു്. യറുശലേമിൽ യേശു ഒരു രാജാവിനെപ്പോലെ പ്രവേശിച്ചിട്ട് ഇന്നേക്കു മൂന്നു ദിവസമായി. പകൽ അദ്ദേഹം പരസ്യമായിത്തന്നെ ദേവാലയത്തിൽ പ്രത്യക്ഷപ്പെട്ടു. പക്ഷെ രാത്രിയിൽ അദ്ദേഹം എവിടെയോ മറഞ്ഞു. ആ സ്ഥാനമാണ്—രാത്രിയിൽ അദ്ദേഹം ഒളിവിൽ കഴിച്ചുകൂട്ടുന്ന സ്ഥലമാണ് കയ്യാഫാസ്സും കൂട്ടക്കും കണ്ടുപിടിക്കേണ്ടതു്. മറെറാരു കാര്യംകൂടി അത്യാവശ്യമാണ്. യേശുവിനെതിരായി തെളിവു നൽകാൻ സാക്ഷികളുണ്ടാകണം. ആ സാക്ഷ്യങ്ങറം റോമൻ അധികൃതക്കു തൃപ്തികരമായിരിക്കുകയും വേണം.

കയ്യാഫാ വന്നുകൂടിയവരെ ഒന്നു നോക്കി. വലതുകരം ആ മഹാപുരോഹിതൻ ഒന്നു പൊക്കി. അവർ മൗനമവലംബിച്ചു. എന്നിട്ടയാറം അവരോടു പറയുകയാണ്: "മാന്യരേ, ഗലീലിയാക്കാരനായ യേശുവിൻെറ കാര്യം........" അവർ സമ്മതഭാവത്തിൽ തലകുലുക്കി. കാര്യമവക്കു മനസ്സിലായി. അവർ ചെയ്യാനുദ്ദേശിക്കുന്ന കാര്യത്തെപ്പററി അവരോടു ഒരാറം പ്രസംഗിക്കേണ്ട ആവശ്യമില്ല. അതിൽ പ്രതിഷേധമുള്ളവരാരും അ

വിടെ സന്നിഹിതരായിട്ടില്ല. ഏതാനും മാസങ്ങൾക്കു മുൻപ് യേശുവിനെ പരസ്യമായി അനുകൂലിച്ച നിക്കോദിമോസിനെയോ, യേശുവിനു അനുകൂലമായി അല്പമൊക്കെ ഒരു ചായ്‌വു പ്രദർശിപ്പിച്ചുതുടങ്ങിയിരുന്ന അരിമര്യാക്കാരൻ ജോസഫിനെയോ ഈ ആലോചനായോഗത്തിൽ സംബന്ധിക്കാൻ കയ്യാഫാ ക്ഷണിച്ചിട്ടില്ല. ഈ കഴിഞ്ഞ വാരത്തിലല്ലേ യേശു പരീശരേയും, ശാസ്ത്രികളേയും കർശനമായി തുറന്നു വിമർശിച്ചതു്: "ശാസ്ത്രികളും പരീശരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം!" അദ്ദേഹം ഒട്ടും കൂസലില്ലാതെ പറഞ്ഞതാണു്. "കപടഭക്തിക്കാരാണു നിങ്ങൾ. എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗരാജ്യത്തിന്റെ വാതിൽ മനുഷ്യരിൽനിന്നു നിങ്ങൾ അടയ്ക്കുന്നു." മററു ശത്രുക്കളുമുണ്ടായിട്ടുണ്ടു് ഇതിനിടയിൽ യേശുവിനു. മൂന്നു വഷങ്ങൾക്കു മുൻപു ചെയ്തതുപോലെതന്നെ മൂന്നു ദിവസങ്ങൾക്കു മുൻപും അദ്ദേഹം കച്ചവടക്കാരേയും നാണയം മാററക്കാരേയും ദേവാലയത്തിൽനിന്നു ആട്ടിപ്പായിക്കയുണ്ടായി. സ്വന്തം അധഃപതനത്തിന്നുതന്നെ ആ മനുഷ്യൻ മാർഗ്ഗം തെളിയിക്കയാണു്.

ആ മുറിയിൽ കൂടിയിരുന്നവർ കയ്യാഫായുടെ മുഖത്തുതന്നെ നോക്കുന്നു. അയാൾ തുടൻ പറയുകയാണു്: "മാന്യരെ, ഈ ഗലീലിയന്റെ ശല്യം ഒഴിഞ്ഞുകിട്ടാൻ നമുക്കെല്ലാവക്കും ആഗ്രഹമുണ്ടു്. അതു അടിയന്തിരമായ ഒരു ആവശ്യവുമാണു്. എന്നാൽ അയാളെ അനുകൂലിക്കുന്ന ആളുകൾ ധാരാളമുണ്ടെന്നുള്ള യഥാത്ഥം വിസ്മരിക്കുക സാദ്ധ്യവുമല്ല. നാം രണ്ടു പ്രശ്നങ്ങളാണു് അയാളെ സംബന്ധിച്ചിടത്തോളം അഭിമുഖീകരിക്കുന്നതു്. ഇത്രയധികം അനുയായികളുള്ളപ്പോൾ അയാളെ നാമേതുവിധത്തിലാണു പിടികൂടുക? റോമാ അധികൃതരുടെ മുൻപിൽ അയാൾക്കെതിരായി എന്താരോപണമാണു നാം സമപ്പിക്കുക?"

കയ്യാഫാ ഇരുന്നു. എന്നിട്ടു സന്നിഹിതരുടെ പ്രത്യുത്തരം ലഭിക്കാൻ അയാൾ കാത്തിരിക്കയാണു്. പെട്ടെന്നു ആ മുറി

യിൽ ഒരു ശബ്ദബഹളംതന്നെ സംഭവിച്ചു. യേശുവിനെതിരായി വിവിധാരോപണങ്ങരം അവരുന്നയിച്ചു:— "അയാരം ദൈവദൂഷണം പറഞ്ഞു"—"അയാരം ആളുകളെ ഇളക്കിമറിക്കുന്നു"—"ദേവാലയം പൊളിച്ചു മൂന്നു ദിവസംകൊണ്ടു അതു വീണ്ടും പണിയുമെന്നയാരം പറഞ്ഞു"—"ശബതിൽ രോഗികളെ സൗഖ്യപ്പെടുത്തി അയാരം ആ ദിവസത്തിൻെറ പവിത്രത ഭേദിക്കുന്നു"—"ഒരു രാജാവാണെന്നു അയാരം സ്വയം നടിക്കുന്നു" —അങ്ങനെ പോയി ആരോപണങ്ങളുടെ പട്ടിക.

കയ്യാഫാ മേശമേൽ തട്ടി: "മാന്യരേ, വികാരവിക്ഷോഭങ്ങരംകൂടാതെ ശാന്തമായി ഇക്കാര്യം നമുക്കു പര്യാലോചിക്കാം. ആ മനുഷ്യൻ മരണാർഹനാണെന്നുള്ളതിനെപ്പററി നമ്മിൽ അഭിപ്രായഭിന്നതയില്ല. എന്നാൽ പീലാത്തോസിൻെറ മുൻപിൽ അയാരംക്കെതിരായി നാം സാക്ഷികളെ ഹാജരാക്കേണ്ടിയിരിക്കുന്നു. പീലാത്തോസ് കരുതലോടെയേ പ്രവർത്തിക്കുകയുള്ളുവെന്നു നമുക്കെല്ലാവക്കുമറിയാം. അയാരംക്കൊട്ടു യഹൂദപക്ഷപാതലവുമില്ല; നമ്മോടൊട്ടു കൂറുമില്ല. അതുകൊണ്ടു് ഈ ആരോപണങ്ങളുടെ ഗൗരവം യഥാവിധി ഗ്രഹിക്കാൻ അയാരംക്കൊട്ടു സാദ്ധ്യവുമല്ല."

ആ മുറിയിൽ ഏതാണ്ടൊരു പ്രശാന്തതയുണ്ടായി. അവരിൽ ഒരുവൻ അഭിപ്രായപ്രകടനത്തിനെഴുന്നേററു:— "അഭിവന്ദ്യനായ റബ്ബീ, ആ ഗലീലിയൻ ദൈവദൂഷണം പറഞ്ഞെന്നുള്ളതിന്നു ഞാൻ സാക്ഷിയാണു്. ഞാൻ സന്നിഹിതനായിരുന്ന യോഗത്തിൽവച്ചു് അയാരം ദൈവപുത്രനാണെന്നു് സ്വയം അവകാശവാദം പുറപ്പെടുവിച്ചു. എൻെറ കാതുകരംകൊണ്ടു് ഞാൻ കേട്ടതാണു്."

അപ്പോഴേക്കും മുറിക്കുള്ളിൽ വീണ്ടും ബഹളമാരംഭിച്ചു. അതിനുള്ളിലുണ്ടായിരുന്നവരെല്ലാം ഒരേ അവസരത്തിൽ വിളിച്ചുപറയുകയാണു്:—"അതു ഞങ്ങളും കേട്ടതാണു്. സ്വർഗ്ഗത്തിൽനിന്നാണു വന്നതെന്നു പറഞ്ഞുകൊണ്ടു് താൻ ദൈവതുല്യനാ

ണെന്ന് അയാാം പറയുന്നതു് ഞങ്ങാം പല പ്രാവശ്യവും കേട്ടിട്ടുണ്ടു്."

കയ്യാഫാ വീണ്ടും മേശമേൽ തട്ടി: "നമുക്കു് ഒരു സാക്ഷിയെ കിട്ടിക്കഴിഞ്ഞു. രണ്ടാം സാക്ഷിയേയും വേണമല്ലോ."

മററൊരാാം ചാടിയെണീററു:—"അതു ഞാൻ ആയിക്കോളാം. ഈ വാരത്തിൽ ജനങ്ങാം അയാളെ നഗരത്തിലേക്കു എഴുന്നള്ളിച്ചു കൊണ്ടുവന്ന അവസരത്തിൽ അവർ അയാളെ "ഇസ്രായേലിൻെറ രാജാവു്" എന്നു സംബോധനചെയ്തു. ആ സംബോധനാരൂപത്തിൽ അയാാം പ്രതിഷേധമോ, പ്രാതികൂല്യമോ രേഖപ്പെടുത്തിയില്ല."

"വളരെ നല്ലതു്" കയ്യാഫാ തൃപ്തനായി അറിയിച്ചു. "മൂന്നാം സാക്ഷിയോ? കുറഞ്ഞതു മൂന്നു സാക്ഷികളെങ്കിലും നമുക്കു ആവശ്യമാണല്ലോ."

അങ്ങനെ മുന്നോട്ടു പോയി ആ ആലോചനായോഗനടപടികാം—മനുഷ്യാത്മാക്കളെ രക്ഷയിലേക്കു ആനയിക്ക എന്ന ഏക ഉദ്ദേശത്താൽ പ്രേരിതനായിരുന്ന ആ മനുഷ്യനെതിരായി കൃത്രിമമായ ആരോപണങ്ങാംക്കു രൂപം നൽകിക്കൊണ്ടു്. അവരുടെ അതൃപ്തിക്കു പാത്രീഭൂതനായിത്തീൎന്ന ആ വ്യക്തി ദൈവം കൂടിയാണെന്നുള്ള യഥാൎത്ഥം ആ അധികാരദുൎമ്മോഹികളുണ്ടോ മനസ്സിലാക്കുന്നു—വകവെയ്ക്കുന്നു? സംതൃപ്തരായി ആ ആരോപകർ. പുഞ്ചിരിച്ചുകൊണ്ടു് കൈവെള്ളകാം കൂട്ടിയുരുമ്മി. അവർ യേശുവിനെതിരായുള്ള കുററപത്രവുമായി പീലാത്തോസിനെ സമീപിക്കുമ്പോാം അയാാം വ്യക്തമായി മനസ്സിലാക്കണം അദ്ദേഹം കൈസറിൻെറ ശത്രുവാണെന്നു്.

കയ്യാഫായ്ക്കാണു കൂടുതൽ സംതൃപ്തി. അയാാം ചാരിതാൎത്ഥ്യത്തോടെ നടപടികളുടെ അടുത്ത ഭാഗത്തേയ്ക്കു പ്രവേശിച്ചു. "അടുത്തതായി നാം ചെയ്യേണ്ടതു് ആ മനുഷ്യനെ പിടികൂടാനുള്ള മാൎഗ്ഗങ്ങാം തീൎച്ചപ്പെടുത്തുകയാണു്,"

പക്ഷെ, അതത്ര എളുപ്പമായിരുന്നില്ല. മുൻ അനുഭവങ്ങ

ളിൽനിന്നു് അവക്കതറിയാം. ഇഷ്ടാനുസരണം ജനക്കൂട്ടത്തിൽ അലിഞ്ഞുചേരാൻ യേശുവിനുള്ള കഴിവൊന്നു പ്രത്യേകമായിരുന്നു. ഇതിനു മുൻപു് ഒന്നുരണ്ടു സന്ദർഭങ്ങളിൽ യേശു അവരുടെ കൈകളിൽ അമരന്നെന്ന ഘട്ടത്തിലെത്തിയതാണു്. പക്ഷെ അദ്ദേഹത്തെ പിടിക്കാൻ അവക്കൊട്ടു സാധിച്ചുമില്ല. അദ്ദേഹം രാത്രികാലങ്ങളിൽ എവിടെയാണു കഴിച്ചുകൂട്ടുന്നതെന്നു അവക്കു അറിയാനും വയ്യ "ഒലിവുമലയിൽ ഏതോ ഒരു സ്ഥാനത്തു്"—ആരോ അവരോടു പറയുകയുണ്ടായി. പക്ഷെ ഒളിവിൽ കഴിച്ചുകൂട്ടാൻ വേണ്ടത്ര സൗകര്യങ്ങളുള്ള നിരവധി സ്ഥാനങ്ങളാണു് ഒലിവുമലയിലുള്ളതു്. അപ്പോഴാണു് മറെറാരാൾ പറയുക:—"ബഥനിയിലാണു് രാത്രിയിൽ അയാളുടെ താമസ"മെന്നു്. ആളെ കണ്ടുപിടിക്കാൻ ഒലിവുമലയോളം പ്രയാസമുള്ള സ്ഥാനമല്ല ബഥനി. ബഥനിയിൽ കാവലിടണം, അവർ തീരുമാനിച്ചു. പക്ഷേ ഇനി സമയം അല്പംപോലും പാഴാക്കാനില്ല. പെസഹാപ്പെരുനാൾ കഴിയാത്ത താമസം, യേശു സ്ഥലംവിടും. അതു മാത്രമല്ല ദുർഘടം—പെരുനാൾ ദിവസത്തിലോ, ശബത്തിലോ അദ്ദേഹത്തിനെതിരായുള്ള ഈവിധ നടപടികൾ യഹൂദനിയമം നിരോധിക്കയും ചെയ്തിരുന്നു.

"മാന്യരേ,"—ഏതാണ്ടൊരു പരുങ്ങലോടെ കയ്യാഫാ കൂട്ടുകാരോടു പറയുകയാണു്. "സമയം പാഴാക്കാൻ നമുക്കു ലേശവുമില്ല. എന്നാൽ അയാളെ ബന്ധിക്കാനുള്ള ഏതെങ്കിലും നല്ലൊരു മാർഗ്ഗം നിങ്ങൾ നിർദ്ദേശിക്കുന്നില്ലല്ലൊ?"

അങ്ങനെ തലപുകഞ്ഞു് അവർ ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണു് ആരോ ആ മുറിയുടെ അടച്ചിടപ്പെട്ടിരുന്ന വാതിൽ തുറന്നതു്. ഒരു ഭൃത്യൻ മുറിക്കുള്ളിൽ പ്രവേശിച്ചു. "ആരോ ഒരാൾ വന്നു കയ്യാഫാ തിരുമേനിയെ കാണണമെന്നു ആവശ്യപ്പെടുന്നു." ഭൃത്യൻ അറിയിച്ചു.

ഈഷ്യയോടേ കയ്യാഫാ മറുപടി നൽകി:— "എനിക്കു്

ജോലിത്തിരക്കുണ്ട്. ആരേയും കാണാൻ എനിക്കപ്പോഠം സാധ്യമല്ലെന്നു പറയൂ."

"കണ്ടേ മതിയാകൂ, എന്നാണേ അയാഠം പറയുന്നതു്. കാര്യം അത്ര അടിയന്തിരമാണപോലും."

"ആഠം ആരാണ്? പോയി അന്വേഷിച്ചുവരൂ."

ആജ്ഞാനുസരണം ഭൃത്യൻ പുറത്തേക്കുപോയി. ഏതാനും നിമിഷങ്ങഠംക്കുള്ളിൽ മടങ്ങിയെത്തി.

"അയാഠം പറയുന്ന പേരു യൂദായെന്നാണെന്നു്—യൂദാ ഇസ്കറിയോത്തെന്നു്. അയാഠംക്കു യേശുവിനെപ്പററി എന്തോ ഇവിടെ അറിയിക്കാനുണ്ടത്രേ."

"അയാളും ഈ യേശുവിൻെറ സംഘത്തിലുഠംപ്പെട്ട ഒരാളല്ലേ? അയാളുടെ പേരു ഞാൻ കേട്ടിട്ടുണ്ടെന്നു തോന്നുന്നു. അയാഠം ഒരു ഗലീലിയാക്കാരനാണോ?"

വേഷം കണ്ടാലും സംസാരം കേട്ടാലും അങ്ങനെ തോന്നുകയില്ല, തിരുമേനി."

"ആവട്ടേ, അയാഠം അകത്തു വരാൻ പറയൂ."

മുറിക്കുള്ളിലുണ്ടായിരുന്നവർ അന്യോന്യം നോക്കി. ആ മനുഷ്യൻ എന്തുദ്ദേശത്തോടെയായിരിക്കും അവിടെ വന്നെത്തിയതു്? യാതൊന്നും ഊഹിക്കാൻപോലും അവക്കു സാധിക്കുന്നില്ല. അയാളൊരു ഒററുകാരനായിരിക്കുമോ? അവരുടെ സംഭാഷണമെല്ലാം അയാഠം ശ്രദ്ധിച്ചെന്നു വരുമോ? അവരുടെ സമയം മററു മാർഗ്ഗങ്ങളിലൂടെ തിരിച്ചുവിട്ടു, ആ ഗലീലിയനു് കടന്നുകളയാനുള്ള അവസരം നൽകാനുള്ള ഒരു തന്ത്രമായിരിക്കുമോ ഇതു്?

ആ മനുഷ്യൻ മുറിക്കുള്ളിൽ പ്രവേശിച്ചു. ഭാവം കണ്ടാൽ ഒരു മാന്യനാണെന്നേ ആരും വിധിക്കൂ. മുഖത്താണെങ്കിൽ പരിഭ്രമത്തിൻെറയോ പരുങ്ങലിൻെറയോ യാതൊരു ലക്ഷണവും കാണാനില്ല. എന്നാൽ അയാളുടെ കൈവിരലുകഠം അല്പമൊന്നു വിറയ്ക്കുന്നുണ്ടു്.

സംശയദൃഷ്ടികളോടെ കയ്യാഫാ ആഗതൻെറ മുഖത്തുനോക്കി. "നിങ്ങളുടെ പേരു് യൂദായെന്നാണു്, അല്ലേ?" ആ മഹാപുരോഹിതൻ സംഭാഷണത്തിനാരംഭമിട്ടു. "വേഗം പറയണം. ഞങ്ങാംക്കു ജോലിത്തിരക്കുണ്ടു്."

"അങ്ങനെ തന്നെ തിരുമേനി" അയാളുടെ സംസാരംകേട്ടാൽ ആക്കും മനസ്സിലാക്കാം ആ മനുഷ്യനൊരു ഗലീലിയനല്ലെന്നു്. ഭൃത്യൻ പറഞ്ഞതു് അക്കാര്യത്തെ സംബന്ധിച്ചിടത്തോളം ശരിയാണു്. പക്ഷെ, ആ നസ്രായൻെറ ശിഷ്യർ ഗലീലയിൽ നിന്നു മാത്രം വന്നവരല്ലല്ലോ. മററു പ്രദേശങ്ങളിൽ നിന്നു എത്തിച്ചേർന്നവരും അവരുടെ കൂട്ടത്തിലുണ്ടു്.

യൂദാ ഒരുനിമിഷനേരം ആ സദസ്സിൻെറ മുൻപിൽ നിശ്ചലനായി നിലകൊണ്ടു. എന്താണു പറയേണ്ടതു്? അയാാംക്കു കുറേസമയത്തേക്കു ഒരു രൂപവുമില്ല. അത്രയധികം ആളുകളെ അഭിമുഖീകരിക്കേണ്ടിവരുമെന്നു ആ മനുഷ്യൻ പ്രതീക്ഷിച്ചതല്ല. കയ്യാഫായോടു മാത്രം കാര്യം പറയാം—അതല്ലെങ്കിൽ അയാളോടുകൂടി രണ്ടോ മൂന്നോപേർകൂടിയുണ്ടാവും—അതായിരുന്നു യൂദായുടെ വിചാരം. അത്രയധികം ആളുകളുടെ മുൻപിൽ തൻെറ ഉദ്ദേശം പ്രകടമാക്കുക എങ്ങനെനോക്കിയാലും അഭിലഷണീയമായ ഒരു കാര്യമല്ല. എന്നാലും അയാാം അവിടെ വന്നെത്തിയതല്ലേ? ഇനിയൊരു സന്ദർഭം അയാാംക്കു കിട്ടുക പ്രയാസവുമാണു്. യേശുവിനെ സംബന്ധിച്ചിടത്തോളം അയാാംക്കൊരു ചതിവാണു പററിയതു്. ഇസ്രായേലിനെ യേശു ഒന്നടങ്കം അണിനിരത്തും—ഹേരോദാവിൻെറയും റോമൻ ഭരണത്തിൻെറയും അധികാരം അദ്ദേഹം ശാശ്വതമായി ശിഥിലമാക്കും. അതായിരുന്നു യൂദാ മനസ്സിൽ ദർശിച്ച ചിത്രം. പക്ഷെ ഇതഃപര്യന്തമുള്ള യേശുവിൻെറ പ്രവർത്തനം യൂദായുടെ വീക്ഷണഗതിയിൽ പരാജയമടഞ്ഞുകഴിഞ്ഞിരുന്നു. ആ സംരംഭം തകരുന്നതിനു മുൻപുതന്നെ അക്കൂട്ടത്തിൽ നിന്നു പിരിയുകയാണു എന്തുകൊണ്ടും അയാാംക്കു നന്നു്. വിജയം വരിക്കാൻ സാദ്ധ്യതയുള്ള

അവരുടെ പക്ഷത്തു അയാറം അങ്ങനെ ചേരാനും സാധിക്കുമല്ലോ. അതു മാത്രമല്ല, മററന്തെങ്കിലും സംരംഭത്തിൽചേൎന്നു പ്രവൎത്തിക്കാനുള്ള പരിപാടി അയാറം സജ്ജമാക്കേണ്ടിയിരിക്കുന്നു. അതിനൊഴിച്ചുകൂടാൻ വയ്യാത്ത ഒരാവശ്യമാണു പണം. അതൊക്കെ ചിന്തിച്ചപ്പോറം അയാറം മനസ്സിലുറച്ചു ആരംഭിച്ച സംഗതി ഉദ്ദേശമനുസരിച്ചു പൂൎത്തിയാക്കുകയാണു എല്ലാംകൊണ്ടും നന്നെന്നു. പക്ഷെ ഈവിധമൊരു അന്തരീക്ഷം അഭിമുഖീകരിക്കാനിടയാകുമെന്നു അയാളൊട്ടു പ്രതീക്ഷിച്ചതുമല്ല. എന്നാലും കയ്യാഫായോടു പറയാനുള്ളതെല്ലാം മുൻകൂർതന്നെ അയാറം മനഃപാഠമാക്കിയിട്ടുണ്ടു.

ആ സദസ്സിനെ ശിരസ്സുനമിച്ചു അയാറം അഭിവാദ്യം ചെയ്തു. എന്നിട്ടയാറം പറയുകയാണു: "യേശുവിനെ പിടികൂടാനുള്ള മാൎഗ്ഗമാണു നിങ്ങറം ആലോചിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നു."

അവിടെ കൂടിയിരുന്നവരുടെ കണ്ണുകറം യൂദായെ ഉററുനോക്കുകയാണു. ഗൗരവഭാവത്തിൽ കയ്യാഫാ അയാളോടു പറഞ്ഞു: "ഞങ്ങളുടെ ആലോചനാവിഷയം എന്തുമാകട്ടെ. നിങ്ങറം എന്തുകാൎയ്യത്തിനാണു വന്നതെന്നു പറയൂ." ഈ മനുഷ്യൻ ഒരു ഒററുകാരനാണെങ്കിൽ അവരുടെ രഹസ്യാലോചനകറം അയാറം ധരിച്ചുകഴിഞ്ഞിരിക്കുന്നു.. ഒരുപക്ഷെ ഇയാറം ഒരു ചാരനല്ലെന്നും വന്നേക്കാം. ഏതായാലും യേശുവിനെ പിടികൂടി നശിപ്പിക്കാൻ അവർ തക്കംനോക്കിയിരിക്കുകയാണെന്നുള്ളകാൎയ്യം ഇപ്പോറം പരസ്യമായ ഒരു രഹസ്യമായിത്തീൎന്നിട്ടുണ്ടു.

യൂദാ ചുണ്ടുകറം കടിച്ചമൎത്തി. സംശയഗ്രസ്തനായി അയാറം അല്പനേരം നിന്നു. അയാറം സ്വയം ആലോചിച്ചുറച്ച രീതിയിൽ സംഭാഷണം മുന്നോട്ടു കൊണ്ടുപോകുക ഈ പരിതസ്ഥിതിയിൽ സാദ്ധ്യമല്ലതന്നെ. ഏതെങ്കിലും വിധം കാൎയ്യം പറഞ്ഞുതീൎക്കയാണു ഇനി നന്നു. "ആ മനുഷ്യനെ നിങ്ങളുടെ കൈയിൽ ഏല്പിക്കാൻ എനിക്കു സാധിക്കും. നാളെ രാത്രി

യിൽ അക്കാര്യം നിർവ്വഹിക്കുന്ന ഭാരം ഞാനേററു. പക്ഷേ—പക്ഷേ" അയാളുടെ ശബ്ദമിടറുന്നുണ്ട്. ശേഷം ഭാഗം പറയാൻ അയാൾക്കൊരു മടി. "ഞാൻ അക്കാര്യത്തിൽ എന്തെങ്കിലും ചെയ്യണമെങ്കിൽ എനിക്കു പ്രതിഫലം കിട്ടണം." ഒരുവിധത്തിൽ അയാൾ കാര്യം പറഞ്ഞുതീർത്തു.

ഉണങ്ങിവരണ്ട ചുണ്ടുകൾ യൂദാ നാവുകൊണ്ടു നനച്ചു. ആ മുറിയുടെ മേൽഭാഗത്തേക്കാണ് ആ അവസരത്തിൽ അയാൾ നോക്കുന്നതു്. അതിനുള്ളിലുണ്ടായിരുന്നവരുടെ മുഖത്തേക്കു നോക്കാൻ അയാൾക്കൊരു വൈഷമ്യം. ആ കണ്ണുകൾ എങ്ങനെ അയാളുടെ ഹൃദയത്തിൽക്കൂടി തുളച്ചുകയറുന്നു. അവരുടെ ദൃഷ്ടികളിൽ തികഞ്ഞ സംതൃപ്തിയാണു ദൃശ്യമാകുന്നതു്. പക്ഷേ മറെറാരു ഭാവവും ആ നോട്ടത്തിൽ സ്ഫുരിക്കുന്നുണ്ട്—അവജ്ഞ. ആ പുച്ഛഭാവം അവരുടെയെല്ലാം മുഖത്തു വ്യക്തമായി കാണാം. യൂദാ ലേശവും പ്രതീക്ഷിച്ചതല്ല അതു്. അവർ സംതൃപ്തരാകുമെന്നേ അയാൾ വിചാരിച്ചുള്ളു. കുളിരുകൊണ്ടെന്നപോലെ അയാൾ അല്പമൊന്നു വിറച്ചു. അടുത്തനിമിഷം സ്വയം അയാൾ നിയന്ത്രിച്ചു. "എൻെറ നിർദ്ദേശമനുസരിച്ചു പ്രവർത്തിച്ചാൽ ഗുണം നിങ്ങൾക്കായിരിക്കും." ദൃഢസ്വരത്തിൽ അയാൾ അവരോടു പറഞ്ഞു. "എന്തു പ്രതിഫലമായിരിക്കാം എനിക്കു തരാൻ നിങ്ങൾക്കു സാധിക്കുക?"

അവർ അന്യോന്യം മന്ത്രിക്കയാണ്. അവരുടെ തീരുമാനം അറിയാൻ അയാൾ നോക്കിനിന്നു. പുറംകുപ്പായത്തിൻെറ അഗ്രം അയാൾ തടവുകയാണ്. പക്ഷേ അവരുടെ മുഖങ്ങളിലേക്കു നേരെ നോക്കാൻ അയാളൊട്ടു മുതിരുന്നുമില്ല.

ഒരു പുരോഹിതൻ അയാളെ അറിയിച്ചു. "മുപ്പതു വെള്ളിനാണയങ്ങൾ". ആ ശബ്ദം കേട്ടാൽ ആക്ഷം തോന്നും ആ മനുഷ്യൻ ഒരു വിലപേശലിനു രംഗപ്രവേശം ചെയ്തിരിക്കയാണെന്ന്—ആ തുക വദ്ധിപ്പിക്കാൻ അയാൾ സന്നദ്ധനാണെന്ന്.

നിസ്സാരമായ ഒരു തുകയാണതു്. സംശയമില്ല. എന്നാൽ

വിലപേശാനുള്ള മനോഭാവം യൂദായെ ഇതിനോടിടകൊണ്ടു പരിത്യജിച്ചിരുന്നു. എങ്ങനെയെങ്കിലും ആ മുറിയിൽ നിന്നു അയാൾക്കു വെളിയിലിറങ്ങണം—അത്രയേ അയാൾക്കു അപ്പോൾ വേണ്ടു. "മതി—അതുമതിയാകും." അയാൾ അവരെ അറിയിച്ചു.

ഒരു മിനിററുനേരം അയാൾ മൗനമവലംബിച്ച് അവരുടെ മുൻപിൽ നിന്നു. അവരോരോരുത്തരുടേയും മുഖത്ത് അയാൾ മാറിമാറി നോക്കുകയാണ്—അവരുടെ മുഖത്തു ആനുകൂല്യത്തിൻെറ എന്തെങ്കിലും ഭാവം ദൃശ്യമാകുന്നുവോ എന്നു്. പക്ഷെ ആ ഭാവമൊന്നും ആ മുഖങ്ങളിൽ കാണാൻ അയാൾക്കു സാധിച്ചില്ല. തുടന്നു അയാൾ അവരോടു പറയുകയാണ്—"യേശു നാളെ രാത്രിയിൽ ഗതസമനത്തോട്ടത്തിൽ പോകും. അവിടെയാണ് രാത്രിയിൽ പ്രാത്ഥിക്കാൻ അദ്ദേഹം പോകുക പതിവു്. അദ്ദേഹത്തിൻെറ അടുക്കലേക്കു നിങ്ങൾ അയയ്ക്കുന്ന ആളുകളെ ഞാൻ കൂട്ടിക്കൊണ്ടുപോകാം. തോട്ടത്തിലെത്തിയാൽ ഞാനൊരാളെ ചുംബിക്കും. ആ മനുഷ്യനായിരിക്കും യേശു.

യൂദാ കയ്യാഫായെ നോക്കിയാണ് സംസാരിക്കുന്നതു്. പക്ഷെ കയ്യാഫാ അയാളെ ഒട്ടു നോക്കുന്നുമില്ല. ആ പുരോഹിതൻെറ ദൃഷ്ടികൾ പതിഞ്ഞിരുന്നതു് ഭായ്യാപിതാവായ അന്നാസിൻെറ മുഖത്താണ്. അല്പനേരം കഴിഞ്ഞു കയ്യാഫാ നിന്ദാഭാവം ഒട്ടു നിയന്ത്രിക്കാൻ ശ്രമിച്ചുകൊണ്ടു യൂദായോടു പറഞ്ഞു:

"ശരി—അക്കായ്യം അങ്ങനെ അവസാനിക്കട്ടെ നിങ്ങൾക്കു പോകാം. ശേഷം കാര്യങ്ങൾ നിവ്വഹിക്കേണ്ടതു പടയാളികളാണ്—രാഷ്ട്രത്തിൻെറ ഭരണാധികാരികളല്ല. ആ മഹാപുരോഹിതൻ മറെറാരു സഹപുരോഹിതൻെറ നേരേതിരിഞ്ഞു: "ഈ മനുഷ്യൻെറ പണം കൊടുക്കണം."

അഞ്ചാറുനിമിഷങ്ങൾ കഴിഞ്ഞുകാണും. മുറിയുടെ ഒരുഭാഗത്തു പണമെണ്ണുന്ന ശബ്ദം കേൾക്കാം; "ഇതാ, മനുഷ്യാ പ

റഞ്ഞ തുക. പട്ടാളമേധാവിയെ നിങ്ങൾക്കു കാണാനുള്ള സൗകര്യം ലഭിക്കാനും ഞാൻ ഏർപ്പാടുകൾ ചെയ്യാം."

കയ്യാഫാ ഒന്നു തലകുലുക്കി—യൂദായ്ക്കു പോകാൻ അനുമതി നൽകും വിധം. യൂദായുടെ കൈ നിറയെ വെള്ളിനാണയങ്ങളുണ്ട്. എന്നാൽ അയാളുടെ മുഖം കത്തിയെരിയുന്നതുപോലുള്ള ഒരു തോന്നൽ. തപ്പിത്തടഞ്ഞാണ് ഓരോ അടിയും അയാൾ മുന്നോട്ടു വയ്ക്കുന്നതു്. കഴിഞ്ഞ ആ രംഗത്തിന്റെ ചിത്രം ഈ രൂപത്തിലല്ല ആരംഭത്തിൽ അയാൾ മനസ്സിൽ കണ്ടതു്.

# അദ്ധ്യായം 22
# ജീവന്റെ അപ്പം

കുടം നിറയെ വെള്ളമെടുക്കാൻ അവസരം കാത്തുനിൽക്കയാണ് കൊച്ചു യോനാഥാൻ. വെള്ളമെടുക്കുക സ്ത്രീകളുടെ ജോലിയാണ്. എന്നാൽ ഇന്നത്തെ ദിവസം വ്യത്യസ്തമല്ലേ? ആ പതിവൊന്നും—സ്ത്രീകളുടെ ജോലിയുമായുള്ള വ്യത്യാസങ്ങളൊന്നും ഇന്നു അവനു ബാധകമല്ല. പെസഹാദിവസത്തിലെ അത്താഴത്തിനായി ഗുരുവും പന്ത്രണ്ടു ശിഷ്യന്മാരും ഇന്നവിടേ വരുന്നുണ്ട്. അവന്റെ അമ്മക്കു സഹായത്തിനു ആരെങ്കിലും ആവശ്യവുമാണ്. ആ സഹായിയായി ഉത്സാഹത്തോടെ മുൻകൈയെടുത്തു പ്രവർത്തിക്കാൻ അവനു തികഞ്ഞ സന്നദ്ധതയേയുള്ളു. അവന്റെ അമ്മയാണെങ്കിൽ ഗുരുവും ശിഷ്യരും വരുമെന്നു പ്രതീക്ഷിക്കുന്നുണ്ട്. പക്ഷേ അദ്ദേഹം മുൻകൂട്ടി അറിയിച്ചിട്ടില്ല, അവർ വരുന്ന കാര്യം. യേശുവിന്റെ മാതാവും, മറേറതാനും ഗലീലിയാ സ്ത്രീകളും അവിടെയെത്തിയിട്ടുണ്ട്. അവരും പ്രതീക്ഷിക്കയാണ് യേശു അന്നവിടെ എത്തിച്ചേരുമെന്നു്. വലിയപെരുന്നാാം വേളകളിൽ അദ്ദേഹം അവിടെ ചെന്നുചേരുക ഭേദംവരാത്ത ഒരു പതിവല്ലേ?

ആ അരുവിക്കരികെ യോനാഥാൻ നിൽക്കയാണ്. അരുവിയിലെ വെള്ളം കുടത്തിലേക്കു കുത്തനെ വീഴുന്നതും അതു നിറയുന്നതും എത്ര രസകരമായ ഒരു കാഴ്ചയാണ്. യേശു അവിടെയുണ്ടായിരുന്നെങ്കിൽ അദ്ദേഹം അവനോടു പറയുന്ന വാക്കുകഠം അവനൂഹിക്കരുതോ? അദ്ദേഹം പറയും—"ജീവനുള്ള വെള്ളം ഞാൻ നിനക്കു തരാം. ആക്കെങ്കിലും ദാഹമുണ്ടെങ്കിൽ അവരെൻെറ അടുക്കൽ വന്നു കുടിക്കട്ടെ." കൂടാരപ്പെരുനാളിൻെറ അവസരത്തിൽ ഈ വിധം വാക്കുകഠം ഗുരു പറയുന്നതു് അവൻ കേട്ടതാണ്—"എന്തായിരിക്കാം ഈ പറയുന്നതിൻെറ അത്ഥം?" അവൻ വിശദീകരണാത്ഥം സെബദിയുടെ പുത്രൻ യോഹന്നാനെ സമീപിച്ചു ചോദിച്ചിട്ടുണ്ട്. യോഹന്നാൻ മററു ശിഷ്യരെ അപേക്ഷിച്ചു് ചെറുപ്പമാണ്. എങ്കിലും യേശുവിൻെറ വാക്കുകഠംക്കു വിശദീകരണം നൽകാൻ ആ ചെറുപ്പക്കാരനുണ്ടു് പ്രത്യേകമൊരു പാടവം. അദ്ദേഹത്തോടു സംശയങ്ങഠം ചോദിച്ചു കാര്യങ്ങഠം ഗ്രഹിക്കാൻ യോനാഥാനു ഒട്ടു മടിയുമില്ല. പത്രോസു ദയാനിധിയാണ്. പക്ഷെ അദ്ദേഹത്തിൻെറ മുൻപിൽ എന്തൊണ്ടൊരു വല്ലായ്മ എപ്പോഴും തോന്നാറുണ്ടു് യോനാഥാനു്. പത്രോസു പ്രായക്കൂടുതലുള്ളൊരാളാണ്—ശിഷ്യരിൽ പ്രമുഖനുമാണദ്ദേഹം.

യോനാഥാൻ ചുരുക്കമായേ യേശുവിനെ നേരിട്ടു കണ്ടിട്ടുള്ളു—വലിയ പെരുന്നാഠംവേളകളിൽ അദ്ദേഹം വരുന്ന അവസരങ്ങളിൽ മാത്രം. എന്നാലും ആവതും വേഗം അദ്ദേഹത്തിൻെറ ഒരു ശിഷ്യനായിത്തീരണമെന്നു് അവൻ ദൃഢപ്രതിജ്ഞ ചെയ്തുകഴിഞ്ഞിട്ടുള്ളതാണ്. ആ ആഗ്രഹം അവൻ മാതാപിതാക്കളെ അറിയിക്കയും ചെയ്തിട്ടുണ്ട്. അപ്പോഴൊക്കെ അവർ അവനോടു പറയാറുണ്ടായിരുന്നു—"ഒരു വഷംകൂടി കഴിയട്ടെ മകനേ. അല്പംകൂടി നിനക്കു പ്രായമാകട്ടെ. യേശുവിൻെറ ശിഷ്യർക്കു വിശ്രമമില്ല. അവരെപ്പോഴും സഞ്ചാരത്തിലേർപ്പെട്ടിരിക്കയാണ്. ഭക്ഷണം കഴിക്കാനോ, ഉറങ്ങാനോ, അവർ

ക്കൊട്ട സമയമോ സൗകയ്യമോ ഇല്ലതാനം. ഒരു വഷം കൂടി കടന്നുപോകട്ടെ. അപ്പോഠം നിന്നെ അദ്ദേഹത്തിൻെറ കൂടെ പോകാൻ ഞങ്ങളനുവദിക്കാം." ആ അവസരംനോക്കി പാർത്തിരിക്കയാണു് യോനാഥാൻ—ദിനങ്ങളും, വാരങ്ങളും, മാസങ്ങഠം പോലും എണ്ണിക്കൊണ്ടു്. യേശുവിനു തുല്യമായി മററാരുമില്ല—ലോകത്തിൽ എവിടെ അന്വേഷിച്ചാലും അദ്ദേഹത്തിനു സമനായി ഒരാളെ കാണുക അസാദ്ധ്യമാണു്.

യോനാഥാൻെറ കുടം നിറഞ്ഞു. അതെടുത്തുകൊണ്ടവൻ, വീഥിയിൽക്കൂടി വസതിയിലേക്കു മടങ്ങുകയാണു്. അവനു പിൻപിൽ രണ്ടാളുകഠം നടക്കുന്നുണ്ടു്. അവർ അടങ്ങിയശബ്ദത്തിൽ അന്യോന്യം സംസാരിക്കയാണു്. പക്ഷെ, അവരാരാണെന്നു് കാണാൻ യോനാഥാൻ തിരിഞ്ഞുനോക്കിയില്ല. എന്തെല്ലാം സംഗതികളെപ്പററിയാണു് അവനാലോചിക്കാനുള്ളതു്! ഇക്കഴിഞ്ഞൊരു ദിവസം യേശു ദേവാലയത്തിൽവച്ചു പറഞ്ഞ വാക്കുകഠം അപ്പോളവൻെറ ഓമ്മയിലെത്തി—ആരേയും അത്ഭുതപ്പെടുത്തുന്ന അമ്പരപ്പിക്കുന്ന വാക്കുകഠം. ആരോ അദ്ദേഹത്തിൻെറ ശ്രദ്ധയെ ദേവാലയത്തിൻെറ മനോഹാരിതയിലേക്കു ആകഷിക്കുവാൻ ഒരു ശ്രമം നടത്തി:— "ഒന്നു നോക്കു, ഗുരോ. എത്ര മനോഹരമായ ഒരു കെട്ടിടം. അതിൻെറ നിമ്മാണത്തിനുപയോഗപ്പെടുത്തപ്പെട്ടിരിക്കുന്ന കല്ലുകളാണെങ്കിൽ അവ സൗന്ദര്യബോധമുള്ള മനുഷ്യരെ നിറുത്തി ചിന്തിപ്പിക്കാതിരിക്കയില്ല."

പ്രശാന്തതയോടെ യേശു അതിനു മറുപടി നൽകി:— "ഒരു കല്ലിന്മേൽ ഒരു കല്ലു അവശേഷിക്കാതവണ്ണം ഈ സ്ഥാപനം നശിപ്പിക്കപ്പെടും." അതദ്ദേഹം പറഞ്ഞ ദിവസംതന്നെയാണു് യവനായ ദേശത്തുനിന്നു വന്നെത്തിയ ചിലർ ഫിലിപ്പോസിനോടു ആവശ്യപ്പെടുന്നതു് യേശുവിനെ കാണാൻ സൗകയ്യം ലഭിക്കണമെന്നു്. ആ അഭ്യത്ഥന ഫിലിപ്പോസ് യേശുവിനെ അറിയിച്ചു. അപ്പോഠം അദ്ദേഹം പറയുകയാണു്:—

"മനുഷ്യപുത്രൻ മഹത്വീകരിക്കപ്പെടുവാനുള്ള വിനാഴിക സമാഗതമായിരിക്കുന്നു." സാവധാനം അദ്ദേഹം തുടന്നു പ്രസ്താവിച്ചു. "ഗോതമ്പുമണി നിലത്തുവീണു മരിക്കുന്നില്ലെങ്കിൽ അതു ഉപയോഗശൂന്യമായിത്തീരുന്നു. എന്നാൽ, അതുമരിക്കുന്നില്ലെങ്കിൽ പലമടങ്ങു വിളവു അതു നൽകുകയും ചെയ്യും." അല്പനേരം അദ്ദേഹം മൗനമവലംബിച്ചശേഷം പ്രാത്ഥിക്കയാണു്:—

"ഇപ്പോഴെൻെറ ആത്മാവു് ക്ലേശപ്പെടുന്നു....പിതാവേ, ഈ വിനാഴികയിൽ നിന്നു എന്നെ രക്ഷിക്കണേ. അല്ല ഈ വിനാഴികയെ ഞാൻ സമീപിക്കുന്നതു ഇതിനുവേണ്ടിയാണു്. പിതാവേ, അങ്ങയുടെ നാമം മഹത്വീകരിക്കപ്പെടട്ടെ!"

ആ നിമിഷത്തിലാണു് ഒരശരീരി ശബ്ദത്തിൻെറ ധ്വനി വായുമണ്ഡലത്തിൽ മുഴങ്ങിയതു്. യോനാഥാൻ അപ്പോൾ സ്ഥലത്തുണ്ടായിരുന്നില്ല—അതുകൊണ്ടു് ആ ശബ്ദം അവൻ കേട്ടുമില്ല. അതൊന്നു കേൾക്കാൻ സാധിച്ചിരുന്നെങ്കിൽ—തീവ്രമായി അവൻ അഭിലഷിച്ച ഒരു കാൎയ്യമായിരുന്നതു്. ആ സംഭവത്തിനുശേഷം അതേപ്പററിയുള്ള പൂൎണ്ണവിവരങ്ങൾ യോഹന്നാൻ അവനെ പറഞ്ഞുകേൾപ്പിക്കയുണ്ടായി. ആകാശത്തിൽനിന്നു സുവ്യക്തമായ ഒരു ശബ്ദം പുറപ്പെട്ടു:—"അതു ഞാൻ മഹത്വീകരിക്കപ്പെടുകയും ചെയ്യും."

"വ്യക്തമായി ഞാനതു കേട്ടതാണു്"—വിശദീകരണം ഉപസംഹരിച്ചുകൊണ്ടു യോഹന്നാൻ യോനാഥാനോടു പറഞ്ഞു. "പക്ഷെ ചിലരൊക്കെ വിചാരിച്ചു അതു ഇടിനാദമാണെന്നു്."

ഇക്കാൎയ്യങ്ങളെപ്പററിയൊക്കെയാണു വീട്ടുവാതിൽക്കലെത്തുന്നതുവരെ യോനാഥാൻ ചിന്തിച്ചതു്. മുൻവാതിൽ തുറക്കുന്നതിനു മുൻപു് അവനൊന്നു പിന്നോക്കം നോക്കി. അവനെ അനുഗമിച്ച രണ്ടു പുരുഷന്മാർ അതാ അവൻെറ മുൻപിൽ നിൽക്കുന്നു—പത്രോസും യോഹന്നാനും.

"പത്രോസു റബ്ബീ, യോഹന്നാൻ റബ്ബീ" അവൻ ആനന്ദ

ത്തോടെ അവരെ വിളിച്ചു. "നിങ്ങഠം എങ്ങിനെ എന്നെ പിൻതുടരാൻ ഇടയായി?"

"അതൊരു അസാധാരണ സംഭവം തന്നെയാണ്" പത്രോസാണ് മറുപടി പറഞ്ഞതു്. അദ്ദേഹത്തിൻെറ മുഖത്തു് അത്ഭുതത്തിൻെറ ഭാവം വ്യക്തമായി കാണാം. "ഞാൻ പറയാമല്ലോ സംഭവിച്ചതെല്ലാം. ഞങ്ങഠം നഗരത്തിനു സമീപമെത്തിയപ്പോഠം ഗുരു ഞങ്ങളോടു ആജ്ഞാപിക്കയാണ്: പെസഹാ അത്താഴത്തിനുവേണ്ട ഒരുക്കങ്ങഠം ചെയ്യണമെന്നു്. "എവിടെയാണ് നാം അത്താഴം കഴിക്കുന്നതു്?" ഞങ്ങഠം അദ്ദേഹത്തോടു ചോദിച്ചു. ഒരു കുടവുമായി ഞങ്ങഠം ആ മുന്നിൽ നടന്നുപോകുന്ന ഒരു ചെറുപ്പക്കാരനെ ഞങ്ങഠം അനുഗമിക്കണം— അല്ലാതെ മറെറാന്നും അദ്ദേഹം ഞങ്ങളോടു പറയുകയുണ്ടായില്ല. "അയാഠം ഏതൊരു ഗൃഹത്തിൽ പ്രവേശിക്കുമോ, അവിടെയാണ് നാം അത്താഴം കഴിക്കേണ്ടതു്." അതായിരുന്നു ഞങ്ങഠംക്കു ലഭിച്ച നിർദ്ദേശം, നീയാണ് അദ്ദേഹം പറഞ്ഞ യാഠം.

ആ വീടിൻെറ മുൻപിൽ മൗനമായി അവർ അല്പനേരം നിന്നു. വിചിത്രതരമായ ഈ സംഭവത്തെപ്പററി അവർ ചിന്തിക്കയാണ്. യോനാഥാൻ കിണററുകരയിൽനിന്നു ആ അവസരത്തിൽ വരുമെന്നു യേശു എങ്ങിനെയാണ് മുൻകൂട്ടി മനസ്സിലാക്കിയതു്?

"ഞാൻ സാധാരണയായി ഈ സമയത്തു അവിടെ പോകുക പതിവില്ല"—യോനാഥാൻ പത്രോസിനും യോഹന്നാനും ഒരു വിശദീകരണം നൽകാൻ ശ്രമിച്ചു. "യേശുവിൻെറ പ്രവൎത്തനങ്ങളും, പ്രവൎത്തനമാൎഗ്ഗങ്ങളും മററുള്ളവരോടൊപ്പം ആ യുവാവിനു പരിചിതമല്ല. പക്ഷെ കൂടുതൽ പരിചിതരായ പത്രോസിനും യോഹന്നാനും ഈ അവസരത്തിൽ പരുങ്ങലുണ്ടാകുകയാണ് ചെയ്തതു്. എന്തുകൊണ്ടു യേശു അവരോടു തുറന്നു പറഞ്ഞില്ല. യോനാഥാൻെറ പിതാവിൻെറ ഗൃഹത്തിലെ

മുകളിലത്തെ മുറിയിലാണ് നാം ഇന്നു അത്താഴം കഴിക്കുന്നതെന്നു്. അതിനും പുറമേ അവരെ ഇരുവരെയും അതിനായി നിയോഗിക്കുന്നതിനു പകരം യൂദായെ അദ്ദേഹം എന്തുകൊണ്ടു ഈ ഒരുക്കങ്ങൾക്കയച്ചില്ല? പണം സൂക്ഷിക്കുന്നതും സാധനസാമഗ്രികൾ വാങ്ങുന്നതും യൂദായുടെ ചുമതലയായിരുന്നു. അല്ല, യൂദാ എവിടെ പോയിരിക്കയാണു്? ഇന്നലെ പകൽ മുഴവൻ അയാൾ എവിടെയോ പോയിരിക്കയായിരുന്നു. ഇന്നു രാവിലെയും അയാൾ അവരുടെകൂടെയുണ്ടായിരുന്നില്ല. ശിഷ്യർ പന്ത്രണ്ടുപേരും മിക്കവാറും എല്ലാ അവസരങ്ങളിലും ഒരുമിച്ചുണ്ടായിരിക്ക പതിവാണ്. യൂദാ എന്തെങ്കിലും കാര്യത്തിനു പോയിരിക്കയൊകാം. ആക്കറിയാം. യേശുതന്നെ എന്തെങ്കിലും കാര്യത്തിനയാളെ എങ്ങോട്ടെങ്കിലും അയച്ചില്ലെന്നു്.

"പെസഹാ കുഞ്ഞാടിനെ ബലിയപ്പിക്കാൻ ഞങ്ങൾ ദേവാലയത്തിലേക്കു പോകട്ടെ. നീ പോയി നിൻെറ അമ്മയോടു പറയണം, അത്താഴത്തിനു ഗുരു ഇവിടെ വന്നു ചേരുമെന്നു്. ഞങ്ങൾ പന്ത്രണ്ടുപേരും അദ്ദേഹത്തോടൊന്നിച്ചുണ്ടായിരിക്കുമെന്നും പറയണം." ശിഷ്യർ ഇരുവരും യാത്ര പറഞ്ഞു പിരിഞ്ഞു. യോനാഥാൻ വീട്ടിനുള്ളിൽ പ്രവേശിക്കയും ചെയ്തു.

കുടത്തിലെ വെള്ളം അവൻ തറയിൽവെച്ചു. എന്നിട്ടവൻ അമ്മയെ വിവരം അറിയിക്കയാണു്:—"അവൻ—പത്രോസു റബിയും—യോഹന്നാൻ റബിയും ഇവിടെ വന്നിരുന്നു, അമ്മേ, ഗുരുവും ശിഷ്യർ പന്ത്രണ്ടും കുറേക്കഴിഞ്ഞു് ഇവിടെ വന്നെത്തും." പക്ഷേ, ആ ശിഷ്യരിരുവരെയും അത്ഭുതകരമായവിധം കണ്ടെത്തിയ കാര്യം അവൻ അമ്മയോടു പറഞ്ഞില്ല.

ആ അമ്മയാണെങ്കിൽ മേശമേൽ തുണി വിരിക്കുകയായിരുന്നു. യേശുവിൻെറ മാതാവു മേരിയും അവിടെയുണ്ടു്. ആ മേരി കയ്പായുള്ള സസ്യങ്ങൾ അരിയുകയാണു്. പെസഹായ്ക്കു്

ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു വിഭവമാണ് കയ്പുള്ള സസ്യങ്ങൾ. പുളിപ്പില്ലാത്ത അപ്പം തയ്യാറായിട്ടുണ്ട്. അതൊരു അലമാരിയിൽ അടുക്കി വച്ചിരിക്കുന്നു. ആ സ്ത്രീകൾ ഇരുവരുടേയും ജോലികൾനോക്കിക്കൊണ്ടു യോനാഥാൻ അവിടെ നിൽക്കയാണ്. യേശുവിൻെറ മാതാവാകാൻ പ്രായമുണ്ടെന്നു തോന്നുകില്ല മേരിയെക്കണ്ടാൽ. അവൻ മുറിക്കുള്ളിൽ പ്രവേശിച്ചപ്പോൾ അവനെനോക്കി സ്നേഹപൂർവ്വം അവളൊന്നു മന്ദഹസിച്ചു. പക്ഷെ ആ നയനങ്ങളിൽ ഒരു വിഷാദച്ഛായ നിഴലിക്കുന്നുണ്ട്. വീണ്ടും അവൻ മേരിയെ നോക്കി. അപ്പോൾ കാണാനില്ല മേരിയുടെ മുഖത്ത് ആ സങ്കടഭാവം. ആ പരിവർത്തനം കണ്ടപ്പോൾ യോനാഥാനു തോന്നാതിരുന്നില്ല, സങ്കടഭാവം മേരിയുടെ മുഖത്തു കണ്ടെന്നുള്ള വിചാരം ഒരു തെററായിരുന്നിട്ടില്ല എന്ന്. സൂര്യപ്രകാശത്തിൻെറ ചാപല്യംകൊണ്ട് അവനങ്ങനെ തോന്നിയതായിക്കൂടേ? മേരിയെ കാണുക അവനു ആനന്ദകരമായ ഒരു അനുഭവമാണ്. എന്തൊരു തുല്യതയാണ് അമ്മയുടേയും മകൻേറയും മുഖങ്ങൾ തമ്മിൽ—ഒരു പുരുഷൻേറയും സ്ത്രീയുടേയും മുഖങ്ങൾ തമ്മിൽ ഉണ്ടാകാവുന്നതിൽ ഏററവും അധികം സാമ്യം. വാത്സല്യനിധിയാണ് അവൻെറ അമ്മ. എന്നാലും യേശുവിൻെറ അമ്മയെ നോക്കുമ്പോഴൊക്കെ അവനു തോന്നും: അങ്ങനെയൊരു മാതാവിനെ ലഭിക്കുക ഒരു ഭാഗ്യം തന്നെയാണെന്ന്.

അവൻെറ അമ്മ ഭക്ഷണത്തിനുള്ള മേശ ഒരുക്കുകയാണ്. "അവിടെയായിരിക്കണം യേശു ഇരിക്കുന്നതു" അവൻ ചിന്തിക്കുകയാണ്. "അതായിരിക്കും പത്രോസിനുള്ള സ്ഥാനം." അടുത്ത ഇരിപ്പടം ആർക്കായിരിക്കാം? യൂദാ—അല്ലെങ്കിൽ യോഹന്നാനോ, അന്ത്രയോസോ. മിക്കവാറും യോഹന്നാൻ തന്നെയായിരിക്കണം അവിടെ ഇരിക്കുന്നതു്. അദ്ദേഹത്തോടു് യേശുവിനു കൂടുതൽ സ്നേഹമുണ്ട്. ആത്മാർത്ഥതയുടേയും ഔദാര്യത്തിൻേറയും നിറകുടമാണ് യോഹന്നാൻ."

"മകനേ"—അവന്റെ അമ്മയുടെ വിളി അവനെ ചിന്തകളിൽനിന്നു തട്ടിയുണർത്തി. "അവക്കു കൈകഠം കഴുകാൻ വെള്ളം കൊണ്ടുവരൂ. കൈകഠം തുടയ്ക്കാനുള്ള ചെറുതുവാലകളും. പെസഹാ അത്താഴത്തിനു പ്രത്യേകമായുള്ള തുവാലകഠം."

ആ ആജ്ഞകേഠക്കാത്ത താമസം, അതു നിർവ്വഹിക്കാൻ അവൻ പുറപ്പെട്ടുകഴിഞ്ഞു. ഏതാനും നിമിഷങ്ങഠക്കുള്ളിൽ അവൻ ആ മുറിയിൽ മടങ്ങിയെത്തുകയും ചെയ്തു. ആ ഒരുക്കങ്ങളും ബഹളങ്ങളുമെല്ലാം അവനെത്ര ഹൃദ്യമാണെന്നോ? എത്ര ആസ്വാദനീയമായ ദിവസം.

യേശുവിന്റെ മാതാവു് സസ്യവിഭവങ്ങളിൽ വിന്നാഗിരി ഒഴിക്കുകയാണു്. അവന്റെ അമ്മയാണെങ്കിൽ തുകൽതുരുത്തുകളിൽനിന്നു കുപ്പികളിലേക്കു വീഞ്ഞു പകരുന്നു. അതാ കേഠക്കുന്നു ആരുടേയോ കാൽപ്പെരുമാററ ശബ്ദം. "അതു ആട്ടിൻകുട്ടിയുമായി പത്രോസും യോഹന്നാനും വരുന്നതായിരിക്കും" യോനാഥാൻ സ്വയം പറഞ്ഞു. അടുത്ത നിമിഷം പത്രോസും യോഹന്നാനും ആ മുകഠ മുറിയുടെ വാതിൽക്കൽ വന്നെത്തി.

"അധികനേരം കാത്തു നിൽക്കേണ്ടതായി വന്നോ?" യോനാഥാന്റെ അമ്മ പത്രോസിനോടു ചോദിച്ചു.

"ഇല്ല. അധികനേരം കാത്തു നിൽക്കേണ്ടിവന്നില്ല." പത്രോസു മറുപടി നൽകി. "പലരും നാളെ രാത്രിയിൽ മാത്രമേ പെസഹാ ഭക്ഷണം കഴിക്കുന്നുള്ളു." അവർ ആ ആട്ടിൻകുട്ടിയെ ന്യായപ്രമാണം അനുശാസിക്കും വിധം പാകം ചെയ്യാനാരംഭിച്ചു. വിശുദ്ധപ്രമാണം നിഷ്കർഷിക്കുന്നതു് എങ്ങനെയാണു്? "അതിന്റെ അസ്ഥികളൊന്നും ഒടിയരുതു്."

ആ മാംസം തീക്കനലുകളുടെ മുകളിൽവച്ചു് യോനാഥാനാണു് പാകമാക്കിയതു്. ദൈവമുൻപാകെ പരിശുദ്ധമാക്കപ്പെട്ട മാംസം പാകം ചെയ്യവെ അവൻ ചിന്തിക്കയാണു്:— "ഇന്നു രാത്രിയിൽ യേശുവരും. ശിഷ്യർ പന്ത്രണ്ടുപേരോടുംകൂടി

പെസഹാ ഭക്ഷിപ്പാൻ ഗുരു വന്നെത്തും. യേശു—ദൈവപുത്രൻ."

*   *   *   *   *

യേശുവും ശിഷ്യർ പന്ത്രണ്ടുപേരും ആ മുകളിലത്തെ മുറിയിൽ ഭക്ഷണത്തിനിരുന്നു. വിളക്കുകളിൽനിന്നുള്ള മങ്ങിയ പ്രകാശംകൊണ്ടു മേശയിൽ വിരിക്കപ്പെട്ടിരുന്ന വെളുത്ത വിരിപ്പും പാത്രങ്ങളും അങ്ങനെ തിളങ്ങുകയാണ്. അവിടെ കൂടിയിരുന്നവരുടെ മുഖങ്ങൾ ആ ദീപ്തിയിൽ വ്യക്തമായി കാണാം. സ്വഭാവനൈർമ്മല്യത്തെ സൂചിപ്പിക്കുന്ന യേശുവിൻെറ കോമളമുഖം—പത്രോസിൻേറയും അന്ത്രയോസിൻേറയും സാധാരണയിൽ കവിഞ്ഞ വലിപ്പമുള്ള മുഖങ്ങൾ—സ്ത്രീകളുടേതുപോലെ മൃദുലമായിരുന്ന യോഹന്നാൻെറ മുഖം—ഒരു മുഖമൂടി ധരിച്ചതുപോലുള്ള യൂദായുടെ മുഖം. കൈകൾ കഴുകാൻ വെള്ളം നിറച്ചിരുന്ന വലിയ പാത്രവും കുടങ്ങളും മുറിയുടെ മറെറാരു ഭാഗത്തു യോനാഥാൻ തയാറാക്കിവച്ചിട്ടുണ്ട്.

യേശു മേശയുടെ സമീപം നിൽക്കയാണ്. ദുഃഖത്തോടെ അദ്ദേഹം ശിഷ്യരെ നോക്കി. അവർ മുറിക്കുള്ളിൽ പ്രവേശിച്ചിട്ട് അഞ്ചുനിമിഷത്തിലധികമായിട്ടില്ല. അത്രയും സമയത്തിനിടയിൽ അവർ തമ്മിലൊരു തക്കത്തിനു ആരംഭമിട്ടു കഴിഞ്ഞിരുന്നു. യേശുവിൻെറ ഇരുപാൾശ്വങ്ങളിലുമാണ് പത്രോസിനും യോഹന്നാനും ഇരിപ്പടങ്ങൾ സജ്ജമാക്കപ്പെട്ടിരുന്നതു്. മററുള്ളവക്കു മേശക്കുചുററും ഇരിപ്പടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അവരിലാരാണു പ്രമുഖനെന്ന തക്കത്തിനു അതു മാർഗ്ഗം തെളിച്ചു. വ്യാകുലചിത്തരായി അവരെ നോക്കി യേശു അവിടെ നിൽക്കയാണ്. ഇത്രയും കാലം അവരുടെ കൂടെ അദ്ദേഹം കഴിച്ചുകൂട്ടിയല്ലോ. എന്നിട്ടും അവക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല, ഏററവും നിസ്സാരനാണ് അദ്ദേഹത്തിൻെറ രാജ്യത്തിൽ ഏററവും പ്രമുഖനെന്നു്. ഒരിക്കൽ അവരുടെ മദ്ധ്യത്തിൽ ഒരു ശിശുവിനെ നിറുത്തിക്കൊണ്ടു് അദ്ദേഹം പറ

യുകപോലും ചെയ്തിട്ടുള്ളതാണ്—അവർ ആ ശിശുവിനെപ്പോലെ ആയിത്തീരണമെന്നു്. "എന്നിൽനിന്നു പഠിക്കുക" അദ്ദേഹം അവരോടു ഉപദേശിച്ചിട്ടുണ്ടു്." ഞാൻ സൗമ്യനും വിനീതനുമാണു്.

ഈ രാത്രിയിൽ മാതൃകകൊണ്ടു് ഒരു പാഠം അവരെ പഠിപ്പിക്കാൻ അദ്ദേഹം തീരുമാനിച്ചു—അവക്കൊരിക്കലും വിസ്മരിക്കാനാകാത്ത ഒരു പാഠം. അവർ യഥാസ്ഥാനങ്ങളിലിരിക്കുന്നതുവരെ അദ്ദേഹം കാത്തുനിന്നു. അവർ ഇരുന്നു കഴിഞ്ഞപ്പോറം അവരുടെ സമീപമദ്ദേഹം ചെന്നെത്തി. കൈ തുവത്തുവാനുള്ള തുവാല അദ്ദേഹം അരയിൽ ചുററിയിട്ടുണ്ടു്. കുടത്തിൽനിന്നു ഒരു പാത്രത്തിലേക്കു് അദ്ദേഹം വെള്ളം പകന്നു. അതിനുശേഷം അദ്ദേഹം ശിഷ്യരുടെ പാദങ്ങറം കഴുകിത്തുടങ്ങി. ഓരോരുത്തരെയും അദ്ദേഹം സമീപിച്ചു് ഈ കമ്മം നിവ്വഹിച്ചു. അത്ഭുതസ്തബ്ധരായ ശിഷ്യക്കു് ഒരു വാക്കുപോലും ഉച്ചരിക്കാൻ സാധിച്ചില്ല. അദ്ദേഹം പത്രോസിൻെറ സമീപമെത്തി. ഭയവിഹ്വലനായി ആ ശിഷ്യൻ ചാടിയെണീററു. ഗുരു തൻെറ പാദങ്ങറം കഴുകുകയോ? അയാറം, പത്രോസ്—കേവലം ഒരു മുക്കുവൻ. യേശുവോ? ജീവനുള്ള ദൈവത്തിൻെറ പുത്രൻ. അദ്ദേഹത്തെ ഈ ദാസ്യവേലയ്ക്കു അനുവദിക്കാൻ പത്രോസു സന്നദ്ധനായില്ല.

"അരുതേ, ഗുരോ—എൻെറ പാദങ്ങറം കഴുകാൻ ഞാൻ അങ്ങയെ ഒരിക്കലും അനുവദിക്കയില്ല."

സ്നേഹത്തോടെ യേശു ആ ശിഷ്യനെനോക്കി. എന്നാലും ഒരു പാഠം പത്രോസു പഠിക്കേണ്ടതായുണ്ടു്. ശാസനാരൂപത്തിൽ, ഗൗരവശബ്ദത്തിൽ അദ്ദേഹം ആ ശിഷ്യനൊരു താക്കീതുനൽകി:—"നിങ്ങളുടെ പാദം ഞാൻ കഴുകുന്നില്ല എങ്കിൽ നിങ്ങറക്കു എന്നിൽ പങ്കുമില്ല."

അതുകേട്ടപ്പോറം ചിന്താവൈവശ്യത്തോടെ പത്രോസ് വിളിച്ചുപറഞ്ഞു:—"കത്താവേ, എൻെറ പാദങ്ങറം മാത്രമല്ല,

എൻെറ കൈകളും ശിരസ്സും കഴുകിയാലും"—വികാരപരവശനായ സാധു പത്രോസ്.

"കുളികഴിഞ്ഞവൻ പാദങ്ങൾ മാത്രം ശുദ്ധിയാക്കിയാൽ മതിയാകും. അയാൾ പൂൎണ്ണമായും നിൎമ്മലനാകും." ശാന്തനായി യേശു അവരോടു പറഞ്ഞു. അവൎണ്ണനീയമായ ഏതോ ഒരു ഭാവഭേദം യൂദായുടെ മുഖത്തു ദൃശ്യമായി. ഏതോ കുററം ചെയ്ത ഒരുവനെപ്പോലെയുള്ള ഒരു വിളച്ച്. യേശു ഇരുന്നു. എന്നിട്ടദ്ദേഹം അവരോടു പറയുകയാണ്:—"ഞാൻ ഇപ്പോൾ ചെയ്തതെന്താണെന്നു നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? നിങ്ങൾ എന്നെ കൎത്താവേ, ഗുരോ എന്നൊക്കെ വിളിക്കുന്നു. അതു ശരിതന്നെ. ഞാൻ അതു രണ്ടും തന്നെയാണ്. നിങ്ങളുടെ കൎത്താവും ഗുരുവുമായ എനിക്കു നിങ്ങളുടെ പാദങ്ങൾ കഴുകാമെന്നുണ്ടെങ്കിൽ നിങ്ങൾക്കും അന്യോന്യം പാദങ്ങൾ കഴുകാം. ഓരോ ഭൃത്യനും അവൻെറ യജമാനനേക്കാൾ വലുതല്ല." ആ വാക്കുകൾ അവൎക്കു മനസ്സിലാകാൻവേണ്ടി അദ്ദേഹം കുറെ സമയം മൗനം അവലംബിച്ചു.

പക്ഷേ, ആ മാളികയിൽ അദ്ദേഹം അവരെ ഒന്നിച്ചുകൂട്ടിയതു് ശാസിക്കാൻവേണ്ടി മാത്രമായിരുന്നില്ല. മററാരു കാരണംകൂടിയുണ്ടു് ആ സമ്മേളനത്തിനു്—അദ്ദേഹത്തിനു് ഏററവും പ്രിയംകരമായിരുന്ന ഒരു കാരണം. ആ രാത്രിയിൽ അവൎക്കുവേണ്ടി ഒരു പ്രവൎത്തനം അദ്ദേഹത്തിനു നിൎവ്വഹിക്കുവാനുണ്ടു്. പക്ഷേ ആ ചെറുസംഘം സമ്മേളിച്ചിരുന്ന ആ അന്തരീക്ഷം അതിനു അപ്പോൾ അത്ര അനുയോജ്യമായിരുന്നില്ല. അദ്ദേഹം അസ്വാസ്ഥ്യതയോടെ അവരെ ഓരോരുത്തരേയും നോക്കി. അദ്ദേഹത്തിൻെറ ദൃഷ്ടികൾ യൂദായുടെ മുഖത്തുപതിഞ്ഞു. വീണ്ടും അദ്ദേഹം അവരെ ഓരോരുത്തരേയും മാറി മാറി നോക്കി. എന്നിട്ടു പെട്ടെന്നു അദ്ദേഹം പറയുന്നു:—"നിങ്ങളിലൊരുവൻ എന്നെ ഒററിക്കൊടുക്കും."

അതുകേട്ടു ഭയവിഹ്വലരായി ശിഷ്യർ അന്യോന്യം നോക്കി. പക്ഷെ, യൂദായുടെമുഖത്തു ഭാവഭേദമൊന്നും അപ്പോൾ

കാണാനില്ല. ശിഷ്യർ ഓരോരുത്തരും എടുത്തെടുത്തു അദ്ദേഹത്തോടു ചോദിച്ചു:— "കർത്താവേ, ഞാനൊ?" ആദ്യം യൂദാ മൗനമവലംബിക്കയാണു ചെയ്തതു്. അല്പം കഴിഞ്ഞു അയാളും ചോദിക്കയാണു്:— "കർത്താവേ, ഞാനാണോ?"

അയാളുടെ നേരെ യേശു തിരിഞ്ഞു. മൃദുവായ ശബ്ദത്തിൽ അദ്ദേഹം അയാളോടു പറഞ്ഞു:— "നിങ്ങൾ അതു പറഞ്ഞു കഴിഞ്ഞു."

അതുകൊണ്ടു പത്രോസിൻെറ അസ്വാസ്ഥ്യത അദ്ദേഹത്തെ വിട്ടു കണ്ടില്ല. ഗുരുവിൻെറ ശ്രദ്ധ ആകർഷിക്കാൻ അദ്ദേഹത്തിനു സാധിക്കുന്നില്ല. അദ്ദേഹം യോഹന്നാൻെറ കാതിൽ മന്ത്രിച്ചു:- "അദ്ദേഹത്തോടൊന്നു ചോദിക്കു, അതാരാണെന്നു്."

"പത്രോസിൻെറ നിർദ്ദേശാനുസരണം യോഹന്നാൻ യേശുവിനോടു ചോദിക്കതന്നെ ചെയ്തു:—"കർത്താവേ, ഞങ്ങളിൽ ആരാണു് അങ്ങയെ ഒററിക്കൊടുക്കുന്നതു്?"

"ഈ അപ്പക്കഷണം ഞാൻ വീഞ്ഞിൽ മുക്കി ഞാൻ ആർക്കുകൊടുക്കുന്നോ, ആ ആൾ തന്നെ." അപ്പക്കഷണം അദ്ദേഹം യൂദായ്ക്കു് കൊടുക്കയും ചെയ്തു.

പെട്ടെന്നാണു് യൂദാ ചാടി എണീററതു്. യേശു ആ അവസരത്തിൽ ശാന്തതയോടെ പറഞ്ഞതു അയാൾ കേട്ടുകാണുകയില്ല.

"സ്നേഹിതാ, ചെയ്യാനുള്ളതു വേഗം ചെയ്തുതീർക്കുക." പക്ഷെ, യൂദായിൽ നിന്നൊരു പ്രത്യുത്തരവും അതിനുണ്ടായില്ല. വാതിൽ തുറന്നു അതിവേഗം അയാൾ വെളിയിലേക്കിറങ്ങി പിന്നോക്കം ഒന്നു തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ നടന്നു തുടങ്ങി. അയാളുടെ കാൽപ്പെരുമാററ ശബ്ദം അവർക്കു കേൾക്കാം. അയാൾ പോകുന്നതു കണ്ടു് ശിഷ്യർ അന്യോന്യം പറയുകയാണു്:— "ഗുരുവിനുവേണ്ടി എന്തോ വാങ്ങാൻ അയാൾ പോയതായിരിക്കാം." യേശുവിൻെറ കണ്ണുകൾ സങ്കടത്തോടെ അയാളെ പിൻതുടന്നു. അയാൾ നടന്നു മറഞ്ഞപ്പോൾ ആ

ദൃഷ്ടികഠം തുറന്നു കിടന്ന വാതിലിൽ പതിഞ്ഞു. കാററുകൊണ്ടു ആടിയുലഞ്ഞ പ്രകാരം വിറയ്ക്കുന്ന നിഴലുകഠം തറയിൽ വീശി ....യേശു ദീർഘമായി ഒന്നു നിശ്വസിച്ചു.

യൂദായുടെ കാലടിശബ്ദം കേഠംക്കാതായപ്പോഠം യേശു ശിഷ്യരോടു പറഞ്ഞു:—"ഇപ്പോഴിതാ മനുഷ്യപുത്രൻ മഹത്വീകരിക്കപ്പെട്ടിരിക്കുന്നു. സസ്നേഹം അവരെ ഓരോരുത്തരേയും അദ്ദേഹം നോക്കി. വിനാഴിക വന്നെത്തിക്കഴിഞ്ഞു. അദ്ദേഹം അവരോടൊത്തു ചിലവഴിച്ചതിൽ പരമാവധി ആകൎഷകമായിരുന്നു മുഹൂർത്തം—അവക്കു ജീവൻെറ അപ്പം പ്രദാനംചെയ്യാനുള്ള സുവൎണ്ണാവസരം. ആ അപ്പമാണു് അദ്ദേഹം അവൎക്കിപ്പോഠം കൊടുക്കാൻ ഭാവിക്കുന്നതു്. താൻ നിൎവ്വഹിക്കുന്ന ആ പാവന കൃത്യം അദ്ദേഹത്തിൻെറ കാലശേഷം മററുള്ളവർ നിൎവ്വഹിക്കും. അതു എന്നോളമെന്നോ? ലോകാന്ത്യംവരെ.

തികഞ്ഞ ശാന്തതയോടെ അദ്ദേഹം ഇരിപ്പിടത്തിൽനിന്നെണീററു.പുളിപ്പില്ലാത്ത അപ്പം അദ്ദേഹം കൈകളിലെടുത്തു് കഷണങ്ങളായി മുറിച്ചു—പതിനൊന്നു കഷണങ്ങഠം. സാവധാനം ശിഷ്യരുടെ ഓരോരുത്തരുടേയും പാത്രങ്ങളിൽ അദ്ദേഹം അതുവച്ചു. എന്നിട്ടു സ്നേഹപൂൎവ്വം അദ്ദേഹം അവരോടു പറയുകയാണു്:— "എടുത്തു ഭക്ഷിക്കുക നിങ്ങഠംക്കായി നൽകപ്പെടുന്ന എൻെറ ശരീരമാണതു്. എൻെറ സ്മരണക്കായി നിങ്ങളിതു ചെയ്യിൻ." ആ പതിനൊന്നു കഷണങ്ങളും പാത്രങ്ങളിൽത്തന്നെയുണ്ടു്. അതു കണ്ടാൽ അപ്പമാണെന്നല്ലാതെ തോന്നുകയില്ല. സ്വാദാണെങ്കിൽ അപ്പത്തിൻേറതു തന്നെ. പക്ഷെ, അതു അപ്പമായിരുന്നില്ല. അതു അദ്ദേഹത്തിൻെറ ശരീരമാണു്. വാത്സല്യത്തോടെ അദ്ദേഹം അതു ശിഷ്യൎക്കു നൽകി.

അതിനുശേഷം യേശു ഒരുപാത്രം വീഞ്ഞെടുത്തു. അതിലദ്ദേഹം അല്പം വെള്ളം ചേൎത്തു. അതാണു പെസഹാ ഭക്ഷണ വേളയിലുള്ള അനുഷ്ഠാനം. ഗാംഭീൎയ്യവും സൗമ്യതയും സമ്മിശ്രമായ ആ മുഖത്തു അല്പമൊരു ഭാവഭേദം നിഴലിട്ടിട്ടുണ്ടു്.

"നിങ്ങൾ ഇതു കുടിക്കുക. ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയപ്പെട്ടിരിക്കുന്ന എന്റെ രക്തത്തിലെ പുതിയ നിയമമാകുന്നു. എന്റെ ഓർമ്മക്കായി നിങ്ങൾ ഇതു ചെയ്യിൻ." ഓരോ പാനപാത്രം അദ്ദേഹം ശിഷ്യൎക്ക് ഓരോരുത്തൎക്കും നൽകി.

അടുത്ത ഏതാനും നിമിഷനേരത്തേയ്ക്ക് ആ മുറിയിൽ പരിപൂൎണ്ണമായ മൗനം. വിനീതവും പരിമിതികൾക്കു വിധേയവുമായ മനുഷ്യമനസ്സുകളിലേക്കു ആ മഹാസത്യം മന്ദം മന്ദം പ്രവേശിക്കയാണ്. ഈ വിനാഴികക്കായി യേശു ശിഷ്യരുടെ മനസ്സുകളെ സജ്ജമാക്കിയിട്ടുണ്ട്. എന്നാൽ നൊടിയിടയിൽ ഗ്രഹിക്കാൻ പാടില്ലാത്തവിധം അത്ഭുതകരമായ ഒരു പരമസത്യമായിരുന്നതു്. കുറേ കാലത്തേക്കു് അവൎക്കു അതു മനസ്സിലാക്കിക്കൊടുക്കാൻ തന്റെ പരിശുദ്ധാത്മാവിനെ അയച്ചുകൊടുക്കുന്നതുവരെ—ആ യാഥാൎത്ഥ്യം അവൎക്കു ശരിക്കു ഗ്രഹിക്കാൻ സാദ്ധ്യമല്ല.

യേശു അവരുടെ മുഖത്തു ഉററുനോക്കുകയാണ്. മുറിക്കുള്ളിലെ പ്രകാശത്തിൽ അവരുടെ മുഖങ്ങൾ ചെറുശിശുക്കളുടേതുപോലെ നിഷ്ക്കളങ്കമായി കാണപ്പെട്ടു. ആ മുഖങ്ങളിൽ സംശയത്തിന്റെയോ അവിശ്വാസത്തിന്റെയോ നേരിയ ഛായപോലും കാണാനില്ല. ആ രാത്രിയിൽ അവർ അഭിമുഖീകരിക്കേണ്ടിവരുന്ന അഗ്നിപരീക്ഷണങ്ങൾ. അവ വിജയപൂൎവ്വം തരണംചെയ്യാൻ അവരെ അദ്ദേഹമെങ്ങനെയാണ് പരിശീലിപ്പിക്കുക? അദ്ദേഹം നൽകിയ അപ്പം—സ്വശരീരമാകുന്ന അപ്പംപോലും അതിനു മതിയാകയില്ല. ഏതാനും മണിക്കൂറുകൾക്കുള്ളിൽ നടക്കാനിരിക്കുന്ന സംഭവങ്ങളെ നേരിടാൻ വേണ്ടിടത്തോളം ശക്തി ആ അപ്പത്തിനു അവൎക്കു പ്രദാനംചെയ്യാൻ സാദ്ധ്യമല്ല.

പരമാവധി സൗമ്യതയോടെ അദ്ദേഹം അവരോടു പറയുകയാണ്: "എന്റെ കുഞ്ഞുങ്ങളേ, അല്പനേരംമാത്രമേ ഞാനിനി നിങ്ങളുടെകൂടെ ഉണ്ടായിരിക്കയുള്ളു. നിങ്ങൾ എന്നെ അന്വേഷിക്കും; എന്നാൽ ഞാൻ പോകുന്ന സ്ഥലത്തേക്കു നിങ്ങൾ എന്നെ അനുഗമിക്കാൻ സാദ്ധ്യമല്ല."

അദ്ദേഹം പറയുന്നതു അവക്കു മനസ്സിലാകുന്നില്ല. ആ മുഖത്തു ഇമവെട്ടാതെ അവർ നോക്കി. സ്വന്തം മരണത്തെപ്പററിയാണു് അദ്ദേഹം സംസാരിക്കുന്നതെന്നു അവർ ഗ്രഹിക്കുന്നില്ല.

"ഗുരോ, അങ്ങെവിടെയാണു പോകുന്നതു്?" ഏകസ്വരത്തിലവർ ചോദിച്ചു. വികാരാധീനനായിത്തീൎന്ന പത്രോസ് അതോടൊപ്പം തുടൻ ഗുരുവിനെ ധരിപ്പിക്കയാണു്: "അങ്ങയെ എന്തുകൊണ്ടു് അനുഗമിക്കാൻ എനിക്കു സാധിക്കയില്ല? അങ്ങയുടെപേക്കായി ജീവൻ പരിത്യജിക്കാൻപോലും ഞാൻ സന്നദ്ധനാണു്."

യേശു ആ ശിഷ്യനെനോക്കി. ആർദ്രതയോടെ—സ്നേഹത്തോടെ: "നിങ്ങൾ എൻെറപേക്കായി ജീവൻപോലും പരിത്യജിക്കുമെന്നോ? നിങ്ങൾ എന്നെ മൂന്നുപ്രാവശ്യം തള്ളിപ്പറയുന്നതിനു മുൻപു് കോഴി ഇന്നു രണ്ടുപ്രാവശ്യം കൂവുകയില്ല."

പക്ഷേ അദ്ദേഹത്തെ ശാസിക്കണമെന്നു യേശുവിനുദ്ദേശമുണ്ടായിരുന്നില്ല. അവരെ ആശ്വസിപ്പിക്കയാണു് അദ്ദേഹത്തിൻെറ അപ്പോഴത്തെ ആവശ്യം. "നിങ്ങളുടെ ഹൃദയങ്ങൾ അസ്വസ്ഥമാകരുതു്. നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നു; എന്നിലും വിശ്വസിക്കുക. നിങ്ങൾക്കായി ഒരു സ്ഥലം സജ്ജമാക്കാനാണു ഞാൻ പോകുന്നതു്. ഞാൻ വീണ്ടും വന്നെത്തും. നിങ്ങളെ ഞാൻ പ്രാപിക്കുന്ന സ്ഥാനത്തു് എന്നോടൊത്തു നിങ്ങളും ഉണ്ടായിരിക്കും."

ആ മാളികമുറിയിൽ രാത്രി അധികരിക്കുന്നതുവരെ അദ്ദേഹം അവരോടു സംസാരിച്ചു. വെളിയിൽ വീഥിയിൽ പരിപൂൎണ്ണമായ മൗനം വ്യാപിച്ചിരുന്നു. അവരെ വിട്ടുപിരിയുന്നതിനു മുൻപു നിരവധി കാൎയ്യങ്ങളെപ്പററി അവരോടു് അദ്ദേഹത്തിനു് സംസാരിക്കാനുണ്ടു്. അവക്കായി താൻ നിയോഗിക്കാനുദ്ദേശിക്കുന്ന ആശ്വാസപ്രദായകനായ പരിശുദ്ധാത്മാവിനെപ്പററിയും അദ്ദേഹത്തിനു അവരെ അറിയിക്കണം.

അദ്ദേഹം ഉറപ്പായി അവരോടു പറഞ്ഞു: "നിങ്ങളെ

അനാഥരാക്കി ഞാൻ വിട്ടുപിരിയുകയില്ല." എന്നാൽ അദ്ദേഹത്തിൻെറ സാമീപ്യത്തിൽ അവർ ജീവിക്കണം. അദ്ദേഹത്തിൽനിന്നാണ് അവക്കു ശക്തി ലഭിക്കേണ്ടതു്. അദ്ദേഹത്തെക്കൂടാതെ അവക്കു യാതൊന്നും ചെയ്യാൻ സാദ്ധ്യമല്ല. "നിങ്ങഠം എന്നിലും ഞാൻ നിങ്ങളിലും വസിക്കാൻ സംഗതിയാകണം. ഞാൻ മുന്തിരിവള്ളിയും നിങ്ങഠം ശിഖരങ്ങളുമാണ്. മുന്തിരിവള്ളിയിൽ ശിഖരങ്ങഠം വസിക്കുന്നില്ലെങ്കിൽ അവയ്ക്കു കായ്ക്കാൻ സാധിക്കയില്ല." അതുമാത്രം പോരാ, അവരും അന്യോന്യം സഹവസിച്ചു സഹകരിച്ചു ജീവിക്കണം. "ഒരു നൂതന കല്പന ഞാൻ നിങ്ങഠംക്കു നൽകുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിപ്പിൻ എന്ന അടയാളംകൊണ്ടു് നിങ്ങഠം എൻെറ ശിഷ്യരാണെന്നു് സകലരും അറിയട്ടെ."

അത്ഭുതകരമായ സംഗതികഠം—ശ്രേഷ്ഠവും ആശ്വാസസംദായകവുമായ സംഗതികഠം അദ്ദേഹം അവരോടു പറഞ്ഞു. അയൽവീടുകളിലെ വിളക്കുകഠം അണഞ്ഞു. എന്നാൽ ഒരു കാര്യംകൂടി അദ്ദേഹത്തിനു അവരോടു പറയാനുണ്ടു്. ഈ രാത്രിയിൽ ബന്ധനങ്ങളും ക്ലേശങ്ങളും അദ്ദേഹം അനുഭവിക്കാൻ ഭാവിക്കുന്നു—ഈ രാത്രിയിലും അടുത്ത ദിവസവും. എന്നാൽ അതിനുശേഷം ദുരിതങ്ങളനുഭവിക്കാനുള്ള അവരുടെ മുറയും വന്നെത്തും. അവർ ആശ്ചര്യപ്പെടാതെയും അമ്പരക്കാതെയും ഇരിക്കാൻ മുൻകൂട്ടി ആ വിവരവും അദ്ദേഹം അവരെ അറിയിക്കേണ്ടിയിരിക്കുന്നു. ദേവാലയത്തിൽനിന്നു അവരെ ആട്ടിപ്പായിക്കയും, അവരെ വധിച്ചതു നന്നായെന്നു ജനങ്ങഠം ചിന്തിക്കയും ചെയ്യുന്ന കാലഘട്ടം വന്നെത്തും. "എന്നാൽ ആത്മവിശ്വാസമുള്ളവരായിരിക്കുക."—സ്നേഹത്തോടെ അദ്ദേഹം ഉപദേശിച്ചു. "ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു." അതിനുശേഷം ആകാശത്തിലേക്കു കണ്ണുകളുയർത്തി അദ്ദേഹം അവരുടെപേക്കായി പ്രാർത്ഥിച്ചു.

"പിതാവേ, വിനാഴിക വന്നെത്തിയിരിക്കുന്നു. അങ്ങു മഹത്വീകരിക്കപ്പെടേണ്ടതിനു പുത്രനെ മഹത്വീകരിച്ചാലും.

ലോകത്തിനുവേണ്ടിയല്ല ഞാൻ പ്രാർത്ഥിക്കുന്നതു്. അങ്ങയുടേതായവരെ അങ്ങു എനിക്കു നൽകി. അവക്കുവേണ്ടിയാണു് ഞാൻ പ്രാർത്ഥിക്കുന്നതു്. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു്, പരിശുദ്ധ പിതാവേ, അങ്ങയുടെ നാമത്തിൽ അവരെ പരിരക്ഷിക്കേണമേ."

പ്രാർത്ഥന അവസാനിച്ചപ്പോഠം വിളക്കുകളിലെ എണ്ണയും മിക്കവാറും തീൎന്നിരുന്നു. പെസഹാ അത്താഴം—അവരോടൊന്നിച്ചുള്ള ഹൃദയംഗമമായ അദ്ദേഹത്തിൻെറ അന്ത്യഭക്ഷണം. അതാ പൂൎത്തിയായി. അദ്ദേഹം എഴുനേററു. ശിഷ്യരും സ്വസ്ഥാനങ്ങളിൽ നിന്നു അദ്ദേഹത്തോടൊപ്പം എഴുനേററു നിന്നു. അന്ത്യസ്തോത്രഗാനം അവർ പാടേണ്ടതുണ്ടു്. അതിൻെറ അവസാനവാക്കുകഠം അന്തരീക്ഷത്തിൽ മാറെറാലിക്കൊള്ളവേ, യേശു വാതലിനെ ലക്ഷ്യമാക്കി നടന്നു. ശിഷ്യർ മൗനമായി അവിടത്തെ പിൻതുടൎന്നു. അവിടന്നു് എവിടെക്കാണു പോകുന്നതെന്നു ആരായേണ്ട ആവശ്യമവക്കുണ്ടായില്ല. ഗത്സമന തോട്ടത്തിൽ പ്രാർത്ഥിക്കാൻ അദ്ദേഹം പോകയാണെന്നു് അവക്കറിയരുതോ?

## അദ്ധ്യായം 23

# ഗത്സമന തോട്ടത്തിൽ

ശീതളസുന്ദരമായിരുന്നു ആ രാത്രി. എത്ര ഹൃദ്യമായിരുന്നു ആ അവസരത്തിൽ വെളിയിലിറങ്ങി നടക്കുന്നത്. യേശുവിനു് നന്നേ അടുത്തു് പിൻപിലായി നടന്ന പത്രോസു ദീർഘമായൊന്നു നിശ്വസിച്ചു. ആകാശവിരിപ്പിൽ നക്ഷത്രലക്ഷങ്ങ ളങ്ങനെ വെട്ടിത്തിളങ്ങുന്നു. പൂർണ്ണചന്ദ്രൻ പ്രഭാപൂരം വിതറുന്നു —പെസഹാനാളിലെ പൂർണ്ണചന്ദ്രൻ. നഗരമെല്ലാം പ്രശാന്തമായി നിദ്രയിലാണ്ടിരിക്കയാണു്. സ്വന്തം കാലടിശബ്ദം വ്യക്തമായിത്തന്നെ ശിഷ്യർക്കു കേൾക്കാം. അതിവേഗമാണു് ഗുരുവും ശിഷ്യരും നടക്കുന്നതു്. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അവർ നഗരാതിർത്തിയിലെത്തി. അവിടെയുണ്ടായിരുന്ന പാലം കടന്നുകഴിഞ്ഞു. ഗത്സമനത്തോട്ടത്തിൻെറ പ്രധാന കവാടത്തിലേയ്ക്കു ഇനി അല്പദൂരമേയുള്ളു.

യേശു മൗനമവലംബിച്ചു നടക്കുകയാണു്. എന്നാൽ പാലത്തിലെത്തുന്നതിനു അല്പസമയം മുൻപു അദ്ദേഹം ശിഷ്യരുടെ നേരെതിരിഞ്ഞു പറയുകയാണു്: "എന്നെപ്രതി ഈ രാത്രിയിൽ

നിങ്ങറം പീഡനങ്ങളും, പരിഹാസങ്ങളും അനുഭവിക്കേണ്ടതായി വരും. "ആട്ടിടയനെ ഞാൻ അടിക്കും. ആടുകറം ചിതറിപ്പോകയും ചെയ്യും." എന്നും എഴുതപ്പെട്ടിരിക്കുന്നല്ലോ. "എന്നാൽ ഞാൻ ഉയൎത്തെഴുന്നേല്ക്കുമ്പോറം നിങ്ങറംക്കു മുൻപേ ഞാൻ ഗലീലിയായിലേക്കു പോകും."

അതു കേട്ടപ്പോറം പെട്ടെന്നു പത്രോസ് ഒരടി മുന്നോട്ടുവച്ചു. "ആരൊക്കെ പീഡനങ്ങറംക്കും പരിഹാസങ്ങറംക്കും വിധേയരായാലും എന്നെ അവയൊന്നും ബാധിക്കയില്ല." ദൃഢസ്വരത്തിൽ അദ്ദേഹം പറഞ്ഞു. സാധു, വിചാരശൂന്യനായ പത്രോസ്! അദ്ദേഹത്തിനു അല്പം മുൻപു ഗുരു ഒരു മുന്നറിയിപ്പു നൽകിയതല്ലേ. "ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു—ഈ രാത്രിയിൽ കോഴി രണ്ടുപ്രാവശ്യം കൂവുന്നതിനു മുൻപു നിങ്ങളെന്നെ മൂന്നുപ്രാവശ്യം തള്ളിപ്പറയും."

പാലം കടന്നു ഗത്സമന കവാടത്തിൽക്കൂടി യേശു മുന്നോട്ടു നടന്നു. ആ കവാടത്തിനു സമീപം ഒരു ഗുഹയുണ്ട്. യേശു പ്രാൎത്ഥിക്കാൻ തോട്ടത്തിൻെറ ഏതെങ്കിലും ഒരു ഭാഗത്തേയ്ക്കു പോകുമ്പോറം ശിഷ്യർ ആ ഗുഹകളിലാണു കഴിച്ചുകൂട്ടുക. ഈ അവസരത്തിലും പത്രോസിനേയും, യോഹന്നാനേയും യാക്കോബിനേയും ഒഴികെയുള്ള ശിഷ്യരെ അദ്ദേഹം അവിടെയാക്കി. ആ മൂവരും അദ്ദേഹത്തെ അനുഗമിച്ചു. താബോർമലയിൽവച്ചു അദ്ദേഹത്തിൻെറ പ്രാഭവവും മഹത്വവും ദൎശിച്ചവരാണവർ മൂന്നുപേരും. ഇപ്പോഴാകട്ടെ അദ്ദേഹത്തിൻെറ ആവശ്യത്തിൻെറ വിനാഴികയിൽ സ്വപാൎശ്വത്തിൽ അവരുണ്ടായിരിക്കണമെന്നു യേശു ആഗ്രഹിച്ചു. "മരണത്തോളം എൻെറ ആത്മാവു വ്യാകുലപ്പെട്ടിരിക്കുന്നു." അദ്ദേഹം അവരെ അറിയിച്ചു. "ഇവിടെ എനിക്കായി കാത്തിരിക്കുക." ഇത്രത്തോളം വ്യാകുലചിത്തനായി അവർ ഇന്നോളം അദ്ദേഹത്തെ കണ്ടിട്ടില്ല.

പന്തലിച്ചു വളരുന്ന ഒരു ഒലിവുവൃക്ഷത്തിൻെറ ചുവട്ടിൽ ശിഷ്യർ മൂവരുമിരുന്നു. യേശു മുന്നോട്ടു നടക്കയും ചെയ്തു. ആ

മൂവരും അവിടെത്തന്നെയിരിക്കുക ഒരു അസാധാരണസംഭവമല്ല. യേശു പ്രാൎത്ഥിക്കുമ്പോൾ അവർ പലപ്പോഴും ആ വൃക്ഷച്ചുവട്ടിൽ കിടന്നുറങ്ങിയിട്ടുപോലുമുണ്ടു്. വൃക്ഷത്തിൻെറ ഇലകളുടെ ഇടയിൽക്കൂടി ചന്ദ്രികാപ്രകാശം അവരെ തഴുകുന്നു. സാൎവ്വത്രികമായി വ്യാപിച്ചിരുന്ന മൗനത്തെ മൂങ്ങാകളുടെ മൂളൽ മാത്രമേ ഭേദിക്കുന്നുള്ളു. അല്പമകലെ അവൎക്കു കാണാം യേശുവിനെ. അദ്ദേഹം കമഴ്ന്നുവീണു പ്രാൎത്ഥിക്കയാണു—അങ്ങനെ അദ്ദേഹം പ്രാർത്ഥിക്കുന്നതു് അനന്യാദൃശമായാണു് അവർ കാണുന്നതു്.

അവൎക്കും ചിന്തിക്കാൻ പല കാൎയ്യങ്ങളുമുണ്ടു്. യേശുവിനെപ്പററിയും അദ്ദേഹം അവരുടെ പാദങ്ങൾ കഴുകിയ സംഭവത്തെപ്പററിയും അവർ ഓൎത്തു. അദ്ദേഹത്തിൻെറ ശരീരമാകുന്ന അത്ഭുതകരമായ അപ്പത്തെയും, രക്തമാകുന്ന വീഞ്ഞിനെയുംപററി അവർ ചിന്തിച്ചു. അവൎക്കുവേണ്ടി പിതാവിൻെറ സന്നിധിയിൽ അദ്ദേഹം അർപ്പിച്ച മനോഹരമായ ആ പ്രാർത്ഥനയുടെ വാക്കുകൾ അവർ ഉരുവിട്ടു: "നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകണേ." അവരുടെ പ്രിയപ്പെട്ട ഗുരുദേവൻ—അദ്ദേഹം വ്യാകുലചിത്തനായിരിക്കുന്നു. അങ്ങനെ ഓരോ കാൎയ്യങ്ങളെപ്പററി ചിന്തിച്ചിരിക്കവേ ഉറക്കം കൊണ്ടു അവരുടെ കണ്ണുകൾ താനേ അടഞ്ഞുതുടങ്ങി. യേശുവിനു അവരെ സമീപത്തു ആവശ്യമുണ്ടു്. അതുകൊണ്ടു് അദ്ദേഹത്തിനുവേണ്ടി ഉറങ്ങാതെ കഴിച്ചുകൂട്ടാൻ അവർ ശ്രമിക്കതന്നെ ചെയ്തു. കാററിൽ ആടിയുലഞ്ഞുകൊണ്ടിരുന്ന വൃക്ഷശിഖരങ്ങളിൽ അവർ ദൃഷ്ടികളുറപ്പിച്ചു—അങ്ങനെ ഉറക്കം പ്രതിബന്ധിക്കാൻ. പക്ഷെ അതുകൊണ്ടു പ്രയോജനമൊന്നുമുണ്ടായില്ല. സാവധാനം അവരുടെ കണ്ണുകളടഞ്ഞു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അവർ ഗാഢനിദ്രയിലാണ്ടു.

* * * * *

കമിഴ്ന്നുവീണു യേശു പ്രാർത്ഥിക്കയാണു്. മൂങ്ങായുടെ

മുളൽശബ്ദം അദ്ദേഹം കേൾക്കുന്നില്ല. നിലാവെളിച്ചം അദ്ദേഹമൊട്ടു കാണുന്നുമില്ല. അദ്ദേഹം കാണുന്നതു ഒരു കുരിശാണു്; കേൾക്കുന്നതു ആണികളിൽ അടിക്കുന്ന ചുററികയുടെ ശബ്ദവും. കയ്പുനീരദ്ദേഹം കുടിക്കയാണു്. ശരീരമാസകലം വേദന അദ്ദേഹം അനുഭവിക്കുന്നു. നാളത്തെ ദുരനുഭവങ്ങളുടെ തീവ്രസങ്കടം ഈ രാത്രിയിൽ അദ്ദേഹം മുൻകൂട്ടി അനുഭവിക്കുകയാണു്. അദ്ദേഹം അനുഭവിക്കയും കാണുകയും ചെയ്തവയ്യെതിരായി ജഡം രോദനശബ്ദം പുറപ്പെടുവിക്കുന്നു. മനുഷ്യരാശിയെ രക്ഷിക്കാൻ ഇതല്ലാതെ ഇതരമാർഗ്ഗമൊന്നുമില്ലെന്നോ! "പിതാവേ." അദ്ദേഹം വീണ്ടും പ്രാർത്ഥിക്കയാണു്. "കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നു നീങ്ങിപ്പോകണെ. എന്നാൽ എൻെറയല്ല, അങ്ങയുടെ അഭീഷ്ടം തന്നെ നടക്കട്ടെ" പലപ്രാവശ്യം ഈ പ്രാർത്ഥന അദ്ദേഹം മനസ്സിൽ ആവർത്തിച്ചു. സാവധാനം അദ്ദേഹം എഴുന്നേററു ആ മൂന്നു ശിഷ്യരുടെയും സമീപത്തേക്കു നടന്നു. അവർ നിദ്രാധീനരായി കണ്ടപ്പോഠം അദ്ദേഹത്തിൻെറ മനസ്സു കൂടുതൽ മ്ലാനമായി. സാവധാനം അദ്ദേഹം പത്രോസിനെ വിളിച്ചു. "ശിമയോനെ, നിങ്ങഠം ഉറങ്ങുകയാണോ? ഒരുമണിക്കൂർ നിങ്ങഠംക്കു കാത്തിരിക്കാൻ സാദ്ധ്യമല്ലേ?"

അവർ മൂവരും ഉറക്കമുണന്നു എഴുന്നേററുനിന്നു. ലജ്ജയും സങ്കടവും അവക്കുണ്ടായി.

"പരീക്ഷയിൽ അകപ്പെടാതിരിക്കാൻ ഉണന്നിരുന്നു പ്രാത്ഥിക്കുവിൻ." അദ്ദേഹം അവരെ ഉപദേശിച്ചു. അവരുടെ ബലഹീനത ക്ഷമിച്ചുകൊണ്ടു അദ്ദേഹം പറയുകയാണു്. "ആത്മാവു് സന്നദ്ധമാണു്; പക്ഷെ ജഡം ബലഹീനവും."

വീണ്ടും അദ്ദേഹം അവരെ വിട്ടകന്നു് പഴയ സ്ഥാനത്തെത്തി തറയിൽ കമിഴ്ന്നു വീണു. ആദാമും ഹവ്വായും ആദ്യപാപം ചെയ്തതിനുശേഷം മനുഷ്യരാശി ചെയ്തിട്ടുള്ള സകല പാപങ്ങളും ഈ അവസരത്തിൽ അദ്ദേഹം കാണുന്നുണ്ടു്. ക്രൂരത, വഞ്ചന, വിഗ്രഹാരാധന, കോപം എന്നിവ മൂലം സംഭവിച്ചി

ട്ടുള്ള എല്ലാ പാപങ്ങളും—ചെറിയതും വലിയതുമായ സകല ദുഷ്കൃത്യങ്ങളും അദ്ദേഹം കണ്ടു. വഹിക്കവയ്യാത്ത അതിഭാരമേറിയ ഒരു ചുമടു തന്റെ ചുമലിൽ വയ്ക്കപ്പെട്ടതുപോലെ അദ്ദേഹത്തിനു തോന്നി. കുരിശിൽ മരിച്ച് സ്വർഗ്ഗസ്ഥനായ തന്റെ പിതാവിന്റെ സന്നിധിയിൽ പരിഹാരം സമർപ്പിക്കേണ്ട പാപങ്ങളാണവ. ആ ഭാരം വഹിക്കുന്നതിൽ അദ്ദേഹത്തിനു അനുഭവവേദ്യമായ തീവ്രവേദന ക്രൂശിൽ മരിക്കുന്നതിൽ കൂടുതൽ ദുസ്സഹമായിരുന്നു. അദ്ദേഹം വീണ്ടും പ്രാർത്ഥിച്ചു:— "പിതാവേ, ഞാൻ കുടിക്കാതെ ഈ പാനപാത്രം എന്നിൽനിന്നു മാറുകയില്ലെങ്കിൽ അങ്ങയുടെ അഭീഷ്ടം നടക്കട്ടെ." വീണ്ടും അദ്ദേഹം ആ മൂന്നു ശിഷ്യരുടെ അടുക്കലെത്തി. അപ്പോഴും അവരുറങ്ങുകയാണ്. അതോടെ അത്യഗാധമായ ഒരു ശാന്തത അദ്ദേഹത്തിനു അനുഭവവേദ്യമായി. അന്ധകാരത്തിന്റെ ഈ വിനാഴികയിൽ വിശ്വാസം അർപ്പിക്കാൻ അദ്ദേഹത്തിനു ആരുമില്ലെന്നോ?—ഒരാൾപോലും ഇല്ലെന്നോ? ഈ പ്രാവശ്യം അദ്ദേഹം അവരെ ശാസിച്ചില്ല; അവർക്കു സമാധാനമൊന്നും പറയാനുമുണ്ടായിരുന്നില്ല.

മൂന്നാം പ്രാവശ്യവും അദ്ദേഹം അവരെ വിട്ടുപോയി കമിഴ്ന്നുവീണു പ്രാർത്ഥിച്ചുതുടങ്ങി. ഈ പ്രാവശ്യം അദ്ദേഹം കാണുക അതിഭയങ്കരമായ കാഴ്ചകളായിരുന്നു. കാലാന്ത്യംവരെ ലോകത്തിൽ നടക്കാനിരിക്കുന്ന ഭയങ്കരവും ഹീനവുമായ കാഴ്ചകളാണ് അദ്ദേഹം കാണുക. സ്വശത്രുക്കളുടെ പാപങ്ങൾ അദ്ദേഹം കണ്ടു—സുഹൃത്തുക്കളെന്നു സ്വയം അഭിമാനിച്ചവരുടെ പാപങ്ങളും അദ്ദേഹം കണ്ടു. കഴിഞ്ഞ കാലത്തെ പാപങ്ങളുടെ ഭാരത്തേക്കാൾ ദുർവഹമായിത്തോന്നി അദ്ദേഹത്തിനു ഭാവികാലത്തെ പാപങ്ങളുടെ ഭാരം. അദ്ദേഹത്തിന്റെ ജീവത്യാഗം ഇങ്ങനെ നിഷ്ഫലമായിത്തീരുകയല്ലേ ചെയ്യുന്നതു്? ശത്രുക്കളുടെ ഘോരപാപങ്ങളാണോ അതോ സ്നേഹിതരുടെ ചെറുപാപങ്ങളാണോ അദ്ദേഹത്തെ കൂടുതൽ വേദനി

പ്പിച്ചതെന്നു പറകവയ്യ. ഭാവിയിലെ പാപങ്ങളാണ് കഴിഞ്ഞകാലത്തെ പാപങ്ങളേക്കാൾ വഹിക്കുവാൻ അദ്ദേഹത്തിനു വിഷമകരമായിത്തോന്നുക അപ്പോൾ. നാളെ കുരിശിൽ മാനവവംശത്തിനുവേണ്ടി സ്വർഗ്ഗം സമ്പാദിക്കാൻ സ്വന്തം ജീവൻ അദ്ദേഹം ആഹുതി ചെയ്യുകയാണ്. പക്ഷെ, മനുഷ്യർ അതു് തൃണതുല്യം പരിത്യജിക്കയും ചെയ്യും. കുരിശുമൂലം, ആണികൾ കൊണ്ടു്, കണ്ണുനീരിനാൽ അദ്ദേഹം നേടിയതെല്ലാം മനുഷ്യജാതി നിസ്സാരമായി പരിത്യജിക്കാൻ സന്നദ്ധരായിരിക്കയാണ്. ആ പശ്ചാത്തലംവച്ചു ചിന്തിക്കുമ്പോൾ ആ പരിത്യാഗം പ്രയോജനപ്രദമോ? അതിന്നുണ്ടോ സംശയം. അഹംതന്നെയാണതു്. ഒരാത്മാവെങ്കിലും അതുകൊണ്ടു രക്ഷനേടുമെങ്കിൽ ആ ദിവ്യഗുരുവിൻെറ സ്വയം പരിത്യാഗത്തിനു പ്രതിഫലം കിട്ടിക്കഴിഞ്ഞു. പക്ഷെ, അദ്ദേഹത്തിൻെറ ആത്മാവു് മരണത്തോളം വ്യാകുലപ്പെട്ടിരുന്നു. അദ്ദേഹം പ്രാർത്ഥിച്ചു —ഇടതടവില്ലാതെ പ്രാർത്ഥിച്ചു. ആ ശരീരം മുഴുവൻ വിയർക്കുന്നതുവരെ മനംനൊന്തു അദ്ദേഹം പ്രാർത്ഥിച്ചു. ആ വിയർപ്പാകട്ടെ രക്തബിന്ദുക്കളായിരുന്നു. മെല്ലെ മെല്ലെ അദ്ദേഹത്തിൻെറ ശരീരം വേദന വിട്ടൊഴിഞ്ഞു ശാന്തത പ്രാപിച്ചു. തറയിൽ കമിഴ്ന്നുവീണു പ്രാർത്ഥിക്കയാണദ്ദേഹം. ആ അവസരത്തിൽ ആകാശത്തുനിന്നു വന്നെത്തി ദൈവദൂതർ അദ്ദേഹത്തെ സമാശ്വസിപ്പിക്കാൻ. അദ്ദേഹത്തിൻെറ ആത്മാവു് പൂർണ്ണമായ ശാന്തത പ്രാപിച്ചു. ആ പാനപാത്രം നീങ്ങിപ്പോകണമെന്നു അദ്ദേഹത്തിനു അശേഷം ആഗ്രഹമില്ല ഇപ്പോൾ. അതു കുടിക്കാൻ ആ നിമിഷം മുതൽ അദ്ദേഹം സന്നദ്ധനാകുകതന്നെ ചെയ്തു.

അദ്ദേഹം എണീററ ആ മൂന്നു ശിഷ്യരുടെ സമീപമെത്തി വീണ്ടും. അവർ അപ്പോഴും ഉറക്കമാണ്. എന്നാൽ അവരുടെ മുഖങ്ങളിൽ കണ്ണീരിൻെറ ഉണങ്ങിയ നീർച്ചാലുകൾ കാണാനുണ്ടു്. സങ്കടം—സഹിക്കവയ്യാത്ത സങ്കടം—ആ ഭാരത്തോടെ അവർ ഉറങ്ങുകയാണ്. അദ്ദേഹം സമീപമെത്തിയ

പ്പോഠം ഉറക്കത്തിൽ അവർ അനങ്ങി. "ഉറങ്ങുക—വിശ്രമി ക്കുക" അവരോട്ട് അദ്ദേഹം പറഞ്ഞു. എന്നാൽ ലജ്ജാഭരി തരായി അവർ ഉറക്കമുണർന്നു. അപ്പോഴാണ് അവരോട്ട് അദ്ദേ ഹം പറയുന്നതു്: "വിനാഴിക വന്നെത്തിയിരിക്കുന്നു. പാപി കളുടെ കൈയിൽ മനുഷ്യപുത്രൻ ഏല്പിക്കപ്പെട്ടും. വരിക— നാം പോകുക. എന്നെ ഒററിക്കൊടുക്കുന്നവൻ അതാ വരുന്നു."

ശിഷ്യരുടെ കാലുകഠം മരവിക്കുന്നുണ്ടു്. ആ ചന്ദ്രികാപ്ര കാശത്തിൽ അവരദ്ദേഹത്തിൻെറ മുൻപിൽനിന്നു. ആ നിമി ഷത്തിലും അവക്കു കേഠക്കാം, പട്ടാളക്കാരുടെ കവാത്തുശബ്ദം. അതാ കൊളുത്തപ്പെട്ട പന്തങ്ങളോടെ ഒരു സംഘം ആളുകഠം യേശുവിനേയും ശിഷ്യരേയും ലക്ഷ്യമാക്കി നടക്കുന്നു.

ആ പടയാളികഠംക്കു സന്ദർഭാനുസരണം ആജ്ഞകഠം നൽ കുകയാണ് അവരുടെ മേധാവി. ഗുഹയിലിരുന്ന ശിഷ്യരും ആ ശബ്ദം കേട്ടു. അവർ യേശുവിൻെറ അരികിൽ ഓടി യെത്തി.

"ഗുരോ, അതാ പട്ടാളക്കാർ വരുന്നു." ഉൽക്കണ്ഠാഭരിത രായി യേശുവിനോട്ട് അവർ പറയുകയാണ്. "അവർ പാലം കടന്നു് തോട്ടത്തിൻെറ വാതിൽക്കൽ എത്തിക്കഴിഞ്ഞു. അവരു ടെകൂടെ ധാരാളം ആളുകളുമുണ്ടു്."

അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോഠംതന്നെ പടയാ ളികളുടെ നേതൃത്വത്തിലുള്ള ജനസഞ്ചയം യേശുവിനേയും ശി ഷ്യരേയും സമീപിച്ചുകഴിഞ്ഞിരുന്നു. പടച്ചട്ടകളുടെ തിളുതി ളക്കം പന്തങ്ങളുടെ പ്രകാശത്തിൽ അവക്കു വ്യക്തമായിക്കാ ണാം. റോമാപ്പടയാളികളുടെ തലയിലുള്ള ഉരുക്കുതൊപ്പിക ളും, ദേവാലയ കാവൽക്കാരുടെ കുന്തങ്ങളും ആ ദീപ്തിയിൽ വെട്ടിത്തിളങ്ങുന്നുണ്ടു്. അവരെ അനുഗമിക്കുന്ന വമ്പിച്ച ജന സംഘവും ദൃഷ്ടിപഥത്തിലെത്തി. അവരിലെല്ലാററിലും മുന്ന ണിയിൽ നിൽക്കുന്നതു് ഒരു റോമാസൈനികോദ്യോഗസ്ഥനും ഒരു ചെറുസംഘം പുരോഹിതരും പരീശരുമാണ്.

"നിൽക്കട്ടെ." സൈനികോദ്യോഗസ്ഥൻെറ ആജ്ഞ അവിടെ മുഴങ്ങി. ഗത്സമനതോട്ടത്തിൻെറ മുൻകവാടത്തിൽ പടയാളികളുൾപ്പെടെയുള്ള ആ ജനസഞ്ചയം നിശ്ചലരായി നിലകൊണ്ടു.

ഒലിവുമരങ്ങളുടെ മറവിലേക്കു ശിഷ്യർ നീങ്ങിനിന്നു. പക്ഷെ, യേശു അവിടെനിന്നു മാറിയില്ല. ചന്ദ്രികയുടെ പ്രകാശവലയത്തിനുള്ളിൽ യാതൊരു കൂസലുംകൂടാതെ ആഗതരെ അഭിമുഖീകരിച്ചുകൊണ്ടു് നിശ്ചലനായി അദ്ദേഹം നില്ക്കുയാണ്.

അതാ ആ കവാടം കടന്നു ഒരാൾ മുന്നോട്ടു വരുന്നു. ശിഷ്യർ പതിനൊന്നുപേരും സംഭ്രാന്തിയോടെ ശ്വാസമടക്കിനിന്നു. ആ നടപ്പ് അവർക്കു പരിചിതമാണ്—ആ അന്ധകാരത്തിലും അവർക്കു ആളെ മനസ്സിലായി. മൂന്നു വർഷക്കാലമായി ദിനംപ്രതിയെന്നോണം ആവിധം നടക്കുന്ന വ്യക്തിയെ അവർ കണ്ടിട്ടുണ്ട്—ഗലീലിയായിലും, യഹൂദിയായിലും, യോർദ്ദാൻ നദിക്കപ്പുറവും എന്നുവേണ്ട വിവിധസ്ഥാനങ്ങളിൽവച്ച്. ആരാണ് ആ മനുഷ്യൻ? അവരുടെ സുഹൃത്ത്—യേശുവിൻെറ സുഹൃത്ത്—യൂദാ.

യേശു നിശ്ചലനായി അയാളുടെ ആഗമനം നോക്കിനിന്നു. ആ തോട്ടത്തിൽക്കൂടി അയാൾ നടന്നുവരുന്നതുപോലെ സങ്കടകരമായ ഒരു സംഗതിയും അദ്ദേഹം കണ്ടില്ല.

യൂദാ നേരെ യേശുവിൻെറ സമീപമെത്തി. "റബ്ബീ"—അയാൾ വിളിച്ചു. അതോടൊപ്പംഅയാൾ യേശുവിനെ ചുംബിച്ചു.

തികഞ്ഞ പ്രശാന്തതയോടെ യേശു അയാളോടു ചോദിക്കയാണ്:—"സ്നേഹിതാ, നീങ്ങൾ എന്തിനു വന്നു? ഒരു ചുംബനംകൊണ്ടാണോ നിങ്ങൾ മനുഷ്യപുത്രനെ ഒററിക്കൊടുക്കുന്നത്?"

അതിനുശേഷം അദ്ദേഹം മുന്നേറിവരുന്ന പുരുഷാരത്തിൻെറ സമീപത്തേക്കു നടന്നു. അവർ എന്തുചെയ്യാൻ അവിടെ എത്തിച്ചേർന്നോ, അതിനു അദ്ദേഹം സന്നദ്ധനായിക്കഴിഞ്ഞിരുന്നു. സ്വർഗ്ഗസ്ഥനായ തൻെറ പിതാവിനോടു അദ്ദേഹം പറ

ഞ്ഞുകഴിഞ്ഞതല്ലേ: "എൻെറ ഇഷ്ടമല്ല, അങ്ങയുടെ അഭീഷ്ടം നടക്കട്ടെ" എന്നു്.

ആഠംക്കൂട്ടം യേശുവിനെ വളയാൻ നിമിഷങ്ങളേ വേണ്ടിവന്നുള്ളു. ഇതിനോടിടകൊണ്ടു പത്രോസു പൂർണ്ണമായി നിദ്രയിൽനിന്നു വിമുക്തനായിക്കഴിഞ്ഞിരുന്നു. കോപവും വികാരവൈവശ്യവുംകൊണ്ടു് അദ്ദേഹം വിറയ്ക്കുകയാണു്. "കർത്താവേ, ഞങ്ങഠം വാളുകൊണ്ടു വെട്ടട്ടേ?" അദ്ദേഹം ഗുരുവിനോടു ചോദിച്ചു. അതിനു അനുമതി ലഭിക്കാൻ അദ്ദേഹം നോക്കിനിന്നില്ല. വാളൂരി അദ്ദേഹം വെട്ടി. എന്താണു സംഭവിച്ചതെന്നു ആരും മനസ്സിലാക്കുന്നതിനു മുൻപുതന്നെ പ്രധാനാചാര്യൻെറ ഒരു ശിഷ്യൻ കാതററു നിലത്തു വീണു.

യേശു ഗൗരവത്തോടെ പത്രോസിനെ നോക്കി. "വാഠം ഉറയിലിടുക:" അദ്ദേഹം ആജ്ഞാപിച്ചു. ലജ്ജയോടെ പത്രോസ് ആ ആജ്ഞ അനുസരിച്ചു. അതേതുടന്നു അദ്ദേഹം പത്രോസിനോടു ചോദിക്കയാണു്:— "പന്ത്രണ്ടു ലെഗ്യോനിലുമധികം ദൈവദൂതന്മാരെ ഇപ്പോഠംത്തന്നെ എൻെറ സമീപം നിറുത്തണേ എന്നു് എനിക്കു പിതാവിനോടു അപേക്ഷിച്ചുകൂടെന്നു വിചാരിക്കുന്നോ? പിതാവു് എനിക്കു നൽകിയ പാനപാത്രം ഞാൻ കുടിക്കേണ്ടെന്നോ?"

അദ്ദേഹം ആ ഭൃത്യനെ സമീപിച്ചു് രക്തമൊഴുകുന്ന അയാളുടെ ശിരസ്സിൽ തൊട്ടു. അതോടെ അയാഠംക്കു സുഖമായി. എന്നാൽ ആ സംഭവം അദ്ദേഹത്തിനു സമീപം നിന്നവർ മാത്രമേ കാണുകയുണ്ടായുള്ളു.

യേശു പുരോഹിതരുടെ നേരെ തിരിഞ്ഞു:— "ഒരു കള്ളനെ എന്നപോലെ എന്നെ ബന്ധിക്കാൻ നിങ്ങഠം വാളും വടിയുമായി വന്നെത്തിയിരിക്കുന്നു. ദിനംപ്രതി ഉപദേശങ്ങഠം നൽകിക്കൊണ്ടു് ഞാൻ ദേവാലയത്തിൽ സന്നിഹിതനായിരുന്നു. ആ അവസരങ്ങളിൽ നിങ്ങളെന്നെ ബന്ധിച്ചില്ല." ഒരു നിമിഷനേരം അദ്ദേഹം മൗനമവലംബിച്ചു. സാവധാനത്തിൽ അദ്ദേഹം തുടന്നു പ്രസ്താവിച്ചു:— "എന്നാൽ ഇതു നിങ്ങളുടെ

വിനാഴികയും അന്ധകാരത്തിന്റെ അധികാരവും ആകുന്നു."

അദ്ദേഹത്തെ പിടികൂടാൻ ജനങ്ങൾ മുന്നോട്ടു പാഞ്ഞു. എന്നാൽ അടുത്ത നിമിഷം അവർ നിലംപതിച്ചു. അദൃശ്യമായ ഏതോ ഒരു ശക്തി ആ ഉദ്യമത്തിൽനിന്നു അവരെ പിൻവലിക്കുന്നതുപോലെ അവൎക്കു തോന്നി. അതിനോടിടയിൽ മററൊരുസംഘം യേശുവിനോടടുത്തു കഴിഞ്ഞിരുന്നു. അവരദ്ദേഹത്തെ പിടിച്ചു. അവരെ അദ്ദേഹം തടഞ്ഞില്ല. അവരോടെതിൎത്തുമില്ല. തടഞ്ഞില്ലെന്നു മാത്രമല്ല—ചെറുത്തില്ലെന്നു മാത്രമല്ല—തന്നെ ബന്ധിക്കുന്നതിനു കരങ്ങൾ അവരുടെ മുൻപിലേക്കു അദ്ദേഹം നീട്ടിക്കൊടുത്തു. കൊല്ലപ്പെടുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ സ്വപിതാവിന്റെ അഭീഷ്ടത്തിനു അദ്ദേഹം കീഴടങ്ങുകയാണ്. ക്രൂരമായ തുടലുകൾ അദ്ദേഹത്തിന്റെ കരങ്ങളെ ബന്ധിച്ചു. ആരോ പിന്നിൽനിന്നു ജനക്കൂട്ടത്തിന്റെ മദ്ധ്യത്തിലേക്കു് അദ്ദേഹത്തെ തള്ളിനീക്കി.

സൈനികോദ്യോഗസ്ഥന്റെ ആജ്ഞ മുഴങ്ങി. പടയാളികളും ജനങ്ങളും തോട്ടത്തിന്റെ മുൻകവാടത്തെ ലക്ഷ്യമാക്കി നടന്നുതുടങ്ങി. അവർ അദ്ദേഹത്തെ പരിഹസിക്കുന്നുണ്ടു്; പിന്നിൽനിന്നു തള്ളുന്നുണ്ടു്. ചിലർ അദ്ദേഹത്തിന്റെ മുഖത്തു തുപ്പി. മററു ചിലർ അദ്ദേഹത്തെ പ്രഹരിക്കപോലും ചെയ്യുന്നുണ്ടു്. ആളിക്കത്തിക്കൊണ്ടിരുന്ന പന്തങ്ങളുടെ ദീപ്തിയിൽ അവർ കവാടത്തിനു വെളിയിലിറങ്ങി; പാലവും കടന്നു മുന്നോട്ടുനീങ്ങി.

തോട്ടത്തിലെ ഒലിവുവൃക്ഷങ്ങളുടെ മറവിൽ ആ പതിനൊന്നു ശിഷ്യരും ഒളിച്ചിരിക്കയാണ്. ഭയന്നു അവർ നഖശിഖാന്തം വിറയ്ക്കുന്നുണ്ടു്. പ്രവാചകന്മാരുടെ പ്രവചനങ്ങൾ അങ്ങനെ സാക്ഷാൽക്കരിക്കപ്പെട്ടു.

"ഞാൻ ഇടയനെ അടിക്കും. ആട്ടിൻകൂട്ടമോ ചിതറിപ്പോകും."

ആ ശിഷ്യരിൽ ഒരാൾപോലും ഗുരുവിനെ അനുഗമിക്കാൻ ധൈര്യപ്പെട്ടില്ല.

## അദ്ധ്യായം 24
# പത്രോസിൻെറ നിഷേധം

പത്രോസും യോഹന്നാനും ഒലിവുവൃക്ഷങ്ങളുടെ മറവിൽ ഒളിച്ചിരിക്കയാണു്. ആ അന്ധകാരത്തിലേയ്ക്കു അവർ അമ്പരപ്പോടെ, സംഭീതരായി നോക്കി. അവർ വിറയ്ക്കുന്നുണ്ടു്. പന്തങ്ങളേന്തിയ ആൾക്കൂട്ടം പോയിക്കഴിഞ്ഞു. ഇരുട്ടിൻെറ രൂക്ഷത വർദ്ധിയ്ക്കുന്നതുപോലെ അവർക്കിരുവർക്കും തോന്നി. ആ ജനസഞ്ചയത്തിൻെറ ആരവം അങ്ങനെ മന്ദീഭവിച്ചു വരുന്നു. അല്പനേരംകൂടി കഴിഞ്ഞപ്പോൾ ആ ശബ്ദം പൂർണ്ണമായും നിലച്ചു. അവർ ഒളിവുസ്ഥലത്തുനിന്നു സാവധാനം എഴുന്നേററു ചുററുപാടും സൂസൂക്ഷ്മം ഒരു പരിശോധന നടത്തി. മററു ശിഷ്യരെ അവിടെയെങ്ങും കാണാനില്ല. യേശുവിനെ പിടിക്കാൻ പടയാളികളും പുരുഷാരവും വന്നെത്തിയപ്പോൾ വിവിധദിക്കുകളിലേക്കാണു് ശിഷ്യരോരോരുത്തരും ഓടിപ്പോയതു്. പത്രോസും യോഹന്നാനും ഏതാനും നിമിഷനേരം ചലനരഹിതരായിനിന്നു. സംസാരിക്കാനോ ചിന്തിക്കാൻപോലുമോ അവർക്കു സാധിയ്ക്കുന്നില്ല. അത്രകണ്ടു സംഭീതരായിരുന്നു അവർ. അവർ കവാടത്തെ ലാക്കാക്കി ചുററുപാടും സൂക്ഷിച്ചു

നോക്കി സാവധാനം നടന്നുതുടങ്ങി. പക്ഷെ അവരിങ്ങനെ കരുതലോടെ, പരുങ്ങലോടെ നടക്കേണ്ട ആവശ്യമൊന്നുമുണ്ടായിരുന്നില്ല. ആൾക്കൂട്ടം അവിടെനിന്നു പൊയ്ക്കഴിഞ്ഞു. അന്വേഷിച്ചിറങ്ങിയ ആളിനെ ആൾക്കൂട്ടത്തിനു കിട്ടിക്കഴിഞ്ഞു. ഭയവിഹ്വലരായ ഏതാനും മുക്കുവരെ അവക്കാവശ്യമില്ല. ശിഷ്യന്മാർ സംഭ്രാന്തിയോടെ സംഭവസ്ഥലത്തുനിന്നു ഓടിത്തുടങ്ങിയപ്പോൾ പുരോഹിതർ ഉറക്കെ വിളിച്ചുപറയുകയുണ്ടായി: "അവരു പൊയ്ക്കൊള്ളട്ടെ. നമുക്കു് ആവശ്യമുള്ളവനെ കിട്ടിക്കഴിഞ്ഞു."

ശിഷ്യർ ഇരുവരും കവാടത്തിലെത്തി പാലം കടന്നു് യോനാഥാൻെറ വീട്ടിലേയ്ക്കു നടന്നു. അനന്തര നടപടികളെ സംബന്ധിച്ചിടത്തോളം ഖണ്ഡിതമായ ഒരു പരിപാടിയും അവക്കില്ല, എന്നാലും ആ വീട്ടിൽതന്നെ ആദ്യം പ്രവേശിക്കയെന്നു അവർ നിശ്ചയിച്ചു. അവിടെ പ്രവേശിച്ചു് യേശുവിൻെറ മാതാവിനെ കാണാമല്ലൊ............

ഒരു ജനാലയ്ക്കുസമീപം മുട്ടിന്മേൽനിൽക്കുന്നു ആ മാതാവു്.

അവർ വാതിൽ തള്ളിത്തുറന്നു് അതിവേഗം അകത്തു പ്രവേശിച്ചു. നിശ്ചലയായാണു് മേരി മുട്ടിന്മേൽ നിൽക്കുന്നതു്. എന്നാൽ അവൾ കണ്ണീർ പൊഴിക്കയായിരുന്നെന്ന കാര്യം ആദ്യനോട്ടത്തിൽത്തന്നെ ആ ശിഷ്യക്കു മനസ്സിലായി. അവർ മടങ്ങിപ്പോകാൻ ഭാവിച്ചു. പക്ഷെ അല്പസമയത്തിനുള്ളിൽ മേരി അവരെ കണ്ടുകഴിഞ്ഞു. അവൾ എഴുന്നേററിരുന്നു. ആ മാതാവിനെ വിവരം എങ്ങിനെയാണു ധരിപ്പിക്കേണ്ടതെന്നു അവർ തീരുമാനപ്പെടുത്തിക്കഴിഞ്ഞതാണു്. എന്നാൽ ഇപ്പോഴാകട്ടെ അവർ കാര്യമെല്ലാം തുറന്നു പറയുകയാണു ചെയ്തതു്.

"മേരീ, അവർ അദ്ദേഹത്തെ ബന്ധിച്ചുകൊണ്ടുപോയി. എങ്ങോട്ടാണെന്നു ഞങ്ങൾക്കു ഒരൂഹവുമില്ല. മിക്കവാറും കയ്യാഫായുടെ കൊട്ടാരത്തിലേക്കായിരിയ്ക്കണം. സംഭവിക്കാൻപോകുന്നതെല്ലാം ഗുരുവിനു മുൻകൂട്ടി അറിയാമായിരുന്നു. രക്തം

വിയപ്പുതുള്ളികഠംപോലെ മുഖത്തുനിന്നൊഴുകുന്നതുവരെ അദ്ദേഹം പ്രാൎത്ഥിച്ചു. മേരി, ഈ ഞങ്ങഠം അദ്ദേഹത്തിനു ഞങ്ങളെ ആവശ്യമുണ്ടായിരുന്ന അവസരത്തിൽ ഉറങ്ങുകയായിരുന്നു. ഒരു ചുംബനത്തിൽ അദ്ദേഹത്തെ ഒററിക്കൊടുത്തതു യൂദായായിരുന്നു. അവർ അദ്ദേഹത്തെ ബന്ധനസ്ഥനാക്കിയപ്പോഠം ഞങ്ങഠം ഓടിയൊളിച്ചു. യറുശലേമിൽനിന്നു ഞങ്ങഠം ഓടിപ്പോയി."

മററു സ്ത്രീകളിൽനിന്നു വ്യത്യസ്തയാണു മേരിയെന്നവർ മുമ്പേതന്നെ മനസ്സിലാക്കിയിട്ടുള്ളതാണ്. എന്നാൽ ആ നിലാവത്തു് അവർ പറയുന്നതുകേട്ടു് ആ സാത്വികഅവിടെ ശാന്തയായിനിന്നപ്പോഠം മാത്രമേ ആ വ്യത്യാസം എത്രകണ്ടു വിപുലമാണെന്നു അവൎക്കു മനസ്സിലാക്കാൻ സാധിച്ചുള്ളു. ശ്രദ്ധിക്കവേ അവളുടെ മുഖത്തു സഹതാപഭാവം വ്യാപിച്ചു—യേശുവിനെ വിട്ടുഭയന്നോടിപ്പോയ അവരോടുള്ള സഹതാപം.

അല്പംകഴിഞ്ഞവർ ആ വീടുവിട്ടിറങ്ങി. അപ്പോഠം അവർ ശാന്തരായിരുന്നു—ധീരചിത്തരായിരുന്നു. യേശു എവിടെയാണെന്നറിയാനാണ് അവർ അവിടെ നിന്നിറങ്ങിത്തിരിച്ചതു്.

ആഠംസഞ്ചാരമില്ലാതിരുന്ന വീഥികളിൽക്കൂടി കയ്യാഫായുടെ മന്ദിരത്തിലേക്കു അവർ നടന്നു. ആ വസതിയേ സമീപിക്കവേ, ശിരസ്സുകഠം തുണികൊണ്ടുമറച്ചു കുറെ ആളുകഠം കരുതലോടെ നടന്നുപോകുന്നതു അവർ കണ്ടു. യേശുവിനെ ബന്ധനസ്ഥനാക്കിയ സമയം മുതൽ നഗരത്തിൻെറ ഉപരിഭാഗത്തെ വീഥികളിൽക്കൂടി സന്ദേശവാഹകർ നടന്നു ഓരോ വീടിൻെറ മുൻവാതിൽക്കൽ മുട്ടുകയാണ്.

ഓരോ വീട്ടിലും ആളുകളെ വിളിച്ചുണൎത്തി അവർ മന്ത്രിക്കും: നിങ്ങളറിഞ്ഞോ? അധികാരികഠം ആ നസ്രായനെ പിടികൂടി. കയ്യാഫായുടെ ഗൃഹത്തിൽ സന്നിദ്രിംസംഘം ഇന്നു രാത്രിയിൽ സമ്മേളിയ്ക്കുന്നുണ്ടു്. കഴിയുംവേഗം നിങ്ങളും അവിടെ വന്നെത്തണം.

"വിശേഷം കേട്ടില്ലേ"-മറെറാരുവീട്ടിൽ അവരറിയിയ്ക്കം. "യേശു അധികാരികളുടെ കൈകളിലമന്നു. ഇന്നു രാത്രിയിലാണു അയാളെ അവർ പിടികൂടിയതു്, സന്നിദ്രിംസംഘം രാത്രിയിൽതന്നെ കൂടുന്നുണ്ടു്."

"സന്നിദ്രിം സംഘത്തിൻെറ ഒരടിയന്തിരയോഗം. വേഗം വരണേ........"

അല്പസമയമേ ഇതിനു വേണ്ടിവന്നുള്ളു—ഇരുളടഞ്ഞ ആ വീഥികളിൽ കൂടി ജനങ്ങളുടെ ഒരു പ്രവാഹം തന്നെ പുറപ്പെട്ടുകഴിഞ്ഞു. ഒരേ ഒരു സ്ഥാനംതന്നെയാണു് അവരുടെ ലക്ഷ്യം.

യോഹന്നാനും പത്രോസും കയ്യാഫായുടെ വസതിയ്ക്കു മുൻപിലെത്തി, വഴിയുടെ ഒരു ഭാഗത്തു അവർ മറഞ്ഞുനിന്നു. ശിരസ്സുമറച്ച വീഥികളിൽ യേശുവിനെ പിടികൂടിയ വിശേഷം നഗരവാസികളെ അറിയിച്ച കൂട്ടർ ഓരോരുത്തരായി വാതിലിൽ മുട്ടും. അകത്തുനിന്നാരെങ്കിലും സാവധാനം വാതിൽ തുറക്കും. സന്ദേശവാഹകർ അകത്തു പ്രവേശിക്കയായി—വാതിൽ അടയ്ക്കുയുമായി. കയ്യാഫായുടെ കൊട്ടാരത്തിനുള്ളിൽ എന്തൊക്കെയോ സംഭവിക്കുന്നുണ്ടു്—രഹസ്യമായി സൂക്ഷിക്കേണ്ട എന്തോ സംഭവങ്ങൾ.

ആ വഴിയിൽ ആൾസഞ്ചാരം നിലച്ചപ്പോൾ പത്രോസും യോഹന്നാനും വാതിൽക്കലെത്തി. അല്പനേരം അതിനുമുൻപിൽ അവർനിന്നു. ഭയം വീണ്ടും അവരെ ബാധിച്ചു—താൽക്കാലികമായി മേരി അവരിൽനിന്നു ബഹിഷ്കരിച്ച ദേഹദേഹികളെ ഒന്നുപോലെ സ്തംഭിപ്പിയ്ക്കുന്ന ഭീതി. അല്പംകഴിഞ്ഞു പത്രോസു ധൈര്യം അവലംബിച്ചു് ആ വാതിലിൽ മുട്ടി. ആരും വാതിൽ തുറക്കുന്നില്ല. വീണ്ടും അല്പംകൂടെ ശബ്ദത്തോടുകൂടി അദ്ദേഹം മുട്ടി. വാതിൽ തുറന്നു. ഒരു പരിചാരിക തുറന്ന വാതിലിൽകൂടി പുറത്തേക്കെത്തിനോക്കി. അവരുടെ പരുപരുത്ത വസ്ത്രങ്ങളും ഗ്രാമപ്രകൃതിയും അവൾ സൂക്ഷിച്ചു.

"ഈ സമയത്തു നിങ്ങൾക്കെന്തായിരിക്കുമോ ഇവിടെ ആവശ്യം?"—പരിഹാസഭാവത്തിൽ അവൾ ആരാഞ്ഞു.

"ഞങ്ങൾക്കകത്തു പ്രവേശിക്കണം"—പത്രോസു മറുപടി നൽകി. "അല്പം ചില ആവശ്യമുണ്ട് ഞങ്ങൾക്കിവിടെ"

"ഉവ്വോ—അല്പം ചില ആവശ്യമുണ്ട് നിങ്ങൾക്ക് മഹാപുരോഹിതൻെറ മന്ദിരത്തിൽ—ഇല്ലേ?" അവളുടെ ശബ്ദത്തിൽ പൃച്ഛഭാവം കൂടുതൽ ധ്വനിച്ചു. "അതും പാതിരാസമയത്ത്. പോകുന്നുണ്ടോ വേഗം ഇവിടെ നിന്നു്?"—അവൾ വാതിൽ ആഞ്ഞടച്ചു.

യോഹന്നാനു മഹാപുരോഹിതൻെറ വസതിയിൽ ആരെയോ ഒരാളെ പരിചയമുണ്ട്. "ഞാനൊന്നു ശ്രമിച്ചുനോക്കട്ടേ?"—അദ്ദേഹം പത്രോസിനോടു ചോദിച്ചു. പത്രോസു സമ്മതംമൂളി. യോഹന്നാൻ കതകിൽ മുട്ടി. വാതിൽ തുറന്നു് വീണ്ടും ആ പരിചാരിക പ്രത്യക്ഷപ്പെട്ടു. അവരെ വീണ്ടും കണ്ടപ്പോൾ അരിശത്തോടെ അവൾ വാതിലടയ്ക്കാൻ ഭാവിച്ചു. ആ അവസരത്തിലാണ് യോഹന്നാൻ അവളുടെ ചെവിയിൽ എന്തോ മന്ത്രിയ്ക്കുക. അവളുടെ അരിശം അപ്പോൾ അല്പം നീങ്ങി.

"ആവട്ടെ—വേണമെങ്കിൽ കയറിക്കോ അകത്തു്" പക്ഷേ സംശയത്തോടെ അവൾ അവരെ അപ്പോഴും നോക്കുന്നുണ്ടായിരുന്നു. ശിഷ്യരിരുവരും അകത്തുകടന്നു. അവൾ വീണ്ടും വാതിലടയ്ക്കുകയും ചെയ്തു.

ആ മന്ദിരത്തിൻെറ വിശാലമായ മുൻമുററത്തു പത്രോസും യോഹന്നാനും ചെന്നെത്തി. ആ മുററത്തിൻെറ ഒരു ഭാഗത്താണ് കയ്യാഫായുടെ ഭാര്യാപിതാവ് അന്നാസിൻെറ കൊട്ടാരം. മുററത്തിൻെറ മദ്ധ്യഭാഗത്തു ഒരാഴി കൂട്ടിയിട്ടുണ്ട്. അതിനു ചുററും ഒരു സംഘം ഭൃത്യരും, പടയാളികളും ചൂടേററുനില്ക്കയാണ്.

"ഏതായാലും അയാളെ അവർ ഈ പ്രാവശ്യം പിടികൂടുകതന്നെ ചെയ്തു"—ഒരാൾ പറയുകയാണ്. "എത്രകാലമായിട്ടാണോ ഇങ്ങനെ അയാളെ കാത്തിരിക്കാൻതുടങ്ങിയിട്ട്? അയാളുടെ ശിഷ്യരിലൊരുവനാണപോൽ അയാളെ ഒററിക്കൊടുത്തതു്."

ആഴിയോടു സമീപിച്ച പത്രോസു ഈ വാക്കുകഠം കേട്ട പ്പോഠം ചൂളിപ്പോയി. അദ്ദേഹം ചോദിച്ചു: "യേശു ഇപ്പോഠം എവിടെയാണു്?"

"അന്നാസിൻെറ സൂക്ഷിപ്പിൽ. സന്നിദ്രിം സംഘത്തിൻെറ മുമ്പിൽ അയാളെ കൊണ്ടെത്തിക്കുന്നതുവരെ, ഏതായാലും ആ മനുഷ്യൻ ധൈര്യമുള്ളവനാണു്. അന്നാസിനോടു് അയാഠം വർത്തമാനം പറഞ്ഞ രീതി ഒന്നു കേഠംക്കേണ്ടതുതന്നെയായിരുന്നു. യാതൊരു ക്ലേശലൊ ഭയമൊ കൂടാതെ. അതുകേട്ടപ്പോഠം അവിടെയുണ്ടായിരുന്ന ഒരു കാവൽക്കാരൻ കണക്കിനൊന്നു വച്ചുകൊടുത്തു."

യോഹന്നാൻെറ മുഖം വിളറി. എന്നാൽ പത്രോസിനാണെങ്കിൽ ദേഹത്തുള്ള രക്തമെല്ലാം മുഖത്തുകയറി വ്യാപിക്കുന്നതുപോലെ തോന്നി. ആഴിക്കു ചുററുമുള്ളവർ ഇങ്ങനെ രണ്ടാളുകഠം അവിടെ നിൽക്കുന്നുണ്ടെന്നകാര്യം പാടേ വിസ്മരിച്ചെന്നപോലെ തോന്നപ്പെട്ടു. അല്പനേരത്തേക്കു് അവരുടെ സംഭാഷണമൊന്നു മന്ദീഭവിച്ചു. മററൊരു പരിചാരിക ആ ഭാഗത്തേക്കു വന്നു. അവഠം പത്രോസിനെ കണ്ടു. നെററി ചുളിച്ചു അവർ അദ്ദേഹത്തെ സൂക്ഷിച്ചുനോക്കി. അദ്ദേഹത്തിനു നേരെ വിരൽചൂണ്ടിക്കൊണ്ടവഠം വിളിച്ചുപറയുകയാണു്: "ഇതാ ഈ മനുഷ്യൻ ആ നസ്രായൻെറ കൂടെയുള്ളവനാണേ. താൻ ആ മനുഷ്യൻെറ ഒരു ശിഷ്യനല്ലേ?"

പത്രോസു സംഭീതനായി. അദ്ദേഹത്തിൻെറ വായും ചുണ്ടുകളും വരണ്ടു. അവിടെയുണ്ടായിരുന്നവരെല്ലാം അദ്ദേഹത്തെ നോക്കുന്നു. "ഈ സ്ത്രീ എന്തു ഭ്രാന്താണീ പറയുന്നതു്? ആ മനുഷ്യനെ ഞാൻ അറിയുകപോലുമില്ലല്ലോ." എന്താണീപ്പറയുന്നതെന്നു് അപ്പോഠം പത്രോസിനു ബോധമില്ല. ആഴിയുടെ പ്രകാശത്തിൽ നിന്നു മാറി പത്രോസു മറെറാരു സ്ഥാനത്തു നിലയുറപ്പിച്ചു. എന്നാൽ ഇതിനിടയിൽ ജിജ്ഞാസുവായിത്തീൻ ആ പരിചാരിക അദ്ദേഹത്തെ അനുഗമിച്ചു.

"താനും അക്കൂട്ടത്തിലൊരുവനാണ്" അവരം വീണ്ടും പറഞ്ഞു.

പത്രോസു തിരിഞ്ഞു നോക്കി. അദ്ദേഹത്തെയും അവർ പിടികൂടാൻ സംഗതിയാകുമോ? ഉൽക്കണ്ഠയോടെ അദ്ദേഹം ചിന്തിക്കയാണ്. "അല്ലെന്നു ഞാനല്ലേ പറഞ്ഞതു്" അതിൽ കൂടുതലൊന്നും പറയാൻ അദ്ദേഹത്തിനു സാധിച്ചില്ല. സത്യം ചെയ്തുകൊണ്ടാണ് ആ മൂന്നു വാക്കുകരം അദ്ദേഹം ഉച്ചരിച്ചതു്. അങ്ങു് അകലത്തിൽ നഗരത്തിനപ്പുറം എവിടെയോ ഒരു കോഴിയുടെ കൂവൽ അവ്യക്തമായി കേരംക്കാം. പക്ഷെ, ഉൽക്കണ്ഠാകുലനായി ഇതിനകം തീൻകഴിഞ്ഞിരുന്ന പത്രോസ് ആ ശബ്ദം കേട്ടോയെന്നു സംശയമാണ്. അദ്ദേഹം വീണ്ടും ആഴിയുടെ സമീപമെത്തി. അവിടെനിന്നു വഴുതിമാറാൻ മാർഗ്ഗമൊന്നും കാണുന്നില്ല.

അല്പനേരത്തേയ്ക്കു ആരും അദ്ദേഹത്തോടു സംസാരിച്ചില്ല. കയ്യാഫായുടെ വസതിക്കുള്ളിൽ എന്തെല്ലാം സംഭവങ്ങളാണു നടക്കുന്നതെന്നു ചിന്തിക്കയാണവർ. അപ്പോഴാണ് ഒരു പുരോഹിതൻ പത്രോസിനെ കാണുന്നതു്. "തീർച്ചയായും താനും അവരുടെ കൂടെയുള്ളവനാണ്. തന്റെ സംസാരരീതി കേട്ടാലറിയാമല്ലോ ആ പരമാൎത്ഥം. അതുതന്നെയുമല്ല, ഗത്സമനത്തോട്ടത്തിൽവച്ചു് അയാളുടെ കൂടെ ഞാൻ കണ്ടതല്ലേ?" പത്രോസു കാതറുത്ത മാൽക്കുസിന്റെ ഒരു ബന്ധുവായിരുന്നു അയാരം.

പത്രോസിന്റെ ഭയം വൎദ്ധിച്ചു. വീണ്ടും സത്യം ചെയ്തുകൊണ്ടു് പത്രോസ് ഗുരുവിനെ തള്ളിപ്പറഞ്ഞു. പെട്ടെന്നു് ഹൃദയമിടിപ്പു നിന്നുപോകുന്നതുപോലെ അദ്ദേഹത്തിനു തോന്നി. താനെന്താണ് പറഞ്ഞതു്? ഗുരുവിന്റെ വാക്കുകരം ആ അവസരത്തിൽ അദ്ദേഹത്തിനു കേരംക്കാം: "കോഴി രണ്ടു പ്രാവശ്യം കൂവുന്നതിനു മുമ്പു് മൂന്നുപ്രാവശ്യം നിങ്ങരം എന്നെ തള്ളിപ്പറയും."

പെട്ടെന്നൊരു വാതിൽ തുറന്നു. കാൽപ്പെരുമാററത്തിൻെറയും ഉടലുകൾ ഉരസുന്നതിൻെറയും ശബ്ദം ആ മുററത്തിരുന്നവർ കേട്ടു. യേശുവിനെ ആ മുററത്തുകൂടി കൊണ്ടുപോകയാണ്. അദ്ദേഹത്തിൻെറ മുഖത്തുനിന്നും രക്തം പ്രവഹിക്കുന്നുണ്ട്. അദ്ദേഹം ധരിച്ചിരുന്ന വസ്ത്രങ്ങൾ കീറി അഴുക്കുപുരണ്ടിരിക്കുന്നു. കാവൽക്കാർ അദ്ദേഹത്തെ ഉന്തിയും തള്ളിയും മുന്നോട്ടു കൊണ്ടുപോകയാണ്. എന്നാൽ അങ്ങനെ കൊണ്ടുപോകപ്പെടവേ, ഒരു നിമിഷനേരത്തേക്കു അദ്ദേഹത്തിൻെറ ദൃഷ്ടികൾ പത്രോസിൻെറ മുഖത്തു പതിഞ്ഞു. യേശുവിൻെറ മുഖത്തു സങ്കടവും വേദനയും ദൃശ്യമായിരുന്നു. പക്ഷെ, ആ വികാരങ്ങൾക്കപ്പുറമായി, സ്നേഹമാണ് ആ മുഖത്തു പ്രത്യക്ഷപ്പെട്ടതു്. ആ സ്നേഹഭാവം പത്രോസിൻെറ ഹൃദയത്തെ കുത്തിത്തുളച്ചു. പെട്ടെന്നു് അദ്ദേഹത്തിൻെറ കണ്ണുകളിൽനിന്നു കണ്ണുനീർ പ്രവഹിച്ചു. ആ ആൾക്കൂട്ടത്തിൽനിന്നു അദ്ദേഹം മാറി, വാതില്ക്കലേക്കു നടന്നു. വാതിൽ തുറന്നദ്ദേഹം വഴിയിലിറങ്ങി. റോഡരികിലുണ്ടായിരുന്ന ഒരു ഭിത്തിയിൽ അദ്ദേഹം ചാരിനിന്നു. ചുടുകണ്ണീർ ധാരയായി അദ്ദേഹത്തിൻെറ കണ്ണുകളിൽനിന്നൊഴുകിത്തുടങ്ങി. സങ്കടത്തേയും പശ്ചാത്താപത്തെയും സംശുദ്ധമാക്കാൻ കഴിവുള്ള കണ്ണീർ പ്രവാഹം. ആ കണ്ണീരിനു മാധുര്യവുമുണ്ട്-- മാഹാത്മ്യവുമുണ്ട്. മനോഭാരത്തെ ലഘൂകരിക്കാനുള്ള ശക്തിയുമുണ്ട്. കാരണമോ? മിന്നൽവേഗത്തിലുള്ള യേശുവിൻെറ ആ നോട്ടത്തിൽ ആ ശിഷ്യപ്രമുഖൻ വായിച്ചതല്ലെ—തൻെറ തെററിനു ഗുരു മാപ്പു നല്കിയെന്നു്.

*        *        *        *

കയ്യാഫായുടെ മന്ദിരത്തിലെ വിശാലമായ പൂമുഖത്തു കാവൽക്കാർ യേശുവിനെ കൂട്ടിക്കൊണ്ടുപോയി. അപ്പോഴും തികഞ്ഞ ശാന്തതയാണ് ആ മുഖത്തു ദൃശ്യമായിരുന്നതു്. മറ്റുന്മേററ് അദ്ദേഹത്തിൻെറ കണ്ണുകൾ രക്തവർണ്ണമായിരുന്നു. അണിയണിയായി ആളുകൾ വിശാലമായ ആ മുറിയിൽ ഇരിക്കു

ന്നതാണ് അദ്ദേഹം കാണുന്നത്. ആ മുറിയിൽ വിളക്കുകൾ പ്രകാശം അങ്ങനെ കോരിച്ചൊരിയുകയാണ്. അവിടെ കൂടി യിരുന്നവരുടെ മുഖഭാവം യേശുവിനു വ്യക്തമായിക്കാണാം. അഹങ്കാരമാണ് ആ ചതുരമുഖങ്ങളിൽ മുന്നിട്ടു കാണാനുണ്ടാ യിരുന്നത്. കഠിനമായ വിദ്വേഷത്താൽ അവ തികച്ചും വി രൂപമായിരുന്നു. കൊത്തുപണികൾകൊണ്ട് അലംകൃതമായി രുന്ന ഒരു വലിയ കസാലയിൽ കയ്യാഫാ ഇരിക്കുന്നു. അയാ ളുടെ പാർശ്വത്തിലാണ് ഭാര്യാപിതാവായ അന്നാസ് ഉപവി ഷ്ടനായിരുന്നത്. യേശുവിനെ കയ്യാഫാ ഒന്നു നോക്കി. ആ മഹാപുരോഹിതന്റെ കണ്ണുകളിൽ സംതൃപ്തിയുടെ ഒരു ഭാവം കാണാനുണ്ട്. ആയാൾ ആസൂത്രണംചെയ്ത പദ്ധതി തൃപ്തിക രമായി പുരോഗമിക്കുന്നു. യേശുവിനെതിരായി ഏർപ്പെടു ത്തിയിട്ടുള്ള സാക്ഷികൾക്കു ആവശ്യമായ അഭ്യസനം അ യാൾ നൽകിയിട്ടുണ്ട്. അങ്ങിനെ നോക്കുമ്പോൾ ശിക്ഷാ വിധി ഉടനുണ്ടാകാതെ തരമില്ല. അയാൾ അന്നാസിന്റെ മുഖത്തേക്കു വീണ്ടും നോക്കി സ്വയം സംതൃപ്തനായി ഒരു പ്രാ വശ്യംകൂടി മന്ദഹസിച്ചു. കൃതാർത്ഥതയോടെ അയാൾ അങ്ങ നെ ഇരിക്കയാണ്; അദ്ധ്യക്ഷപീഠത്തിൽ.

യേശു കയ്യാഫായുടെ മുൻപിൽ നില്ക്കുന്നു. ആ മനുഷ്യ ന്റെ ആത്മാവിലേക്കു അദ്ദേഹത്തിന്റെ കണ്ണുകൾ ചുഴിഞ്ഞിറ ങ്ങുകയാണ്. അദ്ദേഹം മ്ലാനവദനനായി. അഹങ്കാരത്താൽ —സ്വാർത്ഥമോഹത്താൽ വിരൂപമായിരുന്ന ഒരു ആത്മാവ്. പക്ഷെ, ആ ആത്മാവിനെയും സൃഷ്ടിച്ചതു ദൈവമാണല്ലോ. ആ മുറിക്കുള്ളിലുള്ള എല്ലാവരുടേയും ആത്മാക്കളുടെ ജനയിതാവ് ദൈവമല്ലേ? എന്നാൽ അവയെല്ലാമിപ്പോൾ വിരൂപമായി, പുഴക്കുത്തു പിടിച്ച്, അസൂയയും, വിദ്വേഷവും, ക്രൂരതയും കൊണ്ട് മരണതുല്യമായ വിഷത്താൽ ബാധിതമായിരുന്നു. ആ ആത്മാക്കളെ രക്ഷിക്കാനാണ് യേശു ആഗതനായതു്. പക്ഷെ, അവരാണെങ്കിൽ അദ്ദേഹത്തിന്റെ ദാനങ്ങളെ തിര

സ്ഥരിക്കുന്നു. അദ്ദേഹത്തിൻെറ കൈകറം ചങ്ങലയാൽ ബന്ധിമാണു്. തന്മൂലം അതിവേദന അദ്ദേഹം അനുഭവിക്കുന്നുണ്ടു്. ആ മുഖം പ്രഹരങ്ങളേററു് ദയനീയമാംവിധം പരിക്ഷ പററിയിരിക്കുന്നു. എന്നാൽ ആ മനുഷ്യസഞ്ചയത്തിൻെറ കൃതഘ്നതയാണു് അദ്ദേഹത്തെ പരമാവധി വേദനിപ്പിച്ചതു്. യേശു മൗനമായി പ്രാത്ഥിച്ചു, ആ മുഖങ്ങറംകണ്ടുകൊണ്ടു്: "പിതാവേ, ഇവരോടു ക്ഷമിക്കണേ!"

അതാ കയ്യാഫാ സംസാരിക്കാൻ ഭാവിക്കുന്നു. കൗശലം നിറഞ്ഞ ആ കണ്ണുകറം മുൻപിലിരിക്കുന്ന ജനസഞ്ചയത്തെ ആകമാനമൊന്നു നോക്കി. എന്നിട്ടു അയാറം അവരോടു അനുമതി ആവശ്യപ്പെടുംവിധം ചോദിക്കയാണു്.

"എന്താ—നമുക്കു് ഈ തടവുകാരൻെറ വിസ്താരം ആരംഭിക്കരുതോ? ഈ മനുഷ്യൻെറ പേരിൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുററങ്ങളെന്താണു്?" അങ്ങനെ ആ കേസു വിസ്താരത്തിൻെറ അഭിനയമാരംഭിച്ചു.

"സ്വയം രാജാവാകുമെന്നു പ്രതി പറഞ്ഞു." ഒരു സാക്ഷി മൊഴികൊടുത്തു.

"ശബത്തു ദിനത്തിൽ അയാറം രോഗികളെ സൗഖ്യപ്പെടുത്തി." മറെറാരു സാക്ഷി ബോധിപ്പിച്ചു.

"ദേവാലയം നശിപ്പിക്കുമെന്നും മൂന്നാം ദിവസം അതു പൊളിച്ചു പണിയുമെന്നും ഇയാറം പറഞ്ഞു." മൂന്നാമത്തെ സാക്ഷി സമർപ്പിച്ച മൊഴി.

കയ്യാഫാ അവക്കു നൽകിയ അഭ്യസനം ആ സാക്ഷികറം ഉരുവിടുകയാണു്. എന്നാൽ വിദ്വേഷത്താൽ വിരൂപമായിത്തീന്ന ആ മുഖങ്ങറം കൂടുതൽ സംസാരിക്കുമ്പോറം അന്യോന്യവിരുദ്ധമായ മൊഴികളാണു സമർപ്പിച്ചതു്. അവരുടെ ആരോപണങ്ങറം ഒന്നിനൊന്നു ചേരാത്തവയായിരുന്നു. ആശങ്കയുടെ ഒരു ഭാവം കയ്യാഫായുടെ മുഖത്തു വ്യാപിച്ചു. ആ ചെറുകണ്ണു

കാം കോപംകൊണ്ടു് ചുക്കിച്ചുളിഞ്ഞു. ഒരു ദിവസത്തേക്കെങ്കിലും ഈ സാക്ഷികാംക്കു അവരെ പറഞ്ഞു മനസ്സിലാക്കിയ കാര്യങ്ങാം ഓമ്മിച്ചുകൂടേ? ഈ ആരോപണങ്ങളും സാക്ഷികളുമായി പീലാത്തോസിൻെറ മുൻപിലെത്തിയാൽ കയ്യാഫായുടെ ലക്ഷ്യം നടപ്പിലാകാൻ പോകുന്നില്ല. ഇനി ഒരു മാഗ്ഗമേ ആ പുരോഹിതനു അവശേഷിക്കുന്നുള്ളു. സാക്ഷികാം ഉപയോഗശൂന്യരായിത്തീന്നുകഴിഞ്ഞു. കാര്യങ്ങാം അയാംതന്നെ കൈകാര്യം ചെയ്യുക. അയാം പ്രതിയെ ചോദ്യം ചെയ്യണം. ആക്കറിയാം ആ ചോദ്യങ്ങാംക്കു സമാധാനം പറയുമ്പോാം പ്രതി സ്വയം കുററക്കാരനാകയില്ലെന്നു്. കരങ്ങളുയത്തി കയ്യാഫാ സന്നിഹിതരോടു മൗനമാജ്ഞാപിച്ചു. എന്നിട്ടയാം യേശുവിൻെറ മുഖത്തേക്കു നോക്കി.

ഒന്നുരണ്ടു നിമിഷനേരത്തേക്കു അവരിരുവരും അന്യോന്യം നോക്കി. പുരോഹിതൻെറ വസ്ത്രങ്ങാം ധരിച്ചിരുന്നിട്ടും മനുഷ്യനല്ലാത്തവിധം അധഃപതിച്ച മനുഷ്യനും, കീറിപ്പറിഞ്ഞ വസ്ത്രങ്ങാം ധരിച്ചിരുന്നിട്ടും, മനുഷ്യത്വത്തിൻെറ പരമാവധി ഔന്നത്യത്തെ പ്രാപിച്ച മനുഷ്യനും മമ്മിലുള്ള സൂസൂക്ഷ്മമായ നോട്ടം. ആ നോട്ടത്തിൽ വിസ്താരത്തിനു യേശുവിൻെറ മുൻപിൽ നിന്നതു കയ്യാഫായാണു്. പക്ഷേ, അതുണ്ടോ ആ പുരോഹിതൻ മനസ്സിലാക്കുന്നു? അതുവരെ ഒരു വാക്കുപോലും യേശു ഉച്ചരിച്ചില്ല. അദ്ദേഹത്തിനു സത്യത്തോടല്ലാതെ അസത്യത്തോടു ഒരു ബന്ധവുമില്ല. സത്യത്തിനു സാക്ഷ്യം വഹിക്കാനുള്ള സന്ദഭം വന്നെത്തുമ്പോാം അദ്ദേഹം സംസാരിക്കും.

കയ്യാഫാ മുന്നോട്ടു ഒന്നു നീങ്ങി. മെലിഞ്ഞു നീണ്ട ഒരു വിരൽ അയാം യേശുവിൻെറ നേരെ ചൂണ്ടി. ഒരു തുറപ്പുചീട്ടുതന്നെ ഇറക്കാൻ താൻ ഭാവിക്കുകയാണെന്നു് എങ്ങനെയൊ അയാംക്കു തോന്നി. അയാം ചോദിക്കയാണു്: "ജീവനുള്ള ദൈവത്തെക്കൊണ്ടു സത്യം ചെയ്തു ഞാൻ ചോദിക്കുന്നു, നിങ്ങാം ദൈവപുത്രനായ ക്രിസ്തുതന്നെയോ?"

തികഞ്ഞ ശാന്തതയോടെ യേശു അതിനു മറുപടിനൽകി: "ഞാൻ ആകുന്നു." ഈ സത്യം വെളിപ്പെടുത്താനാണു അദ്ദേഹം ലോകത്തിൽ അവതരിച്ചതു്. അത്രയും പറഞ്ഞു ഒരു നിമിഷനേരം അദ്ദേഹം മൗനമവലംബിച്ചു. അദ്ദേഹത്തിൻെറ മുഖം അഗ്നിജ്വാലകൊണ്ടെന്നവിധം പ്രശോഭിതമായി. അദ്ദേഹം തുടൎന്നു കയ്യാഫായോടു പറയുകയാണു്: "ഇനി മനുഷ്യപുത്രൻ സൎവ്വശക്തൻെറ വലത്തുഭാഗത്തായിരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങരം കാണും." ആ മഹാസന്ദൎഭം യേശു അപ്പോരം തൻെറ കൺമുൻപിൽ കാണുന്നുണ്ടു്. വീണ്ടും അദ്ദേഹം മൗനമവലംബിച്ചു. അദ്ദേഹം സത്യത്തിനു സാക്ഷ്യംവഹിച്ചുകഴിഞ്ഞു.

കയ്യാഫായുടെ മുഖത്തു വിജയഭാവം ദൃശ്യമായി. അയാരം പ്രതീക്ഷിച്ചതിൽ കവിഞ്ഞുള്ള വിജയമല്ലേ യേശുവിൻെറ വാക്കുകരം മൂലം സിദ്ധിച്ചതു്. ആ വാക്കുകരംകേട്ടു് അമ്പരന്നെന്നവിധം അയാരം കണ്ണുകരം മുറുകെ അടച്ചു. ധരിച്ചിരുന്ന വസ്ത്രങ്ങരം അയാരം കീറി. ദൈവദൂഷണം ആരെങ്കിലും പറയുന്നതു കേരംക്കുമ്പോരം ഭക്തനായ ഏതൊരു യഹൂദനും ധരിച്ചിരിക്കുന്ന വസ്ത്രം കീറുക സാധാരണ പതിവാണു്. എന്നിട്ടയാരം ഉച്ചത്തിൽ സന്നിഹിതരോടു വിളിച്ചു പറയുകയാണു്: "ഇനി സാക്ഷികളെക്കൊണ്ടു നമുക്കെന്താവശ്യം? ഇയാരം ദൈവദൂഷണം പറഞ്ഞതു നിങ്ങരം കേട്ടുകഴിഞ്ഞു. അതേപ്പററി നിങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുക."

അവിടെയിരുന്നവർ ചാടിയെഴുന്നേററു. ആ മുറിക്കുള്ളിൽ അവരുടെ ഏകകണ്ഠമായ അട്ടഹാസം മുഴങ്ങി. "അയാരം ദൈവദൂഷണമാണു പറഞ്ഞതു്. അതുകൊണ്ടു അയാരം മരണയോഗ്യൻ. ആ നസ്രായനെ കൊല്ലുക." കയ്യാഫായോടൊപ്പം അവരും ധരിച്ചിരുന്ന വസ്ത്രങ്ങരം കീറി.

കാവൽക്കാർ യേശുവിൻെറ സമീപമോടിയെത്തി അദ്ദേഹത്തെ നിഷ്ഠുരമായി പ്രഹരിച്ചു. അവർ അദ്ദേഹത്തെ പരി

ഹസിച്ചു—അദ്ദേഹത്തിൻെറ മുഖത്തു തുപ്പി. ആരോ ഒരാൾ അദ്ദേഹത്തിൻെറ കണ്ണുകൾ മൂടിക്കെട്ടി. എന്നിട്ടയാൾ പറയുകയാണു്: "അല്ലയോ, ക്രിസ്തുവെ! ആരാണു തിരുമേനിയെ തല്ലിയതു് പ്രവചിച്ചാലും." യേശു് മൗനമായി നില്ക്കുകയാണു്. പക്ഷേ, അപ്പോഴും അദ്ദേഹം പ്രാർത്ഥിക്കുന്നുണ്ടു്—"പിതാവേ, ഇവരോടു ക്ഷമിക്കേണമെ"എന്നു്.

രാത്രി അധികരിച്ചിരുന്നു. അവിടെക്കൂടിയിരുന്നവർക്കു ഉറങ്ങണം. കയ്യാഫായുടെ ആജ്ഞ പുറപ്പെട്ടു—"പ്രതിയെ കൊണ്ടുപോകാം." അതു കേൾക്കാത്ത താമസം ഈ തമാശയിലും മുഷിഞ്ഞുകഴിഞ്ഞിരുന്ന പട്ടാളക്കാർ യേശുവിനെ പുറത്തേയ്ക്കു കൊണ്ടുപോയി അന്നു രാത്രിയിൽ തടവിൽ സൂക്ഷിക്കാൻ. ആ രാത്രിയുടെ പകുതി ഭാഗവും കഴിഞ്ഞിരിക്കുന്നു. ശേഷിക്കുന്ന സമയം അദ്ദേഹം പ്രാർത്ഥനക്കായി വിനിയോഗിക്കും. കുരിശിൽ തൂങ്ങുന്ന അവസരത്തിൽ പ്രാർത്ഥിക്കുക പ്രയാസമല്ലേ?

# അദ്ധ്യായം 25

## വധശിക്ഷ

റോമാ ഗവണ്ണർ പീലാത്തോസിന്റെ യറുശലേമിലെ അരമന. അതിനു മുൻവശമുണ്ടു് വിശാലമായ ഒരു മൈതാനം. ആ മന്ദിരത്തോടു തൊട്ടടുത്തു് മൈതാനിയുടെ ഒരുഭാഗത്തു് ഒരു പ്രസംഗപീഠം ഉയർത്തപ്പെട്ടിരിക്കുന്നു. ആ പീഠത്തിൽനിന്നു മൈതാനിയിൽ കൂടിയിരിക്കുന്ന കോപാകുലരായ ജനസഞ്ചയത്തെ അഭിമുഖീകരിക്കയാണു് പീലാത്തോസ്. അന്നേദിവസം മൂന്നാം പ്രാവശ്യമാണു് ആ ഭരണാധികാരി പ്രസംഗപീഠത്തിൽ പ്രവേശിക്കുന്നതു്. ആദ്യത്തെ രണ്ടവസരങ്ങളിലും ധാരാളമാളുകൾ അവിടെ കൂടിയിരുന്നു. പക്ഷെ, ഈ മൂന്നാംപ്രാവശ്യം അവിടെ വന്നെത്തിയവർക്കു എണ്ണമില്ല. അവരുടെ കോപവൈരാഗ്യം അനിയന്ത്രിതവുമായിരുന്നു. പീലാത്തോസ് പീഠത്തിൽ നില്ക്കയാണു്, അങ്ങനെയൊരു പുരുഷാരത്തെ അഭിമുഖീകരിച്ചുകൊണ്ടു് നിശ്ചലചിത്തനായി.

യഹൂദരുടെ ഈ പെരുനാളുകളോടും ആഘോഷങ്ങളോടും അയാൾക്കു വെറുപ്പാണു്. ആ സന്ദർഭങ്ങളിലൊക്കെ എന്തെങ്കിലും അസ്വാസ്ഥതകളുണ്ടാകാതിരിക്കയില്ല — കവർച്ചകളും,

ബഹളങ്ങളും. എന്താണു സംഭവിക്കുവാൻ ഭാവിക്കുന്നതെന്നു ആക്കും മുൻകൂട്ടി പറകവയ്യ. കുറെക്കാലമായി പീലാത്തോസ് കേൾക്കുവാൻ തുടങ്ങിയിട്ട്, നസ്രായനായ ഒരു യേശുവിനെ പ്പററി. ജനമദ്ധ്യത്തിൽ സംഭവിച്ചിട്ടുള്ള വിവിധങ്ങളായ വികാരവൈവിധ്യങ്ങൾ. പക്ഷെ, ആദ്യം അയാൾ വിചാരിച്ച മതപരമായ എന്തെങ്കിലും അഭിപ്രായഭിന്നതയായിരിക്കും അതെന്ന്. മതത്തെ സംബന്ധിച്ചിടത്തോളം ഈ യഹൂദക്ക ഒരുതരം ഭ്രാന്താണുള്ളത്. അക്കാര്യത്തിൽ അവരെ ആവോളം പ്രീതിപ്പെടുത്താൻ ശ്രമിക്കണമെന്നു റോമാ ചക്രവർത്തി തിബേര്യസ് പീലാത്തോസിനോടു നിർദ്ദേശിച്ചിട്ടുള്ളതാണ്. അക്കാരണത്താലാണ് ആ ഗലീലിയാ നേതാവിനെ ബന്ധനസ്ഥനാക്കാൻ അയാൾ റോമാ പട്ടാളക്കാരെ പ്രധാനാചാര്യൻെറ നിവേദനം ആദരിച്ചു നിയോഗിച്ചതു്. എന്നാലും, എങ്ങനെയെന്നു പറയുക പ്രയാസം, പീലീത്തോസ് ആ അവസരത്തിൽ അസ്വസ്ഥനായിരുന്നു.

ആ മനുഷ്യനെ കണ്ടാൽ ഒരു കുററക്കാരനാണെന്നു ആരും പറയുകയില്ല. ജീവൻ പണയംവച്ചുള്ള ഒരു സന്ദർഭത്തിൽ ഇത്രയും പ്രശാന്തനായി ഒരു മനുഷ്യൻ എങ്ങിനെ തൻെറ മുൻപിൽ നില്ക്കുമെന്നുപോലും പീലാത്തോസ് അത്ഭുതപ്പെട്ടു. അത്ര ധൈര്യം പ്രദർശിപ്പിക്കുന്ന റോമാ പടയാളികളെപ്പോലും അയാൾ കണ്ടിട്ടില്ല. ആ മനുഷ്യനെപ്പററിയുള്ള ആരോപണങ്ങളുടെകാര്യമാണെങ്കിൽ സാക്ഷികൾ നൽകിയിട്ടുള്ള മൊഴികൾ അന്യോന്യവിരുദ്ധമാണ്. അവർ സാക്ഷിമൊഴിയിൽ ബോധിപ്പിച്ചു: പ്രതിക്ക് ഒരു രാജാവാകണമെന്നുണ്ടെന്ന്. പക്ഷെ തൻെറ മതാധിഷ്ഠിതമായ പരിപാടിയെപ്പററി മാത്രമാണ് അദ്ദേഹം അങ്ങനെ പറഞ്ഞിട്ടുള്ളതു്. അദ്ദേഹം എന്താണ് പറഞ്ഞതു്: "എൻെറ രാജ്യം ഭൗതികമല്ല" പുരോഹിതക്ക അദ്ദേഹത്തിനെതിരായി പ്രേരണനൽകുന്നതു അസൂയ ഒന്നു മാത്രമാണ്. എത്രയെത്ര ആളുകളാണ് അദ്ദേഹത്തെ പിൻതുടരാൻ സന്നദ്ധരാകു

ന്നതു്. ആ മനുഷ്യൻ നിഷ്കളങ്കനാണ്—നിർദ്ദോഷിയാണ്. അക്കാര്യത്തിൽ പീലാത്തോസിനു സംശയമില്ല. "ഈ മനുഷ്യനിൽ ഒരു കുററവും ഞാൻ കാണുന്നില്ല." ആ പുരുഷാരത്തോടു അയാഠം പറഞ്ഞതാണ്.

പക്ഷേ ജനങ്ങഠംക്കു് അതുകൊണ്ടു തൃപ്തിയായില്ല. അവരൊന്നടങ്കം പ്രതിഷേധം രേഖപ്പെടുത്തുകയാണുണ്ടായതു്. "ഇയാഠം ജനങ്ങളെ വിപ്ലവാസക്തരാക്കുന്നു. യഹൂദിയായിലേയും ഗലീലിയായിലേയും ജനങ്ങളെയാണ് ഇയാഠം സമാധാനഭഞ്ജനത്തിനു പ്രേരിപ്പിക്കുന്നതു്." ഗലീലിയാ എന്ന സ്ഥലത്തിൻെറ പേരുകേട്ടപ്പോഠം പീലാത്തോസിനു ഒട്ടാശ്വാസമായി. ഗലീലിയായുടെ ഭരണാധികാരി ഹെരോദാവാണ്. അയാഠം ആ അവസരത്തിൽ യറുശലേമിലാണു താമസം. ഗലീലിയാക്കാരനെ ഹെരോദാവിൻെറ അടുക്കലേക്കയക്കാൻ പീലാത്തോസു തീരുമാനിച്ചു. ഇക്കാര്യത്തെപ്പററി ഹെരോദാവുതന്നെ വിധികല്പിക്കട്ടെ. അങ്ങനെ യേശുവിനെ ആഠംക്കൂട്ടം ഹെരോദാവിൻെറ കൊട്ടാരത്തിലേക്കു പട്ടാള അകമ്പടിയോടെ കൊണ്ടുപോയി. പക്ഷെ അവിടെയെത്തിയപ്പോഠം ഹെരോദാവിൻെറ ചോദ്യങ്ങഠംക്കു മറുപടി നൽകാൻ യേശു സന്നദ്ധനായില്ല. ഒരു ആട്ടക്കാരത്തി യുവതിയുടെ അഭ്യർത്ഥനയെ ആദരിച്ചു യോഹന്നാൻ സ്നാപകൻെറ ശിരച്ഛേദനം നിർവ്വഹിച്ച ഒരു ഭരണാധികാരിയോടു യാതൊന്നും പറയാനുണ്ടായിരുന്നില്ല യേശുവിനു്. സ്വകുടുംബത്തിലെ അമ്പതുശതമാനം ജനങ്ങളെ നിഷ്ഠുരമായി വധിച്ച ഹെരോദാവിനോടു്.

"ഉം, എന്താണു സംഭവിച്ചതു്?" യേശുവിനെ ഹെരോദാവിൻെറ അടുക്കലേക്കു കൂട്ടിക്കൊണ്ടുപോയ പട്ടാളവിഭാഗത്തിൻെറ മേധാവിയോടു പീലാത്തോസു ചോദിച്ചു.

"ആ നസ്രായൻ ഒരക്ഷരംപോലും ഹെരോദാവിനോടു പറയുകയില്ല."

"ഹെരോദാവോ?"

"അദ്ദേഹത്തിനു കോപമുണ്ടായി. അദ്ദേഹത്തിന്റെ ഭൃത്യരെക്കൊണ്ടു അയാളെ പരിഹസിപ്പിച്ചുനോക്കി. അയാളെ ഒരു വെള്ളയങ്കി ഹെരോദാവു ധരിപ്പിച്ചിട്ടു പലവിധത്തിൽ ആ ഭൃത്യർ അയാളെ പരിഹസിച്ചു.

"എന്നിട്ടും ആ നസ്രായൻ മൗനമവലംബിക്കയായിരുന്നോ?"

"അതെ തിരുമേനി."

അങ്ങനെ പീലാത്തോസിന്റെ ആ പദ്ധതിയും പരാജയപ്പെട്ടു. ജനങ്ങളെ സമാധാനപ്പെടുത്തുകയെന്ന പ്രശ്നമാണ് അയാൾ വീണ്ടും അഭിമുഖീകരിക്കുന്നതു്. കോപവൈവശ്യം കൊണ്ടു വിരൂപമായിരുന്ന ആ ജനക്കൂട്ടത്തിന്റെ മുഖത്തേക്കു ആ ഭരണാധികാരി നോക്കി. അതോടൊപ്പം അവർ തന്റെ മുൻപിൽ ബന്ധനസ്ഥനാക്കി കൊണ്ടുവന്ന മനുഷ്യന്റെ മുഖത്തേക്കും അയാൾ നോക്കി. എന്തെങ്കിലും ഒഴികഴിവു പറയാൻ സന്ദർഭവും സമയവും ലഭിക്കുന്നതിനു ആ വിധികർത്താവു് ന്യായാസനത്തിലിരിക്കയാണ്. അപമാനിതനായി വിലങ്ങുവച്ചു് അയാളുടെ മുൻപിൽ നില്ക്കുന്ന മനുഷ്യനോ? പ്രശാന്തവും ആർദ്രതരവുമായ ആ കണ്ണുകൾ—അവ അയാളെ അളന്നുനോക്കുകയാണു്—അയാളുടെ ആത്മാവിനെ പരിശോധിക്കുകയാണ്. ചിലപ്പോൾ ഒരു നോട്ടം അവയിൽ നിഴലിട്ടു—അയാളോടും സഹതാപം സ്ഫുരിക്കുന്ന ഒരു നോട്ടം. പക്ഷെ, അതു കേവലം ഒരു അഭ്യൂഹമല്ലേ? സാധിക്കുമെങ്കിൽ ആ മനുഷ്യനെ രക്ഷിച്ചാൽകൊള്ളാമെന്നു പീലാത്തോസിനു ആഗ്രഹമുണ്ടു്. റോമാനിയമം അനുശാസിക്കുന്നതിനനുസരണമായി പ്രതിവർഷം പെരുനാൾ ദിവസം ഒരു തടവുകാരനെ മോചിതനാക്കാൻ അധികാരമുണ്ടു് പീലാത്തോസിനു്. ആ വിധം ആരേയാണു് മോചിപ്പിക്കേണ്ടതെന്നുള്ള തീരുമാനം അയാൾ ജനങ്ങൾക്കു വിട്ടുകൊടുക്കയാണു പതിവു്. അവർ ഈ ഗലീലിയനെ സ്വതന്ത്രനായി വിട്ടയക്കുവാൻ സമ്മതിച്ചേക്കുമെന്നുള്ള പ്രത്യാശ ലേശമേ

അയാൾക്കുള്ള. എന്നാലും അതിനൊരു ശ്രമം നടത്താമെമെന്നുതന്നെ അയാൾ തീരുമാനിച്ചു.

ജനക്കൂട്ടത്തോടായി പീലാത്തോസു ചോദിച്ചു: "ഞാൻ ഈ ദിവസം പതിവനുസരിച്ച് ആരെയാണ നിങ്ങൾക്കു വിട്ടുതരേണ്ടതു്? ബറബ്ബാസിനെയോ, ക്രിസ്തുവെന്നു വിളിക്കപ്പെടുന്ന ഈ യേശുവിനേയോ?"

"ബറബ്ബാസിനെ" ആ ജനതതി ഏകകണ്ഠമായി വിളിച്ചുപറഞ്ഞു. അതു കേട്ടപ്പോൾതന്നെ പീലാത്തോസു വിറച്ചു. പല കൊടിയ കുററങ്ങളും ചെയ്തിട്ടുള്ള നിഷ്ഠുരനായ ഒരു മനുഷ്യനായിരുന്നു ബറബ്ബാസു്.

കോപാന്ധരായ ആ ജനസഞ്ചയത്തെ ആ ഭരണാധികാരി ഉററുനോക്കി. എന്താണ ആ സന്ദർഭത്തിൽ ചെയ്യേണ്ടതെന്നു അയാൾക്കൊരു രൂപവുമില്ല. അപ്പോൾ കാണാം ആൾക്കൂട്ടത്തിനിടയിൽക്കൂടി ഒരു മനുഷ്യൻ അയാളുടെ അടുക്കലേക്കു വരുന്നതു്. ആഗതൻ ഒരു കുറിപ്പു പീലാത്തോസിനെ ഏല്പിച്ചു. അതിലെഴുതിയിരിക്കുന്നു: "നീതിമാനായ ആ മനുഷ്യൻെറ കാൎയ്യത്തിൽ അങ്ങു ഇടപെടരുതേ. അദ്ദേഹത്തെ സംബന്ധിച്ചുള്ള ഒരു സ്വപ്നം മൂലം വിവിധക്ലേശങ്ങൾ ഞാൻ അനുഭവിക്കേണ്ടതായി വന്നുകൂടി." പീലാത്തോസിൻെറ പത്നി കൊടുത്തയച്ച ഒരു കുറിപ്പായിരുന്നതു്.

അതു വായിച്ചപ്പോൾ എന്തെന്നില്ലാത്ത ഒരു അമ്പരപ്പാണ് ആ ന്യായാധിപനുണ്ടായതു്. അയാളുടെ ഭാൎയ്യ വിവേകമുള്ള ഒരു സ്ത്രീയാണു്. അതിനും പുറമെ സ്വപ്നങ്ങളുടെ ആന്തരാൎത്ഥം ആക്കാണ പറയാൻ സാധിക്കുക! ജൂലിയസ്സ് സീസറിൻെറ വധത്തിനു മുൻപു അയാളുടെ ഭാൎയ്യക്കു ഒരു സ്വപ്നം മുന്നറിയിപ്പു നൽകിയ സംഗതി ആ അവസരത്തിൽ പീലാത്തോസിൻെറ ഓൎമ്മയിലെത്തി............

ആ സാധു തടവുകാരനെ രക്ഷിക്കാൻ ആവതു ചെയ്യണമെന്നു പീലാത്തോസുറച്ചു. വീണ്ടും അയാൾ ജനക്കൂട്ടത്തോടു പറ

യുകയാണ്: "ഈ മനുഷ്യൻ എന്തു കുററമാണു ചെയ്തതു്? മരണ വിധിക്കു അർഹനാക്കുന്ന കുററമൊന്നും അയാളിൽ ഞാൻ കാണുന്നില്ല. അയാളെ ചമ്മട്ടികൊണ്ടു അടിച്ചശേഷം ഞാൻ വിട്ടയക്കാം.''

"അവനെ ക്രൂശിക്കുക." ആളുകൾ വിളിച്ചുപറഞ്ഞു. "അയാളെ ക്രൂശിക്കുക." പീലാത്തോസു പ്രസംഗപീഠത്തിൽ നിന്നിറങ്ങി. "ചമ്മട്ടിപ്രയോഗംകൊണ്ടു ഈ ആളുകളെ ഒരു വിധത്തിൽ തൃപ്തിയാക്കാം." ആ മനുഷ്യൻ സ്വയം പറയുകയാണ്.

യേശുവിനെ ഒരു തൂണിൽ പടയാളികൾ വരിഞ്ഞു കെട്ടി. ചമ്മട്ടികൊണ്ടുള്ള വേദനയേറിയ പ്രഹരങ്ങൾ അദ്ദേഹം അനുഭവിക്കുമ്പോഴും ഒരേ ഒരു പ്രാർത്ഥനയേ അദ്ദേഹത്തിനുള്ളു:—അദ്ദേഹത്തിൻെറ അതിരററ സ്നേഹംകൊണ്ടു രക്ഷിക്കപ്പെടുവാൻ അഭിവാഞ്ഛയുള്ള ആത്മാക്കൾ. അതിനൊരു ഭഗീരഥപ്രയത്നം തന്നെ അവിടെ നടന്നു. പക്ഷെ അദ്ദേഹത്തിൻെറ മനസ്സു അന്ധകാരത്തിലേക്കു വഴുതിപ്പോകുന്നു. പട്ടാളക്കാർ പ്രഹരിച്ചുതീർന്നപ്പോൾ ആ ദേഹം വെന്തുനീറുന്നതുപോലെ അദ്ദേഹത്തിനു തോന്നി. ആ തീവ്രവേദനയിൽനിന്നും പ്രാർത്ഥനകൊണ്ടു അദ്ദേഹം വിമുക്തനായി: "എൻെറ ഇഷ്ടമല്ല, അങ്ങയുടെ ഹിതം നടക്കട്ടെ, പിതാവെ". അതോടെ അദ്ദേഹത്തിൻെറ മനസ്സു അന്ധകാരത്തിൽനിന്നും പ്രകാശത്തിലേക്കുയർന്നു.

പക്ഷേ, പട്ടാളക്കാരുണ്ടോ ഈ മർദ്ദനംകൊണ്ടു തൃപ്തരാകുന്നു? അദ്ദേഹം ഒരു രാജാവാണെന്നു നടിച്ചെന്നാണ് ആളുകൾ പൊതുവെ പറയുന്നതു്. അങ്ങനെതന്നെയാവട്ടെ. ഇയാളെ ഒരു രാജാവാക്കി അവരോധിക്കതന്നെ വേണം—ആ പടയാളികൾ തീരുമാനിച്ചു. പടയാളികളിൽ ഒരുവൻ കുറെ മുള്ളുകൾ കൊണ്ടുവന്നു. അവരെല്ലാം ചേൎന്നു് ആ മുള്ളുകൾ ഒരു കിരീടത്തിൻെറ ആകൃതിയിലാക്കി. അതിനൊരു രൂപമുണ്ടായപ്പോൾ അതവർ യേശുവിൻെറ ശിരസ്സിൽ അമർത്തിവച്ചു. രക്തനിറമുള്ള ഒരു അങ്കി മറെറാരുവൻ കൊണ്ടുവന്നു് അദ്ദേഹത്തെ

ധരിപ്പിച്ചു. മൂന്നാമതൊരുവൻ അദ്ദേഹത്തിൻെറ വലതുകയ്യിൽ ഒരു കമ്പും കൊടുത്തു. എന്നിട്ടവർ പരിഹാസപൂർവ്വം ചിരിച്ചു കൊണ്ടു വിളിച്ചുപറയുകയാണ്:— "യഹൂദന്മാരുടെ രാജാവേ, ജയ, ജയ!"

ആ 'വിനോദം' പടയാളികഠം അതുകൊണ്ടവസാനിപ്പിച്ചു. ആ ചുവന്ന അങ്കി അവർ ഊരിയെടുത്തു്, കീറി അഴുക്കു പിടിച്ച അങ്കി തന്നെ വീണ്ടും അദ്ദേഹത്തെ ധരിപ്പിച്ചു. എന്നിട്ടാണ് മുള്ളുകഠംകൊണ്ടുള്ള കിരീടം ധരിപ്പിച്ച് അവരദ്ദേഹത്തെ പീലാത്തോസിൻെറ സന്നിധിയിലേക്കു ആനയിച്ചതു്. ഭയങ്കരങ്ങളായ പല കാഴ്ചകളും പീലാത്തോസു കണ്ടിട്ടുണ്ടു്. എന്നാൽ യേശുവിൻെറ ആ വിധത്തിലുള്ള ആഗമനം കണ്ടപ്പോഠം അയാഠം ഞെട്ടിപ്പോയി. പക്ഷെ ആ സമയത്തും അയാഠംക്കു തോന്നാതിരുന്നില്ല:— "പരിതാപകരമായ ഈ കാഴ്ച കാണുമ്പോഴെങ്കിലും ജനങ്ങഠം സംതൃപ്തരാകുമെന്നു്. അങ്ങനെ നാലാം പ്രാവശ്യം അയാഠം ന്യായാസനപീഠത്തിൽ ഉപവിഷ്ടനായി. എന്നാൽ ഈ അവസരത്തിൽ യേശു അയാളുടെ പാർശ്വത്തിലുണ്ടായിരുന്നു. അയാഠം വിളിച്ചുപറഞ്ഞു. "ഇതാ ഈ മനുഷ്യൻ—അയാളിൽ ഞാനൊരു കുററവും കാണുന്നില്ല." പക്ഷെ അതുകൊണ്ടും ആഠംക്കൂട്ടം ആർദ്രചിത്തരായില്ല. യേശുവിനെ കണ്ടപ്പോഠം അവർ അട്ടഹാസം മുഴക്കി:— "അവനെ ക്രൂശിൽ തറയ്ക്കുക."

"നിങ്ങഠം തന്നെ ഈ മനുഷ്യനെ ക്രൂശിൽ തറയ്ക്കുക. ഇയാളിൽ ഞാനൊരു കുററവും കാണുന്നില്ല." പീലാത്തോസു ഉച്ചത്തിൽ പറഞ്ഞു. അയാഠം അക്ഷമനായിത്തീർന്നിരിക്കയാണ്. ആ അവസരത്തിലും അയാഠംക്കറിയാം തൻെറ അധികാരത്തിൽ നിക്ഷിപ്തമായ ഒരു ശിക്ഷയാണ് ക്രൂശിൽ തറച്ചു കൊല്ലുകയെന്നതു്.

പ്രധാനാചാര്യന്മാരിൽ ഒരാഠം എഴുന്നേററു. അയാഠം പീലാത്തോസിനോടു പറയുകയാണ്:— "ഞങ്ങഠംക്കൊരു നിയമ

മുണ്ട്. ആ നിയമമനുസരിച്ച് ഈ മനുഷ്യനു മരണശിക്ഷ നൽകേണ്ടതാണ്. അതിനു കാരണമുണ്ട്. ഇയാഠം സ്വയം ദൈവപുത്രനെന്നു ഭാവിച്ചു—പറയുകയും ചെയ്തു.

ആ വാക്കുകഠം കേട്ടപ്പോഠം അല്പമല്ലാത്തൊരു ആശങ്ക പീലാത്തോസിൻെറ മനസ്സിലുദിച്ചു. അയാഠം വീണ്ടും പ്രസംഗ പീഠത്തിൽ കയറി. യേശുവിനെ അഭിമുഖീകരിച്ചുകൊണ്ടു അയാഠം ചോദിക്കുകയാണ്: —“നിങ്ങഠം എവിടെനിന്നാണു വരുന്നതു്?”

മറുപടിയൊന്നും യേശു പറഞ്ഞില്ല. അദ്ദേഹത്തിൻെറ മുൻപിൽ നിൽക്കുന്ന ആ മനുഷ്യൻെറ ആത്മാവിനെ അദ്ദേഹം ഉററുനോക്കുകയാണ്. അയാഠം ദുഷിച്ച ഒരു വ്യക്തിയല്ല. പക്ഷെ, മാനസികമായി ബലഹീനനാണു താനും.

മൗനം കൊണ്ടു മറുപടി ലഭിക്കുക പതിവില്ല പീലാത്തോസിനു്. അക്ഷമയോടെ അയാഠം യേശുവിനോടു ചോദിച്ചു:- “നിങ്ങഠം എന്നോടു സംസാരിക്കുകയില്ലേ?” ആജ്ഞാപൂർണ്ണമായിരുന്നു ആ വാക്കുകഠം. എന്നാൽ അതിൽ അത്ഭുതവും ആദരവും സ്ഫുരിച്ചു. “നിങ്ങളെ ക്രൂശിലേററാനും, മോചിപ്പിക്കാനും എനിക്കധികാരമുണ്ടെന്നു നിങ്ങഠം മനസ്സിലാക്കുന്നില്ലേ?”

ഈ പ്രാവശ്യം യേശു പീലാത്തോസിനു മറുപടി നൽകി: “ഉയരത്തിൽനിന്നു ലഭിച്ചില്ലെങ്കിൽ നിങ്ങഠംക്കു എൻെറ മേൽ ഒരധികാരവുമുണ്ടാകയില്ല. അതുകൊണ്ടു് എന്നെ നിങ്ങളെ ഏല്പിച്ചവനു അധികം പാപമുണ്ടു്.”

യേശുവിൻെറ മുഖത്തുനോക്കി ഒരു നിമിഷനേരം പീലാത്തോസ് നിശ്ചലനായിനിന്നു. ആ മറുപടി അയാളെ അമ്പരപ്പിച്ചു. അയാഠം ന്യായാസനത്തിൽ വീണ്ടുമിരുന്നു. എങ്ങനെയെങ്കിലും അയാഠംക്കീ കാര്യം തീർക്കണം. രാവിലെ മുതൽ ഇതേവരെ അതു ദീർഘിച്ചില്ലേ?....എന്നാലും ആർദ്രമായ കണ്ണുകളും അത്ഭുതകരമായ ധൈര്യവുമുള്ള ആ മനുഷ്യനെ രക്ഷിച്ചാൽ കൊള്ളാമെന്നുണ്ടു് ആ ന്യായാധിപനു്.

ഇതിനിടെ പുതിയൊരു വാദമുഖം പ്രധാന പുരോഹിതർ ആലോചിച്ചുറക്കയായിരുന്നു. ആ അസ്ത്രം അങ്ങുതൊടുത്തുവിട്ടാൽ മതിയാകും. അതോടെ പീലാത്തോസു മൗനിയായിത്തീരും. ആ ന്യായാധിപൻെറ ബലഹീനത അവർ കണ്ടുപടിച്ചു കഴിഞ്ഞിരുന്നു.

"അങ്ങു ഈ മനുഷ്യനെ വിട്ടയക്കുകയാണെങ്കിൽ കൈസറിൻെറ ഒരു സ്നേഹിതനല്ല അങ്ങു." വിജയം സുനിശ്ചിതമാക്കി അവർ വിളിച്ചുപറഞ്ഞു. "സ്വയം രാജാവായി അവകാശവാദം പുറപ്പെടുവിക്കുന്ന ഒരാളും കൈസറിൻെറ സുഹൃത്തല്ല."

പീലാത്തോസിനു ലോകത്തിൽ ആരെയെങ്കിലും ഭയമുണ്ടെങ്കിൽ അതു തിബേരിയസ്സു കൈസറിനെയായിരുന്നു. യഹൂദിയായിൽ യഹൂദരോടു ഏതോ ചില നടപടികൾ സ്വീകരിച്ചു മുമ്പൊരവസരത്തിൽ അയാൾ കൈസറുടെ അതൃപ്തി സമ്പാദിച്ചതാണ്. അങ്ങനെയിരിക്കെ ഈ അവസരത്തിൽ എന്തെങ്കിലും വിപ്ലവമുണ്ടാകുന്നപക്ഷം കൈസർ എന്തായിരിക്കാം അയാളോടു ചെയ്യുക?

സാവധാനം, എന്നാൽ ഒഴിഞ്ഞു കൂടാൻ ആവാത്തവിധം, യേശുവിൻെറ എതിർ കക്ഷികളുടെ വാദഗതിക്കു പീലാത്തോസ് ചായ്‌വു പ്രദർശിപ്പിക്കയാണ്. ആ മനോഭാവം ശത്രുപക്ഷക്കാർ മനസ്സിലാക്കിയും കഴിഞ്ഞു. എന്നാലും ഒരു പ്രാവശ്യംകൂടി അയാൾ യേശുവിനെ അവരുടെ മുൻപിൽ നിറുത്തി. എന്നിട്ടു അയാൾ അവരോടു പറയുകയാണ്:— "ഇതാ നിങ്ങളുടെ രാജാവ്." ഇനി അവരുടെ സന്മനോഭാവത്തിൽ അയാൾ വിശ്വാസം നിക്ഷേപിക്കേണ്ടതില്ല.

"അയാളെ കൊണ്ടുപോകുക:— അയാളെ കൊണ്ടുപോകുക" ജനക്കൂട്ടം അട്ടഹസിച്ചു.

"നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിൽ തറയ്ക്കണമോ?" അയാൾ ആരാഞ്ഞു.

"അയാളെ ക്രൂശിക്കുക." ജനങ്ങളിൽനിന്നു പ്രത്യുത്തരം

പുറപ്പെട്ടു. "കൈസറല്ലാതെ മറെറാരു രാജാവുമില്ല, ഞങ്ങാംക്കു്."

ഒരു കർത്തവ്യമേ ആ ന്യായാധിപനു ശേഷിക്കുന്നുള്ളു. എന്നാൽ തികച്ചും അരോചകമായിരുന്നു ആ കർത്തവ്യം. അയാാം ന്യായാസനത്തിലിരുന്നു് ഒരു പാത്രത്തിൽ വെള്ളം കൊണ്ടുവരാനാജ്ഞാപിച്ചു. ഭൃത്യൻ വെള്ളം കൊണ്ടുവന്നു. സാവധാനം പീലാത്തോസു കൈകാം കഴുകി. അവിടെ കൂടിയിരുന്നവർ അതു കാണുന്നുണ്ടു്. "നീതിമാനായ ഈ മനുഷ്യൻെറ രക്തത്തിന്നു ഞാൻ ഉത്തരവാദിയല്ല. അതിൻെറ ഉത്തരവാദിത്വം നിങ്ങാം തന്നെ ഏറെറടുത്തു കൊള്ളുക." നിസ്സഹായാവസ്ഥയിൽ എത്തിച്ചേർന്ന പീലാത്തോസ്സ് ആ ജനസമൂഹത്തോടു് അഭ്യർത്ഥനാരൂപത്തിൽ പറഞ്ഞു. പക്ഷെ, ആ പുരുഷാരം വിളിച്ചുപറഞ്ഞതെന്താണെന്നോ?

"അയാളുടെ രക്തത്തിലുള്ള ചുമതല ഞങ്ങളുടേയും ഞങ്ങളുടെ സന്താനപരമ്പരയുടേയും മേൽ വരട്ടെ."

ആ പരിത:സ്ഥിതിയിൽ പീലാത്തോസു ബറബാസിനെ മോചിതനാക്കി. യേശുവിനെ ക്രൂശിൽ മരണത്തിനു അദ്ദേഹം വിധിക്കയും ചെയ്തു.

ആ വിധി പ്രഖ്യാപിതമായതോടെ കാര്യങ്ങാം അതിവേഗം മുന്നോട്ടുനീങ്ങി. പടയാളികളുടെ ഉത്തരവുകാം അവിടെ കോംക്കാം.

"വധശിക്ഷക്കു വിധിക്കപ്പെട്ടിരിക്കുന്ന മററു രണ്ടു തടവുകാരേയും പുറത്തു കൊണ്ടുവരിക" സൈനികമേധാവി ആജ്ഞാപിച്ചു. വധശിക്ഷയ്ക്കു വിധിക്കപ്പെട്ട മററു രണ്ടു പുള്ളികാം കാരാഗൃഹത്തിലുണ്ടായിരുന്നു.

"കുരിശുകാം കൊണ്ടുവരപ്പെടട്ടെ" മേധാവിയുടെ കല്പന മുഴങ്ങി. അവയും അവിടെ വന്നെത്തി.

"വധശിക്ഷയുടെ കാരണവും എഴുതപ്പെടട്ടെ" കല്പന

വീണ്ടും പുറപ്പെട്ടു. അതെഴുതാനുള്ള പലകയും ചായവും ബ്രഷു കളുമായി ആളുകളോടിയെത്തി. എന്നിട്ടു് ആ തൊഴിൽക്കാർ പീലാത്തോസിനോടു ചോദിക്കയാണു്:—"എന്താണു തിരു മേനി, ഞങ്ങൾ എഴുതേണ്ടതു്?"

ഒരു നിമിഷനേരത്തേക്കു പീലാത്തോസു ചിന്തിച്ചു. അ യാളുടെ നയനങ്ങളിൽ അസാധാരണമായ ഒരു ദീപ്തി വ്യാപി ക്കുന്നു. പെട്ടെന്നയാൾ പറയുകയാണു്:—"എഴുതുക." നസ്രാ യനായ യേശു, യഹൂദന്മാരുടെ രാജാവു്" എന്നു്.

വെള്ളച്ചായം പൂശപ്പെട്ടിരുന്ന പലകയിൽ കറുത്ത അക്ഷ രത്തിൽ ആ വാചകം അവർ എഴുതിവച്ചു—ലത്തീൻ ഭാഷയി ലും, യവനായ ഭാഷയിലും, എബ്രായ ഭാഷയിലും.

ആ മേലെഴുത്തു കണ്ടപ്പോൾ പുരോഹിതർക്കും പരീശർക്കും അരിശം മൂത്തു. പീലാത്തോസിൻെറ മുൻപിൽ അവർ പ്രതി ഷേധം സമർപ്പിക്കുകയാണു്:—"യഹൂദന്മാരുടെ രാജാവെന്നു എ ഴുതരുതു്. അയാൾ സ്വയം യഹൂദന്മാരുടെ രാജാവെന്നു പറ ഞ്ഞു എന്നു എഴുതുകയാണു് ആവശ്യം".

പക്ഷെ, പീലാത്തോസു ആ നിവേദനം തൃണവൽഗണിച്ചു. ഈ വിധത്തിലെങ്കിലും അവരെ ശുണ്ഠിപിടിപ്പിക്കാമല്ലോ എ ന്നോർത്തു അയാൾ സംതൃപ്തനായി. "ഞാൻ എഴുതിയതെഴുതി"— മാററമില്ലാത്തവിധം അയാൾ അവരോടു പറഞ്ഞു. പിന്നെ ഒരു വാക്കുപോലും അയാൾ ഉച്ചരിച്ചില്ല. യേശുവിൻെറ ശത്രു ക്കൾ തുടർന്നു പ്രതിഷേധം രേഖപ്പെടുത്തുകയുമുണ്ടായില്ല.

## അദ്ധ്യായം 26

# ക്രൂശിലെ മരണം

"ഞാനൊന്നു നഗരംവരെ പോകയാണ്"—കുറേനിയൻ ശിമയോൻ പുത്രന്മാരെ അറിയിച്ചു. "നേരം അധികം വൈകുന്നതിനു മുൻപു ഞാൻ മടങ്ങിയെത്തിക്കൊള്ളാം" കുറെകാലമായി അയാഠം താമസിയ്ക്കുന്നതു് യറുശലേമിനു സമീപമാണ്. എന്നാലും പരിചയക്കാർ അയാളെ കുറേനിയൻ ശിമയോനെന്നാണ് ഇപ്പോഴും വിളിച്ചുപോന്നതു്.

"അപ്പാ, സൂക്ഷിക്കണേ."—ഒരു മകൻ താക്കീതു നൽകി. "നഗരത്തിൽ ഏതോ ചില ബഹളങ്ങഠം നടക്കുന്നുണ്ടത്രേ. ഒരു കച്ചവടക്കാരനാണ് അക്കാര്യം എന്നോടു പറഞ്ഞതു്. അധികാരികഠം ആ നസ്രായനെ പിടികൂടിയത്രേ."

ശിമയോൻ വസ്ത്രം ധരിക്കവേ മന്ദഹസിച്ചുകൊണ്ടു മകനോടു പറയുകയാണ്:—"എന്റെ മകനേ, ഞാൻ സൂക്ഷിച്ചുകൊള്ളാം. എന്നെപ്പോലുള്ള ഒരു വൃദ്ധനെ ശല്യപ്പെടുത്താൻ ആരും തുനിയുകയില്ല." ആജാനബാഹുവായ ഒരു മനുഷ്യനാണു ശിമയോൻ. പ്രായം കടന്നിട്ടും അയാളുടെ ശാരീരികശ

കതിക്കൊരു കുറവും സംഭവിച്ചിട്ടില്ല. അറുപതുവയസ്സു അയാൾ കഴിഞ്ഞിട്ടുണ്ടെന്നു ആരുമൊട്ടു പറയുകയുമില്ല.

അയാൾ നടന്നുകയാണു് നഗരത്തിലേയ്ക്കു. ആ ഭാഗത്തൊക്കെ സാധാരണയിൽ കവിഞ്ഞുള്ള ഒരു ആൾക്കൂട്ടമാണു് അയാൾ അന്നു കാണുക. പക്ഷേ പെസഹാ അവസരത്തിൽ അതൊരു അസാധാരണ സംഭവവുമല്ല. എന്നാൽ ദേവാലയത്തിലെ ന്യായാധിപമണ്ഡപത്തിനു സമീപമെത്തിയപ്പോൾ അട്ടഹാസങ്ങളും ആരവങ്ങളും അയാൾക്കു കേൾക്കാം. ആദ്യം ആ ആരവം അവ്യക്തമായേ ശിമയോനു കേൾക്കാൻ സാധിച്ചുള്ളു. എന്നാൽ ദേവാലയത്തോടു സമീപിക്കുംതോറും ആ ബഹളം അയാൾ സ്പഷ്ടമായി കേട്ടുതുടങ്ങി. "അയാളെ ക്രൂശിക്കുക—യഹൂദന്മാരുടെ രാജാവെന്നു പറയുന്നവനെ ക്രൂശിക്കുക." അപ്പോൾ മറെറാരു ഭാഗത്തുനിന്നു അട്ടഹാസം പൊട്ടിപ്പുറപ്പെട്ടു: "താൻ ഒരു രാജാവാണെങ്കിൽ സ്വയം രക്ഷിക്കുക"

ശിമയോൻ പട്ടാളക്കാരുടെ കാവൽപ്പുരയ്ക്കു സമീപമെത്തി. ന്യായാധിപമണ്ഡപത്തിൽ നിന്നു പ്രവഹിയ്ക്കുന്ന ഒരു മനുഷ്യമഹാസമുദ്രത്തിൻെറ മദ്ധ്യത്തിൽ അയാൾ അകപ്പെട്ടുകയും ചെയ്തു. കാതുകൾ ഭേദിയ്ക്കുന്ന ശബ്ദമാണു്, അവർ പുറപ്പെടുവിക്കുന്നതു്. ആ ശബ്ദത്തിനുപരിയായി അയാൾക്കു കേൾക്കാം കുതിരകളുടെ കുളമ്പുകളുടെ ധ്വനിയും ആയുധങ്ങളുടെ കിലുകിലുക്കവും.

"മാറിനിക്കടോ"—ആരോ ശിമയോനോടു വിളിച്ചു പറഞ്ഞു. "ശതാധിപൻ വരുന്നതുകാണാൻ തനിയ്ക്കു കണ്ണില്ലേ? തടവുകാർക്കു കടന്നുപോകാൻ വഴി കൊടുക്കണം—പോ."

അമ്പരന്നു ശിമയോൻ ഒന്നുരണ്ടടി പിന്നോക്കം വച്ചു.

"ഇയാൾ എവിടെനിന്നായിരിയ്ക്കുമോ വരവു്? ഇവിടെ നടക്കുന്ന സംഭവങ്ങളൊന്നും താനറിയുന്നില്ലേ?"

അപ്പോഴേക്കും അയാൾ ആൾത്തിരക്കിൻെറ മദ്ധ്യത്തി

ലായി. ശബ്ദംകേട്ട ദിക്കിലേയ്ക്കു അയാറം നോക്കി. കുതിരപ്പുറത്തുകയറിയിരുന്ന ഒരു ശതാധിപൻ മുൻപിൽ. അയാളെ പിൻതുടൻറു കുറെ കാലാറംപ്പടയാളികാം. അവരുടെ മദ്ധ്യത്തിൽ കുരിശുകാം വഹിച്ചുകൊണ്ടു് മൂന്നു തടവുകാർ. അവരിൽ രണ്ടുപേർ ഭീമകായന്മാരാണു്. പച്ചത്തടികൊണ്ടു നിമ്മിക്കപ്പെട്ടിരുന്ന കുരിശുകളുടെ ഭാരം അവക്കു ചുമക്കുക വയ്യ. ആ ഭാരത്തിന്റെ ദുവ്വഹതമൂലം അവർ അസഭ്യങ്ങറം വിളിച്ചുപറയുകയാണു്. പക്ഷേ മൂന്നാമത്തെയാറം അവരിൽനിന്നു വ്യത്യസ്തനായിരുന്നു. മെലിഞ്ഞ ശരീരം—ഉരുണ്ട വലിയ കണ്ണുകാം. ആവു, ആ കണ്ണുകാംക്കു ചതവുപററിയിട്ടുണ്ടു്. എന്നാലും അതിൽനിന്നു സ്ഫുരിയ്ക്കുന്ന സങ്കടഭാവം! ആ കുരിശു അദ്ദേഹത്തിനു വഹിക്കാനാവില്ല. അതിന്റെ ഭാരംകൊണ്ടു ഒരടി മുന്നോട്ടുവയ്ക്കാൻപോലും അദ്ദേഹം നന്നേ ക്ലേശിയ്ക്കുന്നു. ആ മനുഷ്യന്റെ മുഖത്തേയ്ക്കു ശിമയോനൊന്നു നോക്കി. അടുത്തനിമിഷം അദ്ദേഹം നിലംപതിച്ചു. അദ്ദേഹത്തെ വീണ്ടും നിലയിൽനിത്താൻ രണ്ടു പടയാളികാം നന്നേ പണിപ്പെടേണ്ടിവന്നു. മററുള്ളവരിൽനിന്നു വ്യത്യസ്തനാണദ്ദേഹമെന്നു പ്രഥമദൃഷ്ടിയിൽത്തന്നെ ആക്കും മനസ്സിലാക്കാം. അദ്ദേഹത്തിന്റെ കുരിശിന്മേൽ എഴുതിയിരുന്ന വാക്കുകാം കാണാൻ ശിമയോൻ എത്തിനോക്കി: "നസ്രായനായ യേശു—യഹൂദന്മാരുടെ രാജാവു്." അപ്പോഴാണു് ശിമയോനു മനസ്സിലാകുക ജനങ്ങറം പല കായ്യങ്ങളും പറഞ്ഞു പുകഴ്ത്തികൊണ്ടുപോന്ന യേശു അതാണെന്നു്. "ഈ മനുഷ്യനൊരു വ്യാജവേഷധാരിയായിരിക്കുമോ"—ശിമയോൻ സ്വയം ചോദിച്ചു.

ആ മൂന്നു തടവുകാരുടെ പിന്നിലായി കുറേനിയാക്കാരൻ ശിമയോൻ നടക്കുകയാണു്. പുരുഷാരം ആ വൃദ്ധനെ കണ്ടപ്പോറം അയാളെയും പരിഹസിക്കയും കൂക്കിവിളിക്കയും ചെയ്തുതുടങ്ങി. അതിനുപകരം പരിഹാസശബ്ദം ഉയത്തണമെന്നു വൃദ്ധനു തോന്നാതിരുന്നില്ല. പക്ഷേ ഏതോ ഒരു ചേതോവി

കാരം അതിൽനിന്നു അയാളെ പ്രതിബന്ധിച്ചു. ആ വികാരം എന്താണെന്നു മനസ്സിലാക്കാൻ അയാൾക്കുപോലും സാധിക്കുന്നില്ല. എന്നാലും ഓരോ അടിയും മുന്നോട്ടുവയ്ക്കുംതോറും നിലംപതിയ്ക്കാൻ ആ മനുഷ്യന്റെ മുഖത്തെ ദയനീയമായ ഭാവത്തോടു ആ വികാരത്തിനു അഭേദ്യമായ ബന്ധമുണ്ടെന്നു ശിമയോൻ മനസ്സിലാക്കുന്നുമുണ്ടു്. അദ്ദേഹം അവലംബിച്ച മൗനമോ? ആരെയും അത്ഭുതസ്തബ്ധരാക്കുന്നം കോമളത്വം തുളുമ്പുന്നതുമായ വിനീതമായ മുഖഭാവം. ആ കാഴ്ചയെപ്പററി പിന്നീടു അയാൾ മകനോടു പറയുകയുണ്ടായി: "അതൊരു അത്ഭുതംതന്നെയായിരുന്നു. അങ്ങനെ എനിക്കു തോന്നാൻ കാരണമെന്തെന്നു വിവരിക്കാൻ എന്നാലാവില്ല. എന്തൊരു പ്രസരിപ്പുള്ള മുഖം. അതുപോലെതന്നെ അദ്ദേഹത്തെ അനുഗമിച്ച സ്ത്രീയും........"

ആ സ്ത്രീയുടെ മുഖത്തൊന്നു നോക്കിയപ്പോൾത്തന്നെ ശിമയോനു മനസ്സിലായി അതു യേശുവിന്റെ മാതാവാണെന്നു്. മററു സ്ത്രീകൾ യേശുവിനോടു സംസാരിയ്ക്കുന്നുണ്ടു്—അവർ കരയുന്നുണ്ടു്. പടയാളികളെ വകവയ്ക്കാതെ അദ്ദേഹത്തിന്റെ മുഖത്തെ വിയപ്പു തുവാലകൾകൊണ്ടു സ്നേഹപൂർവ്വം തുടച്ച സ്ത്രീകളും അക്കൂട്ടത്തിലുണ്ടു്. കുറെ സ്ത്രീകൾ ഉറക്കെ കരഞ്ഞു അവരുടെ സങ്കടം രേഖപ്പെടുത്തുന്നു. അവരെ ആശ്വസിപ്പിക്കാൻ അദ്ദേഹം നിന്നു. എന്നിട്ടു് ആ മരണയാത്രയിലും അവരെ സമാശ്വസിപ്പിച്ചുകൊണ്ടു അദ്ദേഹം പറയുകയാണു്: "എനിക്കായല്ല, നിങ്ങൾക്കായി നിങ്ങൾ കരയുവിൻ—നിങ്ങൾക്കും നിങ്ങളുടെ സന്താനപരമ്പരയ്ക്കുവേണ്ടിയും നിങ്ങൾ കരയുവിൻ" മററു പല സംഗതികളും മരണയാത്രാമദ്ധ്യേ അദ്ദേഹം പറഞ്ഞു. അതിന്റെ പൊരുളൊന്നും ശിമയോനു അത്ര മനസ്സിലായില്ല. എന്നാലും അദ്ദേഹത്തിന്റെ ദീനദയാലുത്വം മനസ്സിലാക്കാൻ ആ വൃദ്ധനു സാധിക്കുകതന്നെ ചെയ്തു. ആ രംഗത്തെപ്പററിയുള്ള വിശദീകരണം പുത്രന്മാൎക്കു നൽകിക്കൊണ്ടു് അയാൾ പറയുകയാണു്: "മരിക്കാൻ പോകുകയായിരുന്നു അ

ദ്ദേഹം. പക്ഷേ ആ അവസരത്തിൽപ്പോലും അദ്ദേഹം എത്ര ദയാലുവായിരുന്നെന്നോ?"

പക്ഷേ ആ സ്ത്രീ—അവർ അദ്ദേഹത്തിൻെറ മാതാവായിരിക്കണം—മററുള്ളവരിൽനിന്നു എത്ര വ്യത്യസ്തമായിരുന്നെന്നൊ അവർ. ഉച്ചത്തിൽ അവർ കരഞ്ഞില്ല—അദ്ദേഹത്തോട് അഭ്യത്ഥനകളുമായി അവർ മുന്നോട്ടു വന്നില്ല. അദ്ദേഹത്തിൻെറ വസ്ത്രങ്ങളിൽ ദുഃഖം സഹിക്കവയ്യാതെ അവർ പിടിച്ചുതൂങ്ങിയുമില്ല. മൗനിയായി അവർ നിൽക്കയാണ്. അവക്കെതിരേ അദ്ദേഹം വന്നെത്തിയപ്പോഠം ഏററവും അത്ഭുതകരമായ ഒരു സംഭവമാണുണ്ടായതു്: "അവരിരുവരും ഒത്തുചേന്നു നടത്തുന്ന ഒരു സംഭവംപോലെ"—ശിമയോൻ ആ രംഗം പുത്രന്മാക്കു വിശദീകരിച്ചുകൊടുത്തതു് അങ്ങനെയായിരുന്നു. "ഒന്നാലോചിക്കൂ, കുഞ്ഞുങ്ങളേ"—ശിമയോൻ വിവരണം തുടന്നു. "ആ മനുഷ്യൻെറ കുരിശു ചുമക്കാൻ പടയാളികഠം എന്നോടു ആജ്ഞാപിച്ചു. അപ്പോഠം എനിക്കു എന്തൊരു കോപമാണുണ്ടായതെന്നോ? പക്ഷേ അല്പനേരത്തേക്കു മാത്രമായിരുന്നു ആ കോപം. മക്കളേ, ആ സന്ദഭം സ്വീകരിക്കാൻ നാം താമസിച്ചുപോയി. എത്ര അത്ഭുതകരമായ ഒരനുഭവമാണ് നമുക്കു നഷ്ടപ്പെട്ടതു്. ലഭിക്കാതെ വന്നതു്! അദ്ദേഹത്തിൻെറ ശിഷ്യരാകാൻ നമുക്കു സാധിച്ചില്ലല്ലോ."

* * * *

യറുശലേമിലെ അന്ധകാരനിബിഡമായ വീഥികളിൽ പുരുഷാരത്തിനിടയിൽ അകപ്പെട്ട മേരി മുന്നോട്ടു നീങ്ങുകയാണ്. ആഠംക്കൂട്ടത്തിനിടയിൽ ചിലപ്പോഠം അവഠംക്കു യേശുവിനെ കാണാം. ചിലപ്പോഠം അദ്ദേഹം ആഠംത്തിക്കലിനിടയിൽ പെട്ടകമൂലം അവളുടെ കാഴ്ചയിൽനിന്നു മറഞ്ഞെന്നുംവരാം. "സ്നേഹം മുൻനിറുത്തിയാണ് എൻെറ മകൻ ഈ ധമ്മസങ്കടങ്ങഠം അനുഭവിക്കുന്നതു്"—മേരി ആവത്തിച്ചാവത്തിച്ചു് സ്വയം പറഞ്ഞു. "ആ സ്നേഹത്താൽ പ്രേരിതയാണു ഞാനും"

—നിസ്സഹായയായ ആ മാതാവിൻെറ ആത്മഗതം. അപ്പോഠം മേരിയുടെ ഓമ്മയിലെത്തി യേശുവിൻെറ അവിസ്മരണീയമായ വാക്കുകഠം "അവക്ക ധാരാളമായി ജീവൻ ലഭിക്കുന്നതിന്നു വേണ്ടി." അതായിരുന്നു അദ്ദേഹത്തിൻെറ പ്രവൎത്തനങ്ങളുടെയെല്ലാം അടിസ്ഥാനം.

ആഠംത്തിരക്കിൽക്കൂടി ഞെങ്ങിഞെരുങ്ങി പോകുമ്പോഴും മേരിയുടെ മനസ്സിലുദിച്ച വാക്കുകഠം അവയായിരുന്നു. ആവതു അവഠം ശ്രമിച്ചുനോക്കി അദ്ദേഹത്തിൻെറ ശത്രുക്കഠം ഉച്ചരിക്കുന്ന പരിഹാസവാക്കുകഠം കേഠംക്കാതിരിക്കാൻ.

"ഇയാളല്ലേ പറഞ്ഞതു് താൻ യഹൂദന്മാരുടെ രാജാവാണെന്നു്? ഇപ്പോഠം ആരുടെ രാജാവാണു് ഇയാഠം?"

"ആശാരിയുടെ മകൻ രാജാവാണുപോലും!"

ആ അധിക്ഷേപങ്ങഠം കേഠംക്കാതിരിക്കാൻ പരമാവധി ശ്രമിച്ചു.

ആരോ അവളുടെ പിൻപിൽനിന്നു പറയുകയാണു്, യേശു രണ്ടാം പ്രാവശ്യവും ക്രൂശിൻെറ ഭാരംകൊണ്ടു നിലംപതിച്ചപ്പോഠം "ഇനി അയാഠം അധികമൊന്നും നടക്കുമെന്നു തോന്നുന്നില്ല. ഇപ്പോഠംത്തന്നെ അയാഠം അതാ അശക്തനായിക്കഴിഞ്ഞിരിക്കുന്നു."

"അതാ, ആ സ്ത്രീ അയാളുടെ അമ്മയാണു്"—മററൊരാഠം പറഞ്ഞു.

"ഉവ്വോ? അവർ നന്നെ ചെറുപ്പമാണല്ലോ."

"പതുക്കെ പറയൂ. ആ സ്ത്രീ കേഠംക്കുകയാണെങ്കിൽ! ആ മനുഷ്യൻ നിങ്ങളുടെ മകനായിരുന്നെങ്കിലോ?"

"അതു കൊള്ളാം. അയാഠം പറഞ്ഞതു ദൈവത്തിൻെറ മകനാണെന്നല്ലേ? അതു ദൈവദൂഷണമാണെന്നല്ലേ പുരോഹിതർ അഭിപ്രായപ്പെട്ടതു്?"

"എന്നാലും അയാഠം നമ്മുടെ കിഴവൻ യാക്കോബിൻെറ രോഗം ഭേദമാക്കിയില്ലേ?"

ഈ സംഭാഷണമെല്ലാം മേരി കേൾക്കുന്നുണ്ട്. പക്ഷേ അതവളുടെ മനസ്സിൽനിന്നു മാച്ചുകളയാൻ അവൾ ശ്രമിക്കുന്നുമുണ്ട്. പരമപിതാവിൻെറ അഭീഷ്ടത്തിൽ അവളുടെ ചിന്തകൾ അധിഷ്ഠിതമാകണം. അതിനാണു് അവളുടെ ശ്രമം. "അങ്ങയുടെ രാജ്യം വരണമേ, അങ്ങയുടെ ഹിതം നടക്കണമേ........" അപ്പോഴും ആ മാതാവു പ്രാൎത്ഥിക്കയാണ്. യേശുവിൻെറ വാക്കുകളനുസരിച്ചു പ്രാൎത്ഥിക്കുക എത്ര ആശ്വാസപ്രദമാണെന്നോ? അദ്ദേഹം ഒരവസരത്തിലുച്ചരിച്ച വാക്കുകൾ ആ സന്ദൎഭത്തിലവളോൎത്തു. "തൻെറ ഏകപുത്രനെ നൽകത്തക്ക രീതിയിൽ അദ്ദേഹം ലോകത്തെ സ്നേഹിച്ചു." അതിൻെറ പൊരുളുണ്ടോ ആ മനുഷ്യർ മനസ്സിലാക്കുന്നു?

നഗരത്തിൻെറ കവാടത്തിൽകൂടി പുരുഷാരം വെളിയിൽ കടന്നു. അവർ കുന്നിൻെറ ചരിവിലെത്തിച്ചേൎന്നു. ശതാധിപൻെറ ആജ്ഞ മുഴങ്ങി:—"നിൽക്കട്ടെ. ഈ സ്ഥലത്താവാം." മുഖത്തുണ്ടായിരുന്ന വിയർപ്പു് അയാൾ തുടച്ചു. "ഈ ആൾക്കൂട്ടത്തെ ഒന്നൊതുക്കിനിൎത്തു."

പുരുഷാരം ഒരുവശത്തേയ്ക്കു മാറി ഒതുങ്ങിനിന്നു. പെട്ടെന്നു അവരുടെ ആരവം ശമിച്ചു. അവർ നിശ്ചലരായി നില കൊണ്ടു. പടയാളികൾ യേശുവിൻെറ കൈവെള്ളകളിൽ ആണിതറയ്ക്കാൻ ഭാവിക്കയാണ്—ദീനരെ, രോഗികളെ പലരേയും സ്പൎശനംകൊണ്ടുസൗഖ്യപ്പെടുത്തിയതാണു് ആ കരങ്ങൾ. മേരി ഒരടി പെട്ടെന്നു പിന്നോക്കംവെച്ചു. അവളുടെ മുഖത്തുണ്ടായ വിളൎച്ച! ആരോ അവളോടു ചോദിക്കയാണ്:— "എന്തു പററി? എന്തെങ്കിലും രോഗമാണോ?"

അല്ലെന്ന ഭാവത്തിൽ മേരി തലകുലുക്കി. സംസാരിക്കാൻ അവൾക്കു സാധിക്കുന്നില്ല. അടുത്തു സംഭവിക്കാൻപോകുന്ന ഭയങ്കര രംഗങ്ങൾക്കു് അവൾ സ്വയം സന്നദ്ധയാകയാണ്. പടയാളികൾ യേശുവിൻെറ കൈകളിൽ ആണികളടിച്ചിറക്കുന്നു. ആ ശബ്ദം അവളുടെ ഹൃദയത്തെ കുത്തിത്തുളക്കയാണ്.

അപ്പോഴും അവൾ സമാശ്വസിക്കുന്നുണ്ട്: "അതു എൻെറ മകൻെറ മനുഷ്യസ്നേഹത്തിന്നു ലഭിക്കുന്ന ഒരു പ്രതിഫലമാണ്." യേശുവിൻെറ വിചാരം അതുതന്നെയാണെന്നു അവൾക്കറിയരുതോ? ചുററികയുടെ ഓരോ പ്രഹരവും സ്നേഹത്തിൻെറ ഓരോ അടിയാണെന്നു.

അങ്ങനെ ചുററികയുടെ ശബ്ദം നിലച്ചു. എന്തെന്നില്ലാത്ത ഒരു ആശ്വാസം എങ്ങനെയോ മേരിയ്ക്കു അനുഭവവേദ്യമായി. അപ്പോഴാണു് അവർ കുരിശു തറയിൽനിന്നു പൊക്കുക. ശതാധിപൻ ആജ്ഞാപിക്കയാണു്: "പൊങ്ങട്ടെ കുരിശു്. അല്പംകൂടി. അതു നേരെയല്ല നില്ക്കുന്നതു്. വലതുവശത്തേക്കു് അല്പംകൂടി മാററട്ടെ അതു്." ഭാരമേറിയ കുരിശു് കുഴിയിൽ അവർ ആജ്ഞാനുസരണം ഉയർത്തിനിറുത്തി. അദ്ദേഹം അപ്പോൾ അനുഭവിക്കുന്ന വേദന മേരിക്കും മനസ്സിലാക്കാം. അദ്ദേഹത്തിൻെറ ആ അവസരത്തിലെ വികാരങ്ങൾ ആ മാതാവിൻെറ ഹൃദയത്തിലും പ്രതിദ്ധ്വനിക്കുന്നുണ്ട്. വൃദ്ധനായ ശിമയോൻ ദേവാലയത്തിൽവച്ചു പറഞ്ഞ വാക്കുകൾ അവളപ്പോൾ ഓർത്തു:—"നിൻെറ ആത്മാവിൽക്കൂടി ഒരു വാൾ തുളച്ചുകയറും" അതിലപ്പുറം യേശുവിൻെറ വാക്കുകൾ അവളുടെ മനസ്സിലുയർന്നു: "ഞാൻ ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരേയും എന്നിലേക്കു ഞാൻ ആകർഷിക്കും." ഒരു പാത്രത്തിൽ വീഞ്ഞിനോടൊപ്പം മീറയും ചേർത്തു ഒരു പടയാളി അദ്ദേഹത്തിനു കൊടുത്തു. അദ്ദേഹമാകട്ടെ, അല്പം കുടിച്ചശേഷം ആ പാനീയം നിരസിച്ചു. ആ നിഷേധത്തിൻെറ അർത്ഥം അവൾക്കു മനസ്സിലായി. ക്രൂശിൽവെച്ചനുഭവിക്കുന്ന വേദനയ്ക്കു ഒരു പരിഹാരമായിരുന്നു അതു്. പക്ഷെ, ആ വേദന അദ്ദേഹത്തിനു അനുഭവിക്കുകതന്നെ വേണം, പരമപിതാവിൻെറ പാദങ്ങളിൽ സമർപ്പിക്കാനുള്ള ഒരു കാഴ്ചയായിരുന്നതു്. ആ രംഗം നിശ്ചലയായി നോക്കിനിന്നവൾ. ചുടുകണ്ണീരൊഴുക്കാൻ ആ കണ്ണുകൾ വേദനപ്പെടുകയാണു്. പക്ഷെ, അതിൻെറ അപ്പോഴുള്ള

പ്രവാഹത്തെ മേരി നിയന്ത്രിച്ചു. യേശുവിൻെറ പേക്കായി അവളതു നിയന്ത്രിക്കയല്ലേ വേണ്ടതു്? മനുഷ്യസ്നേഹത്താൽ നിയന്ത്രിതരല്ലേ അവരിരുവരും ഒരുപോലെ.

ആ കൃത്യം നിവ്വഹിച്ചുകഴിഞ്ഞപ്പോഠം പടയാളികഠം വിയക്കുന്നുണ്ടു്; അവരണയ്ക്കുകയും ചെയ്യുന്നുണ്ടു്. അത്ര ഭാരമേറിയ ഒരു ജോലിയായിരുന്നതു്. പക്ഷേ, അപ്പോഴും യേശു അവരുടെ മുഖത്തേയ്ക്കു—ക്രൂശിൽനിന്നു താഴോട്ടു നോക്കുകയാണു്—അധികൃതരാൽ നിയോഗിതരായിരുന്ന മനുഷ്യായുധങ്ങളെ. മുറിവേററു ചതഞ്ഞിരുന്ന ആ കോമളമുഖത്തു സഹതാപത്തിൻേറയും സ്നേഹത്തിൻേറയും ദീപ്തി സ്ഫുരിച്ചു. ആ ആജ്ഞാവാഹകരെ എന്തിനു കുററം പറയണം? അവരുടെ കത്തവ്യം അവർ നിവ്വഹിക്കുന്നല്ലേയുള്ളു. അതോടെ അദ്ദേഹം പറയുകയാണു്: "പിതാവെ, അവർ ചെയ്യുന്നതെന്താണെന്നു് അവരറിയായ്കയാൽ അവരോടു ക്ഷമിക്കണേ."

ചുററികയും ഇതരായുധങ്ങളുമെടുത്തു പടയാളികഠം മററു രണ്ടു കള്ളന്മാരെ സമീപിച്ചു. അവർ യേശുവിനെപ്പോലെയുള്ള മനുഷ്യരായിരുന്നില്ല. അവർ ഉച്ചത്തിൽ നിലവിളിച്ചു—അശ്ലീലങ്ങളായ പദങ്ങഠം യഥേഷ്ടമുച്ചരിച്ചു. ഭയവിഹ്വലരായ സാധുമനുഷ്യർ. അവരുടെ ശിക്ഷയും നിവ്വഹിച്ചശേഷം പടയാളികഠം ഒന്നു വിശ്രമിക്കാൻ തറയിൽ കിടന്നു. പിടിപ്പതു ജോലിയുണ്ടായിരുന്നു അവക്കന്നു്. ചൂടാണെങ്കിൽ ദുസ്സഹവും. എന്നാൽ എത്രപെട്ടെന്നാണു് ആ അത്യുഷ്ണം മാറുന്നതു്. സൂര്യൻ ഒരു കാർമേഘത്തിനുള്ളിൽ മറഞ്ഞാലെന്നവിധമുള്ള തണുപ്പു്. അവർ ആകാശവിരിപ്പിലേക്കു നോക്കി. പക്ഷെ, സൂയ്യപ്രകാശത്തെ മറയ്ക്കുന്ന മേഘശകലങ്ങഠംപോലും അവിടെയെങ്ങും കാണാനില്ല. പക്ഷെ, സുഖസന്ദായകമായ ശീതളച്ഛായ വ്യാപിച്ചു അവിടെയെല്ലാം.

അവിടെ കൂടിയിരുന്ന ജനക്കൂട്ടം ചുററുപാടും നോക്കി. അവരുടെ കണ്ണുകളും ആരാഞ്ഞു, ആകാശവിരിപ്പിൽ കാർമേ

ഘങ്ങരം വന്നു വ്യാപിച്ചോയെന്നു്. അത്ഭുതസ്തബ്ധരായി അവർ അന്യോന്യം പറയുകയാണു്:—"ഇതെന്തൊരു മറിമായം! നേരം ഉച്ചയാകുന്നതേയുള്ളു. അപ്പോഴേക്കും അന്ധകാരം വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു." കണ്ണുകരം തിരുമ്മി അവർ വീണ്ടും ആകാശത്തിലേക്കു കൂട്ടതൽ സൂക്ഷിച്ചുനോക്കി. എന്നിട്ടവർ ഏകസ്വരത്തിൽ വിളിച്ചുപറയുകയാണു്: "നോക്കണേ, എന്തൊരു അത്ഭുതമാണു് ആകാശവിരിപ്പിൽ സംഭവിക്കുന്നതെന്നു്!"

പെട്ടെന്നൊരാരം അടുത്തുനിന്നിരുന്ന മറെറാരാളിനോടു ചോദിക്കയാണു്: "യഹൂദന്മാരുടെ നേൎക്കുള്ള ഒരു ദൈവശിക്ഷയായിരിക്കുമോ ഈ കാണുന്നതു്?"

അതു മറെറാരാളും കേട്ടു. അയാളാണു ശാസനാരൂപത്തിൽ ഈ സംശയത്തിനു മറുപടി നൽകിയതു്: "ശ്....വിഡ്ഢിത്തം പറയാതിരിക്കു. നിങ്ങരം പറയുന്നതു പരീശർ കേട്ടാൽ ഗ്രഹപ്പിഴയാകും."

പക്ഷേ യേശുവിൻെറ ശത്രുക്കരംക്കുണ്ടോ ഇതൊക്കെ കാണാൻ കണ്ണുകരം? അവർ കൂട്ടംകൂടിനിന്നു ആ തേജസ്വിയെ പരിഹസിക്കുകയാണു്: "അയാരം മററുള്ളവരെ രക്ഷിച്ചു. ഇപ്പോരം സാധിക്കുമെങ്കിൽ അയാരം സ്വയം രക്ഷിക്കട്ടെ." എന്നൊരു കൂട്ടർ പരിഹാസശബ്ദമുയൎത്തുമ്പോരം മറെറാരു സംഘം അട്ടഹസിക്കയാണു്: "ഇയാരം ക്രിസ്തുവാണെങ്കിൽ കുരിശിൽ നിന്നിറങ്ങിവരട്ടെ."

ആ പരിഹാസവൎഷത്തിൽ യേശുവിൻെറ ഇരുപാൎശ്വങ്ങളിലും ക്രൂശിക്കപ്പെട്ടിരുന്ന കള്ളന്മാരും ചേൎന്നു. "താൻ ക്രിസ്തുവാണെങ്കിൽ ഞങ്ങളേയും തന്നെത്തന്നെയും രക്ഷിക്കുക."

ഇതെല്ലാം യേശു കേരംക്കുന്നുണ്ടു്. പക്ഷെ പ്രത്യുത്തരം ഒന്നുംതന്നെ നൽകാതെ അദ്ദേഹം മൗനമായി കുരിശിൽ തൂങ്ങിക്കിടന്നതേയുള്ളു. പടയാളികരം ക്രൂശുകളുടെ ചുവട്ടിലിരുന്നു പാശുകളി ച്ചുതുടങ്ങി. അതിനു പന്തയം യേശുവിൻെറ തുന്നലില്ലാത്ത അങ്കിയും.

അദ്ദേഹത്തിൻെറ ഇടതുവശത്ത്—കുരിശിൽ തൂങ്ങിക്കിടന്നിരുന്ന കള്ളൻ ഇതിനിടയിൽ വീണ്ടും വിളിച്ചുപറയുകയാണ്: "തന്നെത്തന്നെയും ഞങ്ങളെയും രക്ഷിക്കുക." എത്ര തികഞ്ഞ ഒരു പരിഹാസധ്വനിയായിരുന്നു ആ ശബ്ദത്തിൽ അടങ്ങിയിരുന്നത്. പക്ഷെ വലതുഭാഗത്തെ കള്ളൻ ആ പരിഹാസസംരംഭത്തിൽ വീണ്ടും ചേരാൻ സന്നദ്ധനായില്ല. യേശുവിൻെറ മുഖത്തേക്കു അയാൾ ഒന്നേ നോക്കിയുള്ളു. എന്തെന്നില്ലാത്ത ഒരു അമ്പരന്ന ആശ്ചര്യത്തിനു അയാൾ പെട്ടെന്നു വിധേയനായി. പരിഹാസശബ്ദം അങ്ങനെ ചുററുപാടും മുഴങ്ങുകയാണ്. പക്ഷേ ആ ദുസ്സഹസന്ദർഭത്തിൽപോലും മൗനമവലംബിച്ച് തന്നെ മർദ്ദിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഈ അത്ഭുതമനുഷ്യൻ ആരായിരിക്കാം?—ആ കള്ളൻ ചിന്തിക്കയാണ്. കുരിശിൽ കിടന്നുകൊണ്ട്—ദുസ്സഹമായ വേദനയനുഭവിച്ചുകൊണ്ട് അയാൾ തലതിരിച്ച് ഒന്നുകൂടി യേശുവിൻെറ മുഖം സൂക്ഷിച്ചു. അടുത്തതായി അയാളുടെ ദൃഷ്ടികൾ പതിഞ്ഞതു് മറേറ കള്ളൻെറ മുഖത്തേക്കാണ്. അല്പനേരം ചിന്തിച്ചശേഷം അയാൾ കൂട്ടുകാരനോടു പറയുകയാണ്: "നീ ദൈവത്തെ ഭയപ്പെടുന്നില്ലേ? നാമാണെങ്കിൽ ന്യായമായി ശിക്ഷ അനുഭവിക്കുന്നു. നമ്മുടെ പ്രവൃത്തികൾക്കുള്ള ശിക്ഷയാണ് നമുക്കു ലഭിച്ചിരിക്കുന്നതു്. പക്ഷെ, ഈ മനുഷ്യനെ സംബന്ധിച്ചാണെങ്കിൽ അരുതാത്തതൊന്നും അദ്ദേഹം ചെയ്തിട്ടില്ല." വീണ്ടും ആ മനുഷ്യൻ ബദ്ധപ്പെട്ടു യേശുവിൻെറ മുഖത്തേക്കു നോക്കി. ആ മുഖത്തു ദൃശ്യമായിരുന്ന പവിത്രമായ കോമളത്വം എന്തെന്നില്ലാത്തവിധം അയാളെ ആകർഷിച്ചു. ആ മുഖത്തുണ്ടായിരുന്ന പരിക്കുകളും രക്തത്തുള്ളികളും അയാൾ കാണുന്നില്ല. പെട്ടെന്നാണ് ആ തസ്കരഹൃദയത്തിൽ അടക്കവെയ്യാത്ത ഒരു ആവേശത്തിൻേറയും അഭിവാഞ്ഛയുടേയും ശക്തമായ ഒരു ഉറവ ഉത്ഭവിക്കുന്നതു്. ദൈവികത്വം സ്ഫുരിക്കുന്ന ആ മുഖം കണ്ടപ്പോൾ അയാൾക്കു അനിയന്ത്രിതമായ ഒരാഗ്രഹം—ഇനിയുമെങ്കിലും

ഒരു നല്ല മനുഷ്യനാകണമെന്നു്. ശൈശവത്തിലെപ്പോലെ നിഷ്ക്കളങ്കമായ ഒരു ജീവിതം നയിക്കാൻ സാധിച്ചെങ്കിലെന്നു് —ആ പാപഭാരം തന്നിൽനിന്നു നീക്കിക്കളയണമെന്നു്. ഈ വികാരവേലിയേററം പ്രകടിപ്പിക്കാൻ വാക്കുകൾ കിട്ടാതെ അയാൾ വിഷമിക്കുകയാണു്. പെട്ടെന്നു്, യേശുവിനെ ഒന്നു കൂടി നോക്കി അയാൾ വിളിച്ചുപറഞ്ഞു: "കർത്താവേ, നിൻെറ രാജ്യത്തിൽ വരുമ്പോൾ എന്നെയും ഓർക്കണമേ." എന്നു്.

വേദന സഹിച്ചുകൊണ്ടു് യേശു ആ കള്ളൻെറ മുഖത്തേയ്ക്കു ഒന്നു നോക്കി. എന്നിട്ടു സ്നേഹസമ്പൂർണ്ണമായ ഒരു മന്ദഹാസത്തോടെ അയാളോടു് അദ്ദേഹം പറയുകയാണു്: "ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, ഇന്നുരാത്രിയിൽ നിങ്ങൾ എന്നോടുകൂടി പറുദീസായിലിരിക്കും." അതിൽക്കൂടുതലൊന്നും പറയാൻ അദ്ദേഹത്തിനു സാധിച്ചില്ല. ക്ഷീണിതനായി ശിരസ്സു നെഞ്ചിൽ വച്ചുകൊണ്ടു് അദ്ദേഹം നിശ്ചലനായി ക്രൂശിൽ കിടന്നു.

ആൾക്കൂട്ടം പിരിഞ്ഞുതുടങ്ങി. അതോടെ യേശുവിൻെറ സമീപത്തു ചെന്നുനിൽക്കാൻ അദ്ദേഹത്തിൻെറ മാതാവിനു സൗകര്യം ലഭിച്ചു. ആ മേരിയുടെ പാർശ്വത്തിൽ മഗ്ദലന മേരിയും മറെറതാനും സ്ത്രീകളും, ശിഷ്യൻ യോഹന്നാനുമുണ്ടു്. മാതാവു പുത്രനെ സമീപിക്കവേ, അദ്ദേഹം കണ്ണുകൾ തുറന്നു ആരെയോ അന്വേഷിക്കുംവിധം നോക്കി. ആ കണ്ണുകൾ മാതൃമുഖത്തു പതിഞ്ഞു. അവ പ്രകാശിതങ്ങളായി. അടുത്തതായി അദ്ദേഹം യോഹന്നാൻെറ മുഖത്തേക്കു നോക്കി. വീണ്ടും ആ നോട്ടം മേരിയുടെ മുഖത്തു പതിഞ്ഞു. എന്നിട്ടു ശാന്തമായി, സസ്നേഹം അദ്ദേഹം പറയുകയാണു്:—"സ്ത്രീയേ ഇതാ നിങ്ങളുടെ പുത്രൻ" യോഹന്നാനോടു അദ്ദേഹം പറഞ്ഞു: "ഇതാ, നിങ്ങളുടെ അമ്മ." അതിനുശേഷം അദ്ദേഹത്തിൻെറ കണ്ണുകളടഞ്ഞു; ക്ഷീണം കൊണ്ടെന്നവിധം. അതുകഴിഞ്ഞു മൂന്നു മണിക്കൂർ സമയം അദ്ദേഹം യാതൊന്നും പറയുകയുണ്ടായില്ല. മന്ദം മുന്നോട്ടുനീങ്ങിയ ദുസ്സഹമായ മൂന്നു മണിക്കൂറുകൾ!

മേരി സ്വപുത്രനെ ഇമവെട്ടാതെ നോക്കുകയാണു്. ആ മുഖത്തുണ്ടാകുന്ന ഓരോ ചലനവും ഭാവഭേദങ്ങളും മാതാവു കാണുന്നുണ്ടു്. വേദനമൂലം അദ്ദേഹത്തിൻെറ മുഖം ചുളുങ്ങുന്നുണ്ടു്. നിമിഷംപ്രതിയെന്നോണം അദ്ദേഹത്തിനു ക്ഷീണവും വർദ്ധിക്കുന്നു. പെട്ടെന്നദ്ദേഹം തല ഉയർത്തി സംസാരിക്കാനെന്നവിധം ഉണങ്ങി വരണ്ടിരുന്ന ആ ചുണ്ടുകൾ അനങ്ങി. വളരെ ശ്രമപ്പെട്ടു ഉച്ചത്തിൽ അദ്ദേഹം വിളിച്ചുപറഞ്ഞു: "എൻെറ ദൈവമെ, എൻെറ ദൈവമെ! അങ്ങെന്നെ കൈവെടിഞ്ഞതെന്തു്?"

ഒരുനിമിഷനേരത്തേക്കു മേരി നിശ്ചലയായി നിലകൊണ്ടു. അദ്ദേഹം അത്രകണ്ടു് അന്ധകാരത്തിൽ ആണ്ടിരിക്കുന്നോ! പെട്ടെന്നു് ആ വാക്കുകളുടെ സൂചന ഗ്രഹിക്കാൻ അവൾക്കു സാധിച്ചു. അതൊരു രോദനമായിരുന്നില്ല. ഒരു പ്രാർത്ഥനയായിരുന്നു്—ദാവീദിൻെറ ഒരു സങ്കീർത്തനത്തിലെ ആദ്യവാക്യം. ആ വാക്യം ദേവാലയത്തിൽവച്ചു ഹന്നാ പാടുന്നതു മേരി കേട്ടിട്ടുണ്ടു്. ആ അവസരങ്ങളിൽ ഹന്നാ അവളോടു പറഞ്ഞിട്ടുണ്ടു്:

"ആ സങ്കീർത്തനം ഒരു പ്രവചനമാണു്. മിശിഹായുടെ മരണത്തെയാണു് അതു സൂചിപ്പിക്കുന്നതു്. ഇസ്രായേൽ തൻെറ പ്രവാചകരെ എപ്പോഴും വധിക്ക പതിവാണു്." അത്രയും പറഞ്ഞു് ആ വൃദ്ധ സങ്കടത്തോടെ ദീർഘമായി നിശ്വസിക്കും. ഇന്നു് ആ പ്രവചനം നിവൃത്തിയായി. അദ്ദേഹം ഉച്ചരിച്ച വാക്കുകളുടെ പൊരുൾ അതായിരിക്കയില്ലേ? തങ്ങൾ ദൈവപുത്രനെയാണു് വധിക്കുന്നതെന്നു ഈ മനുഷ്യർ എന്തുകൊണ്ടു മനസ്സിലാക്കുന്നില്ല?

ഏതാനും നിമിഷനേരത്തേക്കു യേശു മൗനമവലംബിച്ചു. അതിനുശേഷം ഇരുപാർശ്വങ്ങളിലേക്കും ശിരസ്സു ആട്ടിത്തുടങ്ങി. വളരെ ബദ്ധപ്പെട്ടു് അദ്ദേഹം പറഞ്ഞു: "എനിക്കു ദാഹിക്കുന്നു" എന്നു്. പടയാളികളിൽ ഒരാൾ ഒരു സ്പോഞ്ചു് വിനാ

ഗിരിയിൽ മുക്കി ഉണങ്ങി വരണ്ടിരുന്ന ആ ചുണ്ടുകളെ നനച്ചു. യേശുവിൻെറ കണ്ണുകഠം ഇതിനിടയിൽ നിർജ്ജീവങ്ങളായിക്ക ഴിഞ്ഞിരുന്നു. എന്നാലും അദ്ദേഹം അവയെ ആകാശത്തിലേ ക്കുയത്തി. എന്നിട്ടദ്ദേഹം ദൃഢസ്വരത്തിൽ സ്പ്പഷ്ടതയോടെ വി ളിച്ചുപറഞ്ഞു: "സകലതും നിവൃത്തിയായി" അദ്ദേഹത്തിൻെറ ദേഹം വിറയ്ക്കുന്നുണ്ട്. വീണ്ടും ഉച്ചത്തിൽ വ്യക്തമായി അദ്ദേ ഹം പറഞ്ഞു: "പിതാവെ. അങ്ങയുടെ കരങ്ങളിൽ ഞാനെ ൻെറ ആത്മാവിനെ ഭരമേല്പിക്കുന്നു." ആ ശിരസ്സു ചാഞ്ഞു നെ ഞ്ചിലമന്നുകഴിഞ്ഞു —അദ്ദേഹം മരിച്ചുകഴിഞ്ഞു.

അദ്ദേഹം മരിക്കാത്ത താമസമേയുണ്ടായുള്ളു ഭൂമി വിറച്ചു കുലുങ്ങാനാരംഭിച്ചു. പാറക്കെട്ടുകഠം നിരവധിയുണ്ടായിരുന്ന ആ കുന്നിൻചെരിവുകളിൽ പിളർപ്പുകളുണ്ടായി. ശവകുടീര ങ്ങഠം തുറന്നു മരിച്ചവർ പുറത്തുവന്നു നടന്നുതുടങ്ങി. ദേവാല യത്തിൽനിന്നു പുരോഹിതർ സംഭീതരായി പുറത്തേക്കു ഓടി. ദേവാലയത്തിലെ വലിയ തിരശ്ശീല മുകളിൽനിന്നു അടിവരെ കീറി. ആ പ്രദേശത്തെല്ലായിടത്തും നെഞ്ചത്തലച്ചുകൊണ്ട് ഭയവിഹ്വലരായി ഒരു ലക്ഷ്യവുമില്ലാതെ നാനാഭാഗത്തേക്കും ജനങ്ങഠം പരക്കംപാഞ്ഞു.

പ്രാത്ഥിച്ചുകൊണ്ട് യേശുവിൻെറ കുരിശിനു സമീപം നിശ്ചലയായി മേരി നിൽക്കുകയാണ്. മരണമാകുന്ന അദ്ദേഹ ത്തിൻെറ പ്രവത്തനം—സ്നേഹത്തിൽ അടിയുറച്ചിരുന്ന ആ മഹാ യജ്ഞം ഉപസംഹരിക്കപ്പെട്ടു. അദ്ദേഹം പ്രവത്തനം തുടരുകത ന്നെ ചെയ്യും. പക്ഷെ അതു വ്യത്യസ്തമായ ഒരു രീതിയിലായി രിക്കും—രംഗത്തിലായിരിക്കും. എന്നാൽ മേരിയുടെ പ്രവത്തന മോ? അന്നേദിവസം പുത്രൻ മാതാവിനെ ഭരമേല്പിച്ച കത്ത വ്യമോ? അതു ആരംഭിച്ചിട്ടേയുള്ളു. യോഹന്നാൻെറ മാത്രമല്ല, സമസ്തലോകത്തിൻെറയും മാതാവായിത്തീരണമവഠം.

അവഠം പ്രാത്ഥനാനിരതയായി നിൽക്കയാണ്. അതാ ഓ ടി അണച്ച് ഒരു ശതാധിപൻ മുൻപിലെത്തുന്നു. അയ്യാളാണ്

യേശുവിനെ ക്രൂശിച്ചതു്. നഖശിഖാന്തം അയാഠ വിറയ്ക്കുക യാണു്. പക്ഷെ അയാളുടെ മുഖത്തു് അത്ഭുതഭാവമാണു് കാണാനുള്ളതു്. ശബ്ദമടക്കി അയാഠ മേരിയോടു പറയുകയാണു്: "യഥാൎത്ഥത്തിൽ അദ്ദേഹം നീതിമാനായ ഒരു മനുഷ്യനായിരുന്നു. യഥാൎത്ഥത്തിൽ അദ്ദേഹം ദൈവപുത്രനായിരുന്നു."

## അദ്ധ്യായം 27

# ശവകുടീരത്തിൽ

"കരയാംപൂവ്, ഏലക്കായ, സുഗന്ധദ്രവ്യങ്ങൾ—പെസഹായ്ക്കു ആവശ്യമുള്ള സാധനങ്ങൾ!"

ജനനിബിഡമായിരുന്ന മാക്കറ്റിൽക്കൂടി നിഖോദീമോസു ആവതും വേഗം നടക്കുകയാണ്. വ്യാകുലചിത്തനായിരുന്നു അദ്ദേഹം.

"കണ്ണു കാണാൻ പാടില്ലാത്ത ഈ സാധുവിനു എന്തെങ്കിലും തരണേ."

നിഖോദീമോസു തുകൽസഞ്ചിയിൽനിന്നൊരു നാണയമെടുത്തു ആ അന്ധനു കൊടുത്തു. യേശു അപ്പോൾ അവിടെ ഉണ്ടായിരുന്നെങ്കിൽ കാഴ്ച നശിച്ച ആ കണ്ണുകളെ തൊട്ടു അവ പ്രകാശിതങ്ങളാക്കുമായിരുന്നു. യേശു ഇവിടെ ഉണ്ടായിരുന്നെങ്കിൽ! എന്നാൽ യേശു കാൽവരി എന്നു പേരായ ഒരു കുന്നിൽ ഒരു ക്രൂശിൽ തൂങ്ങിക്കിടക്കുകയാണ്—മരിച്ച്.

നിഖോദീമോസു ഒരു കടയിൽ പ്രവേശിച്ചു: "ഇവിടെ സുഗന്ധദ്രവ്യങ്ങൾ വിൽക്കാനുണ്ടോ?—ശവസംസ്കാരത്തിന്നാവശ്യമായ സുഗന്ധദ്രവ്യങ്ങൾ"

"ഉണ്ടല്ലോ. ആ ആവശ്യത്തിനു വേണ്ടതെല്ലാം ഇവിടെയുണ്ടു്. അങ്ങയുടെ ഒരു ബന്ധുവോ സുഹൃത്തോ ആയിരിക്കാം മരിച്ചതു്—ഇല്ലേ?"

ആ ചോദ്യത്തിനു മറുപടി നൽകാൻ അദ്ദേഹം അല്പം സന്ദേഹിച്ചു. "അതേ. ഒരു സുഹൃത്തു്—ഒരു ഉററ സുഹൃത്തു്."

"ഉററ സുഹൃത്തു്!" അദ്ദേഹം സ്വയം പറയുകയാണു്. ഉററ സുഹൃത്തിനെക്കാൾ എത്ര മടങ്ങു ആദരണീയനായിരുന്നു യേശു? മരിക്കുന്നതിനു മുൻപു് അദ്ദേഹത്തെ യഥാവിധി മനസ്സിലാക്കാൻ തനിക്കു സാധിച്ചില്ലല്ലോ. വേദനയോടെ നിഖോദീമോസു ചിന്തിക്കുകയാണു്. ആ ശതാധിപൻെറ വാക്കുകൾ നിഖോദീമോസിൻെറ കാതുകളിൽ മുഴങ്ങുന്നു: "യഥാൎത്ഥത്തിൽ അദ്ദേഹം ദൈവപുത്രനായിരുന്നു." ആരംഭംമുതൽതന്നെ ആ ദിവ്യഗുരുവിനെ അനുഗമിക്കാൻ തനിക്കു സന്ദൎഭം ലഭിച്ചതല്ലേ?" നിഖോദീമോസു സ്വയം കുററപ്പെടുത്തി. ഒരു റാന്തൽ വിളക്കിൻെറ മങ്ങിയ പ്രകാശത്തിൽനിന്നുകൊണ്ടു് യേശു ഒരു രാത്രി തന്നോടു പറഞ്ഞ വാക്കുകൾ നിഖോദീമോസു ഓൎത്തു: "വീണ്ടും ജനിക്കാത്ത ഒരുവനും ദൈവരാജ്യം കാണുകയില്ല. ഇപ്പോഴാണെങ്കിൽ അദ്ദേഹം (നിഖോദീമോസു) വീണ്ടും ജനിച്ചിരിക്കുന്നു. പക്ഷെ കാലം വൈകിയാണു് ആ പുനർജന്മം.

"എനിക്കു മനസ്സിലായി." സുഗന്ധദ്രവ്യവില്പനക്കാരൻ പറയുകയാണു്: "ഒരു സുഹൃത്തിൻെറ ശവസംസ്കാരം സ്വയം നടത്തുന്ന അങ്ങു ഉദാരമതിയാണു്. അങ്ങേക്കു് എത്ര റാത്തൽ ആവശ്യമുണ്ടു്?"

നിഖോദീമോസിൻെറ കണ്ണുകൾ നിറഞ്ഞു. വളരെ ബദ്ധപ്പെട്ടു് അദ്ദേഹം ആവശ്യം അറിയിച്ചു. "നൂറു റാത്തൽ."

"നൂറു റാത്തലോ!" കച്ചവടക്കാരൻ അത്ഭുതത്തോടെ ചോദിച്ചു "അതു വളരെ കൂടുതലല്ലേ? പ്രധാന പുരോഹിതരുടേയും ഭരണാധികാരികളുടേയും ശവസംസ്കാരത്തിനേ നൂറു റാത്തൽ സുഗന്ധദ്രവ്യം വാങ്ങാറുള്ളു."

"അദ്ദേഹം ഒരു ഭരണാധികാരിതന്നെയായിരുന്നു." നിഖോദീമോസു ശബ്ദമടക്കി പറഞ്ഞു. കച്ചവടക്കാരൻ അതു കേട്ടില്ല. യേശു പീലാത്തോസിനോടു പറഞ്ഞ വാക്കുകൾ അദ്ദേഹം ഈ അവസരത്തിലോർത്തു: "എൻെറ രാജ്യം ഭൗതികമല്ല." അദ്ദേഹം ഇന്നു രാവിലെയല്ലേ അതു പറഞ്ഞതു്. ആ വാക്കുകൾ മറെറാരു ജീവിതത്തിൻെറ മർമ്മത്തെയല്ലേ കുറിക്കുന്നതു്? കച്ചവടക്കാരൻ സുഗന്ധദ്രവ്യങ്ങൾ തൂക്കുന്ന ജോലിയിൽ വ്യാപൃതനാണു്. നിഖോദീമോസിനു അതു് ആ അവസരത്തിൽ ചാരിതാർത്ഥ്യജനകമായിരുന്നു. അദ്ദേഹത്തിൻെറ കണ്ണുകളിൽനിന്നു പ്രവഹിച്ചുകൊണ്ടിരുന്ന കണ്ണീർ ആ മനുഷ്യൻ കാണുന്നില്ല.

കച്ചവടക്കാരൻ തിരിഞ്ഞു ചോദിച്ചു: "ഇതെങ്ങനെയാണു് അങ്ങു കൊണ്ടുപോകുന്നതു്?"

"ഞാൻ എൻെറ ഭൃത്യനെ അയക്കാം" നിഖോദീമോസു അതിൻെറ വില എണ്ണിക്കൊടുത്തു.

"ശവസംസ്കാരത്തിന്നാവശ്യമുള്ള തുണികൾ അടുത്ത കടയിലുണ്ടു്." കച്ചവടക്കാരൻ നിഖോദീമോസിനെ അറിയിച്ചു.

പക്ഷെ, ആ ശവസംസ്കാരത്തിനുവേണ്ട തുണികൾ അദ്ദേഹത്തിനാവശ്യമുണ്ടായിരുന്നില്ല. അക്കാര്യവും, യേശുവിൻെറ മൃതശരീരം പീലാത്തോസിൽനിന്നു ഏററുവാങ്ങുന്ന ചുമതലയും അരിമത്യാക്കാരൻ ജോസഫ് നിർവ്വഹിച്ചുകൊള്ളും. യേശുവിൻെറ കുരിശു നിൽക്കുന്നതിനു സമീപംതന്നെ ജോസഫിൻെറ വകയായി ഒരു ശവകുടീരമുണ്ടു്. യേശുവിനുവേണ്ടി അയാൾ സമർപ്പിക്കുന്നതു അതാണു്. ഈയിടെയാണു് അതു പണി തീർന്നതു്. ഇന്നോളം ആരേയും അതിൽ സംസ്കരിച്ചിട്ടുമില്ല. ആവിധം പുത്തനായൊരു ശവകുടീരത്തിലല്ലാതെ മറെറാന്നിൽ ആ ദിവ്യശരീരം സംസ്കരിക്കുക ജോസഫിനു ചിന്തിക്കുകകൂടി വയ്യ.

നിഖോദീമോസു ചിന്താമഗ്നനായി ഗൃഹത്തിലേക്കു മടങ്ങുകയാണു്. എന്നാൽ വഴിയിൽ ആളുകൾ അന്യോന്യം പറയു

ന്നു അദ്ദേഹത്തിനു കേൾക്കാം: "ഭൂമികുലുക്കമുണ്ടായപ്പോൾ നിങ്ങൾ ആ സ്ഥലത്തുണ്ടായിരുന്നോ? കല്ലറകൾ താനെ തുറന്നു മരിച്ചവർ പുറത്തു വന്നെന്നും മററും പറഞ്ഞു കേട്ടല്ലൊ? ദേവാലയത്തിലെ വലിയ തിരശ്ശീല രണ്ടായി ചീന്തിപ്പോയ കാര്യം നിങ്ങൾ അറിഞ്ഞില്ലേ? അതു ദൈവശിക്ഷതന്നെയാണു്."

"അവർ നസ്രായനെ വധിച്ചതുകൊണ്ടാണു് അങ്ങനെ സംഭവിച്ചതെന്നാണോ നിങ്ങളുടെ അഭിപ്രായം?"

നിഖോദീമോസു വഴിയിൽ ഒരിടത്തും നിൽക്കാതെ നേരെ വീട്ടിൽ ചെന്നെത്തി. സുഗന്ധദ്രവ്യങ്ങൾ കൊണ്ടുവരാൻ ഭൃത്യനെ അയച്ചശേഷം ഉടൻതന്നെ അദ്ദേഹം കാൽവരിയിലേക്കു പോയി. യേശുവിൻെറ മാതാവു് അവിടെയുണ്ടു്. മേരിയുടെ കൂടെ യോഹന്നാനെന്നു പേരുള്ള ദീർഘകായനായ ആ യുവമുക്കുവനേയും കാണാം. മൂന്നു മണിക്കൂർനേരം യേശുവിൻെറ ക്രൂശിനു സമീപം പ്രശാന്തയായി നിൽക്കുന്ന മേരിയെപ്പററി ഓർത്തപ്പോൾ ന്യായപ്രമാണത്തിലെ ഒരു വാചകം നിഖോദീമോസു സ്വയം പറഞ്ഞു: "ധീരയായ ഒരു സ്ത്രീയെ ആരുകാണുന്നു?" അതേ ധീരയായ ഒരു സ്ത്രീതന്നെയാണു് ആ ദിവ്യമാതാവു്—പുത്രനോടൊപ്പം ധൈര്യവും മനഃശക്തിയുമുള്ള ഒരു മാതാവു്. യേശു മരിച്ചശേഷവും മേരി ആ ക്രൂശിനുസമീപം പ്രാർത്ഥിച്ചുകൊണ്ടുനിന്നു. മുക്കുവൻ യോഹന്നാൻ അദ്ദേഹത്തിൻെറ മേലങ്കി തറയിൽ വിരിച്ചപ്പോൾ മാത്രമേ അല്പം വിശ്രമിക്കാൻ ആ സാധ്വി ഇരുന്നുള്ളു. അപ്പോൾമാത്രമാണു് ആ കണ്ണുകളിൽനിന്നു കണ്ണീരൊഴുകുക—സ്നേഹനിർഭരമായ സങ്കടത്തിൻെറ മാധുര്യമേറിയ കണ്ണീരു്. മേരി നിഖോദീമോസിനെയും ജോസഫിനേയും കാത്തിരിക്കയാണു്. ആവതും വേഗം നിഖോദീമോസു അവിടെ എത്തുകതന്നെവേണം.

നെയ്ത്തുകാരുടെ വ്യാപാരസ്ഥലങ്ങളുള്ള ഒരു വീഥിയിൽ അരിമത്യാക്കാരൻ ജോസഫ് എത്തി ഒരു കടയിൽപ്രവേ

ശിച്ചു. അവിടെനിന്നു് യേശുവിൻെറ ശവസംസ്കാരത്തിന്നാവ ശ്യമുണ്ടായിരുന്ന തുണികഠം വാങ്ങി പീലാത്തോസിൻെറ അര മനയെ ലക്ഷ്യമാക്കി അയാഠം അതിവേഗം നടന്നു. യേശുവി ൻെറ മരണത്തേയും അതേ തുടന്നു സംഭവിച്ച അത്ഭുതങ്ങളേയും പററിയുള്ള സംഭാഷണങ്ങളേ വഴിയിൽ കേഠംക്കാനുള്ളു. "ദേ വാലയത്തിലെ ആ വലിയ തിരശ്ശീല കീറിപ്പോയി." ഉദ്വേ ഗത്തോടെ ആളുകഠം അന്യോന്യം പറയുകയാണു്. പക്ഷെ ജോ സഫ് നടപ്പിൻെറ വേഗത കുറച്ചില്ല. അയാഠംക്കു നിൽക്കാനോ ആരോടെങ്കിലും സംസാരിക്കാനോ സമയമില്ല. സൂര്യാസ്തമയ ത്തിനുമുൻപു് യേശുവിൻെറ മൃതശരീരം പടയാളികഠം ക്രൂശിൽ നിന്നിറക്കും. നാളെ ശബ്ബത്തു്. ശബ്ബത്തുവിശ്രമം ആരംഭിക്കുന്ന തിനു മുൻപു് മൃതശരീരം മറവുചെയ്യേണ്ടതു് ആവശ്യമാണു്.

പീലാത്തോസിൻെറ അരമനയുടെ പടികഠം കയറി ജോ സഫ് വരാന്തയിലെത്തി. അവിടെനിന്ന പാറാവുകാരനോടു അയാഠം പറഞ്ഞു: "എനിക്കു ഗവണ്ണറദ്ദേഹത്തെ ഒന്നു കാണ ണം." ജോസഫ് സന്നിദ്രിം സംഘത്തിലെ ഒരംഗമായിരുന്നു. അതുകൊണ്ടു് ആജ്ഞാരൂപത്തിലാണു് പാറാവുകാരനോടു് സം സാരിച്ചതു്. പാറാവുകാരൻ പീലാത്തോസിൻെറ മുറിയിലെ ത്തി ആഗതൻെറ ആവശ്യം അറിയിച്ചു: "അയാഠം സാധാര ണക്കാരനാണെന്നു തോന്നുന്നില്ല, തിരുമേനീ"

പീലാത്തോസ് അല്പനേരം ആലോചിച്ചു. "അയാളെ അ കത്തുവരാൻ പറയൂ." ആ ഭരണാധികാരി അത്ഭുതപ്പെട്ടുകയാ ണു്, സംഭവബഹുലമായ ആദിവസം അവസാനിക്കയില്ലെന്നു്. ജോസഫ് അല്പം പരുങ്ങലോടെ മുറിയിൽ പ്രവേശിച്ചു് പീ ലാത്തോസിനെ സമീപിച്ചു. തൻെറ നിവേദനത്തിനു് പീലാ ത്തോസ് എന്തായിരിക്കുമോ മറുപടി പറയുകയെന്നു് അയാഠം ക്കു് ഒരു രൂപവുമില്ല.

"തിരുമേനി, യേശുവിൻെറ മൃതശരീരം എന്നെ ഏല്പിക്ക ണമെന്നു് അഭ്യത്ഥിക്കാനാണു് ഞാൻ വന്നതു്."

"എന്തു്? ആ മനുഷ്യൻ മരിച്ചുകഴിഞ്ഞോ?"

"ഉവ്വു്, തിരുമേനി!"

പീലാത്തോസ്‌ ജോസഫിനെ സൂക്ഷിച്ചുനോക്കി. "നിങ്ങഠം അയാളുടെ ഒരു അനുയായി ആണോ? നിങ്ങളെ കണ്ടാൽ ആണെന്നു തോന്നുകയില്ല."

"അതേ; ഞാൻ അദ്ദേഹത്തിൻെറ ഒരു അനുയായി ആണു്."

പീലാത്തോസ്‌ അല്പനേരം മൗനമവലംബിച്ചു: "മൃതശരീരം നിങ്ങളെ ഏല്പിക്കുന്നതിനു പ്രതിബന്ധമൊന്നുമുണ്ടെന്നു തോന്നുന്നില്ല." ആഭരണാധികാരി ഒരു സൈനികോദ്യോഗസ്ഥനെ വിളിച്ചു ആജ്ഞാപിച്ചു:— "കുരിശിൽ കിടക്കുന്ന മൂവരെയും താഴെയിറക്കാൻ പടയാളികളെ അയക്കു."

ജോസഫും പടയാളികളും കാൽവരിയിലെത്തിയപ്പോഠം സൂര്യൻ അസ്തമിക്കാറായിരുന്നു. അവർ ചെയ്യാനുള്ളതു അതിവേഗം ചെയ്തുതീർക്കണം. യേശു മരിച്ചു എന്നു തീർച്ചപ്പെടുത്താൻ ഒരു പടയാളി അദ്ദേഹത്തിൻെറ ശരീരത്തിൽ കുന്തംകൊണ്ടൊന്നു കുത്തി. ആ മുറിവു് ജോസഫ്‌ സസ്നേഹം തുടച്ചു. അതിനുശേഷം അവരെല്ലാം ചേൎന്നു് കുരിശിൽനിന്നു് അദ്ദേഹത്തെയിറക്കി ശവകുടീരത്തിലേക്കു കൊണ്ടുപോയി. ആ ദേഹത്തു് സുഗന്ധദ്രവ്യങ്ങഠം പൂശി വസ്ത്രങ്ങഠംകൊണ്ടു മൂടി അവർ ശവകുടീരത്തിൽ അതു് വച്ചു. അടുത്തതായി ഒരു ഊക്കൻ പാറ അവരെല്ലാംകൂടി ഉരുട്ടി ശവകുടീരത്തിൻെറ പ്രവേശനദ്വാരം അടച്ചു. ശബതിനുശേഷം അവക്കു് വീണ്ടും വന്നെത്താമല്ലോ. ഇപ്പോഴാണെങ്കിൽ അവർ വസതികളിലേക്കു മടങ്ങേണ്ടിയിരിക്കുന്നു. ശബതുവിശ്രമം വിളിച്ചറിയിക്കുന്ന പ്രഥമ കാഹളശബ്ദം മുഴങ്ങിക്കഴിഞ്ഞിരുന്നു.

നഗരത്തിൻെറ ഒരൊഴിഞ്ഞ കോണിൽ ഒരു മൃതശരീരം കാണപ്പെട്ടു—യൂദായുടെ മൃതശരീരം. അയാഠം ആത്മഹത്യ ചെയ്തുയാണുണ്ടായതു്. ദേവാലയത്തിൽ അരിശംകൊണ്ടു ഒരു സംഘം പുരോഹിതർ യൂദാ മടക്കിക്കൊടുത്ത മുപ്പതു വെള്ളിക്കാ

ശിൻെറ വിനിയോഗത്തെപ്പററി ഉഗ്രമായ വാദപ്രതിവാദത്തിൽ ഏർപ്പെട്ടിരിക്കയാണ്. അന്നരാവിലെയാണ് ആ പണവുമായി അയാാം പുരോഹിതരുടെ സന്നിധിയിലെത്തിയതു്. "കുററമില്ലാത്ത രക്തത്തെ ഒററിക്കൊടുത്തതിനാൽ ഞാൻ പാപം ചെയ്തിരിക്കുന്നു." അയാാം വിളിച്ചുപറഞ്ഞു. അയാളുടെ മുഖം വിളറിയിരുന്നു.

"അതുകൊണ്ടു് ഞങ്ങാംക്കെന്തു്? താൻ തന്നെ നോക്കിക്കൊാംക." പുച്ഛഭാവത്തിൽ പുരോഹിതരിൽനിന്നു പുറപ്പെട്ട മറുപടി അതായിരുന്നു.

യൂദാ ആ പണം പുരോഹിതരുടെ മുൻപിൽ വലിച്ചെറിഞ്ഞു അവിടെനിന്നും പാഞ്ഞു.

ആ മുപ്പതു വെള്ളിക്കാശു് എന്തുചെയ്യണമെന്നു് പുരോഹിതരിപ്പോാം ആലോചിക്കയാണ്. "അതു രക്തത്തിൻെറ വിലയാണ് അതുകൊണ്ടു് അതു ഖജാനയിൽ സൂക്ഷിക്കുന്നതു നിയമാനുസൃതമല്ല." അവർ അക്കാര്യത്തിൽ അഭിപ്രായഭിന്നത പ്രദർശിപ്പിച്ചില്ല. അവസാനം അവരൊരു തീരുമാനത്തിലെത്തിച്ചേർന്നു—പരദേശികാംക്കുവേണ്ടി ഒരു ശ്മശാനം സജ്ജമാക്കുന്നതിനു് ഒരു കുശവൻെറ സ്ഥലം അതുകൊണ്ടു വാങ്ങാമെന്നു്. യറമിയാ പ്രവാചകൻെറ ഒരു പ്രവചനം അങ്ങനെ നിവൃത്തിയായി. പക്ഷേ അക്കാര്യം പുരോഹിതർ ആ സന്ദർഭത്തിൽ മനസ്സിലാക്കിയില്ല.

> "ഇസ്രയേൽ മക്കാം വിലമതിച്ചവൻെറ വിലയായ മുപ്പതു വെള്ളിക്കാശു്. അവർ എടുത്തു്....കുശവൻെറ നിലത്തിനുവേണ്ടി കൊടുത്തു."

*   *   *   *   *

അടുത്ത ദിവസം രാവിലെ പീലാത്തോസ് അരമനയിൽ തൻെറ ആഫീസുമുറിയിൽ അസ്വസ്ഥചിത്തനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. കഴിഞ്ഞ രാത്രിയിൽ അയാാം

ഉറങ്ങിയില്ലെന്നു തന്നെ പറയാം. അതുകൊണ്ടു് അസ്വാസ്ഥ്യത യോടൊപ്പം ഈഷ്യ്യയും അയാളെ ബാധിച്ചിട്ടുണ്ടു്. യേശുവി നെ സംബന്ധിച്ചു താൻ കണ്ട സ്വപ്നത്തെപ്പററിയാണു് അയാ ളുടെ ഭാൎയ്യയുടെ മുഷിപ്പൻ സംസാരം. "കണ്ടില്ലെ, ഇന്നലെ ഭൂമികുലുക്കമുണ്ടായതു്. കാൎയ്യമത്ര പന്തിയല്ല കേട്ടോ?" അതു കൂടി കേട്ടപ്പോഠം ആ ഭൎത്താവിൻെറ ഈഷ്യ്യ വൎദ്ധിക്കുകയാണു ചെയ്തതു്. "ഇതൊക്കെ ഇപ്പോഠം പറഞ്ഞതുകൊണ്ടു് എന്തെ ങ്കിലും പ്രയോജനമുണ്ടോ? ആ നസ്രായൻ മരിച്ചുകഴിഞ്ഞു. അതു മാത്രമോ? ആരംഭം മുതൽ തന്നെ കേസ്സ് ആ മനുഷ്യനു ദോഷ കരമായിരുന്നില്ലേ? താനോ, ഹെറോദാവോ അല്ല, യഹൂദന്മാ രാണു് യഥാൎത്ഥത്തിൽ യേശുവിനെ വധിച്ചതു്. ഹെറോദാ വു്—അയാഠം കുപ്രസിദ്ധി സമ്പാദിച്ച ഒരു മനുഷ്യനാണു്. പക്ഷെ, അയാഠം അത്രയൊന്നും ചീത്തയല്ല. ജനങ്ങഠം ഏതെ ങ്കിലും അവസരത്തിൽ വിപ്ലവത്തിനു വട്ടംകൂട്ടാനിടയാകുന്നെ ങ്കിൽ അവരിരുവരും ഒററക്കെട്ടായി നിലകൊള്ളണം. അതത്യാ വശ്യമാണു്. ഹെറോദാവിൻെറ മൈത്രി സമ്പാദിക്കേണ്ട തിനു് എന്തു നടപടികളാണു സ്വീകരിക്കേണ്ടതു്? എന്തെങ്കി ലും സമ്മാനം കൊടുക്കുക." ഈവിധം പോയി പീലാത്തോ സിൻെറ ചിന്തകഠം.

അങ്ങനെ ചിന്തിച്ചു് പീലാത്തോസു ആ മുറിയിൽ അ ങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണു്. അപ്പോഴാണു് ഒരു ഭൃത്യൻ ആ മുറിയിൽ പ്രവേശിക്കുന്നതു്.

"തിരുമേനിയെ മുഖം കാണിക്കാൻ ആരൊക്കെയോ വന്നി രിക്കുന്നു." ഭൃത്യൻ അറിയിച്ചു.

"ഈ സമയത്തു് ആക്കാണെടോ എന്നെ കാണേണ്ടതു്?"

"യഹൂദന്മാരുടെ ചില നേതാക്കന്മാരാണേ, തിരുമേനി."

"വിഡ്ഢിത്തം പുലമ്പാതിരിക്കു. ശബതിൽ ഈ സമയത്തു് അവർ ഇവിടെ ഒരിക്കലും വരികയില്ല."

"അതൊരു നിവേദകസംഘമാണെന്നാണ്‌ തോന്നുന്നതു്‌ ക്ഷോഭിച്ചാണ്‌ അവർ വന്നെത്തിയിരിക്കുന്നതു്‌."

"ശരി. അവർ അകത്തുവരാൻ പറയൂ."

അക്ഷമനായി പീലാത്തോസ്‌ ഇരുന്നു. ഇന്നലെ കൊണ്ടു്‌ അയാറംക്കു മതിയായി ഈ യഹൂദനേതാക്കന്മാരുടെ കാര്യം. അവരുടെ നീണ്ട താടികളും കിണുങ്ങിയുള്ള സംസാരവും — ആ ഭരണാധികാരി ഇക്കൂട്ടരെക്കൊണ്ടു മുഷിഞ്ഞു. ആ നസ്രായൻ വ്യത്യസ്തനായിരുന്നു. അതു പീലാത്തോസിനു സമ്മതിക്കാതെ നിവൃത്തിയില്ല. പക്ഷെ, ആ മനുഷ്യൻ മരിച്ചുകഴിഞ്ഞു. ലോകഗതി അതാണ്‌! ചക്രവർത്തിയെ ഒരു നിമിഷനേരമൊന്നു കാണാൻ സാധിച്ചെങ്കിൽ! പീലാത്തോസ്‌ ആഗ്രഹിക്കയാണ്‌. ആ അവസരത്തിൽ അതു സാധിച്ചിരുന്നെങ്കിൽ സ്പെയിനിലേക്കോ, ഗ്രീസിലേക്കോ ഒരു സ്ഥലം മാററത്തിനു അഭ്യർത്ഥിക്കാമായിരുന്നു.

ആ നിവേദകസംഘം മുറിയിൽ പ്രവേശിച്ചു. പീലാത്തോസു ഈഷ്യ മറയ്ക്കാതെ അവരോടു ചോദിച്ചു:— "ഉം. എന്താണു നിങ്ങറംക്കു വേണ്ടതു്‌?"

നിവേദക സംഘാംഗങ്ങറം താടികറം തടവി. കണ്ഠശുദ്ധി വരുത്താനൊരു ശ്രമം നടത്തി. സംഭാഷണം എങ്ങിനെയാണ്‌ ആരംഭിക്കേണ്ടതെന്നു്‌ അവർ ആലോചിക്കയാണ്‌.

"തിരുമേനി, അങ്ങു നസ്രായനായ ആ യേശുവിനെ ഓക്കുന്നുണ്ടല്ലോ?"

"ആ മനുഷ്യനെ മറക്കാൻ നിങ്ങളെനിക്കു സാവകാശം തരുന്നില്ലല്ലോ."

"അയാളുടെ ശവകുടീരത്തിനൊരു കാവലിടണമെന്നു ഞങ്ങറംക്കാഗ്രഹമുണ്ടു്‌. മരണത്തിൽനിന്നു്‌ മൂന്നാംദിവസം താൻ ഉയർത്തെഴുന്നേല്ക്കുമെന്നു അയാറം പറഞ്ഞതായി ഞങ്ങളോക്കുന്നു. അയാളുടെ അനുയായികറം മൃതദേഹം മോഷ്ടിച്ചശേഷം അ

യാൾ ഉയൎത്തെഴുനേററെന്നു കൊട്ടിഘോഷിക്കുമെന്നു ഞങ്ങൾക്കു് ബലമായ സംശയമുണ്ടു്."

"ആവൂ." പീലാത്തോസു വിചാരിക്കയാണു്. "എന്തൊരു കെട്ടുകഥ!"

"അങ്ങനെയാണെങ്കിൽ കാവലിടൂ. നിങ്ങൾക്കു തന്നെ ഒരു കാവൽസംഘമുണ്ടല്ലൊ. നിങ്ങൾക്കിഷ്ടമുള്ള രീതിയിൽ ശവകുടീരം അവർ സൂക്ഷിക്കട്ടെ." അങ്ങനെയാണു് ഒരു സംഘം തന്ത്രശാലികളായ യഹൂദനേതാക്കൾ ശവകുടീരമടച്ചിരുന്ന ആ വലിയ കല്ലിന്നു മുദ്രവെയ്ക്കാൻ സംഗതിയായതു്. ഒരു കൂട്ടം പടയാളികൾ അതിന്നു വെളിയിൽ കാവലുമായി. നഗരത്തിൻെറ വിജനമായൊരു സ്ഥാനത്തു്, ജീവൻ ഭയന്നു്—ഭയവിഹ്വലരായ പതിനൊന്നു ശിഷ്യർ ഒരു വീടിൻെറ വാതിൽ ഭദ്രമായി പൂട്ടി കഴിച്ചുകൂട്ടുന്നു. യേശുവിൻെറ കുരിശിന്നു സമീപം നിലയുറപ്പിക്കാൻ അവരിൽ ഒരാൾ മാത്രമെ ധൈയ്യപ്പെട്ടുള്ളു. ഇപ്പോഴാണെങ്കിൽ അവരും കണ്ണീർ വാൎത്തുകൊണ്ടിരുന്ന കുറെ സ്ത്രീകളും ശബ്ബതു് അവസാനിക്കാൻ കാത്തിരിക്കയാണു്. യേശുവിൻെറ ശരീരം മോഷ്ടിക്കണമെന്ന ഉദ്ദേശമേ അവൎക്കില്ല. അവൎക്കു് ആ ശവകുടീരത്തിന്നു സമീപമെത്തണം—അവിടെയെത്തി പ്രാൎത്ഥിക്കണം—അത്രമാത്രമേ അവൎക്കു വേണ്ടു.

അടുത്ത മുറിയിൽ യേശുവിൻെറ മാതാവു് പ്രാൎത്ഥനയിൽ ലയിച്ചിരിക്കയാണു്; നിശ്ചലയായി, ശാന്ത ചിത്തയായി. ആ കണ്ണുകൾ നനഞ്ഞിട്ടുണ്ടു്. എന്നാൽ ആ മുഖത്തു പരിപൂൎണ്ണമായ സമാധാനമാണു വ്യാപിച്ചിരുന്നതു്. "മൂന്നാം ദിവസം" അങ്ങനെയാണു് അദ്ദേഹം പറഞ്ഞിട്ടുള്ളതു. ഇന്നു് രണ്ടാം ദിവസം. വെളിയിൽ നിഴലുകളുടെ ദൈൎഘ്യം വൎദ്ധിച്ചുവരുന്നു. രാത്രിയാകാൻ ഇനി സമയം അത്രയധികം വേണ്ട. രാത്രിക്കുശേഷം പ്രഭാതം. മേരി യേശുവിൻെറ വാക്കുകൾ ഒരിക്കൽപോലും അവിശ്വസിച്ചിട്ടില്ല. യേശു പറഞ്ഞിട്ടുണ്ടു്:—"മനുഷ്യപുത്രൻ മരിച്ചവരിൽനിന്നു, ഉയൎത്തെഴുനേൽക്കുമെന്നു്.

## അദ്ധ്യായം 28

## പുനരുദ്ധാരണം

ആ മാളികയുടെ മുകളിലത്തെ മുറിയിൽ മഗ്ദലനമറിയം നിൽക്കുകയാണ്. കരഞ്ഞുകരഞ്ഞു് മനോഹരമായ ആ കണ്ണുകൾ നീരുപിടിച്ചിരുന്നു. അവൾ യേശുവിൻെറ മാതാവിനെ ഒരു പ്രാവശ്യം കൂടി നോക്കി.

"സഹോദരി വരുന്നില്ലെന്നു തീർച്ചയാണോ?" അവൾ ചോദിച്ചു.

"ഇല്ല. ഞാനിവിടെ ഇരിക്കാം. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ." യേശുവിൻെറ അമ്മ മേരി പറഞ്ഞു. കണ്ണീർ വാർത്തു് ദുഃഖനിമഗ്നരായിരുന്ന ആ സ്ത്രീകളോടു് യേശുവിൻെറ മാതാവിനു അളവററ സഹതാപമാണുണ്ടായിരുന്നതു്. എന്നാൽ ഇന്നു മൂന്നാം ദിവസമാണ്. യേശുവിൻെറ ശവകുടീരത്തിങ്കലേക്കു പോകുന്നതുകൊണ്ടു പ്രയോജനമില്ല—അദ്ദേഹം അവിടെയുണ്ടായിരിക്കയില്ല. മൂന്നാം ദിവസത്തെപ്പററി അദ്ദേഹത്തിൻെറ സുഹൃത്തുക്കൾ വിസ്മരിച്ചതു വിചിത്രമായിരിക്കുന്നു. പല പ്രാവശ്യവും അദ്ദേഹം അക്കാര്യത്തെപ്പററി പറ

ഞതിട്ടുള്ളതാണ്. എന്നാൽ അവളെ മറക്കണമെന്നു തന്നെയായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. ആ ഉദ്ദേശം അവക്കു വെളിപ്പെടുത്തിക്കൊടുക്കേണ്ടതും അദ്ദേഹംതന്നെയാണ്; അദ്ദേഹത്തിൻെറ മാതാവല്ല. അദ്ദേഹത്തിനു സ്വതസ്സിദ്ധമായുള്ള രീതിയിൽ അതു യഥാകാലം അവരെ ഓരോരുത്തരേയും അദ്ദേഹം അറിയിച്ചുകൊള്ളും.

ഒരു നിമിഷനേരം മഗ്ദലനമറിയം സംശയിച്ചു വാതിൽക്കൽതന്നെ നിന്നു. എന്നിട്ടവരം മുറി വിട്ടിറങ്ങി ഗോവണി വഴി താഴെയിറങ്ങി. കിഴക്കുദിക്കിൽ വെള്ളക്കാൽ വീശിത്തുടങ്ങുന്നതേയുള്ളു. മേരി താഴെയെത്തിയപ്പോറം ഏതാനും സ്ത്രീകറം അവളുടെ വരവുകാത്തു് അവിടെ നിൽക്കുന്നുണ്ടു്—ജോവാനാ, ക്ലിയോപ്പാമേരി, ശലോമി മുതലായവർ. അവരോരോരുത്തരുടെ കൈയിലും ചില സാധനങ്ങളുണ്ടു്—സുഗന്ധദ്രവ്യം, തുണികറം—അങ്ങനെ ചില സാധനങ്ങറം. ശബ്ബത്തുകൊണ്ടു് യേശുവിൻെറ ശവസംസ്കാരം ധൃതഗതിയിൽ തീക്കാൻ അവർ നിർബ്ബന്ധിതരായിത്തീന്നു. അങ്ങനെ സംഭവിച്ച അപൂണ്ണത പരിഹരിച്ചു് സ്നേഹത്താൽ പ്രേരിതമായിരുന്ന അവരുടെ അദ്ധ്വാനം പൂൎത്തിയാക്കാൻ ശവകുടീരത്തിങ്കലേക്കു അവർ പോകയാണു്.

വീഥികളിൽ മനുഷ്യസഞ്ചാരം ആരംഭിച്ചിട്ടില്ലെന്നു തന്നെ പറയാം. അപൂവ്വമായി ഒരാട്ടിടയനെ ആ സ്ത്രീകറം കണ്ടില്ലെന്നില്ല. അയാറം തേനും മുട്ടകളുമായി അങ്ങാടിയിലേക്കു പോകുകയാണു്; അതെല്ലാം വില്ക്കുന്നതിനു്. അങ്ങിങ്ങു ഏതാനും പക്ഷികറം ചിലയ്ക്കുകയോ, കോഴികറം കൂവുകയോ ചെയ്യുന്നു. ആ സ്ത്രീകറം അതിവേഗം നടക്കുകയാണു്. പക്ഷെ, അന്യോന്യം യാതൊന്നും തന്നെ അവർ സംസാരിക്കുന്നില്ല. ഓരോരുത്തരും അവരവരുടെ ചിന്തകളിൽ ആണ്ടിരിക്കയാണു്. യേശുവിനെപ്പററി അവക്കോരോരുത്തക്കും അവിസ്മരണീയമായ ചിന്തകളില്ലേ? അവരവരുടേതായ സങ്കടങ്ങളില്ലേ? ഇത്ര

ഘുംകാലം അദ്ദേഹത്തിന്റെ വിലതീരാത്ത വാക്കുകഠം അവരെ ചരിതാൎത്ഥരാക്കി. ആ ശബ്ദം ഇനി അവർ കേഠംക്കില്ലെന്നു വിചാരിക്കാൻപോലും അവൎക്കു സാധിക്കുന്നില്ല.

നഗരവാതില്ക്കലെത്താൻ അവൎക്കു അധികസമയം വേണ്ടിവന്നില്ല. ഗാഢനിദ്രയിലാണ്ടിരുന്ന പാറാവുകാരൻ അവരുടെ പ്രവേശനത്തെ പ്രതിബന്ധിച്ചില്ല. അവർ കാൽവരി കുന്നുകയറാനാരംഭിച്ചു. അപ്പോഴാണ് അവരിൽ ഒരുവഠം പെട്ടെന്നു ചോദിക്കുന്നതു്:

"ആ വലിയ പാറ ആരു മാററിത്തരും?" അതേ, പരമാൎത്ഥമല്ലേ, അതു്! അക്കാൎയ്യത്തിൽ ആരാണ് അവരെ സഹായിക്കുന്നതു്? മുൻകൂട്ടി ആലോചിച്ചു തീരുമാനിക്കേണ്ട ഒരു പ്രശ്നമായിരുന്നതു്. പക്ഷേ ദുഃഖനിമഗ്നകളായിരുന്ന അവൎക്കു വ്യക്തമായി ചിന്തിക്കാൻ സാദ്ധ്യമല്ലാതെ വന്നുകൂടി. അതിലവരെ എന്തിനു പഴിക്കണം? പക്ഷെ, ഈ ദുർഘടം അവരുടെ മുന്നോട്ടുള്ള ഗതിയെ ബാധിച്ചില്ല. അവർ ശവകുടീരത്തെത്തന്നെ ലക്ഷ്യമാക്കി നടന്നു. ആളില്ലാതെ നില്ക്കുന്ന ആ മൂന്നു കുരിശുകളും നോക്കാതെ നടക്കാൻ അവർ ശ്രമിച്ചു. എന്നാലും പുതുകണ്ണീരു് അവരുടെ കണ്ണുകളിൽനിന്നു വീണ്ടും ഒഴുകിത്തുടങ്ങി—സ്നേഹസമ്പൂൎണ്ണമായ മഹാസങ്കടത്തിന്റെ ചുടുകണ്ണീർ. യേശുവിന്റെ ശവകുടീരം സ്ഥിതിചെയ്തിരുന്ന ഉദ്യാനത്തിന്റെ കവാടത്തിങ്കലേക്കു് അവർ നടന്നു. അവിടെ ഒരു തോട്ടക്കാരൻ കാണാതിരിക്കയില്ല. ഒരുപക്ഷെ, കല്ലുരുട്ടി മാററുന്ന കാൎയ്യത്തിൽ അയാഠം അവരെ സഹായിച്ചെന്നു വരാം. പ്രതിബന്ധങ്ങഠംക്കു സ്ഥാനം നല്കാത്ത സ്നേഹത്താൽ പ്രേരിതരായിരുന്നു അവർ.

ശവകുടീരത്തിങ്കലെത്താൻ ഇനി അല്പദൂരമേയുള്ളു. അതിവേഗമുള്ള അവരുടെ നടപ്പു് ഇപ്പോഠം ഓട്ടമായി പരിണമിച്ചു. കണ്ണീരുകൊണ്ടു് അവൎക്കു ശരിക്കു കാണാൻ സാധിക്കുന്നില്ല. ഉദ്യാനത്തിന്റെ കവാടം അവർ തുറന്നു. പെട്ടെന്നു്

അവർ നിശ്ചലരായിനിന്നു. യേശുവിൻെറ ശവകുടീരം തുറന്നു കിടക്കുന്നു. അതു് അടച്ചിരുന്ന വലിയ കല്ലു് അതാ മാററപ്പെട്ടിരിക്കുന്നു.

സംഭ്രമത്തോടെ അവർ അങ്ങനെ നില്ക്കുമ്പോഴാണു് തറയിൽ ഒരു കാവൽക്കാരൻ കിടക്കുന്നതു് അവർ കാണുക. മരിച്ചതുപോലെയാണു് കിടക്കുന്നതു്. അതേ അവസ്ഥയിൽതന്നെ മറെറാരു കാവൽക്കാരനും അവിടെ കിടക്കുന്നുണ്ടു്. അവരിരുവരും ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടു്. അതുകഴിഞ്ഞാൽ മരിച്ചവരെപ്പോലെ അവരിരുവരും വിളറി നിശ്ചലരായാണു കിടക്കുന്നതു്.

ആ സ്ത്രീകൾ വിറയ്ക്കുന്നുണ്ടു്. ഒരുവാക്കുപോലും പറയാൻ അവക്കു ശക്തിയില്ല. അവർണ്ണനീയമായ ഭയം അവരെ പിടികൂടി. സാവധാനം അവർ ശവകുടീരത്തിൻെറ വക്കുവരെയെത്തി. കുനിഞ്ഞവർ അതിനുള്ളിലേക്കു നോക്കി. അതു് ഒഴിഞ്ഞുകിടക്കുന്നു.

സങ്കടവും ആശങ്കയും ദ്യോതിപ്പിക്കുന്ന ഒരു രോദനത്തോടെ മഗ്ദലനമറിയം തിരിഞ്ഞു ഉദ്യാനത്തിൻെറ വാതില്ക്കലേക്കു ഓടി. എന്താണു താൻ ചെയ്യുന്നതെന്നു് അവൾക്കുതന്നെ നിശ്ചയമില്ല. ഒരു പാറക്കല്ലിൽ അവളുടെ കാലു് ശക്തിയായി തട്ടി. അവൾ ഗതിവേഗത അല്പമൊന്നു കുറച്ചു. കാൽവരിക്കുന്നിൻെറ താഴോട്ടു് അവൾ നടക്കയാണു്; സ്വപ്നത്തിലെന്നപോലെ. കൂട്ടുകാരികൾ തന്നെ അനുഗമിക്കുന്നോയെന്നു ഒരുപ്രാവശ്യം പോലും അവൾ തിരിഞ്ഞുനോക്കിയില്ല.

അവൾ നഗരത്തിലെത്തി. ആളുകളാരുംതന്നെ ഉണർന്നിട്ടില്ല. ഒരുവിധത്തിലതു നന്നായി. കണ്ണീരൊഴുക്കി വസ്ത്രങ്ങൾ ഉലഞ്ഞു്, അതിവേഗം നടന്നും ചിലപ്പോൾ ഓടിയും, ഒരു ഭ്രാന്തിയെപ്പോലെ പോകുന്ന ഒരു സ്ത്രീയെ ആരും കാണാൻ സംഗതിയായില്ല. ഒരു നായ് അവളെക്കണ്ടു കുരച്ചു. ഒരു വീട്ടിനുള്ളിൽനിന്നു പുറത്തുവന്ന ഒരു ചെറുകുട്ടി അവളെക്കണ്ടു ഭയന്നു വീട്ടിനുള്ളിലേക്കു് ഓടിക്കയറി.

ശിഷ്യർ പതിനൊന്നു പേരും ഒളിവിൽ താമസിച്ചിരുന്ന വീട്ടിലെത്തുന്നതുവരെ അവറം നിന്നില്ല. വാതിലവറം തള്ളി ത്തുറന്നു. എന്നിട്ട് ഏങ്ങലടിച്ചുകൊണ്ട് അവറം വിളിച്ചുപ റഞ്ഞു: "കർത്താവിനെ ശവകുടീരത്തിൽനിന്നു ആരോ മാററി. അദ്ദേഹത്തെ അവരെവിടെ കൊണ്ടുപോയെന്നു എനിക്കറിവി ല്ല." ശ്വാസംമുട്ടി അവറം വാതിൽക്കൽത്തന്നെ നിന്നു. ധാര ധാരയായി കണ്ണീർ ആ കണ്ണുകളിൽ നിന്നൊഴുകുന്നുണ്ട്.

പത്രോസും യോഹന്നാനും ചാടി എണീററു അവളുടെ അടുക്കലെത്തി. കർത്താവിനെ ആരോ കൊണ്ടുപോയെന്നോ— ശവകുടീരത്തിൽനിന്നു്. മഗ്ദലനമറിയയ്ക്കു ഭ്രാന്തായിരിക്കുമോ? ആ ശവകുടീരമടച്ച വലിയ കല്ലുതള്ളിനീക്കി അവിടെവയ്ക്കാൻ യോഹന്നാനും സഹായിച്ചതാണ്. അതു മുദ്രവെച്ചതും, അവി ടെ കാവലിട്ടതും മററും അരിമത്യാക്കാരൻ ജോസഫ് അവ രെ അറിയിക്കയും ചെയ്തിട്ടുണ്ട്. യഥാർത്ഥം അങ്ങിനെയായി രിക്കെ ആരാണ് യേശുവിൻെറ മൃതദേഹം അപഹരിക്കുക?

പത്രോസും യോഹന്നാനും മഗ്ദലനമറിയത്തോടു ചോദ്യ ങ്ങളൊന്നും ചോദിക്കാൻ നിന്നില്ല. അവർ ആ വീടുവിട്ടിറ ങ്ങി വീഥിയിൽക്കൂടി അതിവേഗം നഗരകവാടത്തെ ലക്ഷ്യ മാക്കി നടന്നുതുടങ്ങി. പരിക്ഷീണിതയായിരുന്നു മഗ്ദലനമറിയ. എന്നാൽ അതു വകവയ്ക്കാതെ അവളും അവരെ അനുഗമിച്ചു. അവളുടെ കണ്ണീരു് അപ്പോഴും നിന്നിട്ടില്ല. എന്തൊക്കെയാ ണ് അവറം ചെയ്യുന്നതെന്നു് അവറംക്കൊട്ടു നിശ്ചയവുമില്ല. പത്രോസും യോഹന്നാനും അവളുടെ കാഴ്ചയിൽനിന്നു മറഞ്ഞു. വീണ്ടും വീഥിയിൽ അവറം ഏകയായി.

ശിഷ്യരിരുവരും നഗരവാതിൽ കടന്നപ്പോറം നടപ്പ് അവർ ഓട്ടമായി മാററി. യുവാവായിരുന്ന യോഹന്നാനു ഓ ടാൻ പ്രയാസമുണ്ടായില്ല. പത്രോസിനെ പിന്നിലാക്കി ആദ്യ മായി ശവകുടീരത്തിങ്കൽ അദ്ദേഹമാണ് ചെന്നെത്തിയതു്. മേരി പറഞ്ഞതു് പരമാർത്ഥമാണ്. ആ കല്ല് ആരോ അതാ

മാററിയിരിക്കുന്നു. എന്നാൽ അതിനുള്ളിൽ പ്രവേശിക്കുന്നതി നുമുൻപ് അദ്ദേഹം പത്രോസു വന്നെത്താൻ കാത്തുനിന്നു. ഗുരു സംഘത്തിന്റെ താക്കോൽ നൽകിയതു് പത്രോസിനല്ലേ?—പാറയാകുന്ന പത്രോസ്. ഇപ്പോൾ അദ്ദേഹം ദുഃഖിതനായിരിക്കാം; ഭയന്നവനായിരിക്കാം. എന്നാലും ശിഷ്യരിൽ പ്രമുഖനായി അദ്ദേഹത്തെയല്ലേ ഗുരു തിരഞ്ഞെടുത്തതു്? അദ്ദേഹം വന്നെത്തുന്നതുവരെ ക്ഷമിക്കുക കേവലം ഉചിതം മാത്രമാണു്.

അണച്ചുകൊണ്ടു പത്രോസ് അവിടെ ചെന്നെത്തി. കുനിഞ്ഞു് അവരിരുവരും ശവകുടീരത്തിനുള്ളിൽ പ്രവേശിച്ചു. മഗ്ദലനമറിയം പറഞ്ഞതു സത്യമാണു്. ശവകുടീരം ഒഴിഞ്ഞുകിടക്കുന്നു. അതിനുള്ളിലുള്ള സാധനങ്ങൾ അതേപടി തന്നെയുണ്ടു്. ബലപ്രയോഗം നടന്ന യാതൊരു ലക്ഷണവും അവിടെ കാണാനില്ല. യേശുവിനെ പുതപ്പിച്ചിരുന്ന വസ്ത്രങ്ങൾ ഭംഗിയായി മടക്കി അവിടെ ഒരു സ്ഥാനത്തു് വെച്ചിട്ടുണ്ടു്. യേശുവിന്റെ മുഖം മൂടിയിരുന്ന തുണിക്കഷണംമാത്രം മടക്കി പ്രത്യേകമൊരു സ്ഥാനത്താണു വെച്ചിരുന്നതു്. ഒരു കള്ളനും ഇതിനൊന്നിനും ഒരുമ്പെടുകയില്ല.

ശിഷ്യരിരുവരും അമ്പരന്നു. ശവകുടീരം വിട്ടിറങ്ങി അവർ പുറത്തുവന്നു. സൂര്യൻ അപ്പോഴും ഉദിച്ചുതുടങ്ങുന്നതേയുള്ളു. അവർ അവരുടെ താല്ക്കാലികവസതിയിലേയ്ക്കു നടന്നുതുടങ്ങി. "കർത്താവിനെ ശവകുടീരത്തിൽനിന്നു ആരോ മാററി. അവർ അദ്ദേഹത്തെ എവിടെ കൊണ്ടുപോയെന്നു എനിക്കറിയില്ല," മഗ്ദലന മേരിയുടെ വാക്കുകൾ. അവ അക്ഷരംപ്രതി പരമാർത്ഥമായിരുന്നു. ഇതിനിടയിൽ ശവകുടീരം കാവല്ക്കാർ ഉണർന്നു കഴിഞ്ഞിരുന്നു. ശവകുടീരം തുറന്നിരിക്കുന്നതുകണ്ടു് സംഭീതിയോടെ അവരും അതിനുള്ളിൽ നോക്കി. യേശുവിന്റെ മൃതശരീരം അവിടെ കാണാനില്ല. അവർ ഭയവിഹ്വലരായി. അവർ സംഭ്രാന്തിയോടെ അവിടെനിന്നോടി. ഒരു ഭൂമികുലുക്കമുണ്ടായി യേശുവിന്റെ കല്ലറ തുറക്കപ്പെട്ടെന്നും, മൃതശരീ

രം ആരോ കൊണ്ടുപോയെന്നും അവർ അധികൃതരെ അറിയിച്ചു. പ്രധാനാചാര്യന്റെ വസതിയിലെ സൈനികോദ്യോഗസ്ഥനോട് അവർ പറഞ്ഞ വിവരങ്ങൾ അന്യോന്യവിരുദ്ധമായിരുന്നു. ഈ സംഭവം സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ നൽകാത്തപക്ഷം വധശിക്ഷയ്ക്കു വിധേയരാകുമെന്നും ആ കാവൽക്കാർക്കറിയാം.

സന്ദേശവാഹകന്മാർ പ്രക്ഷോഭജനകമായ ഈ വാർത്തയുമായി നഗരത്തിൽ പാഞ്ഞു. "യേശുവിന്റെ കല്ലറ ഒഴിഞ്ഞു കിടക്കുന്നു. മൃതശരീരം കാണാനുമില്ല." അല്പസമയത്തിനുള്ളിൽ നഗരത്തിലുള്ള പുരോഹിതരും മൂപ്പന്മാരും ഈ സംഭവവിവരം അറിഞ്ഞുകഴിഞ്ഞു. അവരല്ലേ യേശുവിനെ വധിക്കാൻ ഗൂഢാലോചന നടത്തിയതും? മേലങ്കികൾ ധരിച്ച് അവർ ഓരോ ഭാഗത്തുനിന്നും കയ്യാഫായുടെ വസതിയിൽ വന്നെത്തി. ഉറങ്ങിക്കിടന്ന ഭൃത്യനെ അവർ വിളിച്ചുണർത്തി. "ഞങ്ങൾ അകത്തു പ്രവേശിക്കണം. പ്രധാനാചാര്യൻ ഞങ്ങളെ ആളയച്ചു വിളിപ്പിച്ചതാണ്. മൂപ്പന്മാരോടും ജനങ്ങളുടെ ഭരണകർത്താക്കളോടും അദ്ദേഹത്തിനു അതിപ്രധാനമായ ഒരു സംഗതിയെപ്പററി ആലോചിക്കേണ്ടിയിരിക്കുന്നു."

അങ്ങനെ വീണ്ടും ആ മൂപ്പന്മാരും പുരോഹിതരും കയ്യാഫായുടെ വസതിയിലെ വിസ്താരമുള്ള ആലോചനാമുറിയിൽ സമ്മേളിച്ചു. കയ്യാഫായും അന്നാസും അവരുടെ മുൻപിലിരിക്കുന്നുണ്ട്.

"നാം എന്താണു ചെയ്യേണ്ടതു്? കല്ലറയിൽ യേശുവിനെ കാണുന്നില്ല. അയാൾ ഉയർത്തെഴുന്നേററെന്നു അനുയായികൾ കൊട്ടിഘോഷിക്കുമല്ലോ."

"ആ കാവൽക്കാർക്കു കൈക്കൂലികൊടുക്കണം. എന്നിട്ട് അവരെക്കൊണ്ടു പറയിക്കണം, അവർ ഉറങ്ങിക്കിടക്കുമ്പോൾ അയാളുടെ ശിഷ്യർ അവിടെയെത്തി മൃതശരീരം മോഷ്ടിച്ചുകൊണ്ടുപോയെന്ന്."

കാവൽക്കാർ ആ സദസ്സിനുമുൻപിലെത്തി. അവർ വിറയ്ക്കുന്നുണ്ട്. വധശിക്ഷതന്നെ; ഒട്ടും സംശയിക്കേണ്ട. പക്ഷെ, വിറക്കുന്ന അവരുടെ കൈവെള്ളകഠം നിറയെ പണം—തിളങ്ങുന്ന വെള്ളിനാണയങ്ങഠം! ആ നാണയങ്ങഠം കണ്ടപ്പോഠം അവരുടെ കണ്ണുകഠം മിഴിഞ്ഞു. കാവൽസ്ഥലത്തു് ഉറങ്ങിയതിനു പ്രതിഫലമായിരിക്കുമോ ഇതു്?

പ്രധാനപുരോഹിതരിലൊരാഠം കാര്യം വിശദീകരിച്ചു:—"കേഠംക്കു, ഒഴിഞ്ഞുകിടക്കുന്ന കല്ലറയെപ്പററി ആരെങ്കിലും നിങ്ങളോട് ചോദിച്ചാൽ പറയേണ്ടതെന്താണെന്നു നിങ്ങഠംക്കറിയാമോ? നിങ്ങഠം പറയണം—ഞങ്ങഠം ഉറങ്ങിക്കിടന്നപ്പോഠം യേശുവിൻെറ ശിഷ്യർ അവിടെയെത്തി മൃതശരീരം മോഷ്ടിച്ചുകൊണ്ടുപോയെന്നു്. മനസ്സിലായോ? പീലാത്തോസു് അഥവാ ഈ സംഭവത്തെപ്പററി കേഠംക്കാനിടയായാൽ നിങ്ങഠംക്കു് ഉപദ്രവമൊന്നും വരാതെ ഞങ്ങഠം സൂക്ഷിച്ചുകൊള്ളാം.

വിചിത്രതരമായ വിശദീകരണം! കാവൽക്കാർ ഉറങ്ങുകയായിരുന്നു എങ്കിൽ മോഷണത്തിനു അവിടെയെത്തിയവർ ആരാണെന്നു് അവർ എങ്ങനെ മനസ്സിലാക്കി? പക്ഷെ പ്രധാനാചാര്യന്മാർ ആ സുപ്രഭാതത്തിൽ അത്ര കടന്നു ചിന്തിക്കാൻ സന്നദ്ധരായില്ല. കാവൽക്കാർ സ്ഥലംവിട്ടു. ശിക്ഷയൊന്നും കിട്ടിയില്ല; കീശയിൽ ധാരാളം പണവും. അല്ലാതെ മററെന്തിനെപ്പററിയാണു് അവക്കു ചിന്തിക്കാനുള്ളതു്? "അയാളുടെ ശിഷ്യർ രാത്രിയിൽ കല്ലറയിലെത്തി. ഞങ്ങഠം ഉറങ്ങുമ്പോഠം മൃതശരീരം മോഷ്ടിച്ചുകൊണ്ടുപോയി." പ്രധാനാചാര്യൻ പഠിപ്പിച്ച പാഠം ഉരുവിട്ടു് അവർ ഹൃദിസ്ഥമാക്കുകയാണു്.

*   *   *   *

ശവകുടീരത്തിൽ രണ്ടാം പ്രാവശ്യം മഗ്ദലനമേരി ചെന്നെത്തിയപ്പോഠം പത്രോസും യോഹന്നാനും അവിടെനിന്നു പൊയ്ക്കഴിഞ്ഞിരുന്നു. മററാരുമില്ല അവിടെ. മേരി ആ പാറയിൽ ചാരിനിന്നു കരഞ്ഞു. അവളുടെ സങ്കടം ഒട്ടൊതുങ്ങിയപ്പോഠം

കുനിഞ്ഞു ആ കല്ലറയ്ക്കുള്ളിൽ നോക്കി. അത്ഭുതത്തോടും ഭയത്തോടും പെട്ടെന്നവൾ പിന്നോക്കം മാറി. യേശുവിൻെറ മൃതശരീരം വെച്ചിരുന്നിടത്തു തലയ്ക്കലും കാൽക്കലുമായി പ്രകാശിതങ്ങളായ വെള്ളവസ്ത്രങ്ങൾ ധരിച്ച രണ്ടു പുരുഷന്മാരിരിക്കുന്നു. സഹതാപത്തോടെ അവർ അവളെ നോക്കി. അവർ അവളോടു ചോദിച്ചു:—"സ്ത്രീയേ, നീ എന്തിനു കരയുന്നു?"

ഗൽഗദങ്ങൾക്കിടയിൽ അവൾ അവരോടു അറിയിച്ചു:—"എൻെറ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി. അദ്ദേഹത്തെ എവിടെ കൊണ്ടുപോയെന്നു എ,നിക്കറിവില്ല."

തിരിഞ്ഞു നോക്കിയപ്പോൾ ആരോ തൻെറ പിൻപിൽ നിൽക്കുന്നതു മേരി കണ്ടു. കണ്ണീരുകൊണ്ടു് ആളെ വ്യക്തമായിക്കാണാൻ അവൾക്കു സാധിച്ചില്ല. ആ മനുഷ്യൻ തോട്ടക്കാരനായിരിക്കുമെന്നായിരുന്നു അവൾ ഊഹിച്ചതു്. കരഞ്ഞുകൊണ്ടു് ആ ആളിനോടു് അവൾ ആരാഞ്ഞു:— "അങ്ങാണു്ണു് അദ്ദേഹത്തെ എടുത്തുകൊണ്ടു പോയതെങ്കിൽ അദ്ദേഹത്തെ എവിടെ വെച്ചു എന്നു് ദയവായി പറഞ്ഞാലും. ഞാൻ അദ്ദേഹത്തെ എടുത്തുകൊണ്ടു പൊയ്ക്കോളാം." സാധു, സ്നേഹനിധി, ദുഖിതയായ മേരി, അവൾ അദ്ദേഹത്തെ എങ്ങനെയാണു് കൊണ്ടുപോകുന്നതു്? എന്നാൽ അവളുടെ സ്നേഹത്തിനു് അതിരില്ല. ഏതസാദ്ധ്യകാർയ്യം നിർവ്വഹിക്കുന്നതിനും ആ സ്നേഹം അവൾക്കു് ഉത്തേജനം നൽകും. അതായിരുന്നു അവളുടെ അഗാധമായ വിശ്വാസം. അവൾ വീണ്ടും കല്ലറയ്ക്കുള്ളിലേക്കു നോക്കി. അപ്പോഴാണു് ആ അപരിചിതൻ അവളെ വിളിക്കുന്നതു്. "മേരീ", അങ്ങനെയുള്ള ശബ്ദം ലോകത്തിൽ ഒന്നേയുള്ളു; മാധുർയ്യവും സ്നേഹവും വഴിഞ്ഞൊഴുകുന്ന നാദവിശേഷം. മേരി മുട്ടിന്മേൽ നിന്നു.

"ഗുരോ"—അവൾ വിളിച്ചു. മറെറാരു വാക്കെങ്കിലും ഉച്ചരിക്കാൻ അവൾ അശക്തയായി ഭവിച്ചു. അവളുടെ കണ്ണുകൾ യേശുവിൻെറ മുഖത്തു പതിഞ്ഞു. അവളുടെ കണ്ണുകൾ

നിറഞ്ഞു. പക്ഷെ ആ കണ്ണീർത്തുള്ളികൾ ആനന്ദത്തെയാണു് ഇപ്പോൾ സൂചിപ്പിക്കുന്നതു്. അവൾ വീണ്ടും കീഴ്പ്പോട്ടു നോക്കി. അവളുടെ മുൻപിൽ ആ ദിവ്യപാദങ്ങൾ—രണ്ടു പ്രാവശ്യം കഴുകി അവളുടെ തലമുടികൊണ്ടു ഉവർത്തിയ ആ പാദങ്ങൾ. പക്ഷെ, ഇപ്പോൾ അവ വ്യത്യസ്തങ്ങളായിരുന്നു. അവയിൽ മുറിവുകൾ കാണാനുണ്ടു്. അവളുടെ ചൂടുള്ള സ്നേഹസമ്പൂർണ്ണങ്ങളായ കരങ്ങൾ അവയെ കെട്ടിപ്പുണർന്നു.

യേശുവിൻെറ ശബ്ദം മുഴങ്ങി. ശാന്തമായി—എന്നാൽ ദൃഢതയോടെ:—"എന്നെ പിടിക്കരുതു്. എന്തുകൊണ്ടെന്നാൽ ഞാൻ ഇതേവരെ എൻെറ പിതാവിൻെറ സന്നിധിയിൽ എത്തിയില്ല. എന്നാൽ നീ എൻെറ സഹോദരന്മാരെ അറിയിയിക്കുക:— "എൻെറയും നിങ്ങളുടെയും പിതാവിൻെറ—എൻെറയും നിങ്ങളുടേയും ദൈവത്തിൻെറ സന്നിധിയിലേക്കു് ഞാൻ പോകുന്നു."

മേരി അദ്ദേഹത്തിൻെറ പാദങ്ങളെ വിട്ടു. അടുത്ത നിമിഷത്തിൽ അദ്ദേഹം അപ്രത്യക്ഷനായി.

മേരി ആ സ്ഥാനത്തുനിന്നോടി. അവളിൽ സംഭവിച്ച പരിവർത്തനം! കണ്ണീരൊഴുകിയ പാടുകൾ ആ മുഖത്തു കാണാനുണ്ടു്. പക്ഷെ, കാന്തി ചിതറുന്ന അതികോമളമായ മുഖമായിരുന്നതു്. അതിവേഗം അവൾ പാഞ്ഞു് മാളികയിലെത്തി; അവിടെ കൂടിയിരുന്നവരെ അത്ഭുതകരമായ വാർത്ത അറിയിക്കാൻ. ആനന്ദാധിക്യത്താൽ വിറയ്ക്കുന്ന ശബ്ദത്തിൽ അവൾ അവരെ അറിയിച്ചു:—"ഞാൻ കർത്താവിനെ കണ്ടു. അദ്ദേഹം എന്നോടു പറഞ്ഞയച്ചു, "നീ എൻെറ സഹോദരന്മാരെ അറിയിക്കുക, എൻെറയും നിങ്ങളുടെയും പിതാവിൻെറ—എൻെറയും നിങ്ങളുടെയും ദൈവത്തിൻെറ സന്നിധിയിലേക്കു് ഞാൻ പോകുന്നു" എന്നു്.

എന്നാൽ ഈ സന്ദേശം അവരെ അറിയിച്ചുകഴിഞ്ഞപ്പോൾ അവൾക്കു മനസ്സിലായി ആ സമ്പാത്തയുമായി അവി

ടെ ആദ്യം എത്തുന്നതു് അവളല്ലെന്നു്. ശവകുടീരത്തിങ്കലേക്കു് അവളെ അനുഗമിച്ച സ്ത്രീകഠം ഇതേവിധമൊരു സംഭവകഥ തന്നെ ശിഷ്യരെ അറിയിച്ചുകഴിഞ്ഞിരുന്നു. മിന്നുന്ന വസ്ത്രങ്ങഠം ധരിച്ച രണ്ടു പുരുഷന്മാരെ അവരും കണ്ടതാണു്. അതിൽ ഒരാഠം അവരോടു പറഞ്ഞു: "ഭയപ്പെടരുതു്. ക്രൂശിക്കപ്പെട്ട യേശുവിനെയാണു് നിങ്ങഠം അന്വേഷിക്കുന്നതെന്നു് എനിക്കറിയാം. അദ്ദേഹം ഇവിടെയില്ല; അദ്ദേഹം ഉയത്ത്ഴുനേററു കഴിഞ്ഞിരിക്കുന്നു. ഈ വിവരവും, അദ്ദേഹം നിങ്ങഠംക്കുമുമ്പു് ഗലീലിയായിലേക്കു പോകുമെന്നും ശിഷ്യരെ വേഗം അറിയിക്കുക." അവർ സന്തോഷചിത്തരായി അത്ഭുതസ്തബ്ധരായി മടങ്ങി. മടങ്ങിവരവേ അവരും യേശുവിനെകണ്ടു. അതു മററാരുമായിരിക്കാനിടയില്ല. യേശുവിൻെറ പരിചിതമായ ശബ്ദമാണു് അവർ കേട്ടതു്. "നിങ്ങഠംക്കു സമാധാനം. ഭയപ്പെടരുതു്. ശിഷ്യർ ഗലീലിയായിലെത്തുവാൻ അവരെ അറിയിക്കുക. അവിടെ അവരെന്നെ കാണും." ഇതെല്ലാം അവർ ശിഷ്യരെ അറിയിക്കയും ചെയ്തു. ശിഷ്യർ അന്യോന്യം നോക്കി. പിന്നീടു് അവർ മഗ്ദലനമറിയയേയും മററു സ്ത്രീകളേയും മാറി മാറി നോക്കി. ഈ സ്ത്രീകഠം പറയുന്നതു അവർ വിശ്വസിക്കുകയോ? അതോ, വ്യാകുലചിത്തകളായിരുന്ന അവർ സുബോധം കൈവെടിഞ്ഞതായിരിക്കുമോ? ഏതായാലും പത്രോസും യോഹന്നാനും മടങ്ങിയെത്തുന്നതുവരെ ക്ഷമയോടെ കാത്തിരിക്കതന്നെ. സത്യസന്ധരായ സാക്ഷികളെന്നവിധം അവരെ ഇരുവരെയും പൂണ്ണമായി വിശ്വസിക്കുന്നതിൽ ലേശവും അപാകതയില്ലതന്നെ.

കുറച്ചുസമയം കഴിഞ്ഞപ്പോഠം ഗോവണി കയറി യോഹന്നാൻ ആ മുറിയിലെത്തി. അദ്ദേഹത്തിൻെറകൂടെ നഖശിഖാന്തം വിറയ്ക്കുന്ന പത്രോസുമുണ്ടു്. "ഞാൻ യേശുവിനെ കണ്ടു." അത്രമാത്രമെ പത്രോസിനു പറയാൻ സാധിക്കുന്നുള്ളു. എന്നാൽ അദ്ദേഹത്തിനു വീണ്ടും മനശ്ശാന്തി ലഭിച്ചു എന്നു് ആദ്യനോ

ട്ടത്തിൽത്തന്നെ അവക്കു മനസ്സിലാക്കാൻ സാധിച്ചു. സാധു പത്രോസ്! സ്വയം കുററപ്പെടുത്താൻ അദ്ദേഹത്തിനു മതിയായ കാരണമുണ്ട്. ഓത്തുനോക്കൂ, "ഞാൻ അദ്ദേഹത്തെ നിഷേധിച്ചല്ലോ?" സങ്കടകരമായ ആ ഏതാനും മണിക്കൂറുകളിൽ അദ്ദേഹം ആ വാചകം എത്ര പ്രാവശ്യം ആവർത്തിച്ചതാണ്? "അദ്ദേഹം മരിച്ച അവസരത്തിൽ ഞാൻ ആ സ്ഥലത്തില്ലാതെ പോയല്ലൊ." എന്നാൽ ഇപ്പോൾ അദ്ദേഹത്തിനു സമാധാനമായി; അദ്ദേഹം യേശുവിനെ കണ്ടു. യേശു അദ്ദേഹത്തോടു പറഞ്ഞതും ഒരു രഹസ്യമാണ്. എന്നാലും വീണ്ടും അദ്ദേഹം പാറയാകുന്ന പത്രോസായിത്തീന്നു.

പക്ഷെ, പത്രോസും യോഹന്നാനും മടങ്ങിയെത്തിയിട്ടും, ആ സ്ത്രീകൾ പറഞ്ഞതു പത്രോസു സ്വീകരിച്ചിട്ടുപോലും പ്രത്യാശയും സന്ദേഹവും മററു ശിഷ്യന്മാരുടെ മനസ്സിൽ ഒരു മത്സരംതന്നെ നടത്തി. അതിരുകവിഞ്ഞു പ്രത്യാശിക്കാൻ അവക്കു ധൈയ്യമുണ്ടായില്ല. ആ പ്രത്യാശ അസ്ഥാനസ്ഥിതമായാണ് കലാശിക്കാൻ സംഗതിയാകുന്നതെങ്കിൽ ആ ദുരവസ്ഥയുടെ പ്രത്യാഘാതം അവക്കു ചിന്തിക്കക്കൂടി വയ്യ.

## അദ്ധ്യായം 29

# മാളികമുറിയിൽ

വലിയ ശബത്തിനെത്തുടൎന്നുള്ള ആദ്യദിവസം വിസ്തൃതമായ യറുശലേം നഗരം സജീവമായിരുന്നു. പെസഹാപ്പെരുന്നാളിനു അവിടെ വന്നെത്തിയിരുന്ന തീൎത്ഥാടകരിൽ അധികംപേരും പ്രസ്തുത ദിവസത്തെ ആഘോഷങ്ങളിൽ പങ്കെടുക്കാൻ നഗരത്തിൽത്തന്നെ താമസിച്ചു. യറുശലേമിൻെറ ഓരോ ഭാഗങ്ങളിലായി സംഘം ചേൎന്നു അവർ സംഭാഷണത്തിലേൎപ്പെട്ടിരിക്കയാണു്. ഈ സംഭാഷണങ്ങൾ മിക്കവാറും യേശുവിനെ സംബന്ധിച്ചായിരുന്നു.

"അതുതന്നെയാണു് ഞാൻ പറഞ്ഞതു്, യേശുവിൻെറ മൃതശരീരം മോഷ്ടിക്കപ്പെട്ടെന്നു നിങ്ങൾ കേട്ടിട്ടില്ലേ? നസ്രായനായ യേശുവിനെപ്പററി. യഹൂദന്മാരുടെ രാജാവെന്നു് സ്വയം വിളിച്ചെന്നാണു് അദ്ദേഹത്തെസംബന്ധിച്ചുണ്ടായ പരാതി. അതിനു അവർ അദ്ദേഹത്തെ ക്രൂശിൽ തറച്ചു കൊന്നു. ഇപ്പോഴിതാ കേൾക്കുന്നു, മൃതശരീരം കല്ലറയിൽനിന്നു ആരോ മോഷ്ടിച്ചെന്നു്."

"മോഷ്ടിച്ചെന്നോ?"

"അതെ, മോഷ്ടിച്ചെന്നുതന്നെ. മോഷണം നടത്തിയതു യേശുവിൻെറ ശിഷ്യന്മാരാണെന്നാണ് അവിടെ കാവലുണ്ടായിരുന്ന പടയാളികഠം പറയുന്നതു്. പ്രധാനാചാര്യന്മാർ കലികൊണ്ടിരിക്കയാണ്. മരിച്ചതോടെ അദ്ദേഹത്തെക്കൊണ്ടുള്ള ശല്ല്യ തീൎന്നെന്നു ആശ്വസിച്ചിരിക്കയായിരുന്നു അവർ."

മറെറാരുവൻ ഒരു സ്ത്രീയോടു് ഉപദേശിക്കയാണ്:—"നിങ്ങഠം എന്താണ് പറയുന്നതു്? യേശുവെന്ന മനുഷ്യനെപ്പററി നിങ്ങഠംക്കു ആദരവുണ്ടെന്നോ? അദ്ദേഹം നിങ്ങളുടെ വേലക്കാരൻെറ രോഗം ഭേദമാക്കിയെന്നോ? അദ്ദേഹത്തെ സ്തുതിച്ചൊന്നും ഇവിടെവച്ചു പറയാതിരിക്കയാണു നന്നു്. ഇവിടെയുള്ള യഹൂദന്മാർ ആരെങ്കിലും അതു കേഠംക്കാനിടയായാൽ ആപത്താണേ." അങ്ങനെ പോയി ആ സംഭാഷണങ്ങഠം.

പക്ഷേ, തീൎത്ഥാടകരെല്ലാംതന്നെ പെസഹാപ്പെരുനാഠം കഴിഞ്ഞിട്ടും യറുശലേമിൽ തുടൎന്നു താമസിച്ചില്ല. സാധുക്കളും നഗരത്തിനുസമീപം താമസിച്ചിരുന്നവരും അവരവരുടെ സ്ഥലങ്ങളിലേക്കു മടങ്ങി. നഗരത്തിനുസമീപം താമസിക്കുന്നവൎക്കു എപ്പോഠം വേണമെങ്കിലും അവിടെ വരാൻ സൌകൎയ്യമുണ്ടല്ലോ. ക്ലിയോപ്പായും അയാളുടെ സുഹൃത്തും അക്കൂട്ടത്തിലായിരുന്നു. ഈ ക്ലിയോപ്പാ, ക്ലിയോപ്പാമേരിയുടെ ബന്ധുവൊന്നുമല്ല. എമായൂസിനു സമീപം താമസിച്ചിരുന്ന രണ്ടു കൎഷകരായിരുന്നു ആ സുഹൃത്തുക്കഠം. അത്യാവശ്യമായ കൃഷിജോലികഠം അവൎക്കു ചെയ്തുതീൎക്കാനുണ്ടു്. അതുകൊണ്ടു് വീടുകളിലേക്കു മടങ്ങാൻ അവൎക്കു ധൃതിയായി. കൂടാതെ ഈ വൎഷത്തെ പെസഹാപ്പെരുനാഠം മുൻവൎഷങ്ങളിലേതിൽനിന്നു അവരെ സംബന്ധിച്ചിടത്തോളം വ്യത്യസ്തമായിരുന്നു. യേശുവിൻെറ അനുയായികളായിരുന്നു അവരിരുവരും. അതുകൊണ്ടു് സങ്കടകരവും വേദനാജനകവുമായിരുന്ന ഒരു പെരുനാളായാണ് അവൎക്ക് ആ ദിവസം അനുഭവപ്പെട്ടതു്.

അവർ പോകുന്ന വഴിയിൽ പാദങ്ങറം മുഴുവൻ താഴും, പൊടിയിൽ. അതു വകവെയ്ക്കാതെ അവരതിവേഗം നടക്കയാണു്.

"ആ സ്ത്രീകറം പറഞ്ഞ സംഭവത്തെപ്പററി നിങ്ങറക്കെന്തു തോന്നുന്നു?" സ്നേഹിതരിൽ ഒരുവൻ മറേറയാളോടു ചോദിച്ചു. "അവർ പറഞ്ഞതുപോലെ യേശു ഉയത്തെഴുനേററതായിരിക്കുമോ?"

"ശ്ശു്—കിറുക്കു്. അവററയെല്ലാം ഭ്രാന്താണു്. അവർ പറയുന്ന ഒരു കാര്യംപോലും വിശ്വസിക്കാനാവില്ല. നേരെമറിച്ചു് പത്രോസോ, യോഹന്നാനോ വന്നു നമ്മളോടു പറയുകയാണു് യേശുവിനെ കണ്ടെന്നു്—എന്നാൽ അതു വിശ്വസിക്കാം. പക്ഷെ, പത്രോസിൻെറ സങ്കടം ഇതേവരെ മാറിയിട്ടില്ല. സാധു! കത്താവിനെ നിഷേധിച്ചു പറഞ്ഞ കാര്യം അദ്ദേഹം മറക്കുമെന്നു തോന്നുന്നില്ല."

"സംഗതികറം ഇങ്ങനെ അവസാനിക്കുമെന്നാണോ നിങ്ങളുടെ അഭിപ്രായം? ഓരോരുത്തരും അവനവൻെറ കുരിശു വഹിക്കണമെന്നൊക്കെ ഗുരു പറഞ്ഞിട്ടുള്ളതാണു്. പക്ഷെ അദ്ദേഹം മിക്കവാറും ഉപമകളും കടംകഥകളുമായാണു് സംസാരിക്ക പതിവു്. അതുകൊണ്ടു് അദ്ദേഹം പറയുന്നതിൻെറ പൊരുറം ശരിക്കു മനസ്സിലാക്കാൻ പലക്കും സാധിക്കാതെ വന്നിട്ടുണ്ടു്. കുരുത്തോലകറം വീശിക്കൊണ്ടു ഒരു മഹാ പുരുഷാരം അകമ്പടി സേവിച്ചു് അദ്ദേഹം ഒരു രാജാവിനെപ്പോലെ യറുശലേമിലെത്തിയപ്പോറം നിങ്ങറം വിചാരിച്ചോ ഇത്ര വേഗം ജനങ്ങറം അദ്ദേഹത്തിന്നെതിരായിത്തീരുമെന്നു്? അപ്പോറം തന്നെ അവർ അദ്ദേഹത്തെ ഒരു രാജാവാക്കുമെന്നായിരുന്നു എൻെറ വിചാരം. അദ്ദേഹത്തെ ഒരു രാജാവാക്കണമെന്നു് ധാരാളമാളുകറം പറയുന്നതു് ഞാൻ കേട്ടിട്ടുള്ളതാണു്. ലാസറിനെ മരണത്തിൽനിന്നുയത്തിയശേഷമാണെങ്കിൽ, എണ്ണമില്ലാതെ ആളുകറം അദ്ദേഹത്തിൻെറ അനുയായികളായിത്തീരുകയും ചെയ്തു."

"എന്നെപ്പോലെ നിങ്ങറം സാധാരണയായി നഗരത്തിൽ പോകാറില്ലല്ലൊ. മിക്കവാറം ആരംഭംമുതൽതന്നെയെന്നു പറയാം, ധാരാളം ആളുകറം അദ്ദേഹത്തിനു ശത്രുക്കളായുണ്ടായിരുന്നു. എന്നാലും ഞാൻ ആശിച്ചതാണ്. അതേ ഞാൻ ആശിച്ചതാണ്...."

സംഭാഷണത്തിനിടയിൽ അവർ നടപ്പിൻെറ വേഗത ഒന്നു കുറച്ചു. ആരുടെയോ കാലടിശബ്ദം അവക്കു കേറംക്കാം.

"അതേ. ഞാനും ആശിച്ചതാണ്. അതു അത്ഭുതകരമായ ഒരു സ്വപ്നംപോലെയായിരുന്നു. പക്ഷെ, അതങ്ങനെ അവസാനിച്ചു. അദ്ദേഹം ഈ വഴിയിൽകൂടി നടന്നുവരിക; ശിഷ്യർ അദ്ദേഹത്തെ അനുഗമിക്കുക. അദ്ദേഹത്തിൻെറ അനുഗ്രഹം ലഭിക്കുന്നതിനു കുഞ്ഞുങ്ങളും, രോഗികളും അദ്ദേഹത്തിനു ചുററും കൂടുക—അത്ഭുതകരമായ ഒരു സ്വപ്നം! പക്ഷെ, അതൊക്കെ കഴിഞ്ഞ കാര്യങ്ങളായി നാം ഇനി കണക്കാക്കിയാൽ മതി. നാമും നമ്മുടെ തൊഴിലുമേ, അവശേഷിക്കുന്നുള്ളു."

പിന്നിലുള്ള കാലടിശബ്ദം കൂടുതൽ വ്യക്തമായി അവക്കിപ്പോറം കേറംക്കാം. ഒരു നിമിഷനേരം അവർ നിന്നു. പിന്നിലുണ്ടായിരുന്ന ആറം അവരുടെ ഒപ്പമെത്തി. യാത്രയിൽ ഒരു കൂട്ടുകാരനെ ലഭിക്കുക ഒരു നല്ല കാര്യമല്ലേ?

"ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!" അവർ ആ അപരിചിതനു സ്വാഗതമരുളി.

"ദൈവം നിങ്ങളെയും അനുഗ്രഹിക്കട്ടെ." അയാറം പ്രത്യുത്തരം നൽകി.

അവർ മൂവരും നടന്നുതുടങ്ങി. അല്പനേരത്തേക്കു് അയാറം മൗനമവംലബിച്ചു. അതിനുശേഷം അയാറം അവരോടു ചോദിക്കയാണ്. "നിങ്ങറം എന്തു കാര്യത്തെപ്പററിയാണ് സംസാരിക്കുന്നതു്. എന്താണ് മുഖത്തു് ഈ സങ്കടഭാവം?" ആ ശബ്ദം ഇതിനു മുൻപു് എവിടെയോവെച്ചു കേട്ടിട്ടുണ്ടെന്നു് ആ സ്നേഹിതരിരുവക്കും തോന്നി.

അവരുടെ സംഭാഷണം മുഴുവൻ ഈ മനുഷ്യൻ കേട്ടിരിക്കു മോ? അവർക്കൊരു നിശ്ചയവുമില്ല. എന്നാലും, ആളിൻെറ ഭാവവും, പെരുമാററവും സൗഹൃദത്തെ സൂചിപ്പിച്ചു. അതു കണ്ട പ്പോരം അവരുടെ ആശങ്ക ശമിച്ചു. അയാളിൽനിന്നു അവർക്കൊരാപത്തും വരാനില്ലെന്നു അവക്കു ഉറപ്പു തോന്നി. ക്ലിയോപ്പയാണ് അയാളുടെ ചോദ്യത്തിനു മറുപടി നൽകിയതു്.

"വിശേഷങ്ങളൊന്നുമറിഞ്ഞില്ലെന്നോ? ഇക്കഴിഞ്ഞ രണ്ടു ദിവസങ്ങരംക്കുള്ളിൽ യറുശലേമിൽ നടന്ന സംഭവങ്ങരം നിങ്ങരം കേട്ടില്ലെന്നു വരുമോ?"

"എന്തു സംഭവങ്ങളാണ്, സ്നേഹിതരെ?"

"ക്രൂശിക്കപ്പെട്ട നസ്രായനായ യേശുവിനെപ്പററി. ഞങ്ങരം മഹൽക്കാൎയ്യങ്ങളാണ് അദ്ദേഹത്തിൽനിന്നും പ്രതീക്ഷിച്ചതു്."

ക്ലിയോപ്പാ ആ അപരിചിതൻെറ മുഖത്തുനോക്കി. ആ മനുഷ്യനോടു കൂടുതൽ പറയുന്നതു് നന്നോ? പക്ഷെ, അയാരം സൗഹൃദത്തോടെയാണ് പെരുമാറുന്നതു്. ക്ലിയോപ്പാ തുടന്നു: "വാക്കിലും പ്രവൃത്തിയിലും അദ്ദേഹം ഒരു മഹാൻതന്നെയായിരുന്നു. ഇസ്രായേലിനെ അദ്ദേഹം സ്വതന്ത്രമാക്കുമെന്നായിരുന്നു ഞങ്ങളുടെ എല്ലാവരുടേയും പ്രതീക്ഷ." എന്നിട്ടയാരം അതിനുശേഷമുണ്ടായ സംഭവങ്ങരം വിവരിച്ചു. യേശുവിനെ പുരോഹിതരും ഭരണകത്താക്കളും ക്രൂശിൽ തറച്ചു വധിച്ച ഭാഗം വരെ അയാരം പറഞ്ഞു. പെട്ടെന്നയാരം സംഭാഷണം നിറുത്തി. ഇനിയുള്ള ഭാഗം ഈ അപരിചിതനോടു പറയുക ആപൽക്കരമല്ലെ? മനസ്സിലുള്ളതെല്ലാം പറയണമെന്നു് അയാരംക്കു അതിയായ ആഗ്രഹമുണ്ടു്. അയാരം പറഞ്ഞതെല്ലാം ആ പുതിയ മനുഷ്യൻ എത്ര ശ്രദ്ധാപൂൎവ്വമാണ് കേരംക്കുന്നതെന്നോ? ഇങ്ങനെ അയാരം സന്ദേഹിച്ചുകൊണ്ടിരിക്കെ പുതിയ ആ സുഹൃത്തു് അയാളുടെ മുഖത്തൊന്നു നോക്കി—ദയയും സ്നേഹവും സ്ഫു

രിക്കുന്ന ഒരു നോട്ടം. ക്ലിയോപ്പായുടെ സംശയം നീങ്ങി; ആ സംഭവകഥ പൂർത്തിയാക്കാൻതന്നെ അയാഠം തീരുമാനിച്ചു.

"ശേഷം കാര്യങ്ങളാണു് അത്ഭുതകരമായിരിക്കുന്നതു്. ഞങ്ങളുടെ സംഘത്തിൽ കുറെ സ്ത്രീകളുമുണ്ടു്. അവർ ഇന്നലെ വെളുപ്പിനു സൂര്യനുദിക്കുന്നതിനുമുൻപു് യേശുവിൻെറ കല്ലറയ്ക്കൽ പോയി. അദ്ദേഹത്തിൻെറ മൃതശരീരം അതിലില്ല. സ്ത്രീകഠം മടങ്ങിയെത്തി ഞങ്ങളോടു പറയുകയാണു്—അവർ കല്ലറയ്ക്കുള്ളിൽ രണ്ടു ദൈവദൂതന്മാരെ കണ്ടെന്നും, യേശു ഉയർത്തെഴുന്നേറ്റെന്നും ആ ദൂതർ അവരോടു പറഞ്ഞെന്നും. ഞങ്ങളുടെ കൂട്ടത്തിലുള്ള ചില പുരുഷന്മാരും കല്ലറയ്ക്കൽ പോയി. അവരും ഈ ദൂതരെ കണ്ടു. പക്ഷെ, അദ്ദേഹത്തെ ഒട്ടു കണ്ടില്ലതാനും."

ക്ലിയോപ്പാ സംഭാഷണം നിറുത്തി. ആ അപരിചിതൻ സംസാരിച്ചുതുടങ്ങി. ശാന്തനായി, സൗമ്യനായാണു് അദ്ദേഹം അവരോടു സംസാരിച്ചതു്. ആ സ്നേഹിതരിരുവരും ആ മനുഷ്യൻെറ മുഖം അതേവരെ അത്ര ശരിയായി കാണുകയുണ്ടായില്ല. അതിനു കാരണവുമുണ്ടായിരുന്നു. ആ മനുഷ്യൻ ഒന്നുകിൽ അല്പം പിന്നിൽ, അല്ലെങ്കിൽ അല്പം മുൻപിലായിരിക്കും നടക്കുന്നതു്. കൂടാതെ, അയാളുടെ മുഖത്തിൻെറ ഒരു ഭാഗം മേലങ്കികൊണ്ടു് മറഞ്ഞുമിരുന്നു. ഇമ്പകരമായശബ്ദത്തിൽ അയാഠം അവരോടു പറയുകയാണു്: "കഷ്ടം, ബുദ്ധിഹീനരെ, പ്രവാചകർ പറഞ്ഞിരിക്കുന്നതെല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ, ക്രിസ്തു ഇങ്ങനെ കഷ്ടതകഠം അനുഭവിച്ചു് തൻെറ മഹത്വത്തിൽ പ്രവേശിക്കേണ്ടതല്ലേ?" അതേത്തുടർന്നു മോശമുതൽ സകല പ്രവാചകരും, തിരുവെഴുത്തുകളിലും ക്രിസ്തുവിനെ സംബന്ധിച്ചു പ്രസ്താവിച്ചിട്ടുള്ള സംഗതികഠം അവർക്കുവേണ്ടി ആ മനുഷ്യൻ വിസ്തരിച്ചു വ്യാഖ്യാനിച്ചു. ക്രിസ്തു മർദ്ദനമനുഭവിക്കേണ്ടി വരുമെന്നു് പ്രവാചകർ സ്പഷ്ടമായി പ്രസ്താവിച്ചിട്ടില്ലേ? ദൈവം അവർക്കാവശ്യമാണെന്നും, ദൈവത്തോടു് അവർക്കു് സ്നേഹമുണ്ടെന്നും, അവരുടെ പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപം രേഖ

പ്പെട്ടത്താനും യറുശലേംദേവാലയത്തിൽ പ്രതിവഷം ആയിരമായിരം കുഞ്ഞാടുകൾ യഹൂദർ ബലിയായി അർപ്പിക്കുന്നു. എന്നാൽ മിശിഹായല്ലേ "ദൈവത്തിൻെറ കുഞ്ഞാട്!" മനുഷ്യരുടെ പാപങ്ങൾ പരിഹരിക്കാൻ അദ്ദേഹവും ബലിയായി അർപ്പിക്കപ്പെടേണ്ടതല്ലേ? ദൈവത്തിൻെറ പരിപാടിയുടെ ഒരു ഭാഗമല്ലേ ഇതെല്ലാം?

കുരിശൊരു തെററല്ല; അതൊരു പരാജയമല്ല. ദൈവസ്നേഹത്തിൻെറ ഒരു ചിഹ്നമാണതു്. ഈ പരമാത്ഥങ്ങൾ ക്ലിയോപ്പായും കൂട്ടുകാരനും അല്പാല്പം മനസ്സിലാക്കിത്തുടങ്ങി.

അവരുടെ ഹൃദയങ്ങൾ സന്തോഷവും സംതൃപ്തിയുംകൊണ്ടു ത്രസിച്ചു. ആ വ്യാഖ്യാനങ്ങൾ കണ്ണുകൾ തുറക്കാനുള്ള പ്രേരണ അവക്കു നൽകി. ആ മനുഷ്യൻ പറയുന്ന വാക്കുകൾ കേട്ടിട്ടു് അവക്കു മതിയായില്ല. അവർ എമ്മാവൂസ്സിൽ ചെന്നെത്തിയപ്പോൾ അദ്ദേഹം അവരോടു യാത്ര പറയാൻ ഭാവിച്ചു. പക്ഷെ അവർ അദ്ദേഹത്തോടു് അഭ്യത്ഥിച്ചു. "ഞങ്ങളുടെ കൂടെ താമസിക്കണേ" എന്നു്. "നേരം നന്നേ വൈകിയല്ലോ? അവർ തുടന്നു പറഞ്ഞു. മാധുര്യമേറിയ ഒരു മന്ദഹാസത്തോടെ അവരുടെ ക്ഷണം അദ്ദേഹം സ്വീകരിച്ചു. ക്ലിയോപ്പായുടെ വീട്ടിലേക്കുള്ള വഴിയിൽക്കൂടി അവരെ അദ്ദേഹം അനുഗമിച്ചു. ഈ അപരിചിതൻ എത്ര ദയാലു! എത്ര സൗമ്യൻ! അത്താഴത്തിനു സമയമാകുന്നതുവരെ അദ്ദേഹം അവരോടു സംസാരിച്ചു. അപ്പോൾ ആ മനുഷ്യൻ ആരാണെന്നു് അവക്കു മനസ്സിലാക്കാൻ സാധിക്കുന്ന പ്രവൃത്തിയാണു് അദ്ദേഹം ചെയ്തതു്. അപ്പമെടുത്തു മുറിച്ചു വാഴ്ത്തി അദ്ദേഹമവക്കു കൊടുത്തു. പെട്ടെന്നവക്കു മനസ്സിലായി, അതു യേശുവാണെന്നു്. ആ അപ്പം മുറിക്കുന്നതു കണ്ടപ്പോൾ അവർ ആളെ മനസ്സിലാക്കി.

വിറക്കുന്ന കൈകളോടെ അവർ അദ്ദേഹത്തിൽനിന്നു അപ്പം വാങ്ങി. കണ്ണുകളടച്ചു ദൈവത്തെ സ്തോത്രം ചെയ്തശേഷം

അവർ ഭക്ഷിച്ചു. വീണ്ടും അവർ നോക്കിയപ്പോഠം യേശു അ പ്രത്യക്ഷീഭവിച്ചുകഴഞ്ഞിരിക്കുന്നു.

അത്ഭുതസ്തംബ്ധരായിത്തീൎന്ന അവൎക്കു് ഒരു നിമിഷനേരത്തേക്കു യാതൊന്നും പറയാൻ സാധിച്ചില്ല. പെട്ടെന്നു് ക്ലിയോപ്പാ കൂട്ടുകാരനോടു പറയുകയാണു്: "നാം ഉടൻതന്നെ ശിഷ്യരെ ഈ വിവരം അറിയിക്കണം." ഭക്ഷണം പൂൎത്തിയായിക്കഴിക്കാൻ അവർ താമസിച്ചില്ല. ധൃതിയിൽ അവർ വീടുവിട്ടിറങ്ങി വന്ന വഴിയേതന്നെ അതിവേഗം വീണ്ടും നടന്നു തുടങ്ങി.

"അവൎക്കെന്തുപററി?" ഭക്ഷണസാധനങ്ങഠം മേശമേൽ ഇരിക്കുന്നതുകണ്ടു് ക്ലിയോപ്പായുടെ ഭാൎയ്യ സ്വയം ചോദിക്കയാണു്. എന്നാൽ അപ്പം മാത്രം മേശപ്പുറത്തില്ല. അവരതു ഭക്ഷിച്ചതായിരിക്കാമെന്നവഠം സങ്കല്പിച്ചു. "അത്രയുമെങ്കിലും അവർ കഴിച്ചല്ലൊ?"—അവഠം സമാധാനപ്പെട്ടു.

* * * * *

യേശുവിൻെറ സുഹൃത്തുക്കഠം മാളികമുറിയിൽ കൂടിയിരിക്കയാണു്. വികാരവിവശരായാണു് അവർ സംസാരിക്കുന്നതു്. അസാധാരണമായ ഒരു ദിനമായിരുന്നില്ലേ അതു്? എന്താണു് ചിന്തിക്കേണ്ടതെന്നുപോലും അവൎക്കു രൂപമില്ല. സ്ത്രീകളെല്ലാവരും ശിഷ്യരിൽ തോമസു് ഒഴികെയുള്ളവരും അവിടെ സന്നിഹിതരായിരുന്നു. നേരം രാത്രിയാണു്. മുറിയ്ക്കുള്ളിൽ വിളക്കുണ്ടു്. ശിഷ്യർ യേശുവിൻെറ മൃതശരീരം മോഷ്ടിച്ചെന്ന കാവൽക്കാരുടെ കെട്ടുകഥ അവരുടെയും കാതുകളിൽ എത്തിക്കഴിഞ്ഞിരുന്നു. അതുകേട്ടു ഭയന്നിരിക്കയാണവർ. അതിനാൽ മുറിയുടെ വാതിലുകളും ജനാലകളുമെല്ലാം ഭദ്രമായി അടച്ചുപൂട്ടപ്പെട്ടിരുന്നു.

സ്ത്രീകഠം അത്താഴം വിളമ്പി. പക്ഷേ, ആരും തന്നെ ഭക്ഷണം കഴിക്കാൻ ഒരുമ്പെട്ടില്ല. അതുകൊണ്ടു് സ്ത്രീകഠം ഭക്ഷണസാധനമെല്ലാം അവിടെനിന്നു മാററി.

"തീർച്ചയായും അവരെന്തെങ്കിലും കണ്ടിരിക്കണം." ശിഷ്യരിൽ ഒരാഠം പറയുകയാണു്. സ്ത്രീകഠംക്കെല്ലാം ഒരുപോലെ ഒരേ അവസരത്തിൽ തന്നെ തെററുപററുമോ? അതു മാത്രമോ? പത്രോസും കണ്ടതല്ലേ? പക്ഷെ, ചിലപ്പോഠം മനുഷ്യർ ഭൂതങ്ങളെ കാണാറുണ്ടല്ലോ."

"ശരി. പക്ഷെ, മഗ്ദലനമറിയം അദ്ദേഹത്തിൻെറ പാദങ്ങളിൽ തൊട്ടതോ? അവളുടെ കൈകഠംകൊണ്ടു് ആ പാദങ്ങഠം സ്പർശിച്ചതാണല്ലോ."

പ്രത്യാശയുടേയും സന്ദേഹങ്ങളുടേയും മദ്ധ്യേ അകപ്പെട്ട അവർ ഈ പ്രശ്നത്തെപ്പററി ദീർഘനേരം വാദപ്രതിവാദം നടത്തി. വിശ്വസിക്കുന്ന കാര്യത്തിൽ പ്രതിബന്ധമായി നില കൊണ്ടു. അവർ വഞ്ചിതരാകുമോ എന്ന ഭയം.

പെട്ടെന്നു് ഇക്കാര്യങ്ങളെപ്പററി അവർ സംസാരിച്ചുകൊണ്ടിരിക്കവെ ഒരു ശബ്ദം അവർ കേട്ടു. "നിങ്ങഠംക്കു സമാധാനം. ഞാനാണു്; ഭയപ്പെടരുതു്." അതാ അവരുടെ മദ്ധ്യത്തിൽ യേശു നിൽക്കുന്നു. വാതിലുകളാകട്ടെ, ജനാലകളാകട്ടെ തുറന്നിട്ടില്ല. അവയെല്ലാം ഭദ്രമായി അടച്ചുപൂട്ടപ്പെട്ടിരിക്കുകയാണു്. അതുകൊണ്ടു് അവിടെ പ്രത്യക്ഷപ്പെട്ട ആഠം യേശുവായിരിക്കയില്ല. അതൊരത്ഭുതമായിരിക്കണം! ഭയവിഹ്വലരായി ആ സംഘം അങ്ങിങ്ങായി ആ മുറിയിൽ മാറി.

"എന്തിനീ അസ്വസ്ഥത?" സൗമ്യമായി അദ്ദേഹം ചോദിച്ചു. തീർച്ചയായും അതു യേശുവിൻെറ ശബ്ദം തന്നെ. "നിങ്ങളുടെ ഹൃദയങ്ങളിൽ എന്തിനു സംശയങ്ങഠംക്കു സ്ഥാനം നൽകണം? എന്നെ തൊട്ടുനോക്കുക. ഒരു ഭൂതത്തിനു എന്നെപ്പോലെ മാംസവും അസ്ഥികളും ഉണ്ടാകയില്ലല്ലൊ." അദ്ദേഹം കൈകളും കാലുകളും അവരെ കാണിച്ചു. ആണികഠം അടിച്ചു കയററിയ പാടുകഠം ആ കൈകളിലും കാലുകളിലും ഉണ്ടായിരുന്നു. കുന്തംകൊണ്ടു കുത്തേററ വിലാപ്പുറവും അദ്ദേഹം അവരെ കാണിച്ചു. ഭയന്ന കുഞ്ഞുങ്ങളോടെന്നവണ്ണം എത്രയും

സൗമ്യമായും സ്നേഹമായുമാണ് അദ്ദേഹം അവരോട് സംസാരിച്ചതു്.

എന്നിട്ടും അവരിൽ ചിലരുടെ ഭയം മാറിയില്ല. അപ്പോഴാണ് മുൻപു് അദ്ദേഹം പറയുക പതിവുണ്ടായിരുന്ന രീതിയിൽ അവരോട് ചോദിച്ചതു്:—"ഇവിടെ ഭക്ഷണം എന്തെങ്കിലുമുണ്ടോ"യെന്നു്. അദ്ദേഹം എന്തെങ്കിലും ഭക്ഷിക്കയാണെങ്കിൽ അവക്കു വിശ്വസിക്കാം. ഒരു ഭൂതം തിന്നുകയും കുടിക്കുകയും ചെയ്യു പതിവില്ലല്ലൊ.

"ഇവിടെ മീനും കുറെ തേനുമുണ്ട്." അവർ അദ്ദേഹത്തെ അറിയിച്ചു.

അവർ ഭക്ഷണസാധനങ്ങൾ എടുത്തുകൊണ്ടുവന്നു് മേശമേൽവച്ചു. അവരുടെ മുൻപിൽവച്ചുതന്നെ അതിൽ ഒരു ഭാഗം അദ്ദേഹം ഭക്ഷിച്ചു. അതു കഴിഞ്ഞു് അവരുടെ അവിശ്വാസത്തിനു് സ്നേഹപൂർവ്വം അദ്ദേഹം അവരെ ശാസിച്ചു.

ഭക്ഷണത്തിനുശേഷം അദ്ദേഹം എഴുന്നേററു മേശയ്ക്കുചുററുമിരിക്കുന്ന ശിഷ്യരുടെ മുഖങ്ങൾ സൂക്ഷിച്ചു. അദ്ദേഹത്തെ യൂദാ ഒററിക്കൊടുത്ത അവസാന അത്താഴവേളയിൽ അവരെ അദ്ദേഹം നോക്കിയതുപോലെ. "നിങ്ങൾക്കു സമാധാനം." അദ്ദേഹം പറഞ്ഞു. ആ മുഖത്തു് സൗമ്യതയും അതോടൊപ്പം ഗാംഭീര്യവും കാണാനുണ്ട്. അവിടെ സന്നിഹിതരായിരുന്ന ശിഷ്യരെ വീണ്ടും അദ്ദേഹം സൂക്ഷിച്ചുനോക്കി. തോമസ്സിനെ അവിടെ കാണാനില്ല. ആ ശിഷ്യൻെറ അസാന്നിദ്ധ്യം അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. പക്ഷെ തോമസ് എവിടെയെന്നു് അദ്ദേഹം അവരോട് ചോദിച്ചില്ല. അതിപ്രധാനമായ ഏതോ ഒന്നു ചെയ്യാൻ അദ്ദേഹം ഭാവിക്കയാണ്. അതു ചെയ്യുമ്പോൾ തോമസ് അവിടെയുണ്ടായിരിക്കയില്ല. എന്നാൽ പിന്നീട് അദ്ദേഹം തോമസ്സിനെ കണ്ടുകൊള്ളും. മററു പത്തുപേരും കാത്തിരിക്കാൻ അദ്ദേഹം അനുവദിക്കയില്ല.

വലതുകരം പൊക്കി ഭക്തിനിർഭരമായ ശബ്ദത്തിൽ അദ്ദേഹം പറഞ്ഞു:—"പിതാവെന്നെ അയച്ചതുപോലെ ഞാൻ നിങ്ങളേയും അയക്കുന്നു" അദ്ദേഹം അവരുടെ മേൽ ശ്വാസമൂതി. എന്നിട്ടദ്ദേഹം തുടൻ പറഞ്ഞു:—"പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിപ്പിക്കുന്നുവോ, അവയ്ക്കു മോചനം ലഭിക്കും. ആരുടെ പാപങ്ങൾ നിങ്ങൾ മോചിപ്പിക്കാതിരിക്കുന്നുവോ, അവ മോചിപ്പിക്കപ്പെടുകയില്ല."

ശിഷ്യർ പത്തുപേരും ശ്വാസമടക്കി മൗനമായിനിന്നു. അന്ത്യ അത്താഴവേളയിൽ അപ്പം സ്വശരീരമായും വീഞ്ഞു സ്വരക്തമായും പരിവർത്തനം ചെയ്ത സന്ദർഭത്തിൽ അവരോടു അദ്ദേഹം പറയുകയുണ്ടായല്ലോ—"എൻെറ ഓർമ്മക്കായി ഇതു ചെയ്യുവിൻ" എന്നു്. ഇപ്പോഴാണെങ്കിൽ തൻെറ നാമത്തിൽ പാപങ്ങൾ മോചിപ്പിക്കാൻ അദ്ദേഹം അവക്കു അധികാരം നൽകിയിരിക്കുന്നു. ആദ്യഘട്ടത്തിൽ അവർ അദ്ദേഹത്തിൻെറ ശിഷ്യരായിരുന്നു. പിന്നീടു് അദ്ദേഹം അവരെ സുഹൃത്തുക്കളെന്നു വിളിച്ചു. ഇപ്പോഴാകട്ടെ സാവധാനമായി അദ്ദേഹം അവരെ തൻെറ ആചാര്യന്മാരാക്കി അവരോധിക്കുന്നു.

ഭയത്തോടും അത്ഭുതത്തോടും അവർ ഏതാനും നിമിഷനേരം പ്രാർത്ഥനയിൽ ലയിച്ചു. അവർ കണ്ണുതുറന്നു വീണ്ടും നോക്കിയപ്പോൾ യേശു അപ്രത്യക്ഷീഭവിച്ചുകഴിഞ്ഞു. അന്യോന്യം നോക്കി അവർ മൗനമായിനിന്നു. അദ്ദേഹം ഉച്ചരിച്ച വാക്കുകളുടെ സാരമെന്തായിരിക്കും? അവരോടു് എന്താണു് അദ്ദേഹം ആവശ്യപ്പെടുന്നതു്? ഇങ്ങനെ ഏതാനും നിമിഷനേരം അവരുടെകൂടെ ചെലവഴിച്ചശേഷം അപ്രത്യക്ഷീഭവിക്കാനാണോ ഭാവിയിലും അദ്ദേഹം ഉദ്ദേശിക്കുന്നതു്?

അവരുടെ മനസ്സിൽ നിരവധി പ്രശ്നങ്ങൾ ഉയൻ. എന്നാലും അവരുടെ ഹൃദയങ്ങൾ ആനന്ദത്തിൽ ആറാടി. അവക്കു ഭയമില്ല; സംശയങ്ങളില്ല. ക്രൂശിക്കപ്പെട്ട യേശു അദ്ദേഹം

പ്രസ്താവിച്ചതുപോലെ തന്നെ ഉയത്തെഴുന്നേല്ക്കയും ചെയ്തു. ഇതാണ് എല്ലാററിലും മഹനീയമായ അത്ഭുതം!

അദ്ദേഹം അവരുടെ സന്നിധിയിൽനിന്നു മറഞ്ഞപ്പോരം, അവർ മൗനമവലംബിച്ചുനിൽക്കയാണ് ചെയ്തതു്. അത്ഭുതം അവരെ അശക്തരാക്കി. ചിന്താധീനരായി അവർ മേശയ്ക്കു ചുററുമിരിക്കയാണ്. അപ്പോഴാണ് കതകിൽ ആരോ തട്ടുന്നതു് അവർ കേരംക്കുക.

ശിഷ്യരിൽ ഒരാരം എഴുന്നേററു വിളിച്ചു ചോദിച്ചു:—"ആരാണതു്?"

"ഞാനാണ്—ക്ലീയോപ്പാ. ഞങ്ങരം എമായുസിൽനിന്നു മടങ്ങിവരികയാണ്."

എമായുസിൽനിന്നു പോലും! അതും ഈ അസമയത്തു്. അതു വിചിത്രമായിരിക്കുന്നു. ഒരു ശിഷ്യൻ വാതിൽ തുറന്നു. ക്ലീയോപ്പായും സ്നേഹിതനും മുറിക്കുള്ളിൽ പ്രവേശിച്ചു.

"ഞങ്ങരം കർത്താവിനെ കണ്ടു." ക്ലീയോപ്പാ വിളിച്ചുപറഞ്ഞു.

"ഞങ്ങളും കണ്ടു." ശിഷ്യരുടെ പ്രത്യുത്തരം അതായിരുന്നു. അങ്ങനെ അവർ ഇരുകൂട്ടരും ഇതേ സംബന്ധിച്ചുള്ള സ്വാനുഭവങ്ങരം വിശദീകരിച്ചു. "അദ്ദേഹം അപ്പം മുറിക്കുന്നതു കണ്ടപ്പോരംതന്നെ കായ്യം ഞങ്ങരംക്കു മനസ്സിലായി." ക്ലീയോപ്പാ പറയുകയാണ്. "എന്നാൽ വഴിയിൽകൂടി ഞങ്ങരം നടന്നുവരുമ്പോരം അത്ഭുതകരമായ എന്തെല്ലാം കായ്യങ്ങളാണെന്നോ അദ്ദേഹം ഞങ്ങളോടു പറഞ്ഞതു്? ആ സംസാരംകൊണ്ടും ആളെ മനസ്സിലാക്കാൻ ഞങ്ങരംക്കു സാധിക്കാതെ വന്നുകൂടിയതാണ് വിചിത്രം." വൈചിത്ര്യബഹുലമായ ആ ദിവസത്തെ ഏററവും വിചിത്രതരമായ സംഗതിയായിരുന്നു അതു്. ശിഷ്യരിൽ തോമസ് ഒഴികെ മറെറല്ലാവരും യേശുവിനെ കണ്ടുകഴിഞ്ഞു. ആക്ഌറിയാം, മററു ശിഷ്യക്കു ദശ്നം നൽകിയവിധം അദ്ദേഹം തോമസ്സിനും ദശ്നം നൽകിയില്ലെന്നു്!

അവരിൽ ഓരോരുത്തരുടേയും മുൻപിൽ പ്രത്യക്ഷപ്പെട്ടുന്ന ഒരു ഭാവമല്ലേ കാണുന്നതു്?

വിളക്കുകൾ മങ്ങിയാണു കത്തിക്കൊണ്ടിരുന്നതു്. മുകൾ മുറിയുടെ വാതിലിൽ ആരോ തട്ടി. തോമസു മുറിക്കുള്ളിൽ പ്രവേശിച്ചു.

ഉദ്വേഗത്തോടെ ശിഷ്യർ അദ്ദേഹത്തോടു പറയുകയാണു്:—"തോമസ്സേ, നിങ്ങൾ ഇവിടെ ഉണ്ടായിരിക്കേണ്ടിയിരുന്നു. ഗുരു ഇവിടെവന്നു ഞങ്ങളുടെ കൂടെ ഭക്ഷണം കഴിച്ചു." സംഭവിച്ച കാൎയ്യങ്ങളെല്ലാം അവർ അദ്ദേഹത്തെ അറിയിച്ചു.

"ഞങ്ങൾ അദ്ദേഹത്തെ എമായുസിൽവച്ചു കണ്ടു." ക്ലിയോപ്പാ തോമസിനോടു പറഞ്ഞു. "അദ്ദേഹം അപ്പം മുറിക്കുന്നതു കണ്ടപ്പോഴാണു ആളെ ഞങ്ങൾക്കു മനസ്സിലാകുന്നതു്."

തോമസ് യാതൊന്നും പറയാതെ അവരെ ഓരോരുത്തരെയും മാറി മാറി നോക്കി. ആരെന്തുപറഞ്ഞാലും അത്രവേഗം വിശ്വസിക്കുന്ന സ്വഭാവമല്ല അദ്ദേഹത്തിൻേറതു്. അതിനും പുറമെ വിശ്വസിക്കാൻ അസാദ്ധ്യമായ എത്രയെത്ര കാൎയ്യങ്ങളാണു് ആ ദിവസം അദ്ദേഹം കേട്ടതു്. ഒരു പക്ഷെ, ഇത്ര യ്ക്കു സംഭവങ്ങൾ നടന്ന അവസരത്തിൽ താൻ സ്ഥലത്തില്ലാതെ പോയതു് അദ്ദേഹത്തെ അല്പം ഈൎഷ്യപ്പെടുത്തിയുമിരിക്കാം. അതെങ്ങിനെയായാലും അദ്ദേഹം നിഷേധഭാവത്തിൽ തലയാട്ടിക്കൊണ്ടു പറകയാണു്:—"അദ്ദേഹത്തിൻെറ കൈവെള്ളയിൽ ആണി കയറിയ മുറിവു എനിക്കു കാണണം. അവിടെ എനിക്കു തൊട്ടുനോക്കണം. അദ്ദേഹത്തിൻെറ വിലാപ്പുറത്തെ മുറിവും എനിക്കു കാണണം. ഇതൊന്നുമില്ലാതെ നിങ്ങൾ പറയുന്നതു് അതേപടി വിശ്വസിക്കാൻ ഞാൻ തയാറല്ല."

ശിഷ്യരിൽ പത്തുപേൎക്കും ഇതു കേട്ടപ്പോൾ ശ്വാസം മുട്ടുന്നതുപോലെ തോന്നി. ഇങ്ങനെ വ്യവസ്ഥകളുമായി നിലയുറപ്പിക്കാൻ തോമസ് ആരാണു്? എന്നാൽ ഗുരുവിനു തോമസിൻെറ പ്രകൃതം അറിയാം. അദ്ദേഹം ഏതപരാധവും ക്ഷമി

ക്കാനും സന്നദ്ധനാണ്. അതോ, പോകട്ടെ മററു ശിഷ്യരും ഇക്കാര്യങ്ങളൊക്കെ വിശ്വസിക്കാൻ ആരംഭത്തിൽ പൂർണ്ണമായും സന്നദ്ധരായിരുന്നോ?

ഇതേ തുടർന്നുള്ള വാദം അസാധാരണവും വികാരപ്രധാനവുമായിരുന്നു. യേശു വീണ്ടും വരുമെന്ന പ്രത്യാശയോടെ ശിഷ്യർ കാത്തിരുന്നു. എന്നാൽ രാത്രിയിൽ ഒന്നിച്ചുകൂടുമ്പോൾ അദ്ദേഹത്തെ കണ്ടതായി ആരും പറഞ്ഞില്ല.

"നാം വീടുകളിലേക്കു മടങ്ങുകയായിരിക്കും നന്ന്." ഒരാൾ നിർദ്ദേശിച്ചു.

"ഗലീലിയായിൽവച്ചു തന്നെ കാണാമെന്നല്ലേ അദ്ദേഹം പറഞ്ഞതു്. ഒരു പക്ഷേ നമ്മെ പ്രതീക്ഷിച്ച് അദ്ദേഹം അവിടെ ഉണ്ടായിരിക്കാം."

"ഒരു ദിവസംകൂടി കാത്തിരുന്നശേഷം നമുക്കു പോകാം." ഓരോ രാത്രിയിലും അവർ തീരുമാനിക്കും.

അവസാനം ആദ്യസന്ദർശനം കഴിഞ്ഞു ഒരു വാരം കഴിഞ്ഞപ്പോൾ അദ്ദേഹം വീണ്ടും പ്രത്യക്ഷപ്പെട്ടു. മുന്നേപ്പോലെ തന്നെ മുകൾമുറിയുടെ വാതിലുകളെല്ലാം ഭദ്രമായി അടച്ചുപൂട്ടിയിരിക്കയാണ്. ശിഷ്യർ ഓരോ സ്ഥാനങ്ങളിൽ അവിടെ ഇരിക്കുന്നു. ഈ പ്രാവശ്യം തോമസും ആ സംഘത്തിലുണ്ട്.

പെട്ടെന്ന് സുപരിചിതമായ ആ ശബ്ദം അവർ കേട്ടു: "നിങ്ങൾക്കു സമാധാനം." അവർ നോക്കിയപ്പോൾ യേശു അവരുടെ മദ്ധ്യത്തിൽ നിൽക്കുന്നു.

അദ്ദേഹം തോമസിൻെറ നേരെ തിരിഞ്ഞു് "നിൻെറ വിരൽ നീട്ടി എൻെറ കൈകൾ കാണുക. നിൻെറ കൈനീട്ടി എൻെറ വിലാപ്പുറത്തിടുക. അവിശ്വാസിയാകാതെ, വിശ്വാസി ആയിത്തീരുക." എന്നു പറഞ്ഞു.

തോമസു പിന്നോക്കം മാറി. ഗുരുവിനെ ഈവിധം വെല്ല

വിളിക്കാൻ തോമസ് ആര്? ഗുരു കർത്താവും ദൈവവും! ആ ശിഷ്യൻ യേശുവിൻെറ മുൻപിൽ മുട്ടിന്മേൽനിന്നു.

"എൻെറ കർത്താവും എൻെറ ദൈവവുമേ!" അത്ഭുതത്തിൻെറയും സങ്കടത്തിൻേറയും വേലിയേററത്തോടെ അദ്ദേഹം ഗദ്ഗദത്തോടെ പറഞ്ഞു. വിശ്വാസത്തിൻെറ പരമമായ പ്രകടനമായിരുന്നു അതു്. ഗുരുവിൽ അത്രത്തോളം അഗാധമായ വിശ്വാസം ആ പതിനൊന്നു പേരിൽ ആരുംതന്നെ അന്നോളം പ്രദർശിപ്പിച്ചിരുന്നില്ല.

സ്നേഹത്തികവോടെ യേശു ആ ശിഷ്യനെനോക്കി. ആ ശിഷ്യൻെറ സ്നേഹപൂർവ്വമായ പശ്ചാത്താപത്തിനുള്ള ഈ തെളിവു് അദ്ദേഹത്തെ സംതൃപ്തനാക്കി. എന്നാൽ ശാസനയുടെ ഒരു നേരിയ ലാഞ്ഛനയോടെ അദ്ദേഹം തോമസിനോടു പറയുകയാണ്:– "എന്നെ കണ്ടതുകൊണ്ടു് നിങ്ങൾ വിശ്വസിച്ചു; കാണാതെ വിശ്വസിക്കുന്നവർ അനുഗൃഹീതർ."

പെട്ടെന്നു് അദ്ദേഹം അപ്രത്യക്ഷനായി. യേശു ഉയർത്തെഴുന്നേററു എന്ന യാഥാർത്ഥ്യം അതിനുശേഷം ആ ശിഷ്യരിൽ ആരുംതന്നെ സംശയിച്ചില്ല.

# അദ്ധ്യായം 30

# അപ്പോസ്തോലർ പദവി

പത്രോസ് വഞ്ചിയിൽ സ്വസ്ഥനായിരിക്കയാണ്. അദ്ദേഹത്തിൻെറ കൈയിലുള്ള നയമ്പ് അലസമായി വെള്ളത്തിൽ കിടക്കുന്നു. അങ്ങു ആ കിഴക്കുദിക്കിൽ വെള്ളക്കാൽ വീശിത്തുടങ്ങുന്നേയുള്ളു. ഇരുണ്ട നീലനിറത്തിലുള്ള വെള്ളം വഞ്ചിയുടെ ഇരു പാർശ്വങ്ങളിലും മന്ദമന്ദം അലതല്ലിക്കൊണ്ടിരിക്കുന്നു. ഇനി എന്തിനു കൂടുതൽ പണിപ്പെടണം? രാത്രി മുഴുവൻ അവർ മീൻപിടുത്തത്തിലേർപ്പെട്ടിരിക്കയായിരുന്നു. പക്ഷെ, യാതൊന്നുംതന്നെ അവക്കു കിട്ടിയില്ല. നിഷ്ഫലമായ അദ്ധ്വാനം.

ആ നയമ്പിൻെറ പിടിയിൽ പത്രോസു മെല്ലെ തലോടി. മൂന്നു വഷക്കാലം കഴിഞ്ഞിരിക്കുന്നു മീൻപിടുത്തം ഒരു തൊഴിലായി മുടക്കംകൂടാതെ അദ്ദേഹം ചെയ്തിട്ട്. അതിനുപകരം യേശുവിൻെറയും മററു ശിഷ്യന്മാരുടേയുംകൂടെ ഗലീലിയായിലും യഹൂദിയായിലും സഞ്ചരിച്ച് "മനുഷ്യരെ പിടിക്കുന്ന" തൊഴിലിൽ അദ്ദേഹം ഈ മൂന്നിൽപ്പരം വഷങ്ങളായി ഏപ്പെ

ട്ടിരിക്കയായിരുന്നു. ഇപ്പോഴാണെങ്കിൽ അക്കാലമെല്ലാം കഴിഞ്ഞു. ഭാവിപരിപാടി അനിശ്ചിതമാണ്. അതിനി ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. യറുശലേമിൽവച്ചു ഗുരു അവരോടു പറഞ്ഞതാണ്: "പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെയും അയക്കുന്നു." പരമാത്ഥംതന്നെ. എന്നാൽ ആ വാക്കുകൾകൊണ്ടു അദ്ദേഹം എന്താണ് ഉദ്ദേശിച്ചതെന്നു് അവക്കൊരു രൂപവുമില്ല. അതിനുശേഷം അദ്ദേഹത്തെ ഒരു പ്രാവശ്യം മാത്രമേ അവർ കണ്ടിട്ടുള്ളു—തോമസിൻെറ അവിശ്വാസം വിശ്വാസമായി പരിവത്തനം ചെയ്യപ്പെട്ട രാത്രിയിൽ. സ്ത്രീകൾ വഴിയായി അദ്ദേഹം അവക്കു നൽകിയ നിദ്ദേശാനുസരണം അവർ ഗലീലിയായിൽ വന്നിരിക്കയാണ്. എന്നാൽ ഇതേവരെ അദ്ദേഹത്തെ കാണാൻ അവക്കു സാധിച്ചിട്ടില്ല. അങ്ങനെ തലേദിവസം സായാഹ്നത്തിൽ പത്രോസ് അവരോടു പറഞ്ഞു; ഞാൻ മീൻപിടിക്കാൻ പോകയാണെന്നു്.

അനിശ്ചിതാവസ്ഥയിൽനിന്നു നിശ്ചിതമായ എന്തെങ്കിലും പ്രവത്തനം മററു ശിഷ്യക്കും ഹൃദ്യമായിരുന്നു. അതുകൊണ്ടു് അവരും പത്രോസിനെ അനുഗമിക്കാൻ സന്നദ്ധരായി. അപ്പോഴവിടെ അവർ ഏഴുപേരുണ്ടായിരുന്നു. വഞ്ചിയിലുള്ള ഇരുപ്പ്—മുഖത്തെ താലോലിക്കുന്ന കാററം; കൈകളിൽ നയമ്പ്. ആവൂ അതിൻെറ വശ്യത എത്ര ആസ്വാദനീയമായി അവക്ക് അനുഭവപ്പെട്ടു. യേശുവില്ലാതെ ഗലീലിയായിലേക്കു മടങ്ങിയതു് അവക്കു അരോചകമായ ഒരു പുതുമയായി തോന്നാതിരുന്നില്ല. അവരോടു എങ്ങനെയാണു കുശലപ്രശ്നം നടത്തേണ്ടതു്—സംസാരിക്കേണ്ടതു് എന്നൊന്നും അവിടത്തെ ആളുകൾക്കു് അറിവില്ലാത്ത ഒരു ഭാവമാണ് പ്രകടമായതു്. അങ്ങാടിയിൽക്കൂടി അവർ കടന്നുപോകുമ്പോൾ അവിടെ കൂടിയിരുന്ന ആളുകൾ അന്യോന്യം പറയാറുണ്ടു്: "അതാ പോകുന്നു, യേശുവിൻെറ ശിഷ്യർ—സാധുക്കൾ. തെററായ ഒരു കാര്യത്തിലാണു് ഈ പ്രാവശ്യം അവർ വിശ്വാസം അപ്പിച്ചതു്."

ഈ അഭിപ്രായപ്രകടനത്തിനു അനുയോജ്യമായ മറുപടി ഒന്നേ ഉണ്ടായിരുന്നുള്ളു. അവർ പറയണം:—"അദ്ദേഹം മരിച്ചില്ല, അദ്ദേഹം ഉയൎത്തെഴുന്നേററു." പക്ഷെ അദ്ദേഹം ഗലീലിയായിൽ പ്രത്യക്ഷപ്പെടുന്നതുവരെ ആ മറുപടി പറയാൻ ശിഷ്യൎക്കു സാദ്ധ്യവുമല്ല.

വല വീശിയിട്ടും മീനൊന്നും കിട്ടുന്നില്ലെന്നുള്ള അനുഭവം ആരംഭത്തിൽ അവരെ അലട്ടിയില്ല. രാത്രിയിലെ സുഖസംദായകമായ കാററും പഴയ തൊഴിലും അവൎക്കു സന്തോഷപ്രദമായിരുന്നു. എന്നാൽ യാതൊരു പ്രയോജനവും കൂടാതെ മണിക്കൂറുകൾതന്നെ കടന്നുപോയിത്തുടങ്ങിയപ്പോൾ അവർ അസംതൃപ്തരാകതന്നെചെയ്തു. അങ്ങനെയാണു് അലസമായി കൈയിലിരുന്ന നയമ്പിനെ തലോടിക്കൊണ്ടു് പത്രോസ് ചിന്തിക്കാൻ സംഗതിയായതു്: "ഇനി എന്തിനീ പാഴ്‌വേല" എന്നു്.

"വല വലിച്ചു വഞ്ചിയിലിടാം നമുക്കു്." പത്രോസു കൂട്ടുകാരോടു പറഞ്ഞു. അതനുസരിച്ചു് അവർ പ്രവൃത്തിച്ചു. ഒന്നുമില്ലാത്ത വല വലിച്ചു് എടുക്കാൻ ഒരു പ്രയാസവുമില്ല.

അപ്പോഴാണു് കരയിൽനിന്നു ആരോ വിളിച്ചു പറയുന്നതു് അവർ കേട്ടതു്: "പിള്ളേരേ, മീനെന്തെങ്കിലുമുണ്ടോ?"

ഇത്ര രാവിലെ ആരെങ്കിലും മീൻ വാങ്ങാൻ വന്നെത്തുക ഒരു പതിവെയല്ല—അതും ആൾസഞ്ചാരമില്ലാത്ത ആ കടൽക്കരയിൽ.

പത്രോസു കരയിലേക്കു നോക്കി. നേരം വെളുത്തുവരുന്നതേയുള്ളു. ഒരാൾ കരയ്ക്കു നിൽക്കുന്നതു അദ്ദേഹത്തിനു അവ്യക്തമായി കാണാം. ആ മനുഷ്യൻ കരയ്ക്കുനിന്നു അവരെ നോക്കുകയാണു്.

"ഒന്നുമില്ല." അല്പം മനസ്താപത്തോടെ പത്രോസു മറുപടി നൽകി.

"വഞ്ചിയുടെ വലത്തുവശത്തു വലയിറക്കു. അവിടെ മീൻ

കാണാതിരിക്കയില്ല." ആ അപരിചിതൻ വീണ്ടും വിളിച്ചു പറഞ്ഞു.

ആ നിർദ്ദേശം നൽകിയ വ്യക്തിയോട് ഒരു മര്യാദപ്രകടനമെന്ന ഭാവത്തിൽ ആ ആൾ പറഞ്ഞ സ്ഥലത്ത് വലയിറക്കാൻ പത്രോസു കൂട്ടുകാരോടു പറഞ്ഞു. അവർ അപ്രകാരം തന്നെ ചെയ്തു. പെട്ടെന്നാണ് വലയുടെ കയറു മുറുകിത്തുടങ്ങിയതു്. വല വീർത്തു തുടങ്ങി. എന്താണ് സംഭവിക്കുന്നതെന്ന് അവർക്കു മനസ്സിലാകുന്നതിനു മുൻപുതന്നെ വല നിറച്ചു മത്സ്യം. അത്യുത്സാഹത്തോടെ അവർ വല വഞ്ചിയിലേക്ക് വലിച്ചുതുടങ്ങി. പത്രോസിനടുത്തിരുന്ന യോഹന്നാൻ അദ്ദേഹത്തിൻെറ (പത്രോസിൻെറ) കാതിൽ മന്ത്രിച്ചു: "അതു ഗുരുവാണ്."

മററൊരു പ്രഭാതത്തെ സംബന്ധിച്ചുള്ള സ്മരണ പത്രോസിൻെറ മനസ്സിലും ആ അവസരത്തിൽ ഉയരുകയായിരുന്നു. മിക്കവാറും ഇതേവിധമുള്ള ഒരു സംഭവംതന്നെയാണ് ആ പ്രഭാതത്തിൽ നടന്നതു്. "ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" എന്ന് യേശു അവരോട് ആ ദിവസം പറഞ്ഞതു് പത്രോസ് വ്യക്തമായി ഇന്നും ഓർക്കുന്നുണ്ട്. അതേ, യോഹന്നാൻ പറഞ്ഞതു ശരിയാണ്—കരയ്ക്കു നില്ക്കുന്നതു ഗുരുതന്നെ.

വഞ്ചി കരയിൽനിന്നു അധികദൂരമല്ലായിരുന്നു. അർദ്ധനഗ്നനായി വഞ്ചിയിൽ ഇരുന്ന പത്രോസ് അങ്കി അരയിൽ ചുററി കടലിൽചാടി അതിവേഗം കരയിലേക്കു നടന്നു. പൊട്ടിത്തകരാൻ ഭാവിക്കുന്ന വലയും വലിച്ചിഴച്ചുകൊണ്ട് മററു ശിഷ്യരും വഞ്ചിയിൽ പത്രോസിൻെറ പിന്നാലെ എത്തി. പിന്നീട്, യേശു പോയശേഷം വലയിലുണ്ടായിരുന്ന വെട്ടിത്തിളങ്ങുന്ന മത്സ്യങ്ങളെ അവർ കരയിൽ നിരത്തിവെച്ചു എണ്ണിനോക്കി. ആകെ ആ വലയിൽ നൂററി അൻപത്തിമൂന്നു വലിയ മത്സ്യങ്ങളുണ്ടായിരുന്നു. അത്രയും ഭാരം വലിച്ചുകയററിയിട്ടും വലയ്ക്കു തുച്ഛമായ ഒരു കേടുപോലും സംഭവിച്ചില്ല.

പത്രോസു കരയിലെത്തി. യേശു അപ്പോഠം തീക്കനെലിൽ ഒരു മീൻ പാകപ്പെടുത്തുകയാണ്. അതിനടുത്തുതന്നെ ഒരപ്പവുമുണ്ട്. "നിങ്ങഠം ഇപ്പോഠം പിടിച്ചതിൽ കുറെ മത്സ്യം കൊണ്ടുവരു." അദ്ദേഹം ആവശ്യപ്പെട്ടു. അദ്ദേഹത്തോടൊപ്പം ഭക്ഷണം കഴിക്കാൻ അവരെ ക്ഷണിച്ചു.

അല്പം പരുങ്ങലോടെയാണ് ശിഷ്യർ യേശുവിൻെറ സമീപമെത്തിയതു്. മുൻപരിചിതനായിരുന്ന യേശുവിനോടുണ്ടായിരുന്നതിൽ കൂടുതൽ ഭക്തിയും ഭയവും ഉയത്തെഴുന്നേററ യേശുവിനോടാണ് അവക്കു തോന്നിയതു്. എന്നാൽ അദ്ദേഹം അപ്പോഴും സ്നേഹസമ്പന്നനായിരുന്നു; ദയാനിധിയായിരുന്നു. തീക്കനെലിൽ വച്ചിരുന്ന മത്സ്യങ്ങഠം ഭക്ഷണത്തിനു പാകമാകുന്നു. അതിനുചുററം അവരിരുന്നു. പക്ഷെ, "അങ്ങ് ആരാണ്?" എന്നു ചോദിക്കാൻ അവക്കു ധൈയ്യമുണ്ടായില്ല. അവരെ സംബന്ധിച്ചിടത്തോളം ആ ചോദ്യത്തിനൊട്ടു ആവശ്യവുമുണ്ടായിരുന്നില്ല. അവക്കറിയരുതോ അതവരുടെ പ്രിയഗുരുവാണെന്നു്.

യേശു അപ്പം മുറിച്ചു അവക്കു കൊടുത്തു; അതോടൊപ്പം മീനും. ഭക്ഷിച്ചുകൊണ്ടു് അവർ അവിടെ ഇരിക്കുകയാണ്. പ്രഭാതസൂയ്യൻ സാവധാനം കുന്നുകളുടെ മറവിൽനിന്നു അങ്ങനെ ഉയരുന്നു. ഇങ്ങനെ എത്രയെത്ര പ്രഭാതങ്ങഠം അവർ യേശുവിൻെറകൂടെ ചെലവഴിച്ചിട്ടുണ്ട്. പക്ഷെ, ഈ പ്രഭാതത്തിനു എന്തോ ഒരു വ്യത്യസ്തത. ഈ സന്ദഭ്ത്തിനു പ്രത്യേകമൊരു വശ്യതയുണ്ട്. അവിടെ ഇരിക്കുമ്പോഠം ഒരു ചിന്തയാണ് പ്രധാനമായും അവരുടെ മനസ്സിലുണ്ടായിരുന്നതു്: "മരിച്ചവരിൽനിന്നു ഉയത്തെഴുന്നേററ യേശു."

ഭക്ഷണം കഴിഞ്ഞു് അവരെഴുന്നേററു. യേശു പത്രോസിൻെറനേരെ തിരിഞ്ഞു ചോദിക്കയാണ്: "യോഹന്നാൻെറ പുത്രനായ ശിമയോനെ, ഇവരിൽ അധികമായി നിങ്ങഠം എന്നെ സ്നേഹിക്കുന്നുവോ?"

ആത്മാത്ഥതയുടെ നിറകുടമായിരുന്ന പത്രോസിൻെറ മുഖം ഈ ചോദ്യം കേട്ടപ്പോഠം വിവണ്ണമായി. യേശുവിനു തന്നെ കൂടുതൽ ആവശ്യമുണ്ടായിരുന്ന ഒരു രാത്രിയിൽ മൂന്നു പ്രാവശ്യം അദ്ദേഹത്തെ പത്രോസു തള്ളിപ്പറഞ്ഞില്ലേ? ആ പശ്ചാത്തലത്തിൽ ഇപ്പോഴത്തെ ഈ ചോദ്യത്തിനു സാധു പത്രോസ് എന്താണു മറുപടി നൽകേണ്ടതു്. മററു ശിഷ്യരിൽ കൂടുതൽ ഗുരുവിനെ സ്നേഹിക്കുന്നതു താനാണെന്നു പറയാൻ പത്രോസിനു എങ്ങനെ ധൈര്യമുണ്ടാകും? യോഹന്നാനാണെങ്കിൽ ഗുരു ക്രൂശിൽ തൂങ്ങിക്കിടക്കയും മരിക്കയുംചെയ്ത സമയത്തും അദ്ദേഹത്തിൻെറ പാശ്വത്തിലുണ്ടായിരുന്നു. ആ യോഹന്നാനെക്കാഠം കൂടുതൽ ഗുരുവിനെ സ്നേഹിക്കുന്നതു താനാണെന്നു പത്രോസു് എങ്ങനെയാണു പറയുക?

ഒരു നിമിഷനേരത്തേക്കു പത്രോസ് മൗനമവലംബിച്ചു. അദ്ദേഹത്തിൻെറ ഹൃദയം അതിവേഗം തുടിക്കുന്നു. പെട്ടന്നദ്ദേഹം മറുപടി നൽകി: "ഉവ്വ്. കത്താവേ, എനിക്കു അങ്ങയോടു സ്നേഹമുണ്ടെന്നു് അങ്ങു അറിയുന്നുണ്ടല്ലോ?"

"എൻെറ കുഞ്ഞാടുകളെ മേയ്ക്കുക." പ്രശാന്തനായി യേശു പറഞ്ഞു.

ഏതാനും നിമിഷങ്ങഠക്കുശേഷം യേശു വീണ്ടും ചോദിക്കയാണ്: "യോഹന്നാൻെറ പുത്രനായ ശിമയോനെ, നിങ്ങഠ എന്നെ സ്നേഹിക്കുന്നുവോ?"

പത്രോസ് അസ്വസ്ഥചിത്തനായി. എന്തിനായിരിക്കാം ഗുരു രണ്ടാമതും ആ ചോദ്യം ചോദിക്കുന്നതു്? തൻെറ വാക്കുകഠ അദ്ദേഹം വിശ്വസിക്കുന്നില്ലായിരിക്കുമോ? "ഉവ്വ്, കത്താവേ. ഞാൻ അങ്ങയെ സ്നേഹിക്കുന്നുണ്ടെന്നു് അങ്ങു് അറിയുന്നുണ്ടല്ലോ."

"എൻെറ കുഞ്ഞാടുകളെ മേയ്ക്കുക." വീണ്ടും പ്രശാന്തതയോടെ യേശു പറഞ്ഞു. പിന്നെയും അല്പനേരം മൗനം. വീണ്ടും അതേ ചോദ്യം ആവത്തിക്കപ്പെട്ടു.

“യോഹന്നാൻെറ പുത്രനായ ശിമയോനെ, നിങ്ങൾ എന്നെ സ്നേഹിക്കുന്നുണ്ടോ?”

ഇപ്പോൾ പത്രോസിനു സങ്കടമാണുണ്ടായതു്. മററു ശിഷ്യർ അസ്വസ്ഥരായി നില്ക്കുന്നു. അവക്കും അറിവില്ല, ഗുരുവിൻെറ ആവത്തിച്ചാവത്തിച്ചുള്ള ഒരേ ഒരു ചോദ്യത്തിൻെറ ഉദ്ദേശം.

പത്രോസു വീണ്ടും മറുപടി നൽകി. അദ്ദേഹത്തിൻെറ തൊണ്ട ഇടറുന്നുണ്ടു്. “കത്താവേ, അങ്ങു സകലതും അറിയുന്നു. എനിക്കു അങ്ങയോടു സ്നേഹമുണ്ടെന്നും അങ്ങു അറിയുന്നു.”

“എൻെറ കുഞ്ഞാടുകളെ മേയ്ക്കുക.”

പത്രോസിൻെറ പശ്ചാത്താപം പൂത്തിയായി. മൂന്നു പ്രാവശ്യം ഗുരുവിനെ തള്ളിപ്പറഞ്ഞ അദ്ദേഹത്തിൻെറ തെററു പരിഹൃതമാകയും ചെയ്തു. ഇനി താൻ വഹിക്കേണ്ട ഭാരം സ്വീകരിക്കാൻ അദ്ദേഹം സന്നദ്ധനായിക്കഴിഞ്ഞു. ശൈശവാവസ്ഥയിൽമാത്രം എത്തിയിട്ടുള്ള സഭയുടെ നേതൃത്വം വഹിക്കുന്ന ചുമതല. ക്രൂശിലുള്ള അദ്ദേഹത്തിൻെറ മരണംവരെ ശ്രേഷ്ഠമായിത്തന്നെ ആ ഭാരം അദ്ദേഹം വഹിക്കും.

സസ്നേഹം യേശു ആ ശിഷ്യപ്രമുഖനെനോക്കി. “ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ യുവാവായിരുന്നപ്പോൾ സ്വയം അരകെട്ടി ഹിതാനുസരണം നടന്നു. നിങ്ങളുടെ വാദ്ധക്യദശയിൽ നിങ്ങൾ കൈനീട്ടുകയും മറെറാരുവൻ നിങ്ങൾ ക്കരകെട്ടി ഇഷ്ടമില്ലാത്ത സ്ഥാനത്തേക്കു നിങ്ങളെ കൊണ്ടുപോകയും ചെയ്യും.” തൻെറ പേക്കായുള്ള പത്രോസിൻെറ മരണത്തെപ്പററിയായിരുന്നു ഗുരു ഈ വാക്കുകൾകൊണ്ടു സൂചിപ്പിച്ചതു്. വീണ്ടും അല്പനേരത്തെ മൗനം. അതിനുശേഷം യേശു പറഞ്ഞു: “എന്നെ അനുഗമിക്കുക.”

പത്രോസ് അദ്ദേഹത്തെ പിൻതുടന്നു. പത്രോസിൻെറ പിൻപിൽ യോഹന്നാനും. അപ്പോൾ പത്രോസ് യോഹന്നാനെ ചൂണ്ടിക്കാണിച്ചുകൊണ്ടു യേശുവിനോടു ചോദിക്കുകയാണു്:

"കത്താവേ, ഈ മനുഷ്യനു എന്തു സംഭവിക്കും?" ആ ചോദ്യത്തിനു മറുപടിനൽകാൻ യേശു അപ്പോഴും സന്നദ്ധനായിരുന്നില്ല. അദ്ദേഹം പത്രോസിനോടു പറയുകയാണു്: "ഞാൻ വരുന്ന കാലംവരെയും ആ മനുഷ്യൻ ഇരിക്കണമെന്നാണു് എൻെറ ഹിതമെങ്കിൽ നിങ്ങൾക്കെന്തു്? എന്നെ അനുഗമിക്കുക."

ഈ വാക്കുകൾകേട്ട മററു ശിഷ്യർ "യോഹന്നാൻ മരിക്കുകയില്ല" എന്നാണു് യേശു പറഞ്ഞതെന്നു വിചാരിച്ചു. അങ്ങനെ യോഹന്നാനെപ്പററി വിചിത്രതരമായ ഒരു കിംവദന്തി വ്യാപിക്കാൻ സംഗതിയായി. പക്ഷേ, യോഹന്നാൻ നിബ്ബന്ധപൂർവ്വം ആ കിംവദന്തി നിഷേധിച്ചു. "ഞാൻ മരിക്കയില്ലെന്നു അദ്ദേഹം പറഞ്ഞിട്ടില്ല. 'ഞാൻ വരുന്നതുവരെ ആ മനുഷ്യൻ ഇരിക്കണമെന്നാണു് എൻെറ ഹിതമെങ്കിൽ നിങ്ങൾക്കെന്തു്?' എന്നു മാത്രമേ അദ്ദേഹം പറയുകയുണ്ടായുള്ളു." ചോദ്യങ്ങളെത്തുടന്നു് ചോദ്യങ്ങളുണ്ടാകാതിരിക്കാൻ യേശു സാധാരണ അവലംബിച്ചുപോന്ന നടപടി ഈ വിധമാണു്.

യേശുവും ശിഷ്യരും ആ പ്രഭാതത്തിൽ കടൽത്തീരംവഴി നടന്നു. നൂതനമായ ആ സൗഹൃദം അവക്കു് ആനന്ദസംദായകമായിരുന്നു. ആ അവസരത്തിൽ യേശു കൂടുതലൊന്നും അവരോടു സംസാരിച്ചില്ല. എന്നാൽ അവരെ വിട്ടുപിരിയുന്നതിനു മുൻപു് തൻെറ അടുത്ത സന്ദശ്നത്തിനുള്ള സ്ഥലവും സമയവും അദ്ദേഹം അവരെ അറിയിച്ചു? അവക്കു സുപരിചിതമായിരുന്ന ഒരു മലമുകളിൽ. പവ്വതങ്ങളോടു യേശുവിനു പ്രത്യേകമായ ഒരു വാത്സല്യമാണുണ്ടായിരുന്നതു്. ശിഷ്യരിലും ആ സ്നേഹം സംക്രമിച്ചിട്ടുണ്ടു്. അവർ ആ സന്ദശ്നത്തിനു നിർദ്ദേശിക്കപ്പെട്ട സമയത്തിനു മുൻപു് അവിടെ എത്തിച്ചേരും. അദ്ദേഹത്തിൻെറ ആഗമനം അക്ഷമതയോടെ അവർ പ്രതീക്ഷിക്കും.

* * * *

നിശ്ചിതദിവസം യേശുവിൻെറ ശിഷ്യർ ആ മലമുകളിലേക്കുള്ള വഴിത്താരയിലൂടെ നടന്നു കയറുകയാണ്—മുന്നിൽ പത്രോസ്, അദ്ദേഹത്തിൻെറ പിന്നിൽ യോഹന്നാൻ, അവരെത്തുടർന്ന് മററു ശിഷ്യർ. ആ മുറയ്ക്കാണ് സാധാരണ അവർ എവിടെയും നടക്കുക പതിവ്. ഇരുവശത്തും പാറക്കെട്ടുകളുള്ള ആ വഴിയിൽ അവരുടെ ചെരുപ്പുകളുടേതൊഴികെ മറെറാരു ശബ്ദവും കേൾക്കാനില്ലെന്നുതന്നെ പറയാം. ചിലപ്പോൾ ഒരു പക്ഷി ചിലയ്ക്കുന്ന ശബ്ദവും കേൾക്കാനുണ്ട്. വെയിലുണ്ട് ആ സമയത്ത്. പക്ഷെ, ആ ചൂട് അവർക്ക് ദുസ്സഹമായിത്തോന്നിയില്ല. വൃക്ഷങ്ങളിലുള്ള പുഷ്പങ്ങൾ അന്തരീക്ഷത്തിൽ സുഗന്ധം വിതറുന്നു. ഒരു പർവ്വതാരോഹണത്തിനു തികച്ചും അനുയോജ്യമായ ദിനം. അങ്ങു താഴെ അവർക്കു കാണാം, തടാകം. നീലിമ കലർന്നു വെട്ടിത്തിളങ്ങുന്ന മനോഹരമായ തടാകം. അതിൻെറ പാൎശ്വങ്ങളിലുള്ള വയലുകളിലെ പച്ചനിറം പ്രകൃതിലാവണ്യത്തിന് ഒരു തിലകമായി പ്രശോഭിക്കുന്നു. എന്നാൽ പാതയിൽക്കൂടി നടന്നുകയറുന്ന ആ പതിനൊന്നുപേരും ഈ പ്രകൃതിസൌന്ദൎയ്യത്തെപ്പററിയൊന്നുമല്ല ചിന്തിക്കുന്നതു്. അവരുടെ ചിന്തകൾ യേശുവിൽ കേന്ദ്രീകൃതമായിരുന്നു.

തടാകതീരത്തുവച്ച് അവർക്ക് അപ്പവും മീനും നൽകിയ ആ ദിവസത്തിനുശേഷം ഒന്നിൽ കൂടുതൽ പ്രാവശ്യം അവരദ്ദേഹത്തെ കാണുകയുണ്ടായിട്ടുണ്ട്. ഒരവസരത്തിൽ അയ്യായിരത്തിൽപ്പരം ജനങ്ങളുടെ മുൻപിൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടു. ആ പുരുഷാരം അത്ഭുതാധീനരായാണ് പിരിഞ്ഞുപോയതു്. "തീൎച്ചയായും അതു യേശുതന്നെയാണ്." ആശ്ചൎയ്യം ഒരുവിധമടക്കി അവർ അന്യോന്യം പറഞ്ഞു. "മരണത്തിൽനിന്നു് ഉയിൎത്തെഴുന്നേററ യേശു." ഇപ്പോഴാണെങ്കിൽ ആ വാൎത്ത പ്രചരിച്ചിട്ടില്ലാത്ത ഒരു ഗ്രാമംപോലും ഗലീലിയായിലില്ല. "നിങ്ങൾ അന്നു അവിടെയുണ്ടായിരുന്നോ?" ജനങ്ങൾ അന്യോന്യം ചോദിക്കും. "നിങ്ങൾ യേശുവിനെ കണ്ടോ? വാസ്തവത്തിൽ അദ്ദേ

ഹംതന്നെയായിരുന്നോ അതു്?" അദ്ദേഹത്തെ കണ്ടവർ വിശ്വസിച്ചു; കാണാത്തവർ സംശയാലുക്കളായിത്തീൻ. മരണത്തിൽ നിന്നുയത്തെഴുന്നേൽക്കുക എന്നൊരു സംഭവം ആരാണു് കേട്ടിട്ടുള്ളതു്?

അത്രവലിയ ഒരു ജനസഞ്ചയത്തിനുമുമ്പിൽ യേശു പ്രത്യക്ഷപ്പെട്ടതിൽ ശിഷ്യർ പരമാവധി സംതൃപ്തരായി. സ്വന്തം കണ്ണുകാംകൊണ്ടു കാണാതെ ജനങ്ങാം വിശ്വസിക്ക പതിവില്ലാതിരുന്നതിനാൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടതുകൊണ്ടു് ശിഷ്യരുടെ ഭാവിപ്രവത്തനങ്ങാം ഏറെക്കുറെ പ്രയാസരഹിതമായി പരിണമിക്കാതിരിക്കയില്ല. തോമസുപോലും ഒരവസരത്തിൽ സംശയാലുവായതല്ലേ? അപ്പോാം മററുള്ളവരുടെ കാൎയ്യമൊ? യേശു തോമസിനോടു പറഞ്ഞ വാക്കുകാം ഇപ്പോഴും അവരുടെ കാതുകളിൽ മുഴങ്ങുന്നുണ്ടു്:— "കാണാതെ വിശ്വസിക്കുന്നവർ അനുഗൃഹീതർ."

ആ പ്രഭാതത്തിൽ മലകയറുമ്പോാം ഈവിധമായിരുന്നു അവരുടെ ചിന്തകാം. അവർ മലമുകളിലെത്തി. അവർ അണയ്ക്കുന്നുണ്ടു്. ചുററുപാടുമുള്ള വിശാലസ്ഥലങ്ങളിലേയ്ക്കു് അവർ കണ്ണോടിച്ചു. യേശു നിദ്ദേശിച്ച സമയത്തിനു വളരെ മുൻപുതന്നെ അവർ അവിടെ എത്തിച്ചേന്നു. അദ്ദേഹത്തിൻെറ ആഗമനത്തിനായി എത്ര സമയം കാത്തിരിക്കാനും അവൎക്കു സന്തോഷമേയുള്ളു.

പക്ഷെ, നിദ്ദിഷ്ടസമയത്തിനായി യേശു കാത്തിരുന്നില്ല. പെട്ടെന്നു്—യാതൊരു മുന്നറിയിപ്പുംകൂടാതെ അതാ അദ്ദേഹം അവരുടെ മദ്ധ്യത്തിൽ നിൽക്കുന്നു. ആ അത്ഭുതം എങ്ങനെ സംഭവിക്കുന്നെന്നു അവൎക്കു യാതൊരു രൂപവുമില്ല. ആരംഭത്തിൽ അദ്ദേഹം അവരുടെകൂടെ ഉണ്ടായിരിക്കയില്ല. അടുത്ത നിമിഷത്തിൽ ശാന്തനായി അവരുടെ മദ്ധ്യത്തിൽ അദ്ദേഹം നില്ക്കുന്നതു കാണാം—അത്ഭുതകരമായ യാതൊന്നും അതിലില്ലെന്ന ഭാവത്തിൽ. എന്നാൽ ഇന്നു് ഏതാണ്ടൊരു അസാധാരണത്വം

അദ്ദേഹത്തിൻെറ മുഖത്തു കാണാനുണ്ട്. ഏകമനസ്സാൽ പ്രേരിതരായി അവർ ഒരാളെന്നവിധം അദ്ദേഹത്തിൻെറ മുൻപിൽ മുട്ടുകുത്തി അദ്ദേഹത്തെ വന്ദിച്ചു. കഴിഞ്ഞ ഒരു രാത്രിയിൽ യറുശലേമിൽവച്ചു തോമസു പറഞ്ഞപോലെ യഥാൎത്ഥത്തിൽ അദ്ദേഹം അവരുടെ കൎത്താവും ദൈവവുമാണ്.

അദ്ദേഹം ഒന്നുകൂടി അവരെ സമീപിച്ച് പ്രശാന്തതയോടെ, എന്നാൽ ഗൗരവത്തോടെ അവരോടു സംസാരിച്ചുതുടങ്ങി. അന്ത്യഅത്താഴത്തിൻെറ അവിസ്മരണീയമായ ആ രാത്രിയിൽ അപ്പം തൻെറ ശരീരമായും, വീഞ്ഞ് തൻെറ രക്തമായും പരിവൎത്തനം ചെയ്യാനുള്ള അത്ഭുതകരമായ ശക്തി അദ്ദേഹം അവൎക്കു പ്രദാനംചെയ്തു. എന്നാൽ അദ്ദേഹത്തിൻെറ നാമത്തിൽ അതു മാത്രമല്ല അവൎക്കു ചെയ്യാൻ സാധിക്കുന്നതു്. അദ്ദേഹം അവരോടു പറഞ്ഞു: "ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരങ്ങളും എനിക്കു നൽകപ്പെട്ടിരിക്കുന്നു. അതിനാൽ പിതാവിൻെറയും, പുത്രൻെറയും, പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ജനങ്ങളെ സ്നാനപ്പെടുത്തി, നിങ്ങളോടു ഞാൻ ആജ്ഞാപിച്ചിട്ടുള്ളതെല്ലാം ചെയ്യുവാൻ അവരെ ഉൽബോധിപ്പിച്ചുകൊണ്ട് നിങ്ങൾ ഭൂലോകത്തിൽ എല്ലായിടത്തും സഞ്ചരിച്ച് സുവിശേഷം അറിയിക്കുക. ഞാൻ എല്ലാ അവസരങ്ങളിലും, ഭൂലോകത്തിൻെറ അന്ത്യംവരേയ്ക്കും നിങ്ങളുടെകൂടെ ഉണ്ടായിരിക്കും."

അടുത്തനിമിഷം അദ്ദേഹം അപ്രത്യക്ഷനായി. പതിനൊന്നു പേരടങ്ങിയ ആ ചെറുസംഘം മാത്രം ആ മലമുകളിൽ അവശേഷിച്ചു. അവർ ഉററുശ്രമിക്കയാണ് അദ്ദേഹം പറഞ്ഞ വാക്കുകളുടെ സൂചന ഗ്രഹിക്കാൻ. വഞ്ചിയും വലയുമായി പഴയ തൊഴിലിൽ അവരേൎപ്പെടുന്നതിനെ അദ്ദേഹം നിരോധിച്ചിരിക്കയാണ്. മൂന്നിൽപ്പരം വൎഷങ്ങൾക്കു മുൻപ് തടാകതീരത്തുവച്ച് അദ്ദേഹം അവൎക്കു നൽകിയ ക്ഷണം ഈ അവസരത്തിൽപോലും പ്രാബല്യത്തിലിരിക്കുന്നുണ്ട്: "എന്നെ

അനുഗമിക്കുക. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും." "പോയി ഭൂലോകമൊട്ടുക്കു സുവിശേഷം അറിയിക്കുവിൻ" എന്നു അദ്ദേഹം പറഞ്ഞപ്പോഠം "മനുഷ്യരെ പിടിക്കുന്നവരാകുക" എന്നു തന്നെയായിരുന്നു അദ്ദേഹം ഉദ്ദേശിച്ചതു്. എന്നാൽ അവർ സ്വപ്നത്തിൽപോലും ദർശിക്കാത്ത വിസ്തൃതമായ ഒരു പ്രവൎത്തനരംഗമല്ലേ, അദ്ദേഹം ഇപ്പോഠം അവക്കു നൽകിയിരിക്കുന്നതു്? "എല്ലാ രാഷ്ട്രങ്ങളെയും ഉൽബോധിപ്പിക്കുക" അതിൻെറ അൎത്ഥം ഗലീലിയായും യഹൂദിയായും മാത്രമല്ല. ഗ്രീസും, റോമും, സ്പെയിനും എന്നു വേണ്ട അറിയപ്പെട്ടിട്ടുള്ള എല്ലാ രാജ്യങ്ങളും ആ നിർദ്ദേശത്തിൻെറ പരിധിയിൽ അമരുന്നു. ആ നിർദ്ദേശത്തിൻെറ അൎത്ഥവ്യാപ്തി ഗ്രഹിച്ചപ്പോഠം അവർ ആശങ്കാഭരിതരായി.

അതു മാത്രമല്ല, "പിതാവിൻെറയും, പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ" സ്നാനപ്പെടുത്തുക ഒരു നൂതന സംരംഭമായിരുന്നു. അതാണു് ക്രിസ്തു രൂപം നൽകിയ സ്നാനം. അദ്ദേഹത്തിൻെറ മുന്നോടിയായിരുന്ന യോഹന്നാൻെറ സ്നാനത്തിൽനിന്നു വ്യത്യസ്തമായ ഒരു നടപടി.

എന്നാൽ ഇവയിലെല്ലാററിലും അത്ഭുതകരമായിരുന്നു അദ്ദേഹം അവക്കു നൽകിയ വാഗ്ദാനം: "ഞാൻ എപ്പോഴും നിങ്ങളുടെ കൂടെയുണ്ടായിരിക്കും—ലോകാന്ത്യംവരെ."

മലമുകളിൽനിന്നു് അവർ ചുററുപാടും നോക്കി. പച്ചപ്പട്ടുവിരിച്ച ഗലീലിയയിലെ വയലുകഠം. ഗന്നസറേത്തു തടാകത്തിനപ്പുറം—അവരുടെ മുൻപിൽ പ്രത്യക്ഷപ്പെടാൻ ഭാവിക്കുന്ന മഹനീയമായ ഭാവി. അതിനുശേഷം ശാന്തചിത്തരായി, മൗനമായി ആ മലയിൽനിന്നവർ സമതലത്തിലേക്കു മടങ്ങാൻ ആരംഭിച്ചു. ഇനി അവർ ശിഷ്യരല്ല—അവർ അപ്പോസ്തോലരാണു്—കൎത്തവ്യനിൎവ്വഹണത്തിനു ഗുരുവിനാൽ നിയോഗിതരായ പ്രതിനിധികഠം.

# അദ്ധ്യായം 31

# സ്വർഗ്ഗാരോഹണവും പരിശുദ്ധാത്മദാനവും

അപ്പോസ്തോലരുടെ പ്രാരംഭ പ്രവർത്തനരംഗം ഗലീലിയയല്ല, യറുശലേമായിരിക്കണമെന്നായിരുന്നു യേശുവിൻെറ അഭിലാഷം. പെന്തിക്കോസ്തപെരുന്നാളിനു പത്തു ദിവസങ്ങരം ക്കുമുൻപ് ശിഷ്യർ മാളികമുറിയിൽ സമ്മേളിച്ചു. അവരുടെ മദ്ധ്യത്തിൽ യേശുവുമുണ്ട്. അദ്ദേഹം അവരുടെകൂടെയുണ്ടായിരിക്കുക അവക്കു മുൻപത്തെപ്പോലെതന്നെ ആനന്ദപ്രദമാണ്. അദ്ദേഹത്തിൻെറ പിൻതലത്തിൽ ക്രൂശുണ്ടെന്നും യാതൊന്നും അവക്കു ഭയപ്പെടാനില്ലെന്നും മനസ്സിലാക്കുക അവക്കു പരമാവധി സന്തോഷപ്രദമാണ്. എന്നാൽ ഇവയിലെല്ലാററിലും അത്ഭുതകരമായ മറെറാരു സംഗതിയുണ്ടായിരുന്നു. യഥാത്ഥത്തിൽ അദ്ദേഹത്തിൻെറ വ്യക്തിപ്രഭാവം അവർ മനസ്സിലാക്കികഴിഞ്ഞിരുന്നു. അദ്ദേഹം ദൈവമാണ്; മനുഷ്യനുമാണ്. പിതാവിലും പരിശുദ്ധാത്മാവിലും അടങ്ങുന്ന ഏകദൈവം. ഈ രഹസ്യം ഇപ്പോഴും അവർ സുവ്യക്തമായിഗ്രഹിച്ചിട്ടില്ല. "പരിശുദ്ധാത്മാവു നിങ്ങളുടെമേൽ ആവസിക്കുമ്പോരം നിങ്ങരം സത്യം ഗ്രഹിക്കും." അവക്കദ്ദേഹം നൽകിയ വാഗ്ദാനം

അതായിരുന്നു. എന്നാലും ഗ്രഹിക്കാൻ സാധിച്ചിടത്തോളം സംഗതികൾ അവർക്കത്ഭുതത്തിനും സ്നേഹത്തിനും മാർഗ്ഗം തെളിച്ചുകഴിഞ്ഞിരുന്നു.

അവസാന അത്താഴം കഴിഞ്ഞിട്ടു നാല്പതു ദിവസങ്ങളെ ആയുള്ളു. അന്നദ്ദേഹം അവരുടെ പാദങ്ങൾ കഴുകി. സ്വശരീരമാകുന്ന അത്ഭുതകരമായ അപ്പം അവർക്കു നൽകി. ആ രാത്രിയിൽ അവർ വ്യാകുലചിത്തരായിരുന്നു. അവരുടെ ഹൃദയങ്ങൾ ഭാരപ്പെട്ടതു് എന്തു കാരണത്താൽ എന്നു് അവർക്കു് അറിവുമില്ലായിരുന്നു. അവരെ പിരിഞ്ഞു് അദ്ദേഹം പോകയാണു്. എവിടെയെന്നു് അവർക്കൊരു രൂപവുമില്ല. കുരിശിനെപ്പററി ആവർത്തിച്ചാവർത്തിച്ചു അദ്ദേഹം അവരെ ഉൽബോധിപ്പിച്ചു. പക്ഷെ, അതിൻെറ സൂചന അവർക്കു ദുർഗ്രാഹ്യമായിരുന്നു.

ഇപ്പോഴിതാ അദ്ദേഹം അവരെ വീണ്ടും വിട്ടുപിരിയാൻ ഭാവിക്കുന്നു. എവിടേക്കാണു് അദ്ദേഹം പോകുന്നതെന്നു ചോദിക്കേണ്ട ആവശ്യം അവർക്കുണ്ടായില്ല അവർക്കറിയരുതോ പിതാവിൻെറ സന്നിധിയിലേക്കാണു് അദ്ദേഹം പോകുന്നതെന്നു്. അതിൽ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അവർക്കു സന്തോഷമേയുള്ളു. അദ്ദേഹം അവരെ വിട്ടുപിരിയുന്നതിനുമുൻപു് ഒരു ഭൗതികരാജ്യം അദ്ദേഹം സ്ഥാപിക്കുമെന്നു ഇപ്പോഴും ആശിച്ചവർ അക്കൂട്ടത്തിൽ ഒന്നു രണ്ടുപേരുണ്ടായിരുന്നു. പ്രവാചകർ പ്രഖ്യാപിച്ചതുപോലെ ദാവീദിൻെറ സിംഹാസനത്തിൽ അദ്ദേഹം ഇരിക്കുന്നതു സകല ജനങ്ങളും കാണുമെന്നായിരുന്നു ഈ ന്യൂനപക്ഷത്തിൻെറ പ്രതീക്ഷയും പ്രത്യാശയും. അദ്ദേഹത്തിൻെറ സാമ്രാജ്യം ഐഹികമല്ല. പ്രത്യുത മനുഷ്യാത്മാക്കളിലാണെന്നു് ഇപ്പോഴും അവർക്കു മനസ്സിലാക്കാൻ വിഷമമായിരുന്നു. പക്ഷെ, ഇതു അവരെ അസ്വസ്ഥരാക്കിയില്ല. തൻെറ സമാധാനം അദ്ദേഹം അവരിൽ പകൎന്നുകഴിഞ്ഞിരുന്നില്ലേ?

കഴിഞ്ഞ നാല്പതുദിവസങ്ങൾക്കിടയിൽ അവരോടു പറഞ്ഞ സംഗതികൾ ഈ അവസരത്തിൽ അദ്ദേഹം ആവർത്തിച്ചു.

ക്രിസ്തു ദണ്ഡനങ്ങഠം അനുഭവിക്കുകയും മരിക്കുകയും മൂന്നാം ദിവസം ഉയൎത്തെഴുന്നേല്ക്കുകയും ചെയ്യുന്നതു് ഉചിതമാണു്. ദൈവികപരിപാടിയുടെ ഒരു ഭാഗമാണു് കുരിശു്. യറുശലേമിൽ ആരംഭിച്ചു് അവർ ലോകമൊട്ടുക്കു പശ്ചാത്താപത്തിൻെറ സന്ദേശം അറിയിക്കണം. അവർ എത്രയൊ സംഗതികളാണു് കാണുകയും കേഠംക്കുകയും ചെയ്തിട്ടുള്ളതു്? അവയ്ക്കെല്ലാം സാക്ഷ്യം അവരാണു വഹിക്കേണ്ടതു്. ഈ പ്രവൎത്തനങ്ങളിൽ അവർ ഏകരായിരിക്കയില്ല; നിസ്സഹായരുമായിരിക്കുകയില്ല. പരിശുദ്ധാത്മാവിൻെറ സഹായം അവൎക്കു ലഭിക്കും. "പിതാവിൻെറ വാഗ്ദാനം ഞാൻ നിങ്ങഠംക്കു നൽകുന്നു. അതിനായി നിങ്ങഠം കാത്തിരിക്കുക."

സസ്നേഹം അവരെ ഓരോരുത്തരേയും അദ്ദേഹം നോക്കി. ഇക്കഴിഞ്ഞ മൂന്നു വൎഷക്കാലം ക്ലേശകരമായ അനുഭവങ്ങഠം വഴിയായി അഭ്യസനം ലഭിച്ചവരാണു് അവർ. നിർബ്ബന്ധബുദ്ധി, സാഹസികമനോഭാവം, ഭയം എന്നിവ പരിത്യജിച്ചു് ആ സ്ഥാനത്തു് വിശ്വാസം, വിനയം, സ്നേഹം എന്നീ വിശിഷ്ടഗുണങ്ങഠംക്കു് പ്രതിഷ്ഠ നൽകുവാൻ അവർ നിർബ്ബന്ധിതരായി. ഇനി അവൎക്കുള്ള ഏക ആവശ്യം അവൎക്കു ശക്തിയും മാൎഗ്ഗനിദൎശനവും ലഭിക്കാൻ പരിശുദ്ധാത്മസഹായം മാത്രമാണു്. അതില്ലാതെ യാതൊന്നും പ്രവൎത്തിക്കാൻ അവൎക്കു ശക്തിയുണ്ടാകയില്ല.

"നിങ്ങഠം യറുശലേമിൽനിന്നു പോകാതെ ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ള പിതാവിൻെറ വാഗ്ദാനത്തിന്നായി കാത്തിരിക്കണം. "യോഹന്നാൻ വെള്ളംകൊണ്ടു് സ്നാനം കഴിപ്പിച്ചു. നിങ്ങഠം പരിശുദ്ധാത്മാവിനെ പ്രാപിക്കുമ്പോഠം ശക്തി ലഭിച്ചു് യറുശലേമിലും യഹൂദിയായിൽ എല്ലാ സ്ഥലങ്ങളിലും ശമൎയ്യയിലും ഭൂമിയുടെ അററത്തോളവും നിങ്ങളെൻെറ സാക്ഷികളായിത്തീരും."

ഈ വാക്കുകഠം ശ്രദ്ധിച്ചുകൊണ്ടു് അവർ മാളികമുറിയിൽ

ഇരിക്കവേ അവർ ചിന്തിക്കയാണ്. എപ്പോഴായിരിക്കും അദ്ദേഹം അവരെ വിട്ടുപിരിയുന്നതെന്ന്—ഇതദ്ദേഹത്തിന്റെ അവസാനസന്ദർശനമാണെന്നും ശാന്തതയോടെ, സ്നേഹത്തോടെ ഇനി അദ്ദേഹം അവരോട് സംസാരിക്കയില്ലെന്നും അവർ മനസ്സിലാക്കിയില്ല. അദ്ദേഹം സംസാരം നിർത്തി എഴുന്നേററശേഷം അവരെ വീഥിയിൽക്കൂടി കൂട്ടിക്കൊണ്ടുപോയി. നഗരവാതിൽ കടന്ന് ബഥനിയിലേക്കുള്ള വഴിയിൽ അവരെത്തിച്ചേർന്നു. വേഗമാണ് അവർ നടക്കുന്നതു്. വഴിയിൽ പറയത്തക്കതോതിൽ ആൾസഞ്ചാരമില്ല. അഥവാ ആരെങ്കിലും അവരെ കണ്ടെങ്കിൽത്തന്നെ നഗരംവിട്ടു വെളിയിൽ പോകുന്ന ആ ചെറുസംഘം ഗലീലിയാക്കാരായ മുക്കുവരെ, ഒരുത്തരും ശ്രദ്ധിച്ചില്ല. അത്ഭുതകരമായ ഒരു സംഭവം നടക്കാൻ ഭാവിക്കുന്നുണ്ടെന്നു് ആ സംഘത്തെ കണ്ടവർ എങ്ങിനെയാണ് ഊഹിക്കുക!

ബഥനിയിലേക്കുള്ള വഴിയിൽക്കൂടി ഒലിവു മലയുടെ മുകളിലേക്ക് യേശു അപ്പോസ്തോലരെ കൂട്ടിക്കൊണ്ടുപോയി. ഒരു വശത്തു് പ്രകാശിതമായ യറുശലേം നഗരം. മറുവശത്തു് വളഞ്ഞുപുളഞ്ഞുള്ള വഴി; വയലുകളും, ഒലിവുവൃക്ഷങ്ങളാൽ നിബിഡമായ തോട്ടങ്ങളുമുള്ള പ്രദേശത്തേക്കുള്ള വഴി. യറുശലേമിന്റെ ഭാവിയെപ്പററി ഓർത്തു യേശു കണ്ണീർ പൊഴിച്ച സ്ഥാനം. "ദാവീദുപുത്രനു ഊശാന." എന്നജയാരവങ്ങളോടെ ജനസഞ്ചയം രാജോചിതമായി യേശുവിനു സ്വീകരണം നല്കിയ സ്ഥാനം—ഇതായിരുന്നു.

ആ പതിനൊന്നു സുഹൃത്തുക്കളേയും തന്റെ ചുററും നിറുത്തി അദ്ദേഹം അനുഗ്രഹിച്ചു. അദ്ദേഹം സംസാരിക്കുന്നതു കേൾക്കുവാൻ അവർ കാത്തുനിന്നു. പക്ഷെ, അദ്ദേഹം സംസാരിച്ചില്ല. അതിനുപകരം അദ്ദേഹം മേല്പോട്ടുയർന്നു. ഭയഭക്തിയോടെ ആശ്ചര്യഭരിതരായി ആ കാഴ്ച നോക്കി അവർ നിശ്ചലരായിനിന്നു. ആകാശത്തിലേക്കദ്ദേഹം ഉയരുകയാണ്.

പെട്ടെന്നൊരു കാർമേഘം വന്നു് അദ്ദേഹത്തെ അവരുടെ കാഴ്ചയിൽനിന്നു മറച്ചു. അവർ ആകാശത്തിലേക്കു തന്നെ ദൃഷ്ടിയുറപ്പിച്ചു നിൽക്കുകയാണു്. അദ്ദേഹത്തെ അവസാനമായി കണ്ട സ്ഥാനത്തു് അടുത്തതായി അവർ നോക്കി. അപ്പോഴാണു് വെട്ടിത്തിളങ്ങുന്ന വെള്ളവസ്ത്രങ്ങൾധരിച്ച രണ്ടു പുരുഷന്മാർ അവരുടെ പിൻപിൽ പ്രത്യക്ഷപ്പെടുന്നതു്. അവർ അപ്പോസ്തോലരോടു ചോദിക്കുകയാണു്:—"ഗലീലിയാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കിനിൽക്കുന്നതെന്തു്? നിങ്ങളെവിട്ടു് സ്വർഗ്ഗാരോഹണംചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെതന്നെ അദ്ദേഹം വീണ്ടും വരും."

ആശ്ചര്യഭരിതരായി യാതൊന്നും പറയാൻ ശക്തിയില്ലാതെ ആ പതിനൊന്നുപേരും അവിടെനിന്നു. ഇതിനിടയിൽ ആ ദൈവദൂതർ അപ്രത്യക്ഷരായിക്കഴിഞ്ഞിരുന്നു. ഒലിവുമലയുടെ മുകളിൽ അവർ തനിയെയായി. നഗരം ദീപ്തിയിൽ അപ്പോഴും ആറാടുന്നു; മറുഭാഗത്തുള്ള വളഞ്ഞുപുളഞ്ഞുള്ള വഴിയും.

കുറെ സമയത്തേക്കു് ആരും യാതൊന്നും തന്നെ പറഞ്ഞില്ല. പത്രോസു് തിരിഞ്ഞു വന്ന വഴിയേതന്നെ മടങ്ങാനാരംഭിച്ചു. മൗനമവലംബിച്ച മററു ശിഷ്യർ അദ്ദേഹത്തെ അനുഗമിച്ചു. മാളികമുറിയിലെത്തി അവക്കു പ്രാത്ഥിക്കണം. യേശു അവരോടു നിർദ്ദേശിച്ചതല്ലേ:—"ഉന്നതത്തിൽനിന്നു് നിങ്ങൾക്കു ശക്തിലഭിക്കുന്നതുവരെ നഗരത്തിൽ താമസിക്കുക." അതിനിനി അധികദിവസങ്ങൾ വേണ്ടിവരികയില്ലെന്നും അദ്ദേഹം അവരോടു പറഞ്ഞിട്ടുണ്ടു്. അത്രമാത്രമേ അവക്കറിയേണ്ട ആവശ്യമുണ്ടായിരുന്നുള്ളു.

* * * * *

പെന്തിക്കോസ്തു പെരുനാളും വന്നണഞ്ഞു. സുമോഹനമായ ഒരു സുപ്രഭാതം. ആകാശവിരിപ്പിൽ ഒരു കാർമേഘം പോലും കാണാനില്ല. റോമാഗവണ്ണരുടെ മന്ദിരത്തിനു മുക

ളിൽ ഉയൎന്നിരിക്കുന്ന കൈസറുടെ പതാക പാറിപ്പറന്നു കളിക്കുന്നില്ല. ദേവാലയത്തിൻെറ സ്വൎണ്ണനിറമുള്ള മേൽപ്പുര സൂൎയ്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്നു. അപ്പുങ്ങൾ ദേവാലയത്തിൽ കാഴ്ചവക്കാൻ ജനങ്ങൾ തിക്കിത്തിരക്കി വീഥികളിൽക്കൂടി നടന്നുവരികയാണു്. പെസഹാകാലത്തു് കതിരായ ഗോതമ്പു് ഇപ്പോൾ പാകമായി കൊയ്ത്തുകഴിഞ്ഞിരുന്നു. ആ കൊയ്ത്തിൽ ആദ്യം ലഭിക്കുന്ന ഗോതമ്പിൽ ഒരു ഭാഗം മാവാക്കി അതുകൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ള അപ്പം ദേവാലയത്തിൽ കാഴ്ചവയ്ക്കുക ഒരു പതിവാണു്. ഈ ഉദ്ദേശത്തോടുകൂടിയാണു് പെന്തിക്കോസ്തുപെരുനാൾ സംഘടിപ്പിക്കപ്പെട്ടിരുന്നതു്—ആദ്യഫലപ്പെരുനാൾ.

മററു പെരുനാളുകളെ അപേക്ഷിച്ചു കൂടുതൽ പരദേശികൾ പെന്തിക്കോസ്തിൽ സംബന്ധിക്കാൻ വന്നെത്തും. സുഖമുള്ള കാലാവസ്ഥ; ജനങ്ങൾക്കു് പറയത്തക്ക അടിയന്തിര ജോലികൾ നിൎവ്വഹിക്കാനുമില്ല യഹൂദമതാനുയായികളെങ്കിലും, ഭാഷയിലും വേഷത്തിലും വിഭിന്നരായി പലസ്തീൻ, ഈജിപ്തു്, ഗ്രീസ്, റോം എന്നു വേണ്ട പേഷ്യ, അറേബ്യ എന്നീ വിദൂരദേശങ്ങളിൽനിന്നുപോലും നിരവധി തീൎത്ഥാടകർ ഈ പെരുനാൾ വേളയിൽ വന്നെത്തുക പതിവാണു്.

പൗരസ്ത്യരീതിയിലുള്ള കുപ്പായങ്ങളും, തലപ്പാവുകളും, അതല്ലെങ്കിൽ റോമാസമ്പ്രദായത്തിലുള്ള വേഷസംവിധാനത്തോടെ ഈ പരദേശികൾ യറുശലേം വീഥികളിൽ തിങ്ങിക്കൂടും. ഓരോരാജ്യക്കാർ ഓരോ സംഘങ്ങളായി അവരവരുടെ ഭാഷകൾ സംസാരിച്ചുകൊണ്ടു് നിൽക്കുന്നതു് ഈ പെരുനാൾ കാലത്തു് ഒരു സാധാരണ കാഴ്ചയായിരുന്നു. എന്നാൽ, ദേവാലയവളപ്പിൻെറ വെള്ളിയും, വെങ്കലവുംകൊണ്ടു നിൎമ്മിതമായ പ്രധാന കവാടത്തിൽക്കൂടി അകത്തു പ്രവേശിച്ചാൽ പിന്നെ വൎഗ്ഗവ്യത്യാസമോ ഭാഷാ വ്യത്യാസമോ അവർ അറിയാറില്ല. ഏകദൈവത്തോടുള്ള ഭക്തി പ്രദൎശിപ്പിക്കാൻ ദേവാലയത്തിലെ വിശുദ്ധ

സ്ഥലത്തേക്കു് ഒന്നെത്തിനോക്കുക ചാരിതാൎത്ഥ്യജനകമായിരുന്നു അവൎക്കു്. അതിന്നു കാരണവുമുണ്ടു്. വിവിധ ദേവന്മാരെ ആരാധിക്കുകയും വിഗ്രഹങ്ങൾക്കു മുൻപിൽ കുന്തിരിക്കത്തിന്റെ ധൂപം അർപ്പിക്കുകയും ചെയ്യുന്ന ദേശങ്ങളിൽനിന്നാണു് അവർ യരുശലേമിൽ വന്നെത്തുന്നതു്. അക്കാരണത്താൽ അതിന്നു മുൻപൊരിക്കലും അവർ ആ നഗരത്തിൽ വന്നിട്ടില്ലെങ്കിലും യരുശലേമിൽ വരിക സ്വഗൃഹത്തിലെത്തുന്നപോലെ ഒരു പ്രതീതിയാണു് അവരിൽ ഉളവാകുന്നതു്.

അങ്ങനെ ജനക്കൂട്ടം ദിനംപ്രതി വൎദ്ധിച്ചുവന്നു് നഗരത്തിന്റെ വീഥികളിലും ദേവാലയ വളപ്പിലും തിങ്ങിക്കൂടിയ അവസരത്തിലും യേശുവിന്റെ ശിഷ്യന്മാർ പ്രാൎത്ഥനാനിരതരായി ആ മാളികമുറിയിൽത്തന്നെ കഴിച്ചുകൂട്ടുകയാണു്. യേശുവിന്റെ മാതാവു് മേരിയാണു്, ആ സംഘത്തിന്നു നേതൃത്വം നൽകുന്നതു്. ഉപദേശങ്ങളും പ്രോത്സാഹനവചസ്സുകളും കൊണ്ടു് ആ സാദ്ധ്വി അവരെ ധീരചിത്തരാക്കി. നാനാപ്രകാരേണയും യേശുവിനെപ്പററി ചിന്തിക്കാൻ അവൎക്കു മാൎഗ്ഗംതെളിച്ചുകൊടുക്കുന്നതും മേരിതന്നെയാണു്. മകന്റെ മനസ്സലിവും, സൗമ്യതയും, പ്രശാന്തതയും ആ മാതാവിന്നുമുണ്ടു്. ആ വിശിഷ്ടഗുണങ്ങൾ നീലിമകലൎന്നുള്ള നയനങ്ങളിൽക്കൂടി പ്രദൎശിതമാകുമ്പോൾ ഗുരുവിന്റെ കണ്ണുകളുടെ സ്മരണ ശിഷ്യരുടെ മനസ്സിൽ ഉയരുകയായി. യേശുവിന്റെ ശ്രദ്ധ ഏതെല്ലാം കാൎയ്യങ്ങളിൽ പതിഞ്ഞിരുന്നോ, അതേ കാൎയ്യങ്ങളിൽ തന്നെയാണു് മേരിയുടെ ശ്രദ്ധയും സദാ കേന്ദ്രീകരിക്കപ്പെട്ടിരുന്നതു്. സാധുക്കളെയും, രോഗികളെയും വൃദ്ധന്മാരേയും പരിചരിക്കുന്നതിൽ ആ മാതാവു് സദാ ജാഗരൂകയായിരുന്നു. ദൈവസന്നിധിയിലെത്തേണ്ട പാപികളെയും, പരിക്ഷീണിതരായി, ശക്തി ആവശ്യമായിരുന്ന ഉത്തമന്മാരേയും ഉപദേശങ്ങളും ആശ്വാസവചസ്സുകളുംകൊണ്ടു് മേരി സഹായിച്ചു.

മേരി ആ സംഘത്തിന്റെ ഹൃദയമായിരുന്നെങ്കിൽ പത്രോ

സായിരുന്നു അതിൻെറ ശിരസ്സ്. അതുതന്നെയായിരുന്നല്ലോ യേശുവിൻെറ തീരുമാനവും. ഏതെങ്കിലും പ്രശ്നം തീരുമാനിക്കേണ്ട സന്ദർഭം വരുമ്പോഠം മേരി പോലും പറയാറുണ്ടായിരുന്നു: "പത്രോസിനോടു ചോദിക്കുക" എന്നു. ആ അവസരങ്ങളിൽ പ്രാർത്ഥനയ്ക്കുശേഷം അദ്ദേഹം ഏററവും ഉത്തമമായ ഉപദേശം അവക്കു നൽകും. എന്നാൽ "ഉന്നതങ്ങളിൽ നിന്നു ശക്തി" ലഭിക്കാതിരുന്ന ആ സന്ദർഭത്തിൽ അതൊരു പ്രയാസമേറിയ ഉത്തരവാദിത്വമായി അദ്ദേഹത്തിനു അനുഭവപ്പെടാറുണ്ടായിരുന്നു.

അവരും യേശുവിൻെറ ഇതര സുഹൃത്തുക്കളും അവരുടെ സമയത്തിൻെറ അധികപങ്കും ആ മാളികമുറിയിലാണു ചെലവഴിച്ചുപോന്നതു. എന്നാൽ ആചാര്യന്മാരേയും പരീശന്മാരേയും ഭയന്നു ഇപ്പോഠം അവർ ആ മുറിയുടെ വാതിലുകളോ, ജനാലകളൊ, ബന്ധിക്കാറില്ല, ദിനംപ്രതി അവർ ദേവാലയത്തിലെത്തി ദൈവത്തോടു പ്രാർത്ഥിക്കയും അദ്ദേഹത്തെ സ്തുതിക്കയും ചെയ്യും. എന്നാൽ ആ മാളികമുറിയിൽ ഇരിക്കുമ്പോഠം ദൈവസാമീപ്യം അവക്കു അനുഭവപ്പെട്ടുന്നതുപോലെ മറെറാരിടത്തും ഉണ്ടാകാറില്ല. യേശു അപ്പം മുറിക്കയും പാനപാത്രം ഉയർത്തുകയും ചെയ്തുകൊണ്ടു "ഇതെൻെറ ശരീരമാകുന്നു", "ഇതെൻെറ രക്തമാകുന്നു" എന്നു പ്രഖ്യാപിച്ചപ്പോഠം അദ്ദേഹം നൂതനരീതിയിലുള്ള ഒരു ആരാധനാക്രമം ഉൽഘാടനം ചെയ്യുന്ന യഥാർത്ഥം ഒരുപക്ഷെ, ശിഷ്യർ അവ്യക്തമായിട്ടെങ്കിലും മനസ്സിലാക്കിത്തുടങ്ങിയെന്നു വന്നുകൂടായ്കയില്ല. ദേവാലയത്തിൽ കുഞ്ഞാടുകളേയും പ്രാവുകളേയും ബലികഴിക്കുന്നതിൽ കൂടുതലായി ദൈവത്തിനു പ്രസാദമുള്ള ഒരു നൂതനബലി അദ്ദേഹം ആ സന്ദർഭത്തിൽ ആരംഭിക്കയായിരുന്നു. പരിശുദ്ധാത്മാവിൻെറ ആഗമനത്തോടുകൂടി ഇപ്പോഠം നിഗൂഢതയിൽ സ്ഥിതിചെയ്തിരുന്ന കാര്യങ്ങഠം അവക്കു വ്യക്തമായി മനസ്സിലാക്കാനും കാണാനും സാധിക്കും.

അതിനാൽ പൊന്തിക്കോസ്ത ദിനത്തിൽ രാവിലെ യേശുവിൻെറ സുഹൃത്തുക്കാം മാളികമുറിയിൽ സമ്മേളിച്ചതിൽ അത്ഭുതത്തിനവകാശമില്ല. അവിടെ സന്നിഹിതരായിരുന്ന സ്ത്രീജനങ്ങളുടെ കൂട്ടത്തിൽ യേശുവിൻെറ മാതാവുമുണ്ട്. പത്രോസും മററു ശിഷ്യരും മുറിയുടെ ഒരു ഭാഗത്തിരിക്കുന്നു. ദ്രോഹിയായ യൂദായുടെ സ്ഥാനത്തേക്കു ചീട്ടിട്ടു മത്തിയാസ് ഇത്തനകം തിരഞ്ഞെടുക്കപ്പെട്ടതിനാൽ ശിഷ്യർ ഇപ്പോഠം മുന്നെപ്പോലെ പന്ത്രണ്ടുപേരുണ്ട്. യേശുവിൻെറ നിരവധി സുഹൃത്തുക്കളും അവിടെ സന്നിഹിതരായിരുന്നു. അങ്ങനെ ആ മുറിയിൽ നിരവധിയാളുകഠം കൂടിയിട്ടുണ്ട്. നേരം പ്രഭാതമായതേയുള്ളു. തികഞ്ഞ നിശ്ശബ്ദതയാണ് അവിടെ വ്യാപിച്ചിരുന്നതു്.

മൗനമായ പ്രാത്ഥനയിൽ അവരെല്ലാം ലയിച്ചിരിക്കയാണ്. "പരിശുദ്ധാത്മാവേ, വരേണമേ." അവരുടെ ഹൃദയങ്ങളിൽനിന്നു പൊട്ടിപ്പുറപ്പെട്ട പ്രാത്ഥന അതായിരുന്നു. "യേശുവിൻെറ പ്രവത്തനങ്ങളിൽ ഏപ്പെടാൻ ഞങ്ങഠംക്കു ശക്തി ലഭിക്കുന്നതിനായി ഉന്നതങ്ങളിൽനിന്നു ശക്തി ഞങ്ങഠംക്കു തരണേ!" സ്വവാഗ്ദാനം യേശു നിറവേററുകതന്നെ ചെയ്യുമെന്നു അവക്കു പൂണ്ണവിശ്വാസമുണ്ട്. എന്നാലും ആവശ്യങ്ങഠം നിവ്വഹിച്ചുകിട്ടുന്നതിനുവേണ്ടി അവർ പ്രാത്ഥിക്കുന്നതു യേശുവിനു ഹിതകരമാണെന്നു് അവക്കറിയാം. "അന്വേഷിപ്പിൻ, നിങ്ങഠം കണ്ടെത്തും" എന്നല്ലേ അദ്ദേഹം അവരോടു പറഞ്ഞിട്ടുള്ളതു്.

പെട്ടെന്നു് ഒരു അസാധരണശബ്ദം അവർ കേട്ടു—ഭയങ്കരമായ ഒരു കൊടുങ്കാററു അടിക്കുന്നതുപോലെയുള്ള ഒരു മഹാശബ്ദം! ആ ശബ്ദം ആ വീട്ടിനുള്ളിൽ കാതുകഠം തകരുംവിധം മുഴങ്ങി. എന്നാൽ ആ മാളിക അതുകൊണ്ടു കുലുങ്ങിയില്ല. അത്ഭുതത്തോടെ, ആശങ്കയോടെ അതിനുള്ളിലുണ്ടായിരുന്നവർ അന്യോന്യം നോക്കി. അപ്പോഠം കാണാം അഗ്നി

നാമ്പുകളുടെ മഹാദീപ്തി അവരിൽ ഓരോരുത്തരുടെ മേലും പതിയുന്നതു്. എന്നാൽ ഇവയിലെല്ലാമേറെ അത്ഭുതകരമായി മററൊരു സംഗതി അവക്കു് അനുഭവപ്പെട്ടു. അവരുടെ ഹൃദയങ്ങളിൽ അത്യാനന്ദം ഓളംവെട്ടി—സമാധാനവും ശക്തിയും പ്രദാനം ചെയ്യുന്ന അത്യാനന്ദം—യേശുവിൻെറ സന്നിധിയിൽ അവക്കു് അനുഭവവേദ്യമായിരുന്ന പരമാനന്ദം. ദൈവസ്നേഹത്താൽ ജ്വലിക്കുന്ന ആത്മാക്കൾക്കു മാത്രമേ ആവിധമുള്ള ആനന്ദാനുഭൂതി ലഭ്യമാകയുള്ളു.

അത്ഭുതത്തോടെ, അമ്പരപ്പോടെ അവർ അന്യോന്യം നോക്കി. അതിനുശേഷം അവരുടെ ദൃഷ്ടികൾ പതിഞ്ഞതു് യേശുവിൻെറ മാതാവിൻെറ മുഖത്തായിരുന്നു. ആ അമ്മ മന്ദഹാസം പൊഴിക്കുന്നു. ഇതിൻെറ രഹസ്യം തനിക്കറിയാമെന്ന ഭാവത്തിൽ. ഇതായിരിക്കുമോ, യേശു പറഞ്ഞിട്ടുള്ള അത്ഭുതകരമായ പുതിയ സ്നാനം? ഈ വിധമായിരിക്കുമോ പരിശുദ്ധാത്മാവു് അവരുടെ ഹൃദയങ്ങളിൽ പ്രവേശിക്കുക? തീച്ചയായും ആ നിഗമനം തെററാകാനിടയില്ല.

അവർ മുറിയിൽനിന്നു് അതിവേഗം താഴെയിറങ്ങി. ഇടുങ്ങിയ വീഥികളിൽക്കൂടി ഓടാൻ ആരംഭിച്ചു. അവക്കുതന്നെ അറിയില്ലെന്നു തോന്നും അവരെന്താണു ചെയ്യുന്നതെന്നു്. ജനക്കൂട്ടം അവരുടെ ഈ ഓട്ടംകണ്ടു് അട്ടഹസിക്കയും അവരുടെ നേരെ വിരൽ ചൂണ്ടുകയും ചെയ്യുന്നുണ്ടു്. നഗരത്തിൻെറ ആ ഭാഗത്തുള്ളവരെല്ലാം അഗ്നിനാമ്പുകൾ കാണുകയും കൊടുങ്കാററിൻെറ ശബ്ദം കേൾക്കുകയും ചെയ്തിരുന്നു.

ഇപ്പോഴാണെങ്കിൽ ആ ശബ്ദം ശമിച്ചുകഴിഞ്ഞിരുന്നു. അഗ്നിനാമ്പുകളും അപ്രത്യക്ഷപ്പെട്ടു. ആ വീടുകണ്ടാൽ യാതൊരു അസാധാരണത്വവുമില്ല. “എന്തായിരുന്നു അതു്?” ആളുകൾ അന്യോന്യം ചോദിക്കയാണു്. “ആ ശബ്ദം നിങ്ങൾ കേട്ടോ? എന്താണു സംഭവിച്ചതെന്നു് നിങ്ങൾക്കു അറിയാമോ?”

മാളികയിൽനിന്നു പുറത്തേക്കു പാഞ്ഞുവന്ന യേശുവിന്റെ ശിഷ്യർ പുരുഷാരത്തിൽ ലയിച്ച് ദൈവത്തെ മഹത്വപ്പെടുത്തി. അവരെന്തൊക്കെയാണു പറയുന്നതെന്ന് അപ്പോഴും അവക്കുതന്നെ അറിവില്ല. പെട്ടെന്ന് ചുററുമുണ്ടായിരുന്ന ജനക്കൂട്ടം മൗനമവലംബിച്ച് ശിഷ്യർ പറയുന്നതു ശ്രദ്ധിച്ചുതുടങ്ങി. വിവിധ രാജ്യങ്ങളിൽ നിന്നെത്തിക്കൂടിയവരായിരുന്നല്ലോ ആ പുരുഷാരത്തിൽ ഗണ്യമായൊരു വിഭാഗം. എന്നാൽ അവരോരോരുത്തരുടേയും ഭാഷയിൽ യേശുവിന്റെ ശിഷ്യൻ ദൈവത്തെ മഹത്വപ്പെടുത്തുന്നതു് അവർ കേട്ടു. ഈജിപ്തുകാരൻ അയാളുടെ ഭാഷയിലും, ഗ്രീക്കുകാരൻ ഗ്രീക്കുഭാഷയിലും, റോമക്കാരൻ റോമൻഭാഷയിലും, അറബി അയാളുടെ ഭാഷയിലും, ശിഷ്യർ സംസാരിക്കുന്നതുകേട്ടു. "ഈ പറയുന്ന മനുഷ്യർ ഗലീലിയരല്ലേ? അവക്കു ഗലീലിയാ ഭാഷയല്ലേ വശമുള്ളു? അവരുടെ വസ്ത്രങ്ങൾ നോക്കിയാലറിയാം, അവർ കേവലം സാധുക്കളാണെന്ന്." ജനങ്ങൾ അത്ഭുതപ്പെട്ടു.

"ഇതെങ്ങനെ സംഭവിക്കുന്നു?" അവിടെ കൂടിയിരുന്നവർ ആശ്ചര്യത്തോടെ അന്യോന്യം ആരാഞ്ഞു. "നമ്മുടെ ഓരോരുത്തരുടേയും ഭാഷയിലാണല്ലോ അവർ സംസാരിക്കുന്നത്." ആൾക്കൂട്ടത്തിൽ ഭൂരിഭാഗവും ആശ്ചര്യഭരിതരായി. പക്ഷെ, ആൾക്കൂട്ടത്തിൽ ഏതാനും പരിഹാസവിരുതരുമുണ്ടായിരുന്നു. അവരോരോരുത്തരും അഭിപ്രായപ്രകടനം നടത്തി: "നിങ്ങൾക്കു കണ്ണില്ലേ കാണാൻ! അവർ പുതുവീഞ്ഞു കുടിച്ചു മത്തുപിടിച്ചിരിക്കയാണ്." എത്ര ബുദ്ധിശൂന്യമായ അഭിപ്രായം!

തന്നിലുള്ള പരിശുദ്ധാത്മശക്തികൊണ്ടു പത്രോസിനു ഗ്രഹിക്കാൻ സാധിച്ചു, ആ ചെറുസംഘത്തിനു പ്രവർത്തനനിരതരാകാനുള്ള മുഹൂർത്തം വന്നണഞ്ഞെന്ന്. ഈ സ്ഥാനത്തുവച്ചുതന്നെ എല്ലാ രാജ്യക്കാരെയും ഉദ്ബോധിപ്പിക്കുവാൻ അവർ ആരംഭമിടുകതന്നെ ചെയ്യണം. അദ്ദേഹം ഒരടി മുന്നോട്ടുവച്ച് ഉച്ചത്തിൽ, സ്പഷ്ടമായി സധൈര്യം പറയുകയാണ്:—

"നിങ്ങൾ ക്രൂശിച്ച യേശു മരിച്ചവരിൽനിന്നുയർത്തെഴുന്നേററിരിക്കുന്നു." ഇതൊരു വിചിത്രപ്രഖ്യാപനമായിരുന്നിട്ടും അതിനെ എതിർക്കാനോ, പരിഹസിക്കാനോ ആൾക്കൂട്ടത്തിൽ ആരുംതന്നെ മുതിർന്നില്ല. മൗനമായി, ഭയാശങ്കകളോടെ അവിടെനിന്ന മഹാപുരുഷാരത്തിൻെറ മുൻപിൽ ദിവ്യസന്ദേശം പ്രസംഗിച്ചുകൊണ്ടു് ആ പൊന്തിക്കോസ്തുദിനം രാവിലെ അദ്ദേഹം അവിടെ നിന്നു. വിദ്യാഭ്യാസമില്ലാത്ത, നാഗരികതയില്ലാത്ത ഒരു മുക്കുവൻെറ ശൈലിയിലല്ല അദ്ദേഹം സംസാരിച്ചതു്. ക്രിസ്തുവിൻെറ വികാരി—പ്രതിനിധിയെന്ന നിലയിൽ അദ്ദേഹം അവരോടു സംസാരിച്ചു. ആ ദിവസം മൂവായിരംപേർ ആ മഹാസന്ദേശത്തിൽ വിശ്വാസമർപ്പിച്ചു സ്നാനമേററു. കാലത്തിൻെറ അന്ത്യഘട്ടത്തിലല്ലാതെ അവസാനിക്കാത്ത ക്രിസ്തുസഭയുടെ സുദീർഘവും എന്നാൽ സാവധാനവുമായ പ്രവർത്തനം അങ്ങനെ ആരംഭിച്ചു.

"നിങ്ങൾ പോയി സകല ജാതികളേയും ഉൽബോധിപ്പിക്കുക. കണ്ടാലും ഞാൻ എല്ലാ സമയവും, ലോകാന്ത്യംവരെയും നിങ്ങളോടുകൂടിയുണ്ടായിരിക്കും."

## വർഷങ്ങൾക്കുശേഷം

# സുവിശേഷരചന

യേശുവിന്റെ വത്സലശിഷ്യൻ യോഹന്നാൻ എഴുതാനുള്ള സാമഗ്രികളുമായി ചിന്തിച്ചുകൊണ്ടിരിക്കയാണ്. അദ്ദേഹം ഇപ്പോൾ ഒരു വൃദ്ധനായി—വയോവൃദ്ധനായിക്കഴിഞ്ഞിരുന്നു. പ്രായാധിക്യംമൂലം അക്കാലത്തെ ക്രിസ്ത്യാനികൾ നടത്തിപ്പോന്ന രഹസ്യ പ്രാർത്ഥനായോഗങ്ങളിൽ സംബന്ധിക്കുന്നതിനു അദ്ദേഹത്തെ പ്രായം കുറഞ്ഞയാളുകൾ എടുത്തുകൊണ്ടുപോകേണ്ടതായിവന്നു. എന്നാൽ വി: അപ്പം ഉയർത്തി പരിക്ഷീണിതമായ ശബ്ദത്തിൽ "എടുത്തു ഭക്ഷിക്കുക: എന്തുകൊണ്ടെന്നാൽ ഇതെന്റെ ശരീരമാകുന്നു" എന്നു പറയുമ്പോൾ തൊലി ചുളുങ്ങി ബലഹീനമായ ആ കരങ്ങൾ വിറക്കുമായിരുന്നില്ല. ആ വാക്കുകൾ ഉച്ചരിക്കുമ്പോൾ ശക്തി ക്ഷയിച്ച തന്റെ കരങ്ങളിൽ കർത്താവു വിശ്രമംകൊള്ളുന്നു എന്ന ചിന്ത അദ്ദേഹത്തിന്റെ മനസ്സിലുയരും—ആ കണ്ണുകളിൽനിന്നു ധാരമുറിയാതെ കണ്ണീർ പ്രവഹിക്കും. അതു കണ്ടുനിൽക്കുന്നവർ അപ്പോൾ അന്യോന്യം പറയും: "നോക്കുക, കർത്താവിനോടു അദ്ദേഹത്തിനുള്ള സ്നേഹവും ഭക്തിയും"

കുറെ വർഷങ്ങളായി സുഹൃത്തുക്കാം അദ്ദേഹത്തെ സ്നേഹപൂർവ്വം നിർബ്ബന്ധിച്ചുതുടങ്ങിയിട്ട്: "അങ്ങ് എഴുതണം. ഇപ്പോറം സമയവും സൗകര്യവുമുണ്ട്. യേശുവിനെക്കുറിച്ച് അങ്ങു എഴുതണം. അങ്ങു ഞങ്ങളോടു പറഞ്ഞിട്ടില്ലാത്ത പല സംഗതികാം ഉണ്ടായിരിക്കണം. അദ്ദേഹത്തെ നേരിട്ട് അറിഞ്ഞവരിൽ അവസാനത്തെ വ്യക്തി അങ്ങയാണ്. ഞങ്ങാംക്കു വേണ്ടിയും ഞങ്ങളുടെ സന്താനപരമ്പരയ്ക്കുവേണ്ടിയും അങ്ങ് യേശുവിൻെറ കഥ എഴുതേണ്ടതു് അത്യാവശ്യമാണ്."

അവർ പറഞ്ഞതു പരമാർത്ഥമാണ്. യേശുവിനെ സംബന്ധിയ്ക്കുന്ന പല സംഗതികാം അദ്ദേഹം അവരോടു പറഞ്ഞിട്ടില്ല—അവ പറയാനൊട്ടു സാദ്ധ്യവുമല്ല. യേശുവിനെപ്പററി പറയാനുള്ളതെല്ലാം എഴുതുകയാണെങ്കിൽ ലോകത്തിലുള്ള സകല പുസ്തകങ്ങളിലും അതടങ്ങുകയില്ല. എന്നാൽ എഴുതാനുള്ള പ്രായം യോഹന്നാനെ സംബന്ധിച്ചിടത്തോളം കടന്നുപോയി—വളരെയധികം കടന്നുപോയി. അദ്ദേഹത്തിൻെറ ഉദ്ബോധനം തേടി ആളുകാം ആ സന്നിധിയിലെത്തും. അപ്പോഴെല്ലാം അദ്ദേഹത്തിന്നു ഒരുപദേശമെ അവക്കു നൽകാനുണ്ടായിരുന്നുള്ളു: "കുഞ്ഞുങ്ങളേ, നിങ്ങാം അന്യോന്യം സ്നേഹിപ്പിൻ." അപ്പോറം അല്പം അക്ഷമതയോടെ അവരദ്ദേഹത്തോടു പരാതിപ്പെടും: "അതു അങ്ങു ഇതിന്നു മുൻപു പല പ്രാവശ്യം ഞങ്ങളോടു പറഞ്ഞിട്ടുണ്ടല്ലോ." ആ ആവലാതിയ്ക്കു സസ്നേഹം അദ്ദേഹം അവരോടു സമാധാനം പറയും: "അതേ കാര്യമായുള്ളു, കുഞ്ഞുങ്ങളെ നിങ്ങാം അന്യോന്യം സ്നേഹിപ്പിൻ." അപ്പോഴെല്ലാം കഴിഞ്ഞകാലത്തിലേക്കു അദ്ദേഹത്തിൻെറ മനസ്സു മടങ്ങും—യേശു ആ വാക്കുകാം പറഞ്ഞ ആദ്യ സന്ദർഭം അദ്ദേഹം ഓക്കും.

എന്നാലും യേശുവിനെക്കുറിച്ചു താൻ എഴുതണമെന്നാണ് ദൈവഹിതമെങ്കിൽ എഴുതുകതന്നെ ചെയ്യും—അദ്ദേഹം സ്വയം തീരുമാനിച്ചു. എന്തെല്ലാമാണ് എഴുതേണ്ടതെന്നു

ദൈവം അദ്ദേഹത്തെ അറിയിയ്ക്കും. ഒരു ദിവസം അദ്ദേഹം അനുയായികളോടു പറഞ്ഞു: "യേശുവിനെക്കുറിച്ചു എഴുതുക തന്നെയെന്നു ഞാൻ തീരുമാനിച്ചിരിക്കുന്നു. എന്നാൽ ആ ഉദ്യമത്തിൽ എനിക്കു വിജയം സിദ്ധിക്കാൻ സഭ മുഴുവൻ എനിക്കു വേണ്ടി പ്രാർത്ഥിക്കണം." ഇതേവരെ യേശുവിനെപ്പററി എഴുതപ്പെട്ടിട്ടുള്ള വസ്തുതകൾ തന്നെ വായിച്ചുകേൾപ്പിക്കണമെന്നും അദ്ദേഹം അവരോടാവശ്യപ്പെട്ടു. എന്തെല്ലാം എഴുതപ്പെട്ടിട്ടുണ്ടെന്നു അറിയേണ്ടതു അദ്ദേഹത്തിനാവശ്യമാണ്. എന്നാലല്ലേ താൻ എഴുതേണ്ടതെന്താണെന്നു തീരുമാനിക്കാൻ അദ്ദേഹത്തിനു സാധിക്കയുള്ളൂ? മത്തായി യേശുവിൻെറ ജീവിതകഥ എഴുതിയിട്ടുണ്ടു്. അതാണ് ആദ്യം രചിക്കപ്പെട്ട സുവിശേഷം. യഹൂദരെ ഉദ്ദേശിച്ചാണ് പ്രധാനമായും അതെഴുതപ്പെട്ടതു്. നികുതി പിരിച്ചുകൊണ്ടു അദ്ദേഹം കഴിച്ചുകൂട്ടിയ ദീർഘമായ കാലയളവിൽ സ്വജനങ്ങളെ ശരിക്കു മനസ്സിലാക്കാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ടു്. അടുത്തതാണു മർക്കോസിൻെറ സുവിശേഷം. അതു റോമിലുള്ള ക്രിസ്ത്യാനികളുടെ ആവശ്യം മുൻനിറുത്തി പത്രോസിൻെറ സഹായത്തോടെ രചിക്കപ്പെട്ടതാണ്. ഇനുള്ളതു ലൂക്കോസിൻെറ സുവിശേഷമാണ്. യേശുവിൻെറ ജനനത്തെ സംബന്ധിച്ച് ആകർഷകങ്ങളായ കഥകൾ അതിലുണ്ടു്. ആ കഥകൾ ദിവ്യമാതാവിൽ നിന്നാണ് അദ്ദേഹത്തിനു ലഭിച്ചതു്. ലൂക്കോസു ഒരു വൈദ്യനും, കലാകാരനുമായിരുന്നു. വൈദ്യന്മാരും കലാകാരന്മാരും ശ്രദ്ധിക്കാത്ത സംഗതികൾ ഒന്നും തന്നെ ഇല്ലെന്നു പറയാം. മററുള്ളവർ കാണാത്ത സംഗതികൾ കാണാൻ അക്കൂട്ടർക്കുള്ള വൈദഗ്ദ്ധ്യം ഒന്നു പ്രത്യേകമാണ്. ഇവയ്ക്കും പുറമേ ലേഖനങ്ങളുണ്ടു്—നിരവധി ലേഖനങ്ങൾ. അവയിൽ പ്രാധാന്യം അർഹിയ്ക്കുന്നവയാണ് പത്രോസിൻെറയും പൗലൂസിൻെറയും ലേഖനങ്ങൾ. കൊരിന്ത്യർക്കുള്ള പൗലൂസിൻെറ ലേഖനങ്ങൾ ദൈവസ്നേഹത്തിൻെറ രഹസ്യങ്ങൾ ചുഴിഞ്ഞു ആരായുന്നവയാണ്.

"അവർ പറഞ്ഞതെല്ലാം ഞാൻ ആവൎത്തിക്കേണ്ട കാൎയ്യമില്ല"—യോഹന്നാൻ ചിന്തിക്കയാണു്. എഴുത്തുപലക മടിയിൽ വച്ചുകൊണ്ടു് അവഗാഢം ആലോചിക്കയാണദ്ദേഹം. കുറെ കാൎയ്യങ്ങൾ—നാനാപ്രകാരേണയും പ്രാധാന്യം അൎഹിക്കുന്ന കാൎയ്യങ്ങൾ. അവ വിട്ടുകളഞ്ഞു് യേശുവിൻെറ ജീവിതകഥ തൃപ്തികരമായി എഴുതുക ആരാലും സാദ്ധ്യമല്ല. എന്നാലും മററുള്ളവർ പറയാതിരുന്ന വസ്തുതകൾ പറയുക—അതിലാണു് അദ്ദേഹത്തിൻെറ ശ്രദ്ധ പ്രധാനമായും കേന്ദ്രീകരിക്കേണ്ടതു്.

ആ വൃദ്ധമനസ്സു ഭൂതകാലത്തിലേയ്ക്കു തിരിഞ്ഞു നോക്കി. യാത്രകൾ—ക്ലേശങ്ങൾ—പീഡനങ്ങൾ. ദിവ്യമാതാവിനോടുകൂടി അദ്ദേഹം ജീവിച്ച കാലഘട്ടം. ആ ചെറുസഭ യറുശലേമിൽനിന്നു വളൎന്നുവികസിച്ച കാലം. ആ അമ്മയുടെ കൂടെയുള്ള ജീവിതം എത്ര ആനന്ദപ്രദമായിരുന്നു. യേശുവിനെപ്പോലെതന്നെ നിൎമ്മലസ്വഭാവമുള്ള ഒരു സ്ത്രീരത്നം. യേശുവിനെപ്പോലെതന്നെ ആ അമ്മ സഭയ്ക്കു മുഴുവൻ ഒരു മാതാവായിരുന്നു. മേരി മരണമടഞ്ഞപ്പോൾ അവരെല്ലാം വാവിട്ടുകരഞ്ഞു. എന്നാലും ആ സങ്കടത്തിലും അവൎക്കു സന്തോഷത്തിനു വകയുണ്ടായിരുന്നു—യേശുവിൻെറ സമീപത്തേക്കാണല്ലോ ആ പുണ്യവതി ആരോഹണം ചെയ്തതു്.

പത്രോസു മരിച്ചെന്നു വിചാരിക്കാൻ കൂടി വയ്യ. റോമിൽവച്ചു തല കീഴായി കുരിശിൽത്തറച്ചു അദ്ദേഹത്തെ അധികൃതർ കൊന്നു. പൗലോസിൻെറ വധവും ശിരഃഛേദനം മൂലം ആ കിരാതർ നിൎവ്വഹിച്ചു. സഭയുടെ ഒരു ശക്തമായ തൂണായിരുന്നു പൗലൂസ്. ഒരവസരത്തിൽ ക്രിസ്തുവിൽ വിശ്വസിച്ചവരുടെ ബദ്ധവൈരിയായിരുന്നു അദ്ദേഹമെന്നു് വിശ്വസിക്കാൻ അസാദ്ധ്യമായിരിക്കുന്നു. അവരെല്ലാം കാലയവനികക്കുള്ളിൽ മറഞ്ഞു—ശിഷ്യർ പന്ത്രണ്ടുപേരും, ആ എഴുപതുപേരും—വാളിനും അഗ്നിക്കും മൃഗങ്ങൾക്കും ഇരയായി. അവരെല്ലാം യേശുവിനായി വധിക്കപ്പെട്ടു യേശുവിൻെറ സാന്നിദ്ധ്യം

പ്രാപിച്ചു. അതെ—യോഹന്നാന്റെ സുഹൃത്തുക്കൾ പറഞ്ഞതു പോലെ തന്നെയാണ്—അദ്ദേഹം മാത്രമേ അക്കൂട്ടത്തിൽ അവശേഷിന്നുള്ളു.

യേശുവിനെ ആദ്യം കണ്ട സന്ദർഭം യോഹന്നാനു ഇപ്പോഴുമോർമ്മയുണ്ട്. "ഒൻപതാം മണിനേരത്തായിരുന്നു അതു്"—സ്വയം അദ്ദേഹം പറയുകയാണ്. അദ്ദേഹം കണ്ണടച്ചു. ജോർദ്ദാൻ തീരത്തു ഗുരു യോഹന്നാൻ സ്നാപകന്റെ കൂടെ നടന്ന ചിത്രം അദ്ദേഹത്തിന്റെ മനസ്സിലുയന്നു. കാനായിലെ വിവാഹവേളയിലെ ഓരോ സംഭവവും അദ്ദേഹത്തിനിപ്പോഴുമോർമ്മയുണ്ട്. ആ സംഭവം തന്റെ സുവിശേഷത്തിലുൾപ്പെടുത്തണം—തന്നെപ്പോലെ അതിനു ദൃക്സാക്ഷികളല്ല മററു സുവിശേഷകർ.

ഈ സംഭവങ്ങളിലെല്ലാററിലുമുപരിയായി അന്ത്യഅത്താഴത്തിന്റെ സ്മരണയാണ് സജീവമായി യോഹന്നാന്റെ മനസ്സിൽ തങ്ങിനില്ക്കുന്നതു്. അന്നാണ് യൂദാ ഗുരുവിനെ ഒററിക്കൊടുത്തതു്. മുന്തിരിവള്ളിയും ശിഖരങ്ങളും അദ്ദേഹത്തിന്റെ സ്നേഹത്തിൽ ജീവിക്കുന്നതു്, എല്ലാവരും ഒന്നാകകൊണ്ട് അന്യോന്യം സ്നേഹിക്കേണ്ടതിന്റെ ആവശ്യകത—എന്നിങ്ങനെയുള്ള യേശുവിന്റെ സുമോഹനങ്ങളായ വാക്കുകൾ ആ അവസരത്തിൽ ആ ശിഷ്യനോത്തു. ഇവയും മററു സുവിശേഷകർ രേഖപ്പെടുത്തിയിട്ടില്ല. ഇവയ്ക്കും പുറമേ യേശുവിന്റെ വിസ്താരത്തെപ്പററിയും മരണത്തെക്കുറിച്ചുമുള്ള മററു സുവിശേഷങ്ങളിൽ ഇല്ലാത്തവിവരങ്ങൾ തന്റെ സുവിശേഷത്തിലുൾപ്പെടുത്തണമെന്നും അദ്ദേഹം തീരുമാനിച്ചു. ആ അവസരങ്ങളിൽ അദ്ദേഹം മാത്രമേ സംഭവസ്ഥലത്തു സന്നിഹിതനായിരുന്നുള്ളു. എഴുത്തുപലകയുമായി അദ്ദേഹം അങ്ങനെയിരിക്കുമ്പോൾ സ്മരണകൾ ഒന്നൊന്നായി അദ്ദേഹത്തിന്റെ മനസ്സിൽ തിങ്ങിക്കൂടി. പക്ഷേ ആ വൃദ്ധകരങ്ങൾ ചലനരഹിതമായി ഇരിയ്ക്കുന്നതേയുള്ളു. എഴുതാൻ ഇപ്പോഴും അദ്ദേഹം സന്നദ്ധനായിക്കഴി

ഞ്ഞിട്ടില്ല. എഴുതാൻ ആരംഭിക്കുന്നതിനു മുൻപ് അദ്ദേഹ 'ത്ത്
നിയും കൂടുതലായി ചിന്തിക്കേണ്ടിയിരിക്കുന്നു. ...ടി

യേശു പറയുകയും പ്രവർത്തിക്കയും ചെയ്തതിനു പുറമെ.
ററൊരു കാര്യംകൂടി യോഹന്നാനു പറയാനുണ്ട്—യഥാർ
ത്തിൽ യേശു ആരായിരുന്നെന്നു്. അതാണ് പ്രാധാന്യം അ
ക്കുന്ന കാര്യം. പക്ഷേ മററുള്ളവർക്കു മനസ്സിലാകത്തക്ക രീ
യിൽ വാഗ്‌രൂപത്തിൽ അതു രേഖപ്പെടുത്തുന്ന കാര്യമാണ്
വിഷമം. ആ ഭാഗം വിവരിക്കാനാവശ്യമായ വാക്കുകളെ
റ്റി അദ്ദേഹം ചിന്തിച്ചുതുടങ്ങി. അപ്പോഴാണ് ആ കാര്യത്തി
വാക്കുകൾക്കുള്ള പാപ്പരത്തം അദ്ദേഹം ഓർക്കുക. ആ മഹാ
കാര്യം വിവരിക്കാൻ പര്യാപ്തമായ വാക്കുകൾ ലോകത്തിലു
ണ്ടോ? പ്രാധാന്യം അർഹിക്കുന്ന ഒരേ ഒരു വാക്കേയുള്ളൂ—യേശു.
യേശു ദൈവത്തിൻെറ വചനമായിരുന്നു. ആ ചിന്ത യോഹ
ന്നാനെ സംതൃപ്തനാക്കി. ഒരു നിമിഷനേരം അദ്ദേഹത്തിൻെറ
ചിന്തകൾ "വചനം" എന്ന വാക്കിൽ വിശ്രമംകൊണ്ടു. അദ്ദേ
ഹം മടിത്തട്ടിലിരുന്ന എഴുത്തുപലകയിൽ അല്പനേരം നോക്കി.

എഴുത്താരംഭിക്കാൻ സമയമാകുന്നു. എന്നാൽ എങ്ങനെ
യാണ് അദ്ദേഹം ആരംഭിയ്ക്കുക. യോഹന്നാൻ സ്നാപകൻെറ
ഉൽബോധനം മുതലാണ് മർക്കോസു തൻെറ സുവിശേഷം ആരം
ഭിച്ചിരിക്കുന്നതു്. മേരിക്കു ഗബ്രിയേൽ ദൈവദൂതൻ നൽകി
യ സന്ദേശം പ്രസ്താവിച്ചുകൊണ്ടാണ് ലൂക്കോസു തൻെറ സുവി
ശേഷം ഉൽഘാടനം ചെയ്യുന്നതു്. യഹൂദചരിത്രത്തിൽ തല്പര
നായിരുന്ന മത്തായിയാണെങ്കിൽ യേശുവിൻെറ മാനുഷിക
പാരമ്പര്യം ദാവീദിൻെറ വംശത്തിലാണെന്നു സ്ഥാപിച്ച് ത
ൻെറ സുവിശേഷം ആരംഭിക്കുന്നു. എന്നാൽ യോഹന്നാൻ
അവർ വിവരിച്ചിട്ടുള്ള കാലഘട്ടത്തിനപ്പുറം പോകണം. ദാവീ
ദിനു മുൻപ്—മോശയ്ക്കു മുൻപ്—നോഹയ്ക്കും ജലപ്രളയത്തി
നും മുൻപുള്ള കാലഘട്ടത്തിലേക്കാണ് അദ്ദേഹത്തിനു പ്രവേ
ശിക്കേണ്ടതു്. ആദാമിൻെറയും ഹവ്വായുടെയും പ്രഥമ പാ

പരിഹാരമായാണു ദൈവം രക്ഷകനെ വാഗ്ദാനം ചെ
എന്നാലും ആ ആദ്യ മാതാപിതാക്കളുടെ കാലത്തിനപ്പു
യോഹന്നാനു കടക്കണം. ലോകമെന്നൊന്നു് ഇല്ലാതി
കാലഘട്ടത്തിലേയ്ക്കു—ദൈവമല്ലാതെ മററ യാതൊന്നുമി
ിരുന്ന ആ യുഗത്തിലേക്കു അദ്ദേഹത്തിനു പ്രവേശിക്കണം.
ിടെയാണു് യേശുവിനെ സംബന്ധിച്ചു് അദ്ദേഹം ആരം
ക്കേണ്ടതു്—യേശു ദൈവവചനം—യേശു പിതാവിനോടും
ിശുദ്ധാത്മാവിനോടും കൂടെ ദൈവം.

യോഹന്നാൻെറ കണ്ണുകളടഞ്ഞു. അവഗാഢം ചിന്തിക്ക
ാണദ്ദേഹം. കാലത്തിൻെറ ആരംഭഘട്ടത്തിലേക്കു ആ ചിന്ത
ാൾ എത്തിനോക്കുകയാണു്. അതിനുശേഷം അദ്ദേഹം കാല
ത്തിൻെറ അവസാനത്തെപ്പററി ചിന്തിച്ചു—യേശു ലോകത്തെ
ിധിക്കാനായി ആഗതനാകുന്ന സന്ദർഭം. പ്രകാശിതങ്ങളായ
ിത്രങ്ങൾ അദ്ദേഹത്തിൻെറ മനസ്സിലുയരുന്നു—വാക്കുകൾകൊ
വിവരിക്കാൻ അസാദ്ധ്യമായ മനോഹരചിത്രങ്ങൾ. അ
ിം തൂലിക കയ്യിലെടുത്തു. അദ്ദേഹത്തിൻെറ കയ്യും മന
സ്സും ഒരുപോലെ സജീവമായി. സഭമുഴുവൻ ഉപവാസത്തോ
ടെ അദ്ദേഹത്തിനും അദ്ദേഹത്തിൻെറ സംരംഭത്തിൻെറ വിജയ
ത്തിനുംവേണ്ടി തീവ്രമായി പ്രാർത്ഥിക്കുന്നുണ്ടു്. പരിശുദ്ധാത്മാവു
അദ്ദേഹത്തിൽ പ്രവേശിച്ചു. എഴുത്തുപലകയുടെ അടുക്കലേക്കു
അദ്ദേഹം കുനിഞ്ഞു. ഭംഗിയായ അക്ഷരങ്ങളിൽ അദ്ദേഹം
എഴുതിത്തുടങ്ങി.

ആദിയിൽ വചനമുണ്ടായിരുന്നു.
വചനം ദൈവത്തോടുകൂടിയായിരുന്നു.
വചനം ദൈവമായിരുന്നു.

★

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

## ഈ പുസ്തകത്തെപ്പറ്റി


യേശുക്രിസ്തുവിൻെറ ജീവചരിത്രം ജാതിമതഭേദം കൂടാതെ സർവ്വർക്കും ഹൃദ്യമായ ഒന്നാണു്. ലോകൈകഗുരുവായ യേശുവിൻെറ ചരിത്രം പല വീക്ഷണകോണിൽക്കൂടി അനേകംപേർ എഴുതിയിട്ടുണ്ടു്. സുവിശേഷങ്ങളിലെ ക്രിസ്തുവിനെ, അവിടന്നു് ഇടപഴകി ജീവിച്ച ഗ്രാമീണരുടെ മദ്ധ്യത്തിൽ ആവിഷ്കരിക്കയാണു് മദർ മേരി ഈ ഗ്രന്ഥത്തിൽ ചെയ്തിട്ടുള്ളതു്. ഈ ഗ്രന്ഥത്തിൽക്കൂടി സുവിശേഷത്തിലെ ക്രിസ്തു സാമാന്യജനങ്ങളുടെ ക്രിസ്തുവായിത്തീരുകയും അവരുടെ ജീവിതത്തിനൊരു നവ ആത്മപ്രകാശം നല്കുമെന്നതും നിസ്സംശയമാണു്.

**പ്രതിമാസ ഗ്രന്ഥക്ലബ്ബ്,**

**എറണാകുളം.**

Printed at Parishath P... m. ...ne 705.

K04
El 13



# സ്നേഹയജ്ഞം

K04
E 42

Book-a-Month Club

Indic Digital Archive Foundation
gpura.org